എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള

ഇരുപത്തി നാലാമത് സംസ്ഥാന സമ്മേളനം സ്മരണിക



# രജതരേഖ

## STATE BANK OF INDIA PENSIONERS' ASSOCIATION KERALA



24th

STATE CONFERENCE 2025

KOZHIKODE
MAY 23, 24


SBI
The banker to every indian
yono SBI
SOLID BANK KI SOLID BACKING
MORE FLEXIBILITY WITH ACCOUNT OPENING FROM ANYWHERE
Open your SBI Savings Account using Video KYC
yono SBI
for every indian
Banking . Payments . Lifestyle
T&C Apply
#SolidBankKiSolidBacking
No branch visit | Instant account opening | Anytime, anywhere banking
To open your SBI Savings Account, download YONO app now
Scan to know more
For assistance, call 1800 1234 | 2100 or visit: bank.sbi
Follow us on

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**പെൻഷനേഴ്സ് അസോസിയേഷൻ**
**കേരള**

# രജതരേഖ

ഇരുപത്തിനാലാമത്
സംസ്ഥാന സമ്മേളനം
സ്മരണിക

രജതരേഖ

**പത്രാധിപർ**
**കെ.എസ്. വെങ്കിടാചലം**

**പത്രാധിപസമിതി**
**വി. പി. സ്നേഹപ്രകാശ്**
**രമേഷ് കുമാർ പി. ആർ.**
**ലത മണ്ടോടി**
**കെ. എ. മനാഫ്**
**ചന്ദ്രൻ പി നായർ**
**രാമചന്ദ്രൻ കെ**

**കവർ ഫോട്ടോ**
കോഴിക്കോടിന്റെ അടയാളങ്ങൾ
കൊളാഷ് ഫോട്ടോസ്
വി. വി. അജയകുമാർ
സ്നേഹപ്രകാശ് വി. പി.
എം. കെ. അശോകൻ
സി. വേണുഗോപാലൻ

**വര**
**കെ.രാജീവൻ**

**ഡിസൈൻ, ലേഔട്ട് & കവർ**
**കെ.കെ. രവി**

**ടൈപ്പ്സെറ്റിങ്**
**അലൈൻ ഐഡിയാസ്**

**സുവനീറിന് പേര് നിർദേശിച്ചത്**
**ചന്ദ്രൻ.പി. നായർ**

The Souvenir " Rajatharekha"
is edited by K S Venkitachalam and published by Raghavan A, General Secratary,SBI PENSIONERS' ASSOCIATION' KERALA.

Printed at Print Arts, Feroke

## Editorial

# രജതരേഖയിലെ അക്ഷരങ്ങൾ

അതെ. എല്ലാം നിയോഗങ്ങളാണ്.
കാലത്തിന്റെ തീരുമാനങ്ങളാണ്. ആ തീരുമാനങ്ങൾ നടപ്പാക്കാൻ കാലം ചിലരെ നിയോഗിക്കുന്നു. അവർക്ക് എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്ന പേരും നൽകുന്നു.

എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷന്റെ ഇരുപത്തിനാലാമത് സംസ്ഥാനസമ്മേളനം, യുനസ്‌ക്കോ, രാജ്യത്തെ ആദ്യത്തെ സാഹിത്യ നഗരിയായി ലോക സാഹിത്യ ഭൂപടത്തിൽ അടയാളപ്പെടുത്തിയ കോഴിക്കോട് വച്ച് നടത്തപ്പെടണം എന്നതും, സംഘടന ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് ചുവട് വയ്ക്കുന്ന കാലത്തിൽ പുറത്തിറങ്ങുന്ന സ്മരണിക കോഴിക്കോട് വച്ച് ആയതും ഞങ്ങളെ സന്തോഷിപ്പിക്കുന്നു. ഒരു പാട് ആകസ്മിതകളാണല്ലോ ജീവിതത്തിന് സൗന്ദര്യം നൽകുന്നത്.

കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിൽ നിന്നും 'രജതരേഖ'യിലേക്ക് കഥകളും,ലേഖനങ്ങളും, കവിതകളും, യാത്രാ വിവരണങ്ങളും ലഭിച്ചു.
നമുക്കിടയിൽ ഇത്രയും എഴുത്തുകാരോ !
അതൊരു സുഖകരവും,ആശ്ചര്യപ്പെടുത്തുന്നതും, ചെറുതായി ഞെട്ടിപ്പിക്കുന്നതും ആയ ഒരു തിരിച്ചറിവും അനുഭവവും, ആസ്വാദനവുമായിരുന്നു.

തെരഞ്ഞെടുപ്പ് എല്ലാ അർത്ഥത്തിലും പ്രയാസപ്പെടുത്തുന്നതായിരുന്നു. സ്ഥലപരിമിതി മൂലം മാത്രമാണ് അയച്ചു കിട്ടിയവയിൽ പകുതിയിലേറെ രചനകൾ മാറ്റിവയ്ക്കേണ്ടി വന്നത്.
വിഷമമുണ്ട്. ക്ഷമിക്കുമല്ലോ.

സംഘടനാ സമിതിയിൽ നിന്ന് ലഭിച്ച സഹകരണത്തിനും നിർദേശങ്ങൾക്കും ഒരുപാട് നന്ദി.
രചനകൾ അയച്ചു തന്നവർക്ക് നന്ദി. കാലത്തിന് നന്ദി.

**- എഡിറ്റോറിയൽ ബോർഡ്**

FOREWORD



# A LAUNCHPAD for NEW BEGINNINGS

It gives me immense pleasure to extend my warmest greetings to all the esteemed members of the SBI Pensioners Association, on the occasion of your Annual General Meeting to be held at Kozhikode . This gathering is a testament to the enduring spirit, unity, and vibrant energy that continues to define this remarkable group even after years of active service.

Your lifelong dedication to the Bank and its values has laid a strong foundation for generations to come. The enthusiasm and commitment with which you carry forward the activities of this association speak volumes about the indomitable spirit you all continue to uphold. Your presence and active engagement not only reflect positively within our Bank's legacy but also serve as an inspiration for society and the community at large.

I have always believed that retirement at 60 is far too early for the individuals of such caliber and experience. The global perspective is shifting towards recognizing senior citizens as valuable contributors well into their seventies. With the vast experience and expertise, you possess, there is still much you can achieve-both individually and collectively.

One inspiring thought I would like to share is the possibility of transforming the Pensioners Association into a more structured entity-such as a trust, society, or a company-through which you can deliver services in key banking areas. There is a strong demand for experienced hands in fields like NPA loan recovery, resolution services, KYC verification, and backend operations in the processing cells, both in public and private landscapes. By organizing in this way, the association can not only serve the banking sector more actively but also generate sustainable income for the welfare activities of its members, all while upholding its mission of service.

Let this occasion be not just a celebration of the past, but a launchpad for new beginnings. I extend my heartfelt appreciation for your conttibutions to the Bank, and wish you continued success in this next chapter of ilnpact and innovation.

With Best Wishes,

**Suresh Vakkiyil**
Deputy General Manager (B&O)
Kozhikode

# Contents





**സി.വേണുഗോപാലൻ**
ദിശാബോധവും കരുത്തും നൽകിയ സമ്മേളനം **08**

**കെ. രാജീവൻ**
**38** രജതജൂബിലിയുടെ നിറവിൽ നാൾവഴികളിലൂടെ

**എ. രാഘവൻ**
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പെൻഷൻ പദ്ധതി ചരിത്രപരമായ ഒരെത്തിനോട്ടം **42**

**മംഗളം ബാൽരാജ്**
**48** വിരാമമില്ല കർമ്മ പഥത്തിൽ...






# രജതരേഖ


## essay/memoir

32 കെ. എസ്. വെങ്കിടാചലം — കോഴിക്കോട്: സത്യം സംസ്കാരം സാഹിത്യം

56 എസ്. സുനിൽ കുമാർ — ആധുനിക ഭാരതത്തിന്റെ വിശുദ്ധൻ-ശ്രീ ബിന്ദേശ്വർ പഥക്

102 KESAVAN K MENON — The RAIN, The RUM, and The ROMANTIC SONGS of Kozhikode Abdul Kader

52 ജോസ് വെള്ളറ — No - 1 മംഗലാപുരം മെയിൽ No - 2 മദ്രാസ് മെയിൽ

98 ANTONY D'COUTO L.R — My Tryst With STATE BANK OF INDIA, ALLEPPEY (Now Alapuzha)

106 N K DAS — ARANMULA and its SURROUNDINGS

110 SAHEER MOHAMMED — Between the Devil and the Deep Blue Sea

## short story

64 വർഗീസ് അങ്കമാലി — നീക്കിയിരിപ്പുകൾ

72 ലതിക. കെ.കെ — ചിത്രങ്ങളിൽ മാഞ്ഞുപോകുന്നവർ

78 പി.പി. പവിത്രൻ — J-33

86 ബാലചന്ദ്രൻ പറങ്ങോടത്ത് — ഉപനയനം

68 സ്നേഹപ്രകാശ് വി. പി — വൈശാലിപുരത്തെ സുൽത്താൻ

75 കെ.എ. മനാഫ് — ഒരു മദ്ധ്യാഹ്ന ദുരന്തം

82 ബാലഗോപാലൻ കണ്ണത്ത് — ക്ലോസ് അറസ്റ്റ്

112 T K VIJAYALAKSHMI — THE BLANK PAGES

## poem

55 ബാലകൃഷ്ണൻ പന്താരങ്ങാടി — ഇനിയൊന്ന്

63 ദേവിക മിനി — എന്റെ ഗ്രാമം

67 കെ.രവീന്ദ്രൻ — ജലസൂര്യൻ

59 ടി. വി. ബാലകൃഷ്ണൻ — സർകോമ

101 MURALEEDHARAN.P — THE RIVER

## yathra

60 ശശിധരൻ ടി. വി. — മാനന്തവാടി

94 ലത മണ്ടോടി — മണികർണ്ണിക ഘാട്ടിലെ സ്ത്രീ

88 ലിസി വി സക്കറിയാസ് — ആഢംബരങ്ങളുടെ നാട്ടിലേയ്ക്കുള്ള ആദ്യ യാത്ര

## ക്യാമറ കണ്ണിലൂടെ

44 വി. വി. അജയകുമാർ

46 മധുസൂദനൻ മലയിൽ



സി. വേണുഗോപാലൻ

എസ് ബി ഐ പി എ കെ കോഴിക്കോട് ജില്ലാ സെക്രട്ടറിയും ഇരുപത്തി നാലാം വാർഷിക സമ്മേളനം സ്വാഗതസംഘം ജനറൽ കൺവീനറുമാണ് ശ്രീ സി. വേണുഗോപാലൻ

## പെൻഷൻകാരുടെ ക്ഷേമത്തിനും അവകാശ സമരങ്ങൾക്കും

# ദിശാബോധവും കരുത്തും നൽകിയ സമ്മേളനം




**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ ഇരുപത്തി നാലാം സംസ്ഥാന വാർഷിക സമ്മേളനത്തിന്റെ റിപ്പോർട്ട്**



▲ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ ഇരുപത്തിനാലാം സംസ്ഥാന വാർഷിക സമ്മേളനം ജനറൽ മാനേജർ ശ്രീ തലച്ചിൽ ശിവദാസ് ഭദ്രദീപം കൊളുത്തി ഉത്ഘാടനകർമ്മം നിർവഹിക്കുന്നു

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ സമരൈക്യപ്രസ്ഥാനം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള ഇരുപത്തി നാലാമത് ജനറൽ കൗൺസിൽ സംസ്ഥാന സമ്മേളനവും എസ് ബി ഐ പെൻഷനേഴ്സ് മീറ്റും 2025 മെയ് 23,24 തീയതികളിൽ കോഴിക്കോട് ഗംഭീരമായി നടന്നു.

ഈ സമ്മേളനം സാഹിത്യ നഗരിയായ കോഴിക്കോട് വെച്ച് നടത്താനുള്ള തീരുമാനത്തെ കോഴിക്കോട് ജില്ലയിലെ മുഴുവൻ അംഗങ്ങളും സന്തോഷത്തോടും, ആവേശത്തോടും കൂടിയാണ് സ്വാഗതം ചെയ്തത്. അതിന്റെ ഗംഭീരമായ പ്രതിഫലനമായിരുന്നു 2024 നവംബർ 9 ന് കോഴിക്കോട് അളകാപുരി ഹോട്ടലിലെ കാർത്തിക ഹാളിലെ നിറഞ്ഞ സദസ്സിൽ നടന്ന സംഘാടക സമിതി രൂപീകരണ യോഗം. സംസ്ഥാനത്തെ മുഖ്യ ഭാരവാഹികളും നേതാക്കളും പങ്കെടുത്ത യോഗത്തിൽ ഡി ജി എസ്. ശ്രീ എ രാഘവനെ സംഘാടകസമിതി ചെയർമാൻ ആയും ജില്ലാ സെക്രട്ടറി ശ്രീ സി. വേണുഗോപാലനെ ജനറൽ കൺവീനർ ആയും തിരഞ്ഞെടുത്തു .സമ്മേളന വിജയത്തിനു വേണ്ടി വിവിധ സബ്ബ്കമ്മിറ്റികൾക്കും രൂപം നൽകി.

സമ്മേളന വേദി നഗര മദ്ധ്യത്തിൽ തന്നെ വേണം എന്ന തീരുമാന പ്രകാരം ശ്രീ നാരായണ സെന്റിനറി ഹാൾ തിരഞ്ഞെടുത്തു. പിന്നീടുള്ള ദിവസങ്ങളിൽ വിവിധ കമ്മിറ്റികളുടെ ചെറുതും വലുതും ആയ നിരവധി യോഗങ്ങൾ കോഴിക്കോട് ഓഫീസിൽ നടന്നു. ചെയർമാന്റെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ നടന്ന മീറ്റിംഗുകളിൽ, നടത്താൻ പോകുന്ന ഒരുക്കങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് വിശദമായ ചർച്ചകളിലൂടെ രൂപം നൽകി.

▼ വിശിഷ്ടാതിഥികൾ സമ്മേളനവേദിയിൽ





▲ ജനറൽ മാനേജർ ശ്രീ ശിവദാസ് തലച്ചിൽ ഉത്ഘാടന പ്രസംഗം നിർവ്വഹിക്കുന്നു

പ്രായവും, ചെറിയ ചെറിയ അസുഖങ്ങളും മറന്ന് സമ്മേളനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ അസോസിയേഷൻ അംഗങ്ങൾ നിറഞ്ഞുനിന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തുന്നവർക്കു സൗകര്യപ്രദമായ താമസവും നല്ല രുചികരമായ ഭക്ഷണവും നൽകുക എന്നതിന് പ്രഥമ പരിഗണന നൽകി. അതുമായി ബന്ധപ്പെട്ട അക്കോമഡേഷൻ കമ്മിറ്റിയും ഫുഡ് കമ്മിറ്റിയും പ്രശംസനീയമാം വിധത്തിൽ തന്നെ അവരുടെ ദൗത്യം നിർവഹിച്ചു. സമ്മേളന വേദികളിൽ നിന്നും വളരെ ദൂരമില്ലാത്ത നല്ല ഹോട്ടലുകളിൽ മുറികൾ ഏർപ്പാട് ചെയ്തു. കോഴിക്കോട് ലഭ്യമായ ഏറ്റവും നല്ല പാചകക്കാരനെ കണ്ടെത്തി രുചികരമായ ഭക്ഷണം ഒരുക്കുവാൻ ഏർപ്പാടാക്കി.

എടുത്തു പറയേണ്ട മറ്റൊരുകാര്യം സമ്മേളന ചിലവിനുള്ള ഫണ്ട് കണ്ടെത്തുക എന്നുള്ളതാണ്. അസോസിയേഷന്റെ ആവശ്യങ്ങളോട് എല്ലാകാലത്തും മനസ്സറിഞ്ഞു സഹായിക്കാറുള്ള കോഴിക്കോട്ടെ അംഗങ്ങൾ കമ്മിറ്റിക്കു പൂർണ പിന്തുണ നൽകി. ജില്ലയിലെ ഏകദേശം മുഴുവൻ അംഗങ്ങളും ഉദാരമായി സമ്മേളന ഫണ്ടിലേക്ക് സംഭാവന ചെയ്തു എന്നത് അംഗങ്ങളോടുള്ള അസോസിയേഷന്റെ പ്രതിബദ്ധത വർധിപ്പിക്കുന്നു. ഫണ്ട് സമാഹരിക്കുവാൻ ഫിനാൻസ് കമ്മിറ്റി നടത്തിയ പരിശ്രമങ്ങൾ സമാനതകൾ ഉള്ളതായിരുന്നില്ല. തികച്ചും അഭിനന്ദനാർഹം തന്നെ ആയിരുന്നു.

സമ്മേളന ദിവസത്തിന്റെ ഒരാഴ്ച മുൻപേ മുതൽ മിക്കവാറും എല്ലാ അംഗങ്ങളും അസോസിയേഷൻ

തിങ്ങിനിറഞ്ഞ സദസ്സ്, ഒരു വീക്ഷണം






ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ ദീപക് കുമാർ ബസു മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നു

ഓഫീസിൽ എത്തിയിരുന്നു. സമ്മേളന വിജയത്തിനു വേണ്ടിയുള്ള സർവ്വതല സ്പർശിയായ അംഗങ്ങളുടെ ഇടപെടലുകൾ നമ്മുടെ സംഘടനാ ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്.

22-05-2025 ന് രാവിലെ തന്നെ മാനാഞ്ചിറയിലുള്ള ബാങ്ക് കോമ്പൗണ്ടിനോട് ചേർന്ന് നമ്മുടെ അസോസിയേഷന്റെ പതാകകൾ സമ്മേളനത്തിന്റെ സന്ദേശം കോഴിക്കോട്ടെ ജനങ്ങളെ അറിയിക്കുന്നുണ്ടായിരുന്നു.

23-05-2025 വെള്ളിയാഴ്ച 11 മണിക്ക് അളകാപുരിയിലെ ജുബിലീ ബാങ്കിറ്റ് ഹാളിൽ സംസ്ഥാന എക്സിക്യൂട്ടീവ് യോഗം പ്രസിഡന്റ് ശ്രീ കെ രാജീവന്റെ അധ്യക്ഷതയിൽ ചേർന്നു. ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ ദീപക് കുമാർ ബസു മുഖ്യ പ്രഭാഷണം നടത്തി. ഉച്ചക്ക് 3 മണിക്ക് അതേ ഹാളിൽ ചേർന്ന പ്രതിനിധി സമ്മേളനത്തോടെ സംസ്ഥാന സമ്മേളനത്തിന് തിരശ്ശീല ഉയരുകയായിരുന്നു. സംസ്ഥാനഭാരവാഹികളും വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. പ്രതിനിധി സമ്മേളനത്തിന്റെ തുടർച്ചയായി വൈകുന്നേരം 7 മണിയോടെ ആരംഭിച്ച സംഗീത സായാഹ്നത്തിൽ സംസ്ഥാനത്തിന്റെ എല്ലാഭാഗത്തു നിന്നും ഉള്ള അംഗങ്ങൾ മനോഹരമായ ഗാനങ്ങൾ അവതരിപ്പിച്ചത് അംഗങ്ങൾക്കു ഒരു പുതിയ അനുഭവമായിരുന്നു

24-05-2025 കോരിച്ചൊരിയുന്ന മഴയെ അവഗണിച്ചു കൊണ്ട് നമ്മുടെ വളണ്ടിയേർസ് പുലർച്ചെ 3.30 ഓടെ റെയിൽവേ സ്റ്റേഷനിൽ ദൂര ജില്ലകളിൽ നിന്നും എത്തുന്നവരെ സ്വീകരിക്കുവാൻ കാത്തു നിൽപുണ്ടായിരുന്നു. എല്ലാവരെയും നേരത്തെ ഏർപ്പാടാക്കിയ വാഹനങ്ങളിൽ ഹോട്ടലുകളിൽ എത്തിച്ച ഇവരെ എത്ര പ്രശംസിച്ചാലും മതിയാവില്ല. സമ്മേളന ഹാളിന്റെ അടുത്ത് തന്നെ വനിതാ അംഗങ്ങൾക്കു വേണ്ടി ഒരുക്കിയ മുറികളിൽ അവരെ സഹായിക്കുവാൻ രണ്ടു വനിതാ വളണ്ടിയർമാരെ ഏർപ്പാടാക്കിയിരുന്നു. മുൻപു നടന്ന എല്ലാ സംസ്ഥാന സമ്മേളനങ്ങളിൽ നിന്നും വിഭിന്നമായി, ഹാളിന്റെ മുൻവശത്തു തന്നെ മെയ്ത്ര ഹോസ്പിറ്റലിന്റെയും വിദാൽ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുടെയും സഹകരണത്തോടെ ആംബുലൻസും ഹെൽത്ത് കൗണ്ടറും ഒരുക്കിയത് എല്ലാവർക്കും ഒരു പുതിയ അനുഭവമായി . നിരവധി അംഗങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി.

രാവിലെ 7.30 മണി മുതൽ പ്രാതൽ വിളമ്പാൻ തുടങ്ങിയപ്പോൾ തന്നെ അംഗങ്ങൾ എത്തിക്കഴിഞ്ഞിരുന്നു. 8.30 ന് ആരംഭിച്ച രജിസ്ട്രേഷൻ കൗണ്ടറുകളിൽ അംഗങ്ങൾക്ക് സുഗമമായി രജിസ്റ്റർ ചെയ്യുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തിയിരുന്നു. പ്രതികൂല കാലാവസ്ഥ കനത്ത മഴ എന്നിട്ടും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും





*ശ്രീ രജത് കെ.സി*
*എസ് ബി എസ് യു (കേരള സർക്കിൾ) പ്രസിഡന്റ്*



*ശ്രീ. രാജേഷ് എസ്*
*എസ് ബി ഐ ഒ എ. (കേരള സർക്കിൾ) ജനറൽ സെക്രട്ടറി*



*ശ്രീ സുധീർ ദാസ്, എ ജി എം, പി പി ജി*



*ജോസഫ് പാലയ്ക്കൽ*
*ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എസ്ബിഐ പി എ കെ*

1800 ൽ അധികം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തത് അസോസിയേഷൻ നേതൃത്വത്തിനും, സ്വാഗത സംഘത്തിനും ആഹ്ലാദവും അഭിമാനവും നൽകി

ഇവരെ എല്ലാം രജിസ്റ്റർ ചെയ്യിച്ചു ഹാളിലേക്ക് എത്തിക്കുന്നതിൽ നമ്മുടെ വളന്റിയർ കമ്മിറ്റി പ്രത്യേകം ശ്രദ്ധിച്ചു. കൃത്യം 9 മണിക്ക് ആദരണീയനായ നമ്മുടെ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ കെ രാജീവൻ പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിക്കുകയായിരുന്നു. ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ ദീപക് കുമാർ ബസു, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ എ രാഘവൻ മറ്റു മുതിർന്ന നേതാക്കൾ പ്രവർത്തകർ മറ്റു അംഗങ്ങൾ എന്നിവർ ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി. സമ്മേളന ഹാളിലും അതോടനുബന്ധിച്ച് വലിയ എൽ ഇ ഡി സ്ക്രീൻ ഒരുക്കിയ പന്തലിലും അംഗങ്ങൾ നിറഞ്ഞു കവിഞ്ഞിരുന്നു. 9.30 ന് സ്റ്റേജിൽ ശ്രീമതി തുളസിക്കതിർ ബിന്ധ്യ അവതരിപ്പിച്ച രംഗപൂജയും നമ്മുടെ അംഗങ്ങൾ അവതരിപ്പിച്ച സൂക്ഷ്മ നാടകവും വില്ലടിച്ചാൻ പാട്ടും സദസ്സ് സാഭിമാനം സ്വീകരിച്ചു. അത് സവിശേഷമായ സർഗാത്മക അനുഭവമായി.ഹാളിൽ സൂചി കുത്താൻ ഇടമുണ്ടായിരുന്നില്ല.

പ്രസിദ്ധ ഗാനരചയിതാവ് ശ്രീ ബി കെ ഹരിനാരായണൻ രചനയും സുപ്രസിദ്ധ സംഗീത സംവിധായകൻ ശ്രീ വിൻസെന്റ് സാമുവൽ സംവിധാനവും പ്രസിദ്ധ ഗിറ്റാറിസ്റ്റ് ശ്രീ പ്രേംകുമാർ ചിട്ടപ്പെടുത്തുകയും ചെയ്ത സ്വാഗത ഗാനം നമ്മുടെ അംഗങ്ങൾ ആലപിച്ചപ്പോൾ സദസ്സ് ഹൃദയത്തിൽ ഏറ്റുവാങ്ങി. സ്വാഗത ഗാനം അവസാനിക്കുന്നതോടെ നമ്മുടെ വനിതാ അംഗങ്ങൾ ഒരേ വേഷത്തിൽ കയ്യിൽ ചിരാതുമായി ഹാളിന്റെ പിറകുവശത്തു നിന്നും വരിയായി വന്നു വേദിയുടെ മുൻപിൽ അണിനിരന്നപ്പോൾ സ്വാഗത ഗാനത്തിലെ അവസാന വരികൾ സ്വാഗതം. .... സ്വാഗതം.....സ്വാഗതം സമ്മേളന ഹാളിലേക്ക് ഒഴുകി വരുന്നുണ്ടായിരുന്നു . മനസ്സിലെന്നും തങ്ങി നിൽക്കുന്ന മനോഹരമായ ദൃശ്യാനുഭവമായിരുന്നു അത്.

രാവിലെ 10 മണിക്ക് പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. നമ്മുടെ രണ്ടു വനിതാ അംഗങ്ങൾ നടത്തിയ കോംപിയറിംഗ് വാക്കുകൾ കൊണ്ടും ശബ്ദം കൊണ്ടും ശ്രദ്ധേയമായി.

പുതുതായി സ്ഥാനം ഏറ്റെടുത്ത പിറ്റേ ദിവസം തന്നെ പെൻഷനേഴ്സ് അസോസിയേഷന്റെ പരിപാടിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞതിലുള്ള സന്തോഷം സ്വാഗത പ്രസംഗം നടത്തിയ എ ജി എം, പി പി ജി, ശ്രീ സുധീർ ദാസ് പ്രകടിപ്പിച്ചു. പെൻഷണേഴ്സിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തന്റെ ഓഫീസ് പ്രഥമ പരിഗണന നൽകുമെന്ന് ആദ്ദേഹം ഉറപ്പു നൽകി. സംസ്ഥാന പ്രസിഡന്റ് ശ്രീ കെ രാജീവൻ അദ്ധ്യക്ഷം വഹിച്ചു . എസ് ബി ഐ ജനറൽ മാനേജർ ശ്രീ തലച്ചിൽ ശിവദാസ് ഭദ്രദീപം



ശ്രീ കെ രാജീവൻ



ശ്രീ എ രാഘവൻ



ശ്രീ സി. വേണുഗോപാലൻ

കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ് ബി ഐ പി എ ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ ദീപക് കുമാർ ബസു മുഖ്യ പ്രഭാഷണം നടത്തി.

എസ് ബി ഐ ഒ എ. (കേരള സർക്കിൾ) ജനറൽ സെക്രട്ടറി ശ്രീ. രാജേഷ് എസ്, എസ് ബി എസ് യു (കേരള സർക്കിൾ) പ്രസിഡന്റ് ശ്രീ രജത് കെ.സി , എസ് ബി ഐ പി എ കെ ജനറൽ സെക്രട്ടറി ശ്രീ എ രാഘവൻ എന്നിവർ ആശംസാ പ്രസംഗം നടത്തി.

ജൂണിൽ വിരമിക്കുന്ന നമ്മുടെ പ്രിയങ്കരനും എപ്പോഴും എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന് തുണയായും ഉണ്ടായിരുന്ന എസ് ബി ഐ ജനറൽ മാനേജർ ശ്രീ തലച്ചിൽ ശിവദാസിനെ ആദരിച്ചു . നമുക്ക് സൗകര്യപ്രദമായ ഓഫീസ് അനുവദിക്കുകയും അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത നമ്മുടെ പ്രിയങ്കരനായ എസ് ബി ഐ, കോഴിക്കോട് ഡി ജി എം ശ്രീ സുരേഷ് വാക്കിയിലിനു പ്രത്യേകം നന്ദി അറിയിക്കുന്നു.

നമ്മുടെ അംഗവും കേന്ദ്ര സാഹിത്യ അവാർഡ് ലഭിച്ച പ്രമുഖ എഴുത്തുകാരനും നിരവധി പുസ്തകങ്ങൾ തമിഴിൽ നിന്നും തർജമ ചെയ്തിട്ടുള്ളതും ആയ ശ്രീ കെ എസ് വെങ്കിടാചലത്തെയും പ്രസിദ്ധ സംഗീത സംവിധായകൻ ശ്രീ വിൻസെന്റ് സാമുവലിനെയും യോഗത്തിൽ ആദരിച്ചു.

24-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു പുറത്തിറക്കുന്ന സുവനീറിന്റെ കവർ എസ് ബി ഐ. ജി എം ശ്രീ തലച്ചിൽ ശിവദാസും എസ്ബിഐ പി എ കെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. രാജീവനും ചേർന്ന് പ്രകാശനം ചെയ്തു. ജനറൽ കൺവീനർ ശ്രീ സി. വേണുഗോപാലൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചക്ക് ഒരു മണിയോടെ പെൻഷനേഴ്സ് മീറ്റ് അവസാനിച്ചു .

വിഭവ സമൃദ്ധവും രുചികരവും ആയ സദ്യ കഴിച്ച സംതൃപ്തിയോടെ ഉച്ചക്ക് 2 മണിയോടെ അംഗങ്ങൾ 24ാം വാർഷിക പൊതുയോഗത്തിന് തിരിച്ചു ഹാളിൽ എത്തി. ഗിഫ്റ്റ് കൗണ്ടർ 12.30ന് തന്നെ തുറന്ന




*24-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു പുറത്തിറക്കുന്ന സുവനീറിന്റെ കവർ എസ് ബി ഐ. ജി എം ശ്രീ തലച്ചിൽ ശിവദാസും എസ്ബിഐ പി എ കെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. രാജീവനും ചേർന്ന് പ്രകാശനം ചെയ്യുന്നു*




*കേന്ദ്ര സാഹിത്യ അവാർഡ് ലഭിച്ച പ്രമുഖ എഴുത്തുകാരനും നമ്മുടെ അംഗവുമായ ശ്രീ കെ എസ് വെങ്കിടാചലത്തെ യോഗത്തിൽ ആദരിച്ചു.*




*നമ്മുടെ സ്വാഗതഗാനം ചിട്ടപ്പെടുത്തിയ സംഗീത സംവിധായകൻ ശ്രീ വിൻസെന്റ് സാമുവലിനെ യോഗത്തിൽ ആദരിച്ചു.*

തിനാൽ ചിലരൊക്കെ സന്തോഷത്തോടെ ഗിഫ്റ്റുമായാണ് ഹാളിൽ എത്തിയത് .

ഡി ജി എസ് ശ്രീ ജോസഫ് പാലക്കലിന്റെ സ്വതസിദ്ധമായ ശൈലിയിലുള്ള സ്വാഗത പ്രസംഗത്തോടെ സമ്മേളനം ആരംഭിച്ചു . സംസ്ഥാന പ്രസിഡന്റ് ശ്രീ കെ രാജീവൻ അദ്ധ്യക്ഷം വഹിച്ചു. അദ്ദേഹത്തിന്റെ ദീർഘകാല പ്രവർത്തനങ്ങളെയും അംഗങ്ങളോടുള്ള സ്നേഹത്തെയും കുറിച്ച് സംസാരിച്ചപ്പോൾ അതൊരു വിടവാങ്ങൽ പ്രസംഗമായി . ആദ്ദേഹത്തോടുള്ള ആദരസൂചകമായി ഹാളിലെ മുഴുവൻ അംഗങ്ങളും എഴുന്നേറ്റു നിന്നു . തുടർന്ന് മുഖ്യ പ്രഭാഷണം നടത്തിയ നമ്മുടെ പ്രിയങ്കരനായ ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ ദീപക് കുമാർ ബസു പെൻഷൻ അപ്ഡേറ്റേഷനിലും എക്സ്ഗ്രേഷ്യ റിവിഷനിലുമുള്ള തടസ്സങ്ങൾ വിശദീകരിച്ചു. അദ്ദേഹത്തിന്റെ വികാര നിർഭരമായ പ്രസംഗം സുദീർഘമായിരുന്നു.

2025 വർഷം 75/85 വയസ്സ് തികയുന്ന മുതിർന്ന അംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് കഴിഞ്ഞ ശേഷം, വിവിധ കാരണത്താൽ അസോസിയേഷൻ ഭാരവാഹിത്തത്തിൽ നിന്നും മാറി നിൽക്കുന്ന 19 ഭാരവാഹികളെ യോഗം ആദരിച്ചു.

ജനറൽ സെക്രട്ടറി ശ്രീ എ രാഘവൻ കഴിഞ്ഞ വർഷത്തെ സമ്മേളനത്തിന്റെ മിനുട്സും ഈ വർഷത്തെ റിപ്പോർട്ടും വായിച്ചു. സംസ്ഥാന ട്രഷറർ ശ്രീ കെ എസ് ജയറാം ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് അവതരിപ്പിച്ചു. ചർച്ച ചെയ്ത ശേഷം രണ്ടു റിപ്പോർട്ടുകളും യോഗം കയ്യടിച്ചു പാസ്സാക്കി . വൈസ് പ്രസിഡന്റ് ശ്രീ ജോസ് മാർസിലിൻ അവതരിപ്പിച്ച ബൈലോ അമെന്റ്മെന്ഡുകൾ യോഗം ചർച്ചക്ക് ശേഷം അംഗീകരിച്ചു.

2025-28 വർഷത്തേക്കുള്ള അസോ

സിയേഷന്റെ ഭാരവാഹികളെ ഇലക്ഷൻ ചീഫ് റിട്ടേണിങ് ഓഫീസർ ശ്രീ ജോൺ ജോസഫ് പ്രഖ്യാപിച്ചു. സംസ്ഥാന പ്രസിഡണ്ടായി ശ്രീ. രാധാകൃഷ്ണൻ പുല്ലഞ്ചേരിയും ജനറൽ സെക്രട്ടറിയായി. ശ്രീ ഫിലിപ് കോശിയും, ട്രഷറർ ആയി ശ്രീ. അരുണാചലം കെ വി യും വൈസ് പ്രസിഡന്റുമാരായി സർവ്വശ്രീ ബി സി ഉണ്ണി കൃഷ്ണൻ നായരും ജോസഫ് പാലക്കലും , മറ്റു എ ഒ തല ഡി ജി എസ് മാരും എ ജി എസ് മാരും തെരഞ്ഞെടുക്കപ്പെട്ടു.

പുതിയ വർഷത്തേക്കുള്ള ഓഡിറ്റർസിനെ യോഗം അംഗീകരിച്ചു. കോഴിക്കോട് ജില്ലാ സെക്രട്ടറി പി ശശിധരൻ സമ്മേളനത്തിൽ പങ്കെടുത്തു വൻ വിജയമാക്കിയ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും എത്തിയ അംഗങ്ങൾക്കും ജില്ലാ ഭാരവാഹികൾക്കും സംസ്ഥാന നേതാക്കൾക്കും സമ്മേളനവുമായി സഹകരിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ അസോസിയേഷന്റെ പതാക അടുത്ത കൊല്ലം സമ്മേളനം നടക്കേണ്ട കൊല്ലം ജില്ലാ ഭാരവാഹികൾക്ക് ജനറൽ സെക്രട്ടറി ശ്രീ ഫിലിപ്പ് കോശി കൈമാറി.

വൈകുന്നേരം 5 മണിക്ക് ദേശീയ ഗാനത്തോടെ സമ്മേളനം സമാപിച്ചു. പങ്കാളിത്തം കൊണ്ടും പരിപാടിയിലെ നവീനമായ ഉള്ളടക്കം കൊണ്ടും ഈ ഇരുപത്തിനാലാമത് ജനറൽ കൗൺസിൽ സമ്മേളനം നമ്മുടെ സംഘടനയുടെ ചരിത്രത്തിലെ സുപ്രധാന അദ്ധ്യായം എഴുതി ചേർത്തിരിക്കുകയാണ് .സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ പെൻഷൻകാരുടെ ക്ഷേമത്തിനും, അവകാശ സമരങ്ങൾക്കും കോഴിക്കോട് സമ്മേളനം വരും കാലം ദിശാബോധവും കരുത്തും നൽകും. ●



















SBI
State Bank of India





CHIEF MINISTER
MADRAS STATE
ON 12TH SEPTEMBER, 1954.
















ATE BANK OF INDIA
ERS' ASSOCIATION KERALA
NNUAL GENERAL
ODY MEETING
P. RAVEENDRAN
SBI
State Bank of
SBI PENSIONER




BODY MEETING
On Saturday 24th May 2025
24th ANNUAL GENERAL BODY MEETING
SBI
State Bank of India
SBI PENSIONERS' ME


PENSIONERS
On Satu 24th May 2
RAN NAGA
ENARY HAL
ODE


SBI
State Bank of India
SBI PENSIONERS' MEET
On Saturday 24th May 2025










24 th Annual General Body Meeting , SBIPA Kerala, Kozhikode(24 may 2025)

ഈ വർഷം **75 / 85** വയസ്സ് പൂർത്തിയായ നമ്മുടെ അംഗങ്ങൾക്ക് ആദരം

























































STATE BANK OF INDIA
PENSIONERS' ASSOCIATION
KERALA
SBI
State Bank of India
LOCAL HEAD OFFICE
THIRUVANATHAPURAM
24th ANNUAL
GENERAL BODY MEETING
STATE BANK OF INDIA
PENSIONERS' ASSOCIATION KERALA
24th ANNUAL GENERAL
SBI
State Bank of India
LOCAL HEAD OFFICE
THIRUVANATHAPURAM








24th ANNUAL GENERAL
BODY MEETING










PENSIONERS' ASSOCIATION KERALA
24th ANNUAL GENERAL
BODY MEETING








KOZHIKO


STATE BANK OF INDIA
PENSIONERS' ASSOCIATION KERALA


STATE BANK OF INDIA
PENSIONERS' ASSOCIATION KERALA
SBI
State Bank of India

## Organising Committee Meeting







## State Committee and Delegates Meet





























# SBIPA KERALA, KOZHIKODE
# 24th ANNUAL GENERAL BODY MEETING



**A. Raghavan**
Chairman, 24th A G M
& General Secretary SBIPA K



**K. Rajeevan**
State President
SBIPA K



**C Venugopalan**
General Convenor 24th A G M
& Dt. Secretary SBIPA K, Kozhikode



**Sethumadhavan Nair T**
Vice Chairman, 24th A G M
& Asst. General Secretary
SBIPA K



**Komalavally K.V**
Vice Chairperson, 24th A G M
& Asst. General Secretary
SBIPA K



**Suresh Vakkiyil**
DGM B & O Kozhikode
Patron



**M Prabhakaran**
Patron



**Balagopala Menon T**
Joint General Convenor &
President, SBIPA K
Kozhikode



**Sreedharan M. C**
Joint General Convenor &
Executive Committee
Member SBIPA K Kozhikode



**Venkitaramani V. S**
Joint General Convenor &
Treasurer SBIPA K Kozhikode



**Sasidharan P**
Joint General Convenor

# CONVENORS & JOINT CONVENORS

## RECEPTION COMMITTEE


**Subas Chandran C**
Convenor


**Rajarajeswari G**
Jt Convenor


**Shylavathi K**
Jt Convenor

## FINANCE COMMITTEE


**Raghu T**
Convenor


**Sukumaran Nair P**
Jt. Convenor


**Gokulraj K**
Jt Convenor

## ACCOMODATION COMMITTEE


**Manoharan K**
Convenor


**Sanalkumar T K**
Jt. Convenor


**Sunil A**
Jt. Convenor

## CULTURAL COMMITTEE


**Jayan Kadalundy**
Convenor


**Padmalochana T P**
Jt Convenor


**K. J. Dileepkumar**
Jt Convenor

## FOOD COMMITTEE


**Viswanathan R**
Convenor


**Prakasan K**
Jt. Convenor


**Raveendranathan C**
Jt. Convenor

## VOLOUNTEER COMMITTEE


**Unnikrishnan P**
Convenor


**Venugopalan K**
Jt. Convenor


**Sudhakaran C P**
Jt. Convenor

## STAGE-SOUND-DECORATION COMMITTEE


**Suresh M**
Convenor


**Madhusudanan Malayil** Jt. Convenor


**Raghavan M**
Jt. Convenor

## VANITHA COMMITTEE


**Rajarajeswari G**
Convenor


**Ramani Malayath**
Jt Convenor


**Sreebala TC**
Jt Convenor

## TRANSPORT COMMITTEE


**Vijayakumar E**
Convenor


**Rajagopalan K**
Jt. Convenor

## MEDIA AND PUBLICITY COMMITTEE


**Rajagopalan M**
Convenor


**Rajagopalan K P**
Jt. Convenor


**Padmanabhan C**
Jt. Convenor


**Harinarayanan V**
Jt. Convenor

## MEDICAL HEALTH COMMITTEE



**Pradeep Kumar K**
Convenor



**N E Gopalakrishnan**
Jt. Convenor



**Praphul K M**
Jt. Convenor

## SOUVENIR COMMITTEE



**Venkitachalam K S**
Convenor



**Snehaprakash VP**
Jt Convenor



**Latha Mandody**
Jt Convenor

# DISTRICT COMMITTEE



**EXECUTIVE COMMITTEE, KOZHIKODE DISTRICT 2022-2025**

Sitting Left To Right: **Manoharan K, Viswanathan R, V. S. Venkitaramani, T. Balagopala Menon, C. Venugopalan, M. K. Asokan, K. Shylavathi, V. K. Pokkar.** Standing Left To Right : **T. Raghu, C. Raveendranathan, A. Sunil, C. Padmanabhan, M. C. Sreedharan, M. Sreenivasan.**



**EXECUTIVE COMMITTEE, KOZHIKODE DISTRICT 2025 - 2028**

Sitting Left To Right: **Sunil A, Viswanathan R, Venkitaramani VS, Sivasankar P, Sasidharan P, Sreedharan M C, Venugopalan C**
Standing Left To Right: **Surendra Babu TV, Suresh M, Jos Vellara, Ramani Malayath, Licy V Zacharias, Premila V, Unnikrishnan P, Raghu T**



കെ. എസ്. വെങ്കിടാചലം

സാഹിത്യകാരനും, വിവർത്തകനും, നിരൂപകനുമായ ശ്രീ. വെങ്കിടാചലം ഡെപ്യൂട്ടി മാനേജർ ആയിരിക്കെ സ്വയം വിരമിച്ചു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ മൊഴിമാറ്റത്തിനുള്ള പുരസ്കാരം, നല്ലി ചിന്നസ്വാമി തിശൈ എട്ടും അവാർഡ്, ചെന്നൈ ഇന്റർനാഷണൽ ബുക്ക് ഫെയർ അവാർഡ് 2025 തുടങ്ങി നിരവധി ആദരവുകൾ നേടിയിട്ടുണ്ട്.

# കോഴിക്കോട്

## സത്യം സംസ്കാരം സാഹിത്യം

**സാക്ഷരതയിൽ ഒന്നാമതായി നിൽക്കുന്ന കേരളത്തിന് കോഴിക്കോടൻ സത്യപാരമ്പര്യത്തിന്റെ മുഴുവൻ വശങ്ങളും അറിയില്ല. വാസ്കോഡഗാമ വന്ന ശേഷമുള്ള ചരിത്രം മാത്രമല്ലെ നമുക്കറിയൂ. അതിനു മുമ്പ്?**

കോഴിക്കോട് നഗരം എന്തിന്റെ ഒരു പ്രതീകമാണ്? സത്യത്തിന്റെ? സംസ്കാരത്തിന്റെ? അതോ സാഹിത്യത്തിന്റേയോ? എന്തു കൊണ്ടാണ് ഈ നഗരം എല്ലാവരേയും വല്ലാതെ മോഹിപ്പിക്കുന്നത്? അന്നും ഇന്നും എന്നും?

ചരിത്രകാരനായ എം.ജി.എസ്. നാരായണൻ തന്റെ 'Calicut: The City of Truth' എന്ന പുസ്തകത്തിൽ പറയുന്നു: സാക്ഷരതയിൽ ഒന്നാമതായി നിൽക്കുന്ന കേരളത്തിന് കോഴിക്കോടൻ സത്യ പാരമ്പര്യത്തിന്റെ മുഴുവൻ വശങ്ങളും അറിയില്ല. വാസ്കോഡഗാമ വന്ന ശേഷമുള്ള ചരിത്രം മാത്രമല്ലെ നമുക്കറിയൂ. അതിനു മുമ്പ്?

സ്ഥലപുരാണം എന്തോ ആവട്ടെ. കോഴിക്കോടിന്റെ പ്രസിദ്ധിക്ക് കാരണം മതസൗഹാർദ്ദമാണ്. അതിന് പ്രധാനകാരണം അറബികളും. അവരുടെ സന്തതികളോ അനുയായികളോ ആയ നാടൻ മാപ്പിളമാരും സാമൂതിരിയും ഉപദേശികളായ മങ്ങാട്ടച്ചൻമാരും അവരുടെ ദീർഘദൃഷ്ടിയോടെയുള്ള രാഷ്ട്രീയ നേതൃത്വവും പിന്നെ അവരുടെ കീഴിലുണ്ടായിരുന്ന തലച്ചെന്നാർ, തെക്കുംതറ, വടക്കുംതറ നായൻമാർ, കുതിരവട്ടത്ത് നായർ, കവളപ്പാറ നായർ, പ്രഭുക്കളുടെ സൈനിക പാരമ്പര്യമെല്ലാം ചേർന്നുള്ള സമ്മേളനമാണ് കോഴിക്കോട് നഗരത്തെ ഉയർത്തിക്കൊണ്ടു വന്നത്.

> **"വലിയങ്ങാടിയുടെ ഒരറ്റത്താണല്ലോ ധനത്തിന്റെ ദേവിയെ 'ദാ ഇപ്പോൾ വരാം' എന്ന് പറഞ്ഞ് മങ്ങാട്ടച്ചൻ സ്ഥിരമായി നിർത്തിക്കളഞ്ഞത്. ആ ദേവി ഇപ്പോഴും അവിടെ ഉണ്ടെന്ന് കോഴിക്കോട്ടുകാർ വിശ്വസിക്കുന്നു.**

കോഴിക്കോടിനെക്കുറിച്ച് പറയാൻ തുടങ്ങുമ്പോൾ നമ്മൾ ആരംഭിക്കേണ്ടത് കടൽത്തീരത്ത്





*കല്ലായിപുഴ*



*കോംട്രസ്റ്റ്*

നിന്നു തന്നെയാണ്. എല്ലാ നന്മകൾക്കും ചിന്തകൾക്കും കടൽ എവിടെയും സാക്ഷിയാണ്. എല്ലാ വരവുകൾക്കും ആധിപത്യം സ്ഥാപിക്കപ്പെട്ടതിനും കടൽ ഒരു ബിംബമാണ്.

ഗാന്ധി റോഡെന്നും ബീച്ച് റോഡെന്നും അറിയപ്പെടുന്ന ഇന്നത്തെ റോഡിന്റെ അന്നത്തെ പേര് 'ഈവാൻസ്റോഡ്' എന്നായിരുന്നു. ഫ്രഞ്ച്കാരുടെ വാസസ്ഥലം ഇംഗ്ലീഷ്-സ്കോട്ടിഷ് കമ്പനി, വോൾക്കാർട്ട് ബ്രദേഴ്സ്, ഹാരിസൺ ക്രോസ് ഫീൽഡ്, വില്യം ഗുഡേക്കർ, സ്പെൻസർ ആന്റ് കമ്പനി, ആസ്പിൻവാൾ, പിയേഴ്സ് ലസ്‌ലി എന്നീ കമ്പനികളുടെ ആസ്ഥാനം ഗാന്ധി റോഡിലായിരുന്നു. ഇന്ന് അവയൊന്നുമില്ല. പോർട്ട് ഓഫീസറുടെ ആപ്പീസും കോമൺവെൽത്ത് കെട്ടിടവും ഒരു പുരാവസ്തു പോലെ നിൽക്കുന്നുണ്ട്.

കടപ്പുറത്തിന്റെ വടക്കെ അറ്റത്തുള്ള കടൽപ്പാലം പണിയാൻ (ഇന്ന് ആ പാലം ഇല്ല) അന്ന് ചെലവായത് അറുപത്തിനാലായിരം രൂപയാണ്. പല വിദേശരാജ്യങ്ങളിലേക്കും സുഗന്ധവ്യഞ്ജനങ്ങൾ ഇവിടെ നിന്ന് കയറ്റി അയച്ചിരുന്നു. കപ്പലുകളുടെയും കൊടിമരങ്ങളുടെയും കടൽ യാത്രക്കാരുടേയും തുറമുഖ ജോലിക്കാരുടെയും ഒച്ചയും ബഹളവും നിറഞ്ഞ് നിന്നിരുന്ന സ്ഥലത്ത് ഇന്ന് കോർപറേഷന്റെ ഒരു തുറന്ന സ്റ്റേജും (Freedom Square) ഹോട്ടലുകളുടെ ഒരു നീണ്ട നിരയുമാണുള്ളത്. ഉരച്ച ഐസിട്ട ജ്യൂസും നാരങ്ങാവെള്ളവും ഉപ്പിലിട്ട നെല്ലിക്കയും മാങ്ങയും കൈതച്ചക്കയും ഉള്ളിവടയും ചായയുമായി ചെറിയ ചെറിയ ഉന്തുവണ്ടികൾ കടപ്പുറത്ത് നിറഞ്ഞ് നിൽക്കുന്നു. മിക്കവാറും എല്ലാ ദിവസങ്ങളിലും കോഴിക്കോട്ടും പരിസരത്തും നിന്നുമുള്ളവർ കൂട്ടം കൂട്ടമായി എത്തുന്ന ഏക സ്ഥലമാണ് കടപ്പുറം.

കുറച്ച് മുമ്പോട്ട് നടന്നാൽ പട്ട്തെരുവ്, കൊപ്പറ ബസാർ, വലിയങ്ങാടി, ഗുജറാത്തി തെരുവ്, കുറ്റിച്ചിറ റോഡ് എന്നിവിടങ്ങളിൽ എത്താം. ചൈനക്കാരുടെ പട്ടുവസ്ത്ര വിൽപ്പന കേന്ദ്രങ്ങളായിരുന്നു ഒരു കാലത്ത് ഈ സ്ഥലങ്ങൾ. ആദ്യത്തെ കോൺക്രീറ്റ് റോഡ് വലിയങ്ങാടിയിലായിരുന്നു നിർമ്മിച്ചത്. (1930-40) ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ ഗുജറാത്തികളും മാർവാഡികളും ചെട്ടികളും ആരോഗ്യപരമായ മത്സരങ്ങളിലൂടെ ആയിരുന്നു കച്ചവടം നടത്തിയിരുന്നത്. വലിയങ്ങാടിയുടെ ഒരറ്റത്താണല്ലോ ധനത്തിന്റെ ദേവിയെ 'ദാ ഇപ്പോൾ വരാം' എന്ന് പറഞ്ഞ് മങ്ങാട്ടച്ചൻ സ്ഥിരമായി നിർത്തിക്കളഞ്ഞത്. ആ ദേവി ഇപ്പോഴും അവിടെ ഉണ്ടെന്ന് കോഴിക്കോട്ടുകാർ വിശ്വസിക്കുന്നു.

ചെമ്പോട്ടി ലൈൻ, മേലെപാളയം, ബൈരാഗിമഠം, കോട്ടപ്പറമ്പ്, കുതിരവട്ടം, സാമൂതിരി രാജാവിന്റെ കുതിരപ്പട്ടാളത്തിന്റെ താവളം എന്നീ സ്ഥലങ്ങളിലൂടെ പോയാൽ നമുക്ക് കല്ലായ്പ്പുഴയുടെ തീരത്തെത്താം. 'ദാരിദ്ര്യത്തിന്റേയും ദുഃഖങ്ങളുടെയും സ്നേഹത്തിന്റേയും വലിയ ലക്ഷ്യങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും രാഷ്ട്രീയത്തിന്റേയും തീരം' എന്നാണ് എം.ജി. എസ്. നാരായണൻ പറയുന്നത്. സാമൂതിരിയുടെ

> **"**
>
> **കോഴിക്കോട്ടെ മരക്കച്ചവടം നിയന്ത്രിച്ചിരുന്നത് മൂപ്പൻ-കമ്മാലിമാരായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മരക്കച്ചവട കേന്ദ്രങ്ങളിൽ ഒന്നായിരുന്നു കല്ലായി**



*ബീച്ചിലെ ഉന്തുവണ്ടികച്ചവടം*







*മിഠായി തെരുവും പ്രവേശനകവാടത്തിലെ എസ്.കെ പൊറ്റക്കാട് പ്രതിമയും*

ക്ഷണപ്രകാരമാണ് ഗുജറാത്തികൾ മധുര പലഹാരങ്ങളുമായി വന്നതും മിഠായി തെരുവ് സ്ഥാപിച്ചതും. ആശാരിമാരേയും, കൊല്ലൻമാരെയും കൊണ്ടു വന്നതുപോലെ തന്നെ ആയിരുന്നു ഗുജറാത്തികളെയും കൊണ്ടു വന്നത്. പാർസികളും അവരുടെ മിഠായിത്തെരുവിലുള്ള ശ്മശാനവും കോഴിക്കോടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അവരുടെ ഫയർ ടെമ്പിളും ശ്മശാനവും ഇന്നും അവിടെയുണ്ട്.

കോഴിക്കോടിന്റെ അടയാളങ്ങളിൽ ഒന്നാണ് മുതലക്കുളം. രാവിലെ അഴുക്ക് വസ്ത്രങ്ങൾ അലക്കുവാനും വൈകുന്നേരം രാഷ്ട്രീയക്കാരുടെ വിഴുപ്പലക്കുവാനും ഉള്ള ഒരിടമാണ് മുതലക്കുളം ഇന്നും. അന്തരിച്ച രാമദാസൻ വൈദ്യർ വർഷങ്ങൾക്ക് മുമ്പ് ഒരു അലക്ക് കല്ലിനെ മാലയിട്ട് വണങ്ങിയ ചരിത്രവും കോഴിക്കോടിന് ഉണ്ട്.

ടൗൺഹാൾ നിർമ്മിച്ചത് ഉപ്പ് കച്ചവടക്കാരാണ്. 1891 ൽ. Salt Akbari Town Hall എന്നായിരുന്നു പേര്.

കോഴിക്കോട്ടെ മരക്കച്ചവടം നിയന്ത്രിച്ചിരുന്നത് മൂപ്പൻ-കമ്മാലിമാരായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മരക്കച്ചവട കേന്ദ്രങ്ങളിൽ ഒന്നായിരുന്നു കല്ലായി. കുറ്റിച്ചിറയും തിരുവണ്ണൂരും തിരുവച്ചിറയും ബേപ്പൂരും (ഇന്ന് ബേപ്പൂർ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്) വട്ടക്കിണർ, അരക്കിണർ എന്നിവയെല്ലാം ഇന്നും ഉണ്ട്. ഇല്ലാത്തത് മുമ്പ് അവിടങ്ങളിൽ നിന്ന് ഉയർന്നിരുന്ന മരം അറക്കുന്ന വാളിന്റെ സംഗീതവും ജോലിക്കാരുടെ താളാത്മക ശബ്ദവുമാണ്.

കോഴിക്കോട്ട് നിന്ന് മൂന്ന് ഇംഗ്ലീഷ് പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. West Coast Spectator, West Coast Reformer, പിന്നെ Champion എന്നിവ ആയിരുന്നു അവ.

ഫറൂക്ക് പാലത്തിനടുത്തുള്ള ഓട്ട് കമ്പനികളുടെ ചിമ്മിനികളിൽ നിന്നായിരുന്നുവത്രെ രണ്ടാം ലോകമഹായുദ്ധകാലത്ത് 'എംഡൻ' എന്ന ജർമ്മൻ മുങ്ങിക്കപ്പലിന് സിഗ്നൽ ലഭിച്ചിരുന്നത്. ഈ കാലത്താണ് സ്വാതന്ത്ര്യസമര കാലഘട്ടം - കീഴരിയൂർ ബോംബ് കേസ് നടക്കുന്നത്. (17.1.42) ചാലപ്പുറത്തെ രാഘവൻ നായരുടെ പെർക്കോട്ട് ഹത്രസായിരുന്നു താവളം. ഡോ.കെ.ബി. മേനോൻ, ഡി.ജയദേവറാവു, (ഏഴാംപ്രതി) രാജഗോപാലറാവു, രാമനാഥ റാവു എന്നീ കോഴിക്കോട്ടുകാർ കൂട്ടത്തിലുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന് എതിരായ പ്രതിഷേധത്തിന്റെ ശബ്ദങ്ങളിലൊന്നായി കീഴരിയൂർ ബോംബ് കേസ് രേഖപ്പെടുത്തുന്നുണ്ട്.

ഇബൻ ബത്തൂത്ത, (1342 AD) ചൈനക്കാരനായ മാഹാൻ (1403), പേർഷ്യക്കാരനായ അബ്ദുറസാക്ക്, ഇറ്റലിക്കാരനായ നിക്കോള കോണ്ടി, റഷ്യക്കാരനായ അതനോസ് നികിതിൻ എന്നീ സഞ്ചാരികളും പ്രൊഫ. കൃഷ്ണയ്യർ, കെ.പി.പി. മേനോൻ എന്നീ എഴുത്തുകാരും കോഴിക്കോടിനെപ്പറ്റി ധാരാളം എഴുതീട്ടുണ്ട്. ഇവരെല്ലാവരും തന്നെ ചേരമാൻ പെരുമാളിന്റെയും സാമൂതിരിയുടേയും സംഭാവനകളെ പുകഴ്ത്തിയിട്ടുമുണ്ട്.

'ലോകത്തിലെ എല്ലാ ഭാഗത്ത് നിന്നുമുള്ള കച്ചവടക്കാരെ ഇവിടെ കാണാം. മുസ്ലിം കച്ചവടക്കാരെല്ലാം പണക്കാരായിരുന്നു. നങ്കൂരമിട്ടിരിക്കുന്ന എല്ലാ കപ്പലുകളേയും വാങ്ങാൻ കഴിയുന്നവർ'. ഇബൻ ബത്തൂത്ത.

'രാജാവ് നായരാണ്. അദ്ദേഹത്തിന്റെ കാര്യസ്ഥൻ മുസ്ലിം. ബുദ്ധന്റെ ആരാധകനാണ് രാജാവ്. അതു കാരണം മാട്ടിറച്ചി കഴിക്കില്ല. കാര്യസ്ഥൻ മുസ്ലിം ആയതുകൊണ്ട് പന്നിയിറച്ചി കഴിക്കില്ല. പരസ്പരം ബഹുമാനവും സ്നേഹവും കാരണം രാജാവ് പന്നിയിറച്ചിയും കാര്യസ്ഥൻ മാട്ടിറച്ചിയും ഒഴിവാക്കിയിരുന്നു. അതൊരു ഒത്തുതീർപ്പായിരുന്നു'. മാഹൻ.

'കച്ചവടം നടന്നാൽ മാത്രമേ നികുതി പിരിവ് ഉണ്ടായിരുന്നുള്ളു' അബ്ദുൾ റസാഖ്.

'A Mariline City. A Noble Emporium for all India' നിക്കോളോ കോണ്ടി.

'ഇവിടെ കുരുമുളക്, ഇഞ്ചി, വിവിധ തരം ചെടികൾ, ഗ്രാമ്പൂ, ഏലയ്ക്കാ, ജാതിക്കാ, പലതരം സുഗന്ധവ്യഞ്ജനങ്ങൾ എല്ലാമുണ്ട്. വില വളരെ കുറവ്. ജോലിക്കാരും സ്ത്രീകളും വളരെ നല്ലവർ. ഇവിടെ വലിയങ്ങാടിയുമുണ്ട്'. അതനോസ് നികിതിൻ.

താഴെ പാളയത്തിലേയും ചാലപ്പുറത്തേയും ചില സ്ഥലങ്ങളുടെ പേര് ഇതൊക്കെ ആയിരുന്നു. കിടങ്ങുപറമ്പ്, കൊട്ടാരപറമ്പ്, ചെമ്പ് കോട്ടി, തട്ടാർ, അമ്പാടി കോവിലകം (കൊട്ടാര സ്ത്രീകളുടെ താമസസ്ഥലം), കോവിലകപ്പറമ്പ്.

ആഴ്വാഞ്ചേരി തമ്പ്രാക്കൾ അരിയിട്ട് വാഴ്ചയും, ശുകപുരം നമ്പൂതിരിമാർ ഹോമവും സാമൂതിരിയുടെ സ്ഥാനാരോഹണ ചടങ്ങിൽ നടത്തിയിരുന്നതായി പ്രൊഫ: കെ.വി. കൃഷ്ണയ്യർ പറയുന്നുണ്ട്. എന്നാൽ പോർത്തുഗീസുകാരാണ് (1505ൽ) ഈ ചടങ്ങ് തുടങ്ങിയതെന്നൊരു അഭിപ്രായമുണ്ട്. ചടങ്ങിൽ പൂമുള്ളി, ചിറക്കൽ, വരിക്കുമഞ്ചേരി, കിനാൽക്കാട്ട് എന്നീ മനകളിൽ നിന്ന് നമ്പൂതിരിമാർ പങ്കെടുത്തിരുന്നു.

ഉയർന്ന ജാതിക്കാർ, നമ്പൂതിരിമാർ, തമിഴ് ബ്രാഹ്മണർ, ഗുജറാത്തികൾ, മാർവാഡികൾ, ജൈനൻമാർ എന്നിവർ അവരവരുടെ ക്ഷേത്രങ്ങൾക്കടുത്തും തിയ്യർ, മുക്കുവർ, ചാലിയർ, കമ്മലർ, ചെട്ടികൾ, പുലയൻമാർ, ചെറുമക്കാർ

**"**

**'ലോകത്തിലെ എല്ലാ ഭാഗത്ത് നിന്നുമുള്ള കച്ചവടക്കാരെ ഇവിടെ കാണാം. മുസ്ലിം കച്ചവടക്കാരെല്ലാം പണക്കാരായിരുന്നു. നങ്കൂരമിട്ടിരിക്കുന്ന എല്ലാ കപ്പലുകളേയും വാങ്ങാൻ കഴിയുന്നവർ'.**

**-ഇബൻ ബത്തൂത്ത.**

**"**

**'ഇവിടെ കുരുമുളക്, ഇഞ്ചി, വിവിധ തരം ചെടികൾ, ഗ്രാമ്പൂ, ഏലയ്ക്കാ, ജാതിക്കാ, പലതരം സുഗന്ധ വ്യഞ്ജനങ്ങൾ എല്ലാമുണ്ട്. വില വളരെ കുറവ്. ജോലിക്കാരും സ്ത്രീകളും വളരെ നല്ലവർ. ഇവിടെ വലിയങ്ങാടിയുമുണ്ട്'.**

**-അതനോസ് നികിതിൻ**




*അശോക ഹോസ്പിറ്റൽ*



*മുതലക്കുളം മൈതാനിയിലെ അലക്ക് കേന്ദ്രം*

എന്നിവർ തങ്ങളുടെ കാവുകൾക്കടുത്തുമാണ് താമസിച്ചിരുന്നത്.

അമ്പലങ്ങൾക്ക് ചുറ്റും പ്രകാശം പരത്തിക്കൊണ്ട് നൂറുകണക്കിന് വിളക്കുകൾ രാത്രി കാലങ്ങളിൽ പ്രകാശിച്ചുകൊണ്ടിരിക്കുമായിരുന്നു.

തളി ക്ഷേത്രത്തിൽ വച്ച് നടന്നിരുന്ന (ഇപ്പോഴും ആചാരം എന്ന നിലയ്ക്ക് നടക്കുന്നുണ്ട്) രേവതി പട്ടത്താനത്തിൽ നടന്നിരുന്ന ചർച്ചകൾ പ്രസിദ്ധമായിരുന്നു. ഒരു പക്ഷെ ഇന്ന് നടക്കുന്ന സാഹിത്യോത്സവങ്ങളുടെയും പുസ്തകചർച്ചകളുടേയും മുൻഗാമി ആയിരുന്നിരിക്കണം രേവതി പട്ടത്താനം. 'Mischief met Mischief, Scholarship met Scholarship' എന്നാണ് ചർച്ചകളെ വിശേഷിപ്പിച്ചിരിക്കുന്നത്. എം.ജി. എസ്. നാരായണൻ.

മതസൗഹാർദ്ദത്തിന്റെ ഉദാഹരണമാണ് കുറ്റിച്ചിറ ഭാഗത്തുള്ള ഹിന്ദു മാതൃകയിലുള്ള നാലുകെട്ടും പടിപ്പുരയും ഉമ്മറവും, കോലായയും ഇടനാഴിയും നടുമുറ്റവുമുള്ള വീടുകളും ക്ഷേത്രമാതൃകയിലുള്ള പള്ളികളും. കോഴിക്കോട്ടെ സാമൂതിരി കോളേജിൽ അറബി പഠിക്കാനുള്ള സൗകര്യം സാമൂതിരി ഒരുക്കിയിരുന്നു.

ഒരുപാട് കുളങ്ങളുണ്ടായിരുന്നു കോഴിക്കോടിൽ. ചിറകളും. മാനാഞ്ചിറ, കുറ്റിച്ചിറ, നീലച്ചിറ, തിരുച്ചിറ, മുതലക്കുളം, കണ്ടംകുളം, തളിക്കുളം, ബിലാത്തിക്കുളം, ചക്കോരത്ത്കുളം, ത്രിഷാക്കുളം, ആനക്കുളം, താമരക്കുളം. പക്ഷെ പല ചിറകൾക്കും കുളങ്ങൾക്കും മുകളിൽ കെട്ടിടങ്ങൾ ഉയർന്നു കഴിഞ്ഞു. കോഴിക്കോടിന്റെ ഏറ്റവും വലിയ ജലസ്രോതസ്സാണ് നഗരത്തിനു നടുവിൽ വറ്റാതെ നിൽക്കുന്ന മാനാഞ്ചിറ - മാനദേവൻചിറ.

> **ഒരു നദി ശാഖകളായി നഗരത്തിൽ കൂടി ഒഴുകിയിരുന്നു. നഗരത്തിൽ ചുറ്റും മതിലുകൾ ഉണ്ടായിരുന്നില്ല. വരികളായാണ് വീടുകൾ ഉണ്ടായിരുന്നത്. ഒറ്റപ്പെട്ട വീടുകളും ഉണ്ടായിരുന്നു. വീടുകൾക്ക് ഒരു നിലയേ ഉണ്ടായിരുന്നുള്ളു.കുറച്ച് കുഴിക്കുമ്പോൾ തന്നെ വെള്ളം കാണും. അതുകൊണ്ട് ഉയരമുള്ള കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല**
>
> **-ലൂസ് വിക്കോഡി മാർത്തോമാ**

'ഒരു നദി ശാഖകളായി നഗരത്തിൽ കൂടി ഒഴുകിയിരുന്നു. നഗരത്തിൽ ചുറ്റും മതിലുകൾ ഉണ്ടായിരുന്നില്ല. വരികളായാണ് വീടുകൾ ഉണ്ടായിരുന്നത്. ഒറ്റപ്പെട്ട വീടുകളും ഉണ്ടായിരുന്നു. വീടുകൾക്ക് ഒരു നിലയേ ഉണ്ടായിരുന്നുള്ളു. കുറച്ച് കുഴിക്കുമ്പോൾ തന്നെ വെള്ളം കാണും. അതുകൊണ്ട് ഉയരമുള്ള കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല'. എന്നാണ് ഇറ്റലിക്കാരനായ ലൂസ് വിക്കോഡി മാർത്തോമാ (1503-1508) നഗരത്തെ വർണ്ണിച്ചത്.

മാമാങ്കത്തെപ്പറ്റി സ്ഥലപരിമിതി കാരണം വിശദീകരിക്കുന്നില്ല. മാമാങ്ക കാലത്ത് ഗംഗയിൽ നിന്ന് വെള്ളം നിളയിലേക്ക് ഒഴുകിയിരുന്നുവെന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

പ്രൊഫസർ കെ.എം. ഉണ്ണികൃഷ്ണൻ തന്റെ കോഴിക്കോട് എന്ന ജില്ലയിലെ 'ജൈവ വൈരുദ്ധ്യങ്ങൾ' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു: കാവുകളും കാവുകളിലെ തെയ്യം, തിറ, തോറ്റം എന്നിവ ഊർവ്വരതാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കോഴിക്കോട്ടെ പ്രധാന കാവുകൾ ഇവയാണ്: വള്ളിക്കാട്ട്, ഭയങ്കാവ്, തുറയിൽ കോട്ട, കരിമല, തെച്ചോട്ട് പള്ള്യാറക്കോട്ട, പെരുമ്പള്ളിക്കാവ്, കോളോട്ടുകാവ്, കുറ്റിയടിക്കാവ്, തച്ചറത്ത് കാവ്, നെല്ലിക്കാവ് തുടങ്ങി ഏകദേശം എഴുപതോളം കാവുകളുണ്ട് കോഴിക്കോടിൽ. പവിത്രതയും പൈതൃകവും കാത്ത് സൂക്ഷിച്ചു കൊണ്ട് അവയെല്ലാം ഇന്നും നിലനിൽക്കുന്നു. പാറമണ്ണിൽ നാഗകാളിക്ഷേത്രം, തെക്കേടത്ത് നാഗത്താൻ കോട്ട, അയ്യാടിത്തില്ലം നാഗക്കോട്ട,. ചെർപ്പുളേരിക്കോട്ട, അരിപ്പുറത്ത് കോട്ട, കൊയിലാണ്ടി- നരിക്കുനി ഇല്ലങ്ങളിലെ നാഗക്കോട്ടകൾ എന്നിവ ഇവിടുത്തെ പ്രധാനപ്പെട്ട നാഗക്കോട്ടകളാണ്. ഇവക്കെല്ലാം തന്നെ അവയുടേതായ സ്ഥലപുരാണങ്ങളുണ്ട്.

കോഴിക്കോട് തളിക്ഷേത്രത്തിൽ നിന്ന് തിരുവളയനാട് കാവ് വരെയുള്ള ഒരു എഴുന്നള്ളത്തിനെ കുറിച്ച് യാത്രികനായ ബാർബോസാ തന്റെ Land of Malabar (1517) എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

'പട്ടു വസ്ത്രങ്ങളണിഞ്ഞ് മുടി ഭംഗിയായി കെട്ടി വച്ച് വിലപിടിപ്പുള്ള ആഭരണങ്ങളണിഞ്ഞ് നഗ്നപാദരായി സ്ത്രീകൾ താലപ്പൊലിയു മേന്തി നീങ്ങും. തട്ടിൽ നിറയെ തിരികളുള്ള വിളക്കും അരിയുമുണ്ടാവും. സ്ത്രീകളോടൊപ്പം നായൻമാരും കൂടെ നടക്കും. യോദ്ധാക്കളെപ്പോലെ വസ്ത്രം ധരിച്ച അവർ കാമുകൻമാരായിരിക്കും. ഏഴോ എട്ടോ ആനകളുണ്ടാവും. അവയുടെ പുറം പട്ട കൊണ്ട് മൂടിയിരിക്കും. ഇരുവശങ്ങളിലും മണികൾ തൂങ്ങിക്കിടക്കും. ഏറ്റവും വലിയ ആനയുടെ പുറത്ത് വിഗ്രഹവുമായി മുഖ്യപൂജാരി ഇരിക്കുന്നുണ്ടാവും. ഒരു ജാഥ പോലെയുള്ള വരവിനൊപ്പം സംഗീതവും വെടിക്കെട്ടും ആചാരവെടിയും വിദൂഷകൻമാരുടെ തമാശകളും ഉണ്ടാവും. വിഗ്രഹം കാവിലെത്തിയാൽ ധാരാളം ചടങ്ങുകളുണ്ടാവും. അത് രാത്രി വൈകുംവരെ തുടരും. സ്ത്രീകളുടെ



*ഹജൂർ കച്ചേരി*

വരിയിൽ എട്ട് പേരുണ്ടാവും. കൃത്യമായിരിക്കും അവരുടെ ചുവടുവയ്പ്പ്. കൂടെ നടക്കുന്ന പുരുഷൻമാർ വെറ്റില ചുരുട്ടി അവരുടെ വായിൽ ഇട്ടുകൊടുക്കും. ചില സമയങ്ങളിൽ ആവശ്യം വരുമ്പോൾ സ്ത്രീകൾ തട്ട് പുരുഷൻമാർക്ക് കൈമാറും. കാമുകരായ നായൻമാർ ഈ സമയത്താണ് കാമുകികളോട് വിവാഹാഭ്യർത്ഥന നടത്തുക. മുഖത്തെ വിയർപ്പ് തുടച്ചു കൊടുക്കും. വിശറിക്കൊടുക്കും. പന്തലിന്റെ വെളിച്ചത്തിൽ വരുന്ന ഈ വരവ് ലോകത്തിലെ ഏറ്റവും മോഹിപ്പിക്കുന്ന കാഴ്ചകളിൽ ഒന്നാണ്.

കുറ്റിച്ചിറയിലെ അപ്പവാണിഭവും ഇതേപോലെതന്നെ വലിയ ആഘോഷവും കാഴ്ചയും ആയിരുന്നു.

മാവൂർ റോഡിലെ കുരിശുപള്ളിയിൽ എല്ലാ വെള്ളിയാഴ്ചയും എല്ലാ ജാതിക്കാരും മെഴുകുതിരി കത്തിക്കുന്ന ഒരു ഒത്തുകൂടലിന്റെ സൗന്ദര്യം ഇന്നും തുടരുന്നുണ്ട്.

കോഴിക്കോടിന്റെ പൈതൃകത്തിന്റെ ഭാഗമാണ് കുരിശുപള്ളി, തിരുവണ്ണൂർ ക്ഷേത്രത്തിലെ കൊത്തുപണികൾ, മുസ്ലീം പള്ളികളിൽ കാണുന്ന ഹിന്ദുക്ഷേത്രങ്ങളെ അനുസ്മരിപ്പിക്കുന്ന മരപ്പണികൾ, അന്നശ്ശേരി, എരഞ്ഞിപ്പാലം എന്നിവിടങ്ങളിൽ നിന്ന് കണ്ടെടുത്ത മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങൾ, നോമ്പുതുറയുടെ പ്രസക്തി, പന്നിയങ്കര ഭഗവതി ക്ഷേത്രം (ഇവിടുത്തെ വാതിൽമാടം പല രാഷ്ട്രീയ ഗൂഡാലോചനകൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്) ചാലിയം, തിക്കോടി തുടങ്ങിയവയെല്ലാം.

ഇന്ന് സാഹിത്യനഗരം എന്ന ഒരു നേട്ടം കൂടി കോഴിക്കോട് കൈവരിച്ചിരിക്കുന്നു. ബഷീറും എസ്.കെ. പൊറ്റക്കാടും ഉറൂബും എം.ടി. യും കക്കാടും ആർ രാമചന്ദ്രനും യു.എ. ഖാദറും തിക്കോടിയനും അക്കിത്തവും കെ.എ. കൊടുങ്ങല്ലൂരും കെ.പി. കേശവമേനോനും കടവനാട് കുട്ടികൃഷ്ണനും മൂർക്കോത്ത് കുഞ്ഞപ്പയും മണ്ണറത്ത് ശ്രീധരനും ബാലാമണി അമ്മയും എൻ.വി. കൃഷ്ണവാര്യരും കുഞ്ഞുണ്ണിയും തുടങ്ങിയവർ ഈ നഗരത്തെ തങ്ങളുടെ എഴുത്തിലൂടെയും പ്രവർത്തിയിലൂടെയും സമ്പന്നമാക്കിയവരാണ്. ഒരു വ്യക്തമായ അടിത്തറയിട്ടിട്ട് ഈ ലോകത്തോട് വിട പറഞ്ഞവരാണ്.

പുസ്തക ചർച്ചകളിൽ ഒരു കാലത്ത് മുന്നിട്ട് നിന്നിരുന്നത് 'കോലായാ' എന്ന വായനക്കൂട്ടമായിരുന്നു. 1962 ൽ എൻ. വി. കൃഷ്ണവാര്യർ കേരളസാഹിത്യസമിതി തുടങ്ങി. സാഹിത്യപ്രവർത്തനങ്ങളുമായി ഇന്നും സജീവമാണ് കേരള സാഹിത്യസമിതി. തുടക്കം മുതൽ ഇന്നേ വരെ കോഴിക്കോടിന്റെ സാസ്കാരിക അടയാളങ്ങളിൽ ഒന്നായ 'അളകാപുരി'യിൽ കൃത്യമായി സാഹിത്യ ചർച്ചകൾ നടത്തുന്നുണ്ട് സമിതി. മറ്റൊരു വായനക്കൂട്ടായ്മയായ കലിക്കറ്റ് ബുക്ക് ക്ലബ് അതിന്റെ അമ്പതാം വർഷം ഇപ്പോൾ ആഘോഷിക്കുകയാണ്. വായനയേയും സാഹിത്യത്തേയും നിലനിർത്തുന്നതിൽ കോഴിക്കോട്ടെ പഴയ വായനശാലകളായ ദേശപോഷിണിയും ബീച്ച് റോഡിലെ സന്മാർഗ്ഗദർശിനി വായനശാലയും മികച്ച പങ്ക് വഹിച്ചുകൊണ്ട് ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നു. മഹാത്മാഗാന്ധി സന്ദർശിച്ച വായനശാലയാണ് സൻമാർഗ്ഗദർശിനി. അദ്ദേഹം ഇരുന്ന മേശ ഇന്നും പൊന്നു പോലെ സംരക്ഷിക്കപ്പെടുന്നുണ്ട്. മറ്റു ഭാഷാ സാഹിത്യങ്ങളെ പ്രത്യേകിച്ചും ഹിന്ദിഭാഷയിലെ കൃതികളെ പരിചയപ്പെടുത്തുന്നതിൽ ഭാഷാസമന്വയ വേദിയുടെ പ്രവൃത്തികൾ എടുത്തു പറയേണ്ടതാണ്. ഡി.സി. ബുക്സിന്റെ കേരളാ ലിറ്ററി ഫെസ്റ്റിവലും മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ നടക്കുന്ന മാതൃഭൂമിയുടെ 'പുസ്തകചർച്ച'യും ശ്രദ്ധേയമാണ്. സാഹിത്യ സമ്മേളനങ്ങളുമായി ഇപ്പോൾ കോളേജുകളും ഉൾനാടൻ സാഹിത്യസമിതികളും ധാരാളം രംഗത്ത് വരുന്നുണ്ട്. പുസ്തകപ്രകാശനം നടക്കാത്ത ഒരു ദിവസം പോലും ഇന്ന് ഈ നഗരത്തിലില്ല. പുസ്തകങ്ങൾ നന്നായി വിറ്റു പോകുന്ന കേരളത്തിലെ ഏക ഇടമാണ് കോഴിക്കോട് എന്ന് പ്രസാധകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സൈക്കിളിൽ പുസ്തകം വിറ്റ് നടന്നിരുന്ന ബാലകൃഷ്ണമാരാരുടെ ടൂറിംഗ് ബുക്സ്റ്റാൾ ഇന്ന് അഞ്ച് നിലക്കെട്ടിടമാണ്.


"

**വായനയേയും സാഹിത്യത്തേയും നിലനിർത്തുന്നതിൽ കോഴിക്കോട്ടെ പഴയ വായനശാലകളായ ദേശപോഷിണിയും ബീച്ച് റോഡിലെ സന്മാർഗ്ഗദർശിനി വായനശാലയും മികച്ച പങ്ക് വഹിച്ചുകൊണ്ട് ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നു. മഹാത്മാഗാന്ധി സന്ദർശിച്ച വായനശാലയാണ് സൻമാർഗ്ഗദർശിനി. അദ്ദേഹം ഇരുന്ന മേശ ഇന്നും പൊന്നു പോലെ സംരക്ഷിക്കപ്പെടുന്നുണ്ട്.**


നാടക ലോകത്തിലേക്ക് മികച്ച സംഭാവനകൾ നൽകിയ ഒരു നഗരമാണ് കോഴിക്കോട്. 72 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ എ.കെ. പുതിയങ്ങാടിയുടെ യുണൈറ്റഡ് ഡ്രമാറ്റിക് അക്കാദമി ഇന്നും സജീവമാണ്.എ.കെ. പുതിയങ്ങാടി, കെ.ടി.മുഹമ്മദ്, വാസുപ്രദീപ്, സുന്ദരൻ കല്ലായി, ശാന്താദേവി, വിലാസിനി, ടി. ദാമോദരൻ, വിക്രമൻ നായർ, ആഹാൻ സെബാസ്റ്റിയൻ, നെല്ലിക്കോട് ഭാസ്കരൻ, കുതിരവട്ടം പപ്പു, ഇബ്രാഹിം വേങ്ങര, പി.ആർ ചന്ദ്രൻ, പി.എം.



*കോഴിക്കോട് / മഹത്മാഗാന്ധി സന്ദർശിച്ച സൻമാർഗദർശിനി വായന ശാല*



*മിഠായി തെരുവിലെ പാഴ്സിആരാധനാലയം*



*ടൗൺഹാൾ*



*മാനാഞ്ചിറ*

താജ് എന്നിങ്ങനെയുള്ളവരുടെ സംഭാവനകൾ മറക്കാൻ കഴിയില്ല. 'സംഗമം' തിയേറ്ററിന്റെ നാടകങ്ങൾ ഇന്നും ചർച്ച ചെയ്യപ്പെടുന്നു.

'കളിച്ച നാടകങ്ങളേക്കാൾ വലുതായിരുന്നു അവർ അനുഭവിച്ച ജീവിതങ്ങൾ' എന്നാണ് എം.ടി. വാസുദേവൻ നായർ ഒരിക്കൽ പറഞ്ഞത്.

സംഗീതത്തെ ഹൃദയത്തിൽ കൊണ്ടു നടക്കുന്നവരാണ് കോഴിക്കോട്ടുകാർ. ബാബുരാജ്, സി.എം. വാടിയിൽ, എൻ. സുകുമാരൻ, ജെ.പി. രഘു, ഡേവിഡ് ഐസക് എന്നീ പഴയ പേരുകൾ ഓർമ്മ വരുന്നു. നമ്മുടെ സമ്മേളന സ്വാഗതഗാനം രചിച്ചത് പുതിയ തലമുറയിലെ ശ്രദ്ധേയനായ കവിയും ഗാനരചയിതാവുമായ ബി.ആർ. ഹരിനാരായണനാണ്. സംഗീതം നൽകിയത് പഴയ തലമുറയിൽപെട്ട ഇന്നും നാടക-സംഗീത ലോകത്ത് ശ്രദ്ധേയനായ വിൽസൺ സാമുവേൽ.

ബ്രദേഴ്സ് മ്യൂസിക് ക്ലബ്ബും ഹട്ടൻസ് ഓർക്കസ്ട്രയും ഒരുക്കിയിരുന്ന സംഗീത സദസ്സുകൾ മാനാഞ്ചിറക്കു ചുറ്റും തരംഗങ്ങൾ സൃഷ്ടിച്ചിരുന്നു. റാഫി നൈറ്റും കിഷോർകുമാർ നൈറ്റും എല്ലാ വർഷവും ഇവിടെ നടക്കുന്നുണ്ട്. പഴയ ഹിന്ദി ഗാനങ്ങൾ മാത്രം അവതരിപ്പിക്കുന്ന ഒരു ക്ലബ്ബുണ്ട് ഇവിടെ. കലിക്കറ്റ് മ്യൂസിക് ക്ലബ്ബ്. പണ്ടൊക്കെ സന്ധ്യ മയങ്ങിക്കഴിഞ്ഞാൽ പാളയത്തെ കടകൾക്ക് മുകളിലുള്ള മുറികളിൽ നിന്നും കല്ലായ് പുഴയുടെ തീരങ്ങളിൽ നിന്നും തബലയുടേയും ഹാർമോണിയത്തിന്റേയും ശബ്ദം ഒഴുകി വരുമായിരുന്നു. ആർക്ക് വേണമെങ്കിലും പങ്കെടുക്കാം. പാടാം. അതൊരു കാലം.

കോഴിക്കോടിന്റെ മുഖം മാറി. ആഘോഷങ്ങളുടെ രീതികൾ മാറി. പല വഴികളും തിരിച്ചറിയാൻ കഴിയാത്ത വിധം മാറിപ്പോയി. ഒന്നോ രണ്ടോ വർഷത്തിനകം അമ്പരപ്പിക്കുന്ന വിധം റെയിൽവേസ്റ്റേഷൻ പരിസരവും മാറിപ്പോവും. മാറ്റം അനിവാര്യമാണ്. നിഷേധിക്കുന്നില്ല. പക്ഷെ ചില പഴയ കെട്ടിടങ്ങൾ അതേപടി നിർത്താമായിരുന്നില്ലേ എന്ന് ചിന്തിക്കുന്നവരും ഉണ്ട്. ഉദാഹരണത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഹോളോബ്രിക്സ് കൊണ്ട് കെട്ടിയ പഴയ കെട്ടിടത്തിന്റെ രൂപം അതേപടി നിലനിർത്തിക്കൊണ്ട് തന്നെ നവീകരണം ആവാമായിരുന്നു എന്ന തോന്നൽ പലർക്കും ഉണ്ട്. അതേപോലെ തന്നെ കോഴിക്കോട്ടെ ഹജൂർ കച്ചേരി (പണ്ടത്തെ കലക്ട്രേറ്റ്) പൊളിച്ചു കളഞ്ഞിട്ട് വേണമായിരുന്നോ ഇന്നത്തെ എൽ.ഐ.സി. യുടെ നിർമ്മാണം?

**"**

**'എന്നെ സംബന്ധിച്ചിടത്തോളം സമുദ്രത്തിന് നല്ല ആത്മവിശ്വാസമുണ്ട്. ഒരു സുഹൃത്തിനെപ്പോലെ കേൾക്കുന്നു. പക്ഷെ രഹസ്യങ്ങളെ പുറത്ത് പറയില്ല. എപ്പോഴും നല്ല ഉപദേശങ്ങളും നിർദ്ദേശങ്ങളും തരും. അതിന്റെ - കടലിന്റെ അർത്ഥമുള്ള ശബ്ദങ്ങൾ പലതരം വ്യാഖ്യാനങ്ങൾക്ക് സാധ്യതകളുള്ളതാണ്'.**

**-ചെഗുവരെ**

റോഡ് വീതി കൂട്ടലിന്റെ ഭാഗമായി പൊളിച്ചു കളഞ്ഞ അശോക ആശുപത്രിയുടെ ക്ലോക്ക് ടവർ മറ്റൊരു ഉദാഹരണം. മഹാഭാഗ്യം സി.എസ്.ഐ പള്ളി നിരത്തിൽ നിന്ന് ഉള്ളോട്ട് മാറിയാണ്. ഇവയുടെ അടുത്ത് തന്നെ പണ്ട് ഒരു സ്വകാര്യ വൈദ്യുതി വിതരണ കമ്പനി ഉണ്ടായിരുന്നു. West Coast Electric Co.

കോഴിക്കോടിൽ ജീവിച്ചിരുന്ന വലുതും ചെറുതുമായ മനുഷ്യരേയും അവരുടെ ജീവിതത്തേയും അറിയുവാൻ എസ്.കെ. പൊറ്റക്കാടിന്റെ 'ദേശത്തിന്റെ കഥയും, തെരുവിന്റെ കഥയും, 'നാടൻപ്രേമ'വും എം.ടി. വാസുദേവൻ നായരും എൻ.പി മുഹമ്മദും ചേർന്നെഴുതിയ 'അറബിപ്പൊന്നും', പി. മുഹമ്മദ് കോയയുടെ 'സുൽത്താൻ വീടും' യു.എ. ഖാദറിന്റെ 'ചങ്ങലയും' എൻ.പി. മുഹമ്മദിന്റെ 'എണ്ണപ്പാടവും', കെ.ടി. മുഹമ്മദിന്റെ 'കളിയും കാര്യവും കാശ്മീരും' എന്ന ചെറുകഥയും തിക്കോടിയന്റെ 'അരങ്ങ് കാണാത്ത നടനും' വായിച്ചാൽ മതി.

ഒരു പഴയ കഥയുണ്ട്. സാമൂതിരിയുടെ ഭരണകാലം. വിദേശികൾ വന്ന് നമ്മളെ കീഴടക്കുന്നതിന് എത്രയോ മുമ്പ് നടന്ന ഒരു സംഭവം. ഒരു പേർഷ്യൻ വ്യാപാരി കച്ചവടസ്ഥലം തിരഞ്ഞ് പുറപ്പെടുന്നു. സത്യം സംരക്ഷിക്കപ്പെടുന്ന തുറമുഖത്താണ് അയാൾക്ക് പാണ്ടികശാല കെട്ടേണ്ടത്. കോഴിക്കോട് തുറമുഖത്തും എത്തി. ഒരു ഭരണി അയാൾ ഭരണാധികാരിയെ ഏൽപിച്ചു. 'അച്ചാറാണ്. സൂക്ഷിക്കണം. തിരിച്ച് വരുമ്പോൾ എടുത്തുകൊള്ളാം'. സ്വർണ്ണ നാണയങ്ങൾ അടങ്ങിയ ഭരണിയായിരുന്നു വ്യാപാരി എല്ലാ തുറമുഖങ്ങളിലും ഏല്പിച്ചിരുന്നത്. മടക്കത്തിൽ ഏൽപിച്ച ഭരണി അതേപടി തിരിച്ചു കിട്ടിയത് ഈ-കോഴിക്കോടിന്റെ ഭരണാധികാരിയിൽ നിന്ന് മാത്രമാണ്. അയാൾ ഇവിടെ പാണ്ടികശാല കെട്ടി. സത്യത്തിന്റെ നഗരം.

എല്ലാറ്റിനും സാക്ഷിയായി കോഴിക്കോടിന്റെ കടൽത്തീരം. 'എന്നെ സംബന്ധിച്ചിടത്തോളം സമുദ്രത്തിന് നല്ല ആത്മവിശ്വാസമുണ്ട്. ഒരു സുഹൃത്തിനെപ്പോലെ കേൾക്കുന്നു. പക്ഷെ രഹസ്യങ്ങളെ പുറത്ത് പറയില്ല. എപ്പോഴും നല്ല ഉപദേശങ്ങളും നിർദ്ദേശങ്ങളും തരും. അതിന്റെ - കടലിന്റെ അർത്ഥമുള്ള ശബ്ദങ്ങൾ പലതരം വ്യാഖ്യാനങ്ങൾക്ക് സാധ്യതകളുള്ളതാണ്'. പറഞ്ഞത് ചെഗുവരെ.

●


അവലംബം:

1. കോഴിക്കോട്: സത്യത്തിന്റെ നഗരം' എം.ജി.എസ്. നാരായണൻ.
2. മലബാർ മാനുവൽ: വില്യം ലോഗൻ
3. ലേഖനങ്ങൾ: പ്രൊഫ.എം.കെ. ഉണ്ണികൃഷ്ണൻ
4. ഒരു മുഖം: ഡോ. കെ. ശ്രീകുമാർ
5. ആഴ്ചപ്പതിപ്പുകളിലും പത്രങ്ങളിലും വന്ന വാർത്തകൾ



കെ. രാജീവൻ

എസ്. ബി. ഐ. പി. എ. കെയുടെ സംസ്ഥാന പ്രസിഡന്റ്. നല്ലൊരു ചിത്രകാരൻ കൂടിയായ ശ്രീ. രാജീവനാണ് സ്മരണികയിലേക്ക് വേണ്ടതായ ചിത്രങ്ങൾ മുഴുവനും വരച്ചത്.

# രജതജൂബിലിയുടെ നിറവിൽ

## നാൾവഴികളിലൂടെ

സുദീർഘമായ ഇരുപത്തിനാല് വർഷങ്ങളിലെ സംഭവബഹുലമായ യാത്രയ്ക്കിടയിൽ കൈവരിച്ച എണ്ണമറ്റ ആർജ്ജിത നേട്ടങ്ങൾക്കൊപ്പം നമുക്കേവർക്കും അഭിമാനകരമായ രജതജൂബിലി ആഘോഷങ്ങളിലേക്ക് പ്രവേശിച്ചിരിക്കയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ, കേരള. ഈ ജൈത്രയാത്രയിൽ പിന്നിട്ട പടവുകളെകുറിച്ചും ഈ അസുലഭനേട്ടങ്ങളെ പ്രാപ്തമാക്കാൻ അക്ഷീണം പ്രവർത്തിച്ച സുമനസ്സുകളേക്കുറിച്ചും നാമേവരും അറിയേണ്ടതുണ്ട് എന്നതാണ് ഈ ലേഖനത്തിനാധാരം.

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനെക്കുറിച്ച് പറയുന്നതിന് മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ പെൻഷൻ സംവിധാനത്തേക്കുറിച്ചും അത് നിലവിൽ വന്ന സാഹചര്യത്തെക്കുറിച്ചും ഏറ്റവും ചുരുങ്ങിയ വാക്കുകളിലെങ്കിലും പറഞ്ഞേ മതിയാവൂ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് രൂപം നൽകിയ ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യക്കും മുൻപ്, രാജ്യത്ത് നിലനിന്നിരുന്ന, പ്രസിഡൻസി ബാങ്കുകൾ എന്നറിയപ്പെട്ടിരുന്ന ബാങ്ക് ഓഫ് കൽക്കത്ത, ബാങ്ക് ഓഫ് ബോംബെ, ബാങ്ക് ഓഫ് മദ്രാസ് എന്നീ ബാങ്കുകളുടെ കാലം

"

**ഇന്ന് ഇന്ത്യയിലെ ബാങ്കിങ് വ്യവസായത്തിൽ നിലവിലുള്ള പെൻഷൻ വ്യവസ്ഥ നടപ്പിൽ വരുത്താൻ, ഒരുപാട് വർഷങ്ങളിലെ നിരന്തരമായ സമ്മർദ്ദവും അനേകവട്ട ചർച്ചകളും കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചു , നാലു ദശാബ്ദക്കാലത്തിലേറെ പിന്നെയും കാത്തിരിക്കേണ്ടി വന്നു**

തൊട്ടു, അതായത് 1806 മുതൽക്കേ, ജീവനക്കാർക്കുള്ള പെൻഷൻ സംവിധാനം നിലനിന്നിരുന്നു എന്നതാണ് യാഥാർത്ഥ്യം. അതിന്റെ അടിസ്ഥാനത്തിലാണ് മൂന്നു പ്രസിഡൻസി ബാങ്കുകൾ സംയോജിപ്പിച്ച് 1921 ൽ രൂപീകൃതമായ ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യയിലും, അതിൽപ്പിന്നെ 1955 ജൂലായ് ഒന്നിന് ഇംപീരിയൽ ബാങ്കിന്റെ ദേശസാൽ ക്കരണത്തിലൂടെ സ്ഥാപിതമായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും പെൻഷൻ സംവിധാനം തുടർന്നുവന്നത്. ഇന്ന് ഇന്ത്യയിലെ ബാങ്കിങ് വ്യവസായത്തിൽ നിലവിലുള്ള പെൻഷൻ വ്യവസ്ഥ നടപ്പിൽ വരുത്താൻ, ഒരുപാട് വർഷങ്ങളിലെ നിരന്തരമായ സമ്മർദ്ദവും അനേകവട്ട ചർച്ചകളും കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചു , നാലു ദശാബ്ദക്കാലത്തിലേറെ പിന്നെയും കാത്തിരിക്കേണ്ടി വന്നു എന്നത് മറ്റൊരു ചരിത്രയാഥാർത്ഥ്യം.

ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യയുടെ പെൻഷൻ ഗുണഭോക്താക്കളായ ഏതാനും വ്യക്തികളുടെ ഉത്സാഹത്തോടെയാണ് പെൻഷനേഴ്സ് അസോസിയേഷൻ എന്ന സംഘടനയ്ക്ക് ബീജാവാപം ഒരുക്കിയത്. 1967 ൽ ബോംബെയിൽ വച്ച്, നിലവിലിരുന്ന ഏറ്റവും തുച്ഛമായ പെൻഷനിൽ വർദ്ധന ആവശ്യപ്പെട്ട, എം ബുദ്ധ് രാജ എന്ന ഐബിഐ പെൻഷണർ

ഉയർത്തിയ മുദ്രാവാക്യമായിരുന്നു പെൻഷനേഴ്സ് അസോസിയേഷന്റെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും നാന്ദി കുറിച്ചത്. വളരെ തുച്ഛമായ പെൻഷൻ വാങ്ങിയിരുന്ന ഒരുപാട് പേർ സമ കാലികരായി ഉണ്ടായിരുന്നെങ്കിലും ശ്രീ ബുദ്ധ് രാജയുടെത് ഒറ്റപ്പെട്ട ശബ്ദമായി അവശേഷിച്ചു എന്നത് ഒരു ദുഃഖ യാഥാർത്ഥ്യം . അതിൽ പിന്നീട് 1972ൽ പെൻഷനേഴ്സ് അസോസിയേഷൻ രൂപീകരണം എന്ന തന്റെ രണ്ടാമത്തെ പരിശ്രമവും പരാജയപ്പെട്ട അദ്ദേഹം ദൽഹിയിലേക്ക് സ്ഥലം മാറുകയും ഏറെ താമസിയാതെ കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തു.

1973ൽ സി ബി ബാങ്ക്‌ലി, വി ഡി മേത്ത എന്നിവരുടെ നേതൃത്വത്തിൽ അഹമ്മദാബാദിലാണ് അസ്സോസിയേഷൻ ഓഫ് എസ്ബിഐ പെൻഷനേഴ്സ് എന്ന സംഘടന തുടങ്ങിയത്. എസ്ബിഐ പെൻഷനേഴ്സിന്റെ ഔപചാരിക സംഘാടനത്തിന്റെ ആദ്യത്തെ കാൽവെപ്പ് ആയിരുന്നു അത്. അതിൽ പിന്നീട് 1974 ഫെബ്രുവരി 17 ന് സർവ്വശ്രീ എൻ എൽ പബാൽക്കർ, ആർ എം ബജ് വാല, ആർ വൈ കൗൾ എന്നിവരുടെ നേതൃത്വത്തിൽ 21 പേർ പങ്കെടുത്ത അനൗപചാരിക യോഗം പൂനെയിൽ ചേർന്നു. തുടർന്ന് 1979 സപ്തംബർ 9ന് ശ്രീ എൻ എൽ പബാൽക്കർ പ്രസിഡന്റ് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ പൂനെ എന്ന സംഘടന ഔദ്യോഗികമായി നിലവിൽവന്നു. 1979 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ പൂനെ എന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ (ബോംബെ സർക്കിൾ) പൂനെ, എന്ന നിലയിൽ അസ്സോസിയേഷനെ പുനർനാമകരണം ചെയ്തു.

മദ്രാസ് സർക്കിൾ അസ്സോസിയേഷന്റെ സ്ഥാപക സിക്രട്ടറിയായി പിന്നീട് മാറിയ ശ്രീ ഡി രംഗനാഥൻ 1982 ൽ ബാങ്കിൽ നിന്ന് വിരമിച്ചതിൽപ്പിന്നെ പൂനെ അസ്സോസി യേഷനിൽ അംഗത്വം സീകരിക്കുകയും സംഘടന പ്രവർത്തനം ആരം ഭിക്കുകയും ചെയ്തു. ദക്ഷിണ മേഖലാ സംസ്ഥാനങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് മദ്രാസ് ആസ്ഥാന മാക്കി എസ്ബിഐ പെൻഷനേഴ്സ്സിന്റെ ഒരു സംഘടന എന്ന ശീ പബാൽകറിന്റെ ആശയം പരിഗണിച്ച് 1984 ൽ പ്രാരംഭ നടപടികൾ ആരംഭിച്ചു. ബോംബെ സർക്കിൾ അസ്സോസി യേഷന്റെ സൂക്ഷ്മമായ മേൽനോട്ടത്തിലും അകമഴിഞ്ഞ സാമ്പത്തിക സഹകരണത്തിന്റെ ബലത്തിലും മുന്നോട്ട് പോയ പ്രവർത്തനങ്ങൾക്ക് ഊറ്റം പകരുന്ന തായിരുന്നു പിന്നീടുള്ള ദിനങ്ങൾ . 1984 ഏപ്രിൽ 15 ന് മദ്രാസ്സിൽ ചേർന്ന സ്ഥാപക സമ്മേളനം സർവ്വശ്രീ പി എസ് സന്താന കൃഷ്ണനെ പ്രസിഡന്റായും, എ എം മാരിയപ്പനെ വൈസ് പ്രസിഡന്റായും, ഡി രംഗനാഥനെ സിക്രട്ടറിയായും തിരഞ്ഞെടുത്തതോടെ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ മദ്രാസ് സർക്കിൾ നിലവിൽ വന്നു. 1984 ജൂൺ 26ന് മദ്രാസ്സിലെ ദാസ് പ്രകാശ് ഹോട്ടലിൽ അന്നത്തെ മദ്രാസ് സർക്കിൾ ചീഫ് ജനറൽ മാനേജർ ശ്രീ കെ ഡി നയ്യാർ ഉത്ഘാടനം ചെയ്ത പ്രഥമ സമ്മേളനത്തിൽ മദ്രാസ് സംസ്ഥാ നത്തിന് പുറമെ നമ്മുടെ കേരള സംസ്ഥാനത്തിൽ നിന്നും നിരവധി അംഗങ്ങൾ പങ്കെടുത്തിരുന്നു.

2000 മാണ്ടിന്റെ അവസാനത്തിൽ തിരുവനന്തപുരം ആസ്ഥാനമായി എസ്ബി ഐ കേരള സർക്കിൾ രൂപീകൃതമായതിൽ പിന്നീട്, സംസ്ഥാനത്തിന്റെ നാല് അതിരു കൾക്കുള്ളിൽ പ്രവർത്തന പരിധിയുള്ള പെൻഷനേഴ്സ് അസോസിയേഷന്റെ ആവശ്യകതയെ കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ തുടങ്ങി. റിട്ടയർമെന്റിന് ശേഷം മദ്രാസ് അസ്സോസിയേഷനിൽ അംഗത്വ മെടുത്ത കേരളത്തിലെ പെൻഷനേഴ്സ്, ബാങ്കിന്റെ കേരളസർക്കിൾ നിലവിൽ വന്നതിനനുസൃതമായി രൂപം കൊടുത്ത എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷൻ, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ എന്നീ സംഘടനകളുടെത് പോലെ പെൻഷനേഴ്സ് അസോസിയേഷന്റെ രൂപീകരണത്തെക്കുറിച്ചും ചർച്ച ചെയ്യുകയും, സംഘടനാരൂപീകരണത്തിന്റെ പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അതിൻ പ്രകാരം 2001 മാർച്ച് 3ന് അന്ന് നിലവിലിരുന്ന എറണാകുളത്തെ എസ്ബിഐ സോണൽ ഓഫീസ്സിൽ പ്രഥമ യോഗം ചേർന്ന് ഒമ്പതംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും, 1955ലെ ട്രാവൻകൂർ -കൊച്ചിൻ ലിറ്ററി, സൈന്റിഫിക്ക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്

> “
> **2001 മാർച്ച് 3 ന് അന്ന് നിലവിലിരുന്ന എറണാകുളത്തെ എസ്ബിഐ സോണൽ ഓഫീസ്സിൽ പ്രഥമ യോഗം ചേർന്ന് ഒമ്പതംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും, 1955ലെ ട്രാവൻകൂർ -കൊച്ചിൻ ലിറ്ററി, സൈന്റിഫിക്ക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 12 പ്രകാരം എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള എന്ന പേരിൽ രജിസ്ട്രർ ചെയ്യാനും തീരുമാനിച്ചു**

### 2001 ഏപ്രിൽ 25 ന് **ER 450/2001** നമ്പറിൽ പുതുതായി രൂപീകരിച്ച പെൻഷനേഴ്സ് അസ്സോസ്സി യേഷന് രജിസ്ട്രേഷൻ ലഭിക്കുമ്പോൾ **രൂപം കൊടുത്ത പ്രഥമ നിർവാഹക സമിതി**

| | |
|---|---|
| പ്രസിഡന്റ് | : പി. കുമാരു കുട്ടി നായർ |
| വൈസ് പ്രസിഡന്റ് | : കെ എം നാരായണൻ നായർ |
| ജനറൽ സിക്രട്ടറി | : എ കെ മേനോൻ |
| അസിസ്റ്റന്റ് സിക്രട്ടറി | : എം ശങ്കരൻ കുട്ടി |
| ട്രഷറർ | : പി എം വിത്സൻ |
| അസിസ്റ്റന്റ് ട്രഷറർ | : എം കെ തോമസ് |
| എക്സിക്യൂട്ടീവ് മെമ്പർ | : തോമസ് ഉമ്മൻ |
| " | : വി ടി ആർ മേനോൻ |
| " | : എം മുകുന്ദൻ |

### മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിൽ ഒപ്പിട്ടവർ

കെ കെ വാസുദേവൻ നായർ
എ കെ മേനോൻ
പി എം വിത്സൻ
പി കുമാരു കുട്ടി നായർ
എം കെ തോമസ്
കെ എം നാരായണൻ നായർ
എം മുകുന്ദൻ
എം ശങ്കരൻ കുട്ടി
വി എൻ ഷൺമുഖൻ
വി കൃഷ്ണൻ
തോമസ് ഉമ്മൻ
വി ടി ആർ മേനോൻ

**സാക്ഷികൾ**

ടി ആർ വിജയൻ
ടി എൻ മദനൻ

12 പ്രകാരം എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള എന്ന പേരിൽ രജിസ്റ്റർ ചെയ്യാനും തീരുമാനിച്ചു. തദനുസൃതമായി 2001 ഏപ്രിൽ 25 ന് ER 450/2001 നമ്പറിൽ പുതുതായി രൂപീകരിച്ച പെൻഷനേഴ്സ് അസ്സോസ്സിയേഷന് രജിസ്ട്രേഷൻ ലഭിച്ചു.

വളരെ ശുഷ്കമായ അംഗസംഖ്യയുമായി ആരംഭം കുറിച്ച സംഘടനയുടെ വളർച്ച തുടക്കത്തിൽ മന്ദഗതിയിലായിരുന്നു . 2013 ന് ശേഷമാണ് സംഘടനയുടെ അംഗസംഖ്യയിലെ വളർച്ചയും ത്വരിതമായ പ്രവർത്തനവും പ്രകടമായത്. ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകളുടെ നേതൃനിരയിൽ പ്രവർത്തിച്ച, പരിചയസമ്പന്നരായ, സർവീസിൽ നിന്നും വിരമിച്ച, ഒരുപാട് പേർ അസ്സോസിയേഷനിൽ ചേരുകയും സ്വാഭാവികരീതിയിൽ അതിൽ കുറെപ്പേർ നേതൃത്വനിരയിലേക്ക് വന്നതിൽ പിന്നെയാണ് വളർച്ചയുടെ ഒരു പുതിയ ഘട്ടത്തിലേക്ക് അസ്സോസിയേഷൻ എത്തിയത്. മെമ്പർഷിപ്പ് വിപുലമാക്കാൻ മനസ്സിരുത്തിയ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ഏറെ വർഷങ്ങൾക്ക് മുൻപ് ബാങ്കിൽ നിന്നും വിരമിച്ച അസ്സോസിയേഷനിൽ അംഗത്വ മെടുക്കാൻ വൈമുഖ്യം കാണിച്ച ഒരുപാട്പേരെ ബന്ധപ്പെട്ട് അവരെ എല്ലാവരേയും സംഘടനയിലേക്കെത്തിച്ച നടപടികൾ, നിർവാഹക സമിതി മീറ്റിങ്കളിലെ ഗൗരവതരമായ ചർച്ചകളും കാതലായ തീരുമാനങ്ങളും ശുഷ്കാന്തിയോടെ അവയെല്ലാം നടപ്പിൽ വരുത്തിയതും എല്ലാമെല്ലാം അംഗങ്ങളിൽ സംഘടനയിലെ വിശ്വാസം അടിക്കടി വളരാൻ കാരണമായി.

സർക്കിൾ മാനേജ്മെന്റിന്റെ അനുഭാവപൂർണ്ണമായ സമീപനവും നിലവിലിരുന്ന സൗഹൃദവും അസ്സോസിയേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി. തിരുവനന്തപുരം നഗരിയിലെ ഹൃദയഭാഗത്ത്, എംജി റോഡിന്റെ ഓരത്ത്, എസ്ബിഐ തിരുവനന്തപുരം ശാഖയോട് ചേർന്ന് നിൽക്കുന്ന രണ്ട്മുറി കെട്ടിടം അസ്സോസിയേഷന്റെ ഓഫീസായി ലഭിച്ച 2015 സപ്തംബർ 23 എന്നെന്നും ഓർമ്മിക്കപ്പെടും. അതോടൊപ്പം തന്നെ സൗകര്യപ്രദമായ ആ ഓഫീസ് അനുവദിച്ച് നൽകിയ അന്നത്തെ ചീഫ് ജനറൽ മാനേജർ ശ്രീ ബാദൽ ചന്ദ്രദാസിനെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

വർഷത്തിൽ രണ്ടുതവണ ഹെഡ്ഡാഫീസ് തലത്തിൽ നടത്തുന്ന സ്ട്രക്ചേർഡ് മീറ്റിങ്ങ്കൾ കൂടാതെ ബാങ്കിന്റെ ആറ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്കളിലും ത്രൈമാസ സ്ട്രക്ചേർഡ് മീറ്റിങ്ങുകൾ നടത്തുന്നതിന് നിർദേശം നൽകിയ ചീഫ് ജനറൽ മാനേജർ ശ്രീനാഥ് ശാസ്ത്രി, എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്കളിലും അസ്സോസിയേഷന് സബ് ഓഫീസുകൾ അനുവദിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്ത ചീഫ് ജനറൽ മാനേജർ ശ്രീ എം എൽ ദാസ് എന്നിവരേയും അതീവ കൃതജ്ഞതയോടെ സ്മരിക്കുന്നു. വളർച്ചയുടെ ഏറ്റവും പ്രാധാന്യമേറിയ ഒടുവിലത്തെ ഘട്ടങ്ങളിൽ രക്ഷക സ്ഥാനം ഏറ്റെടുത്തു ഒപ്പം

> **“ 1973ൽ സി ബി ബാങ്ക്‌ലി, വി ഡി മേത്ത എന്നിവരുടെ നേതൃത്വത്തിൽ അഹമ്മദ ബാദിലാണ് അസ്സോസിയേഷൻ ഓഫ് എസ്ബിഐ പെൻഷനേഴ്സ് എന്ന സംഘടന തുടങ്ങിയത്. എസ്ബിഐ പെൻഷനേഴ്സിന്റെ ഔപചാരിക സംഘാടനത്തിന്റെ ആദ്യത്തെ കാൽവെപ്പ് ആയിരുന്നു അത്.**

ചേർന്ന് ആവശ്യങ്ങൾ നിറവേറ്റിയ ജനറൽ മാനേജർ തലച്ചിൽ ശിവദാസ്, ഡെപ്യൂട്ടി ജനറൽ മാനേജർ മാരായ രവികിരൺ കാമരശു, സുരേഷ് വാക്കിയിൽ എന്നിവരോടുള്ള സ്നേഹാദരങ്ങൾക്ക് പരിധി കല്പിക്കാൻ കഴിയില്ലതന്നെ.

2015 സപ്തംബർ 23 ന് അസ്സോസിയേഷന്റെ തിരുവനന്തപുരത്തെ കേന്ദ്ര ഓഫീസിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് അസ്സോസ്സിയേഷന്റെ ലോഗോ പ്രകാശനം ചെയ്തത്. അതിൽ പിന്നീട് 2022 മെയ് 27ന് തിരുവനന്തപുരത്ത് നടത്തിയ ഇരുപത്തിരണ്ടാം സംസ്ഥാന സമ്മേളനം ആരംഭിച്ചത് അസ്സോസിയേഷന്റെ സ്വന്തമായ പതാക വാനിലുയർത്തിക്കൊണ്ടായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

അഖിലേന്ത്യാതലത്തിൽ ഫെഡറേഷൻ ഓഫ് എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻസിലെ പതിനാലാമത് അഫിലിയേറ്റായ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള അതിന്റെ പ്രവർത്തന മികവിൽ ഏവരുടെയും അനുമോദനങ്ങളും അംഗീകാരങ്ങളും നിരവധി തവണ നേടിയിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്.

2025 മെയ് 23, 24 തീയതികളിൽ കോഴിക്കോട് നടക്കുന്ന ഇരുപത്തിനാലാം വാർഷിക സമ്മേളനവും അതോടനു ബന്ധമായി നടക്കുന്ന 2025-2028 ത്രൈവാർഷിക കാലത്തേക്കുള്ള പുതിയ ഭരണസമിതി തിരഞ്ഞെടുപ്പും സംഘടനയ്ക്ക് പുതിയ ഉണർവും ഊർജവും പകരും എന്നത് നിസ്തർക്കമാണ്.

2001ൽ ഏറ്റവും എളിയരീതിയിൽ തുടങ്ങിയ സംഘടന നീണ്ട ഇരുപത്തിനാല് വർഷങ്ങളിലെ സംഭവബഹുലമായ യാത്രയ്ക്കൊടുവിൽ സ്വായത്തമാക്കിയത് പതിനാലായിരത്തിൽപ്പരം അംഗങ്ങളുടെ അചഞ്ചലമായ വിശ്വാസവും സമർപ്പിത സേവനോത്സുകതയുമാണെന്നിരിക്കെ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ അനിവാര്യത ആരാലും ചോദ്യംചെയ്യപ്പെടാതെ അഭംഗുരം തുടരും... തീർച്ച. ●

> **“...pension is neither a bounty nor a matter of grace depending upon the sweet will of the employer.**
>
> **...pension is not an ex-gratia payment but it is a payment for the past service rendered.**
>
> **...it is social welfare measure rendering socio economic justice to those who in the hey days of their life ceaselessly toiled for the employer on assurance that in their old age, they would not be left in lurch... ”**
>
> *From the land mark 1982 Supreme Court judgement in the case of DS Nakara and Others vs. Union of Inda*


സമ്മേളന പത്രിക
മുതിർന്നപൗരരുടെയും ബാങ്ക് പെൻഷൻകാരുടെയും പ്രശ്നങ്ങളിൽ പരിഹാരംവേണം -ദീപക് കുമാർ ബസു
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് കോഴിക്കോട്ടുനടന്ന പ്രതിനിധിസമ്മേളനം ദീപക് കുമാർ ബസു ഉദ്ഘാടനംചെയ്യുന്നു
കോഴിക്കോട് ▸ മുതിർന്നപൗരരുടെയും ബാങ്ക് പെൻഷൻകാരുടെയും പ്രശ്നങ്ങളിൽ പരിഹാരംവേണമെന്ന് ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ ദേശീയ ജനറൽസെക്രട്ടറി ദീപക് കുമാർ ബസു ആവശ്യപ്പെട്ടു.
കോഴിക്കോട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷൻ അസോസിയേഷൻ സംസ്ഥാനസമ്മേളനത്തിൽ പ്രതിനിധിസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.
സംസ്ഥാനപ്രസിഡന്റ് കെ. രാജീവൻ അധ്യക്ഷനായി.
ടി. ബാലഗോപാലമേനോൻ, ടി. സേതുമാധവൻ നായർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷൻ കേരള സർക്കിൾ ജനറൽസെക്രട്ടറി എസ്. രാജേഷ്, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ സംസ്ഥാനപ്രസിഡന്റ്
Radhakrishnan Pullanchery, Philip Koshy
New office-bearers elected to SBI Pensioners' Association
The Hindu Bureau
KOZHIKODE
Radhakrishnan Pullanchery and Philip Koshy have been elected as State president
സംസ്ഥാന സമ്മേളനം സമാപിച്ചു
'മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് പ്രത്യേക നയം രൂപീകരിക്കണം'
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം സമാപിച്ചു
Mathrubhumi
മാതൃഭൂമി
'മുതിർന്നപൗരരുടെ ക്ഷേമത്തിനായി പ്രത്യേകനയം രൂപവത്കരിക്കണം'
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാനസമ്മേളനം സമാപിച്ചു
ബാങ്ക് പെൻഷൻകാരുടെ പ്രശ്നങ്ങളിൽ സമഗ്ര സമീപനം
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന
അസോ.



**എ രാഘവൻ**

എസ് ബി ഐ പി എ കെ ജനറൽ സെക്രട്ടറിയും, വാർഷിക സമ്മേളനം സ്വാഗതസംഘം ചെയർമാനുമാണ് ശ്രീ. എ. രാഘവൻ.

# സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പെൻഷൻ പദ്ധതി

## ചരിത്രപരമായ ഒരെത്തിനോട്ടം

1982ലെ ചരിത്രപ്രധാനമായ ഒരു സുപ്രീം കോടതി വിധി പെൻഷൻ സംബന്ധിച്ച അടിസ്ഥാനപരമായ സമീപനമായി വിലയിരുത്തപ്പെടുന്നു.എല്ലാ മേഖലയിലും പിരിഞ്ഞു പോകുന്നവർക്ക് ജീവിതത്തിൻറെ മുന്നോട്ടുപോക്കിന് സേവന കാലത്ത് അവർ ചെയ്ത പ്രവർത്തനത്തെ പരിഗണിച്ചുകൊണ്ട് ആനുകൂല്യം നൽകണമെന്ന സ്ഥായിയായ ഒരു ബോധ്യത്തിലേക്ക് സർക്കാരുകളെ എത്തിക്കുവാൻ 1982ലെ സുപ്രീംകോടതി വിധി കാരണമായിട്ടുണ്ട്.

" പെൻഷൻ ഔദാര്യമല്ല, അവകാശമാണ്... ഭരണഘടനയുടെ 309, 14 എന്നീ ഖണ്ഡികകൾ പ്രകാരമുള്ള അധികാരമാണ്... അത് കഴിഞ്ഞ കാല സേവനത്തിന്നായി നൽകുന്നതാണ്... ജീവിതത്തിന്റെ നല്ല ഭാഗം മുഴുവൻ ജോലിയെടുത്തതിന്റെ പ്രതിഫലമായി വാർദ്ധക്യകാലത്ത് വഴിയാധാരമാകാതിരിക്കാൻ നൽകുന്നതാണ്... കഷ്ടപ്പെടാതെ, അഭിമാനത്തോടെ, മുമ്പ് ജീവിച്ചനിലയിൽ തുടരാൻ നൽകുന്നതാണ്.. "

1982ലെ വിധിക്കും മുമ്പ് തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി നിലവിൽ ഉണ്ടായിരുന്നു. 1921ൽ ഇംപീരിയൽ ബാങ്ക് ഉണ്ടായ ഘട്ടത്തിൽ തന്നെ ബാങ്കിനകത്ത് പെൻഷൻ ആൻഡ് ഗ്യാരണ്ടി ഫണ്ട് രൂപീകരിക്കുകയും പിരിഞ്ഞു പോകുന്ന ജീവനക്കാർക്ക് പെൻഷൻ നൽകുകയും ചെയ്തിരുന്നു.

> പെൻഷൻ ഔദാര്യമല്ല, അവകാശമാണ്... ഭരണഘടനയുടെ 309, 14 എന്നീ ഖണ്ഡികകൾ പ്രകാരമുള്ള അധികാരമാണ്... അത് കഴിഞ്ഞ കാല സേവനത്തിന്നായി നൽകുന്നതാണ്...

1931ൽ ലോകത്താകമാനം ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ ഘട്ടത്തിൽ പെൻഷൻ ഫണ്ടിലേക്ക് ജീവനക്കാർ ശമ്പളത്തിന്റെ അഞ്ചു ശതമാനം നൽകണം എന്ന വ്യവസ്ഥയുണ്ടായിരുന്നു. പിന്നീട് 1953 ൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ അവാർഡിനെ തുടർന്ന് ജീവനക്കാർ പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് നിയമം മാറ്റുകയാണ് ഉണ്ടായത്.

1950 ൽ അഖിലേന്ത്യാ റൂറൽ ക്രെഡിറ്റ് സർവ്വേയുടെ റിപ്പോർട്ടിനെ തുടർന്നാണ് ഇന്ത്യയിലെ ആദ്യത്തെ പൊതുമേഖലാ ബാങ്ക് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 1955 ൽ രൂപീകരിക്കപ്പെട്ടത്. ആ ഘട്ടത്തിൽ പെൻഷൻ സംബന്ധിച്ച തീരുമാനങ്ങളിൽ എത്തിയിരുന്നില്ലെങ്കിലും തുടർച്ചയായ ഇടപെടലുകളുടെയും ചർച്ചകളുടേയും ഫലമായി 1965 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എംപ്ലോയീസ് പെൻഷൻ ഫണ്ട് സംബന്ധിച്ച നിയമങ്ങൾ ഉണ്ടാവുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിക്കപ്പെട്ട 1955 മുതൽ അത് പ്രാബല്യത്തിൽ കൊണ്ടുവരികയുമാണ് ചെയ്തത്.

തുടർന്ന് ഇങ്ങോട്ട്  സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആക്ടിലെ ക്ലോസുകളും വകുപ്പുകളും ആയിരുന്നു പെൻഷനുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ഒരു രേഖയായി കരുതിയിരുന്നത്.

നിയമപരമായ, ഗുണകരമായ പഴയ പെൻഷൻ മാറ്റി, വളരെ തുച്ഛമായ പെൻഷൻ ലഭിക്കുന്ന പുതിയ പെൻഷൻ പദ്ധതി (NPS) 2004 മുതൽ കേന്ദ്ര  ഗവർമെന്റ് നടപ്പിലാക്കുകയുണ്ടായി.വലിയ പ്രതിഷേധം ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ, രാഷ്ട്രീയ തിരിച്ചടി ഉണ്ടാകുമെന്ന് ബോധ്യപ്പെട്ട് കൊണ്ടുവന്ന UPS ഉം  പൊതുവിൽ  തൃപ്തികരമല്ല എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 01.08.2010 മുതൽ ന്യൂ പെൻഷൻ  സ്കീം (NPS) നടപ്പിലാക്കിയതിനെതിരെ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ നൽകിയ കേസ് സുപ്രീം കോടതിയിൽ അവസാന ഘട്ട വാദത്തിലാണ്.

പിരിഞ്ഞു പോകുന്ന  ഘട്ടത്തിലുള്ള അവസാന  ഒരു വർഷത്തെ ശരാശരി ശമ്പളത്തിന്റെ 50 ശതമാനം തുക പെൻഷൻ ആയി നൽകണം എന്നതാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പൊതുവായി  ഉണ്ടായിരുന്ന സ്ഥിതി. എന്നാൽ ഉയർന്ന  തസ്തികയിലുള്ള ജീവനക്കാരെ സംബന്ധിച്ച് പരമാവധി പെൻഷൻ 40% ആയി നിജപ്പെടുത്തി വച്ചിരുന്നു.

ദീർഘകാലമായി പെൻഷൻ സംഘടനകൾ ഉന്നയിച്ച,  മുഴുവനാളുകളുടെയും പെൻഷൻ ശരാശരി ശമ്പളത്തിന്റെ 50 ശതമാനം എന്നുള്ളത് 10 നവംബർ 2023 മുതൽ അനുവദിച്ച് ലഭിക്കുകയുണ്ടായി. അതേപോലെതന്നെ 2021 ഏപ്രിൽ ഒന്നു മുതൽ നേരത്തെ നിലവിലുണ്ടായിരുന്ന ഫാമിലി പെൻഷൻ നിരക്ക് ജീവനക്കാരൻ / ജീവനക്കാരി ഒടുവിൽ വാങ്ങിയിട്ടുള്ള അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനം ആയി നിജപ്പെടുത്തിക്കൊണ്ട് നേടിയെടുക്കുവാനും ഈ മേഖലയിൽ ആയിട്ടുണ്ട്.

**"**

**അടിസ്ഥാന ശമ്പളത്തിൽ കാലാകാലങ്ങളിൽ നൽകിപ്പോന്ന അധികതുകയിൽ ഗണ്യമായ ഭാഗം സ്പെഷ്യൽ അലവൻസ് ആയി അനുവദിക്കുകയും ആയതിനു പെൻഷൻ അനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുകയാണ്.**

എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ സർക്കാർ ജീവനക്കാർക്ക് നൽകുന്ന രീതിയിൽ കാലാകാലം ശമ്പള പരിഷ്കരണ ത്തോടൊപ്പം പെൻഷൻ പരിഷ്കരിക്കണം എന്നുള്ള അടിസ്ഥാന ആവശ്യം ഇപ്പോഴും പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നു. എന്നാൽ ഏറ്റവും ഒടുവിൽ നടന്നിട്ടുള്ള കരാറുകളുടെ ഭാഗമായി ബാങ്കിംഗ് മേഖലയിലെ യുണൈറ്റഡ് ഫോർ ബാങ്കിംഗ് യൂണിയൻസ്, ബാങ്ക് മാനേജ്മെന്റുമായി ഒപ്പുവച്ച കരാറിന്റെ ഭാഗമായി എക്സ്ഗ്രേഷ്യ എന്ന ഹെഡിൽ പരിമിതമെങ്കിലും ഉള്ള ഒരു തുക നൽകുവാൻ കരാറിൽ എത്താനായിട്ടുണ്ട്. പെൻഷൻ ബാങ്കിംഗ് മേഖലയിലെ പെൻഷൻകാരുടെ അടിസ്ഥാന ആവശ്യങ്ങൾ  വർദ്ധിച്ചുവരുന്ന ഘട്ടത്തിൽ ജീവനക്കാരുടെ പെൻഷൻ അപ്ഡേഷനും അടിസ്ഥാന മെഡിക്കൽ ഇൻഷുറൻസ് പോളിസി പ്രീമിയം ബാങ്കുകൾ നൽകുന്നതും അടിയന്തരമായി പരിഹരിച്ച് ലഭിക്കേണ്ടതുണ്ട്.

അടിസ്ഥാനപരമായ മറ്റൊരു പ്രശ്നം  കൂടി പെൻഷൻ ശോഷണത്തിന്  കാരണമാകുന്നുണ്ട്. അടിസ്ഥാന ശമ്പളത്തിൽ കാലാകാലങ്ങളിൽ നൽകിപ്പോന്ന അധികതുകയിൽ(അഡിഷണൽ ലോഡ് ) ഗണ്യമായ ഭാഗം സ്പെഷ്യൽ അലവൻസ് ആയി അനുവദിക്കുകയും ആയതിനു പെൻഷൻ അനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുകയാണ്. പെൻഷൻ കാരുടെ ന്യായമായ അവകാശം തടയുന്ന സ്ഥിതിയുണ്ടായി. എല്ലാ സ്പെഷ്യൽ അലവൻസുകളും പെൻഷൻ കണക്കാക്കുന്ന ശമ്പളത്തിന്റെ ഭാഗമാക്കുന്ന സ്ഥിതിയിൽ മാത്രമേ ഈ പ്രശ്നവും പരിഹരിക്കപ്പെടുകയുള്ളൂ. ●

**2017 മുതൽ 2025 മാർച്ച് വരെ ഓരോ സാമ്പത്തിക വർഷത്തിലും ബാങ്കിംഗ് മേഖലയിൽ വിതരണം ചെയ്ത പെൻഷൻ തുകയും പെൻഷൻ കോർപ്പസ് ഫണ്ടിൽ ബാലൻസ് വന്ന സംഖ്യയും**

| | Total Pension | Pension Fund |
|---|---|---|
| Financial Year | Disbursed (Crores) | Balance (Crores) |
| 2017-18 | **13,779** | **2,23,588** |
| 2020-21 | **20,085** | **3,22,402** |
| 2021-22 | **29,672** | **3,57,891** |
| 2022-23 | **30,877** | **3,77,974** |
| 2023-24 | **33,994** | **4,27,644** |
| 2024-25* | **37,542** | **4,56,740** |

*Projected figure in respect of UBI and P&SB for the year 2024-25




*പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ജോയിന്റ്  ഫോറം ഓഫ് ബാങ്ക് റിട്ടയറീസ് കേരള (JFBRK) യുടെ ആഭിമുഖ്യത്തിൽ, ബാങ്ക്  ദേശസാൽക്കരണത്തിന്റെ വാർഷിക ദിനമായ ജൂലായ് 19 ന് അവകാശ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി  കോഴിക്കോട് ആദായനികുതി ഓഫീസിനു മുന്നിൽ നടത്തിയ നിരാഹാര സമരവും, ധർണയും.*



## വി. വി. അജയകുമാർ

1982 ൽ കൈനാട്ടി ശാഖയിൽ ജോലിയിൽ പ്രവേശിച്ചു. കോഴിക്കോട് ശാഖയിൽ നിന്ന് സ്പെഷ്യൽ അസിസ്റ്റന്റ് ആയിരിക്കെ 2013 ൽ സ്വയം വിരമിച്ചു.
താല്പര്യങ്ങൾ: വായന, യാത്ര, സംഗീതം, സ്റ്റാമ്പ് -നാണ്യ ശേഖരണം, ഫോട്ടോഗ്രാഫി.

















## മധുസൂദനൻ മലയിൽ



വടകര സ്വദേശി. 1976 ൽ FACT ആലുവയിൽ തുടങ്ങിയ ഔദ്യോഗിക ജീവിതം ഇന്ത്യൻ എയർ ഫോഴ്സും കഴിഞ്ഞ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ. കോട്ടത്തറ, മാഹി, ചെക്യാട്, വടകര എന്നിവിടങ്ങളിൽ ജോലി ചെയ്തു. 27 വർഷത്തെ ബാങ്ക് സേവനത്തിനു ശേഷം 2019 ൽ വിരമിച്ചു. ഇഷ്ട വിനോദം ഫോട്ടോഗ്രാഫി














**മംഗളം ബാൽരാജ്**

1981 ൽ എസ്. ബി. ടി യിൽ ഉദ്യോഗസ്ഥയായി. 2019 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യിൽ നിന്നും ഡെപ്യൂട്ടി മാനേജർ ആയിരിക്കെ വിരമിച്ചു. കഥകളോടും, കവിതകളോടുമുള്ള ഇഷ്ടം കുന്നി മണികളും ചെപ്പും എന്ന പുസ്തകത്തിന് കാരണമായി. കോഴിക്കോട് AIR ൽ ബി ഗ്രേഡ് ഡ്രാമ ആർട്ടിസ്റ്റ് ആയിരുന്നു.


# "വിരാമമില്ല കർമ്മ പഥത്തിൽ....."

## ഹൃദയഹാരിയായ എസ് ബി ഐ പെൻഷനേഴ്സ് മീറ്റിലൂടെ..

1200-ാം ആണ്ട് ഇടവം10 2025 മെയ് 24 ശനിയാഴ്ച്ച രാവിലെ 9മണി. കോഴിക്കോടിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ശ്രീനാരായണ സെന്റനറി ഹാളിന് മുൻപിൽ ഒരുക്കപ്പെട്ട എ. പി. രവീന്ദ്രൻ നഗറിൽ എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ പതാക ഉയരുകയാണ് . കാസർഗോഡ് മുതൽ പാറശാല വരെയുള്ള എസ്. ബി. ഐ. യിലെ മുതിർന്ന പൗരന്മാരെ പ്രതിനിധീകരിച്ചു ആയിരത്തി



എഴുന്നൂറ്റി അമ്പത് അംഗങ്ങളാണ് കാറ്റിനും മഴക്കും ഒപ്പം എ. പി. രവീന്ദ്രൻ നഗറിലേക്ക് പെയ്തിറങ്ങിയത്.

സമ്മേളന വേദിക്ക് സഖാവ്. എ. പി. രവീന്ദ്രന്റെ പേരിട്ടത് അദ്ദേഹത്തിന്റെ നേതൃത്വസ്മരണക്കുള്ള അംഗീകാരമായിരുന്നു. തിങ്ങി നിറഞ്ഞ ഓഡിറ്റോറിയത്തിനു പുറത്തെ പന്തലിൽ ഒരുക്കിയ പവലിയനിൽ ഇരുന്നു കൊണ്ട് ടി വിയിൽ പരിപാടി വീക്ഷിക്കാനുള്ള സൗകര്യവും ഒരുക്കിയിരുന്നു. മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ സംസ്ഥാന പ്രസിഡൻറ് ശ്രീ. കെ. രാജീവൻ പതാകയുയർത്തവെ, മഴ പോലും പഴയ ഓർമ്മകളിൽ പെട്ടു അൽപ നേരം പെയ്യാൻ മറന്നുപോയി.

ആഹ്ലാദകരമായ അന്തരീക്ഷത്തിൽ അനൗപചാരികതയും മാനവികതയും സംയോജിപ്പിച്ചുകൊണ്ട് അവതാരകരായ ശ്രീമതി ഉമാ റാവു, ശ്രീമതി. മംഗളം എന്നിവർ ചടങ്ങുകൾക്ക് ഊർജം നൽകി. സംഗീതം, പ്രസംഗം, കലാസമ്മേളനം എന്നിവയുടെ സംയോജനം വഴി ഇത്തവണത്തെ സമ്മേളനം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. സമ്മേളനം ഘടനാപരമായും ആഘോഷപരമായും മുന്നോട്ടു കൊണ്ടുപോവുക യായിരുന്നു സംഘാടകർ.

അസോസിയേഷൻ അംഗം ജയൻ കടലുണ്ടിയുടെ മകൾ തുളസിക്കതിർ ബിന്ധ്യയുടെ രംഗപൂജയോടെ വേദി ഉണർന്നു. തുടർന്ന് ജയൻ കടലുണ്ടിയുടെ സാഹിത്യ നഗരി സൂക്ഷ്മ

**“**

**ബി. ഹരിനാരായണൻ രചിച്ച "വിരമിച്ചവരല്ല നമ്മൾ... വിരാമമില്ല കർമ്മ പഥത്തിൽ" എന്ന സ്വാഗത ഗാന വരികൾ പാടിക്കൊണ്ട് 21 അംഗങ്ങളാണ് വേദിയിൽ നിറഞ്ഞു നിന്നത്.**

നാടകവും വില്ലടിച്ചാൻ പാട്ടും അരങ്ങേറി.

പതിനഞ്ചോളം കലാകാരന്മാരായ പെൻഷനേഴ്സ് അണിനിരന്നു കോഴിക്കോടിനെ പരിചയപെടുത്തികൊണ്ട് മനോഹരമായൊരു ദൃശ്യ വിരുന്ന് ഒരുക്കുകയായിരുന്നു.

ബി. ഹരിനാരായണൻ രചിച്ച
*'വിരമിച്ചവരല്ല നമ്മൾ...*
*വിരാമമില്ല കർമ്മ പഥത്തിൽ'*
എന്ന സ്വാഗത ഗാന വരികൾ പാടിക്കൊണ്ട് 21 അംഗങ്ങളാണ് വേദിയിൽ നിറഞ്ഞു നിന്നത്.

*'പൊതുമേഖല തൻ മുദ്രയുമായി*
*ഓരോ ഇതളായ് ചേർന്നവരല്ലേ...'*

എന്ന വരികളുമായി ഹൃദയസ്പൃക്കായി കുടുംബത്തിലുള്ളവർക്കെല്ലാം സ്വാഗതം ഓതുമ്പോൾ ഒരേ വർണ്ണത്തിലുള്ള സാരിയുടുത്ത് കൈയിൽ വെളിച്ചം വിതറുന്ന ചിരാതുകളുമായി ചിരിതൂകി വരിവരിയായി ഒഴുകിയെത്തിയ കൂട്ടായ്മയിലെ നിത്യഹരിത നായികമാരുടെ തിരപ്പുറപ്പാട് മനോഹരമായിരുന്നു.

*മൈത്രീം ഭജത അഖില ഹൃജ്ജേത്രീം*
(എല്ലാ ഹൃദയങ്ങളിലും മിത്രത വളരട്ടെ)
എന്നു തുടങ്ങി..
*തൃജത പരേഷ ക്രമമാക്രമണം*
(മറ്റുള്ളവരോട് പരുഷമാകാതെയും അവരെ പ്രകോപിപ്പിക്കാതെയും ജീവിക്കുക)

എന്ന് പാടിയപ്പോൾ ലോകത്തിലുള്ള ഓരോ വ്യക്തിയോടുമുള്ള ലിസി സക്കറിയയുടെയും



ദേവിക മിനിയുടെയും പ്രാർത്ഥനയായി അത് മാറുകയായിരുന്നു. തുടർന്ന് ഔദ്യോഗിക യോഗ നടപടികൾ ആരംഭിച്ചു.

പി.പി.ജി ഡിപ്പാർട്ട്മെന്റിന്റെ നവനിയമിത ചുമ തലക്കാരനായിട്ട്, തന്റെ ആദ്യ പൊതുസമ്മേളനം എന്ന നിലയിൽ പങ്കെടുക്കാൻ അഭിമാനമുണ്ടെന്ന് വ്യക്തമാക്കിയ ശ്രീ.സുധീർ ദാസ്  പെൻഷനേഴ്സി നുള്ള സേവനങ്ങൾ  ബുദ്ധിമുട്ടില്ലാതെ പരമാവധി കാര്യങ്ങൾ ചെയ്തു തരും എന്ന് ഉറപ്പു നൽകിയ ശേഷമാണ് തന്റെ കർത്തവ്യമായ സ്വാഗത ഭാഷ ണത്തിലേക്കു കടന്നത്.

സ്റ്റേറ്റ് ബാങ്ക് ഇന്നത്തെ ഉയരങ്ങളിലേക്ക് എത്താനായി പ്രവർത്തിച്ച പഴയ തലമുറയുടെ പ്രതിബദ്ധതയും സമർപ്പണവും അദ്ദേഹം ഓർമി പ്പിച്ചു. ലഭിച്ച പരാതികൾക്ക് വൈകാതെ പരിഹാ രങ്ങൾ ഉറപ്പു നൽകുന്ന ബാങ്ക് സംവിധാനത്തെ കുറിച്ച് അവകാശപൂർവ്വം പറഞ്ഞു. പ്രൊഫഷണ ലിസവും വിനയവും ഒരുമിക്കുന്നു എന്നതാണ് നമ്മുടെ വിജയത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സദസ്സ് സമ്പന്നമാക്കി, വർണ്ണ ശബളമാക്കി നിലകൊള്ളുന്ന   അംഗങ്ങളെ പടയാളികൾ എന്ന് അഭിസംബോധന ചെയ്താണ് ശ്രീ. കെ രാജീവൻ അധ്യക്ഷ പ്രസംഗം ആരംഭിച്ചത്. 50 അംഗങ്ങളിൽ തുടങ്ങിയ അസോസിയേഷന്റെ വളർച്ച, ഇന്നത്തെ 14,000-ത്തിലധികം വരുന്ന അംഗ സംഖ്യയി ലേക്ക് എത്തിച്ചേർന്നതിന്റെ ഗരിമ അദ്ദേഹം വിശദീകരിച്ചു. പെൻഷൻ അപ്ഡേഷൻ എന്നത് സംഘടനയുടെ ഏറ്റവും വലിയ ആവശ്യമാണെ ന്നും അതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട തുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബാങ്ക് മാനേജ്മെ ന്റുമായി നല്ല ബന്ധം, പ്രത്യേകിച്ച് തിരുവനന്തപുരം എൽ.എച്ച്.ഒ.യുടെ പി.പി.ജി വിഭാഗത്തിന്റെ കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനത്തെ അദ്ദേഹം പ്രശംസിച്ചു. സംഘടനയുടെ ആത്മാവാണ് വിശ്വാസം, ഐക്യം, പങ്കാളിത്തം എന്ന സന്ദേശം മുന്നോട്ട് വെച്ച അദ്ദേഹം, അംഗങ്ങളുടെ നിസ്വാർ ത്ഥമായ ഇടപെടലുകൾ, പുതിയ തലമുറയെ അംഗീകരിക്കേണ്ടതിന്റെ ആവശ്യകത,  പുതിയ അംഗങ്ങളെ ഏറ്റെടുക്കാനുള്ള മനസ്സ് എന്നിവ പ്രാധാനമാണെന്ന് വ്യക്തമാക്കി.

സംഘടനയെ മാതൃകാപരമായ രീതിയിൽ നി ലനിർത്താനും പരിപോഷിപ്പിക്കുവാനും നിസ്വാർ ത്ഥമായി പ്രയത്നിച്ച  നമ്മുടെ നേതാക്കന്മാരും നമ്മുടെ അഭ്യുദയകാംക്ഷികളും എല്ലാ സഹക രണങ്ങളും നമുക്ക് നൽകുന്ന നിലവിലെ ആദര ണീയരായ ഉദ്യോഗസ്ഥരും ഒരു നിലവിളക്കിലെ തിരികൾ പോലെ തെളിഞ്ഞു നിന്നു. നിലവിളക്കു കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തത് മുഖ്യാതിഥി ആയ ശ്രീ. തലച്ചിൽ ശിവദാസ്, ജനറൽ മാനേജർ, നെറ്റ്വർക്ക് II, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരമായിരുന്നു.

മൂന്നു വർഷം തിരുവനന്തപുരം സർക്കിളിൽ സേവനം ചെയ്തശേഷം വിരമിക്കുന്നതിനു തൊട്ടുമുമ്പുള്ള ഈ അവസാന പൊതുസ മ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിന്റെ

**"**

**സ്മരണകളുടെ സുവർണ്ണ രേഖയാണ് സ്മരണിക. ഒരു സംഘടനയുടെ യാത്രയെ പതിപ്പിച്ചു സൂക്ഷിക്കുന്ന അനശ്വര രേഖ. രജത ജൂബിലി വർഷത്തിൽ പിറന്ന സ്മരണിക 'രജതരേഖ' യുടെ മുഖചിത്രം പ്രകാശനം ചെയ്യപ്പെട്ട മുഹൂർത്തം കൂടിയായി പെൻഷനേഴ്സ് മീറ്റ്.**

**"**

**കാസർഗോഡ് മുതൽ പാറശാല വരെയുള്ള എസ്. ബി.ഐ. യിലെ മുതിർന്ന പൗരന്മാരെ പ്രതിനിധീകരിച്ച് ആയിരത്തി എഴുന്നൂറ്റി അമ്പത് അംഗങ്ങളാണ് കാറ്റിനും മഴക്കും ഒപ്പം എ. പി. രവീന്ദ്രൻ നഗറിലേക്ക് പെയ്തിറങ്ങിയത്. സമ്മേളന വേദിക്ക് സഖാവ്. എ. പി. രവീന്ദ്രന്റെ പേരിട്ടത് അദ്ദേഹത്തിന്റെ നേതൃത്വ സ്മരണക്കുള്ള അംഗീകാരമായിരുന്നു.**

സന്തോഷം അദ്ദേഹം പ്രകടിപ്പിച്ചു. കോഴിക്കോ ട്ടുള്ളത് തനതായ ബന്ധങ്ങളും പ്രതിസന്ധികളെ മറികടന്ന് പരിപാടികൾ വിജയകരമാക്കുന്ന സംഘാടക സംഘവും ആണെന്നും പ്രശംസിച്ച അദ്ദേഹം പെൻഷൻ റിവിഷൻ സംബന്ധിച്ച ഗൗരവമുള്ള നിലപാട്, ബാങ്ക് മാനേജ്മെന്റിന്റെ സഹാനുഭൂതിയോടെയുള്ള സമീപനം എന്നി വയെക്കുറിച്ച് തുറന്നു പറയുകയും ചെയ്തു. ഇന്ത്യയുടെ വളർച്ചയുടെ പിന്നിൽ സ്റ്റേറ്റ് ബാങ്കിന് വലിയ പങ്കുണ്ടെന്നും, അതിനു പിന്നിൽ പണി യെടുത്തത് തൊഴിലാളികൾ തന്നെയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. തനിക്കു ശേഷം വരുന്ന വ്യ ക്തികളുമായും സഹകരണവും ആത്മബന്ധവും തുടരണമെന്നും അഭ്യർത്ഥിച്ചു.

തുടർന്നു ശ്രീ. ദീപക് കുമാർ ബസു (ജനറൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ), തന്റെ മുഖ്യ പ്രഭാഷണത്തിൽ കേരള സർക്കിളിന്റെ ഏകോപിത പ്രവർത്തന ശൈലി, അംഗങ്ങളുടെ പങ്കാളിത്തം എന്നിവയെ മാതൃകയാക്കി മറ്റു സർക്കിളുകളും പ്രവർത്തിക്കണമെന്നും ആഗ്രഹം പ്രകടിപ്പിച്ചു. പെൻഷൻ റിവിഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക സമീപനത്തെ ശക്തമായി വിമർശിച്ച അദ്ദേഹം രാഷ്ട്രീയമോ ഫണ്ടിന്റെ കുറവോ അല്ല ഇത്തരം കാലതാമസ ത്തിനുള്ള കാരണമെന്നും അതെല്ലാം നീക്കി ഐ. ബി. എ യും സർക്കാർ ഉദ്യോഗസ്ഥരും ഒന്നിച്ച് വിഷയത്തിൽ തീരുമാനം എടുക്കണമെന്നും മാധ്യ മങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പെൻഷനേഴ്സ് അസോസിയേഷന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചു.

സഹപ്രവർത്തകരായിരുന്നവരെ കാണാൻ ആവുന്ന ഓരോ മീറ്റിംഗും ആത്മബന്ധങ്ങൾ പുതു ക്കാനുള്ള അവസരമാണെന്ന് ശ്രീ. രാജേഷ് എസ്. ജനറൽ സെക്രട്ടറി, എസ്.ബി.ഐ ഓഫീസേഴ്സ് അസോസിയേഷൻ, കേരള സർക്കിൾ, തന്റെ ആശംസയിൽ പറഞ്ഞു. ബാങ്കിന്റെ വളർച്ചയും സാമൂഹ്യ പ്രതിബദ്ധതയും, പഴയ തലമുറയിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതയും കർമ്മ നിഷ്ഠയും കൊണ്ടാണ് സാധ്യമായത് എന്ന് വിലയിരുത്തി. അസോസിയേഷൻ ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് മെച്ചപ്പെട്ട ആവശ്യങ്ങൾ ഉന്നയിക്കാൻ കഴിയുന്നത് എന്ന് ചൂണ്ടിക്കാട്ടി. ഇപ്പോഴും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ "നാളത്തെ പെൻഷനേഴ്സാണ്" എന്ന ബോധം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ പരിപാടിയുടെ അച്ചടക്കം, ശ്രേണി എന്നിവക്ക് അഭിനന്ദനം അറിയിച്ച രജത് കെ.സി, പ്രസിഡൻറ്, സ്റ്റേറ്റ് ബാങ്ക്  സ്റ്റാഫ് യൂണിയൻ (SBSU), കേരള സർക്കിൾ പെൻഷനേഴ്സും യൂണിയനും തമ്മിലുള്ള ബന്ധം, പരസ്പര മനസ്സിലാക്കൽ കൊണ്ട് കൂടുതൽ ശക്തിപ്പെടണം എന്നും പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ ബാങ്കിന്റെ മാറ്റങ്ങൾക്കൊപ്പം പഴയ തലമുറയുടെ മാതൃകയും പിന്തുണയും അദ്ദേഹം ഓർത്തു. പെൻഷൻ

റിവിഷൻ, ഡിഎ വൈകല്യങ്ങൾ, ഇൻഷുറൻസ് പ്രശ്നങ്ങൾ എന്നിവയിൽ യൂണിയൻ കൂടെ നിൽക്കും എന്ന് തന്റെ ആശംസാ പ്രസംഗത്തിൽ ഉറപ്പ് നൽകുകയും ചെയ്തു.

SBIPAK ജനറൽ സെക്രട്ടറി ശ്രീ. എ.രാഘവൻ സംഘടനയുടെ ചരിത്രത്തിലൂടെ തന്റെ അഭിവാദ്യ പ്രഭാഷണം തുടങ്ങുകയും രാഷ്ട്ര പുനർനിർമ്മ ണത്തിൽ ബാങ്ക് നൽകിയ സേവനങ്ങളെയും ഉദാഹരിച്ചു.

ഇന്നത്തെ വർദ്ധിച്ച അംഗസംഖ്യയെയും അതിന്റെ പിന്നിലെ കൂട്ടായ്മയെയും എടുത്തു പറഞ്ഞു. പെൻഷൻ റിവിഷൻ, മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം ചെലവുകൾ ബാങ്ക് വഹിക്കുന്ന കാര്യത്തിൽ അനുഭാവപൂർവമായ നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്നു അദ്ദേഹം സൂചിപ്പിച്ചു.ഈ കാര്യങ്ങളിൽ കൂടുതൽ ശക്തമായ ഇടപെടൽ ഫെഡറേഷൻ നടത്തണമെന്നും ചടങ്ങ് സംഘടിപ്പിച്ച കോഴിക്കോട് യൂണിറ്റിന് പ്രത്യേകം നന്ദിയുണ്ടെന്നും അവരുടെ കർമ്മ ശുദ്ധിയും ഹൃദയപൂർവമായ സ്വീകരണവും പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന്, എഴുത്തുകാരനും, വിവർത്തകനും, നിരൂപകനും, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവുമായ ശ്രീ. കെ. എസ്. വെങ്കിടാചലം, സ്വാഗത ഗാനത്തിന് സംഗീതം നൽകിയ ശ്രീ. വിൽസൺ സാമുവൽ എന്നിവരെ ജനറൽ മാനേജർ ശ്രീ. ശിവദാസ് ആദരിച്ചു.

സ്മരണകളുടെ സുവർണ്ണ രേഖയാണ് സ്മരണിക. ഒരു സംഘടനയുടെ യാത്രയെ പതിപ്പിച്ചു സൂക്ഷിക്കുന്ന അനശ്വര രേഖ. രജത ജൂബിലി വർഷത്തിൽ പിറന്ന സ്മരണിക 'രജതരേഖ ' യുടെ മുഖചിത്രം പ്രകാശനം ചെയ്യപ്പെട്ട മുഹൂർത്തം കൂടിയായി പെൻഷനേഴ്സ് മീറ്റ്. പ്രകാശന ചടങ്ങിൽ ചീഫ് എഡിറ്റർ ശ്രീ. കെ. എസ്. വെങ്കിടാചലവും എഡിറ്റർ ശ്രീ. സ്നേഹപ്രകാശും പങ്കെടുത്തു.

കോഴിക്കോട് യൂണിറ്റിലെ 200ൽ അധികം അംഗങ്ങൾ രാപകൽ പരിപാടിയുടെ വിജയത്തിന് പിറകിൽ നിന്നവരാണ്. സമ്മേളനത്തിന്റെ ക്രമീകരണത്തിൽ പ്രധാന പങ്ക് വഹിച്ച ഓർഗനൈസിങ് കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. സി. വേണുഗോപാലിന്റെ നന്ദി പ്രകടനത്തോടെ പെൻഷനേഴ്സ് മീറ്റിനു സമാപനമായി.

ഉച്ചക്ക് ഒരു മണിക്ക് മുമ്പ് തന്നെ സദ്യയ്ക് ഇല വെച്ച് കഴിഞ്ഞിരുന്നു. വർഷങ്ങളോളം ഒരുമിച്ചു ജോലി ചെയ്തിരുന്നവർ, വർഷങ്ങളായി നേരിൽ കാണാത്തവർ, സമ്മേളനത്തിൽ നേരിട്ടു കാണുകയും, സംസാരിക്കുകയും, ഒരുമിച്ചുണ്ണുകയും ചെയ്തു. കണ്ണും മനസ്സും വയറും നിറഞ്ഞ സംതൃപ്തിയോടെയായിരുന്നു ഏവരും ഹാളിൽ തിരിച്ചെത്തിയത്.

വാർഷിക ജനറൽ ബോഡിക്ക് ശ്രീ. ജോസഫ് പാലക്കൽ - ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷൻ ഗവേണിംഗ് ബോഡി അംഗം സ്വാഗതം ആശംസിച്ചു.

**“**

**നിലവിളക്കു കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തത് മുഖ്യാതിഥി ആയ ശ്രീ. തലച്ചിൽ ശിവദാസ്. മൂന്നു വർഷം തിരുവനന്തപുരം സർക്കിളിൽ സേവനം ചെയ്തശേഷം വിരമിക്കുന്നതിനു തൊട്ടുമുമ്പുള്ള ഈ അവസാന പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിന്റെ സന്തോഷം അദ്ദേഹം പ്രകടിപ്പിച്ചു**

**“**

**അങ്ങിനെ ഓർമ്മകളുടെ പെരും മഴയത്ത്, കൂട്ടായ്മയുടെ കുടക്കീഴിൽ നടന്ന എസ്. ബി. ഐ പെൻഷനേഴ്സിന്റെ ഈ വർഷത്തെ സംഗമോത്സവം കൊടിയിറങ്ങി. യാത്ര പറഞ്ഞു പിരിയുന്നവരുടെ മുഖത്തും മനസ്സിലും ഹൃദയഹാരിയായ അനുഭവത്തിന്റെ തിളക്കം**

നമ്മുടെ ഔദ്യോഗിക ജീവിതത്തിലാണെങ്കിലും സുഹൃദ് വലയത്തിലാണെങ്കിലും.. പ്രകാശം പകർന്ന, നമ്മുടെ സ്വപ്നങ്ങളിൽ നിറങ്ങൾ നിറച്ച, നമ്മുടെ സഹജരിൽ പലരും ഇന്ന് നമ്മോടൊപ്പം ഇല്ല.

2024-25 കാലയളവിൽ നമുക്ക് മുൻപേ നടന്നു നീങ്ങിയ 135 സഹപ്രവർത്തകർ അവരെ ഓർക്കാൻ, ആദരാഞ്ജലികൾ അർപ്പിക്കാൻ ഒരു മിനിറ്റ് മൗന പ്രാർത്ഥനയിൽ എഴുന്നേറ്റു നിൽക്കുമ്പോൾ പ്രിയപ്പെട്ടവരുടെ മുഖങ്ങൾ മനസ്സിൽ തിങ്ങി വിങ്ങി.

ഒരു യോഗത്തിന്റെ പതിവ് ചടങ്ങുകൾക്ക് പുറമെ ഗുരുക്കന്മാരെ ആദരിക്കുന്ന ചടങ്ങ് വേറിട്ട ഒരു അനുഭവമായിരുന്നു. എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷന്റെ ശിൽപ്പികളിൽ ചിലർ, ഇതിന്റെ രൂപകൽപ്പന നിർവഹിച്ചവരിൽ ചിലർ, ഈ സംഘടനയുടെ ഉയർച്ചക്കും വളർച്ചക്കും കാരണമായി നിലകൊണ്ടവരിൽ പലരും 75 ഉം 85 ഉം വർഷങ്ങളുടെ ചെറുപ്പവുമായി നമ്മോടൊപ്പം ഉണ്ടെന്നുള്ളത് നമ്മുടെ ഭാഗ്യമാണ്. ആ വരിഷ്ഠ സഹോദരങ്ങളെ ആദരിക്കുന്ന ചടങ്ങ് മനസ്സുകളും മിഴികളും നിറയ്ക്കാൻ പോന്നതായിരുന്നു.

വാർഷിക റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ, പ്രമേയ അവതരണം, ബൈ ലോ ഭേദഗതി, അതിനെല്ലാം ശേഷം സംവാദത്തിനും, നിരീക്ഷണങ്ങൾക്കും, അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കുമായി വേദി തുറന്നിട്ടു.

ശ്രീ. ജോൺ ജോസഫ്, റിട്ടേണിങ് ഓഫീസർ തിരഞ്ഞെടുപ്പ് ഫലങ്ങൾ പ്രഖ്യാപിച്ചു. എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷന്റെ ഉയിരും ഉണർവും ഒട്ടും ഉടയാതെ നില നിർത്താൻ നിസ്വാർത്ഥമായി പരിശ്രമം ചെയ്ത സ്ഥാനം ഒഴിയുന്ന എക്സിക്യൂട്ടീവ് അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. പുതുതായി സ്ഥാനമേറ്റ പ്രസിഡന്റ് ശ്രീ. രാധാകൃഷ്ണൻ പുല്ലഞ്ചേരിയും സെക്രട്ടറി ശ്രീ. ഫിലിപ്പ് കോശിയും ഭാവി കടമകൾ പ്രഖ്യാപിക്കുകയായിരുന്നു.

ശ്രീ. പി.ശശിധരൻ, ജോയിന്റ് ജനറൽ കൺവീനർ, ഓർഗനൈസിങ് കമ്മിറ്റി യുടെ നന്ദി പ്രകടനത്തിനുശേഷം ദേശീയ ഗാനലാപനത്തോടെ സമ്മേളനം അവസാനിച്ചു.

അങ്ങിനെ ഓർമ്മകളുടെ പെരും മഴയത്ത്, കൂട്ടായ്മയുടെ കുടക്കീഴിൽ നടന്ന എസ്. ബി. ഐ പെൻഷനേഴ്സിന്റെ ഈ വർഷത്തെ സംഗമോത്സവം കൊടിയിറങ്ങുമ്പോൾ, അടുത്ത മേടത്തിലെ സംഗമത്തിൽ, കണി കാണാനും, കൈനീട്ടം വാങ്ങാനും, സദ്യ ഉണ്ണാനും, ഈ ഉള്ളവരും, ഇനി വരാനുള്ളവരും, ആയുസ്സോടെ, ആരോഗ്യത്തോടെ, ആനന്ദത്തോടെ, ഉണ്ടായിരിക്കേണമേ എന്ന് ഓരോരുത്തരും ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

യാത്ര പറഞ്ഞു പിരിയുന്നവരുടെ മുഖത്തും മനസ്സിലും ഹൃദയഹാരിയായ അനുഭവത്തിന്റെ തിളക്കവും അലയടിക്കുന്നുണ്ടായിരുന്നു.

●

ലേഖനം



ജോസ് വെള്ളറ

1984 ൽ കൈനാട്ടി ശാഖയിൽ ജോലിയിൽ പ്രവേശിച്ചു. 2023 ൽ ചീഫ് അസോസിയേറ്റ് ആയി കോഴിക്കോട് ശാഖയിൽ നിന്നും വിരമിച്ചു. കോഴിക്കോട് സ്വദേശിയാണ്.

# നമ്പർ-1 മംഗലാപുരം മെയിൽ & നമ്പർ-2 മദ്രാസ് മെയിൽ



തെക്കേ ഇന്ത്യയിലെ ആദ്യത്തെ തീവണ്ടിയായ നമ്പർ 1, 2 മദ്രാസ്-മംഗലാപുരം-മദ്രാസ് മെയിൽ വണ്ടിയിൽ കയറാത്ത മലബാറുകാർ കുറവായിരിക്കും. ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ പഴയ തലമുറയ്ക്ക് ഈ തീവണ്ടിയോട് വൈകാരികമായ ഒരു അടുപ്പമുണ്ട്. കേരളത്തിലെ ശാഖകൾ മദ്രാസ് സർക്കിളിന്റെ ഭാഗമായിരുന്ന സമയത്ത് നമ്മുടെ പരിശീലന കേന്ദ്രങ്ങളെല്ലാം തമിഴ്നാട്ടിലായിരുന്നല്ലോ. മദ്രാസിലെ പെരമ്പൂരും, കീഴ്പ്പാക്കത്തും, പിന്നെ തിരുച്ചിറപള്ളിയിലും, നാഗപട്ടണത്തും. ഈ പരിശീലന കേന്ദ്രങ്ങളിലേക്ക് പോകുവാൻ എല്ലാവരും ആശ്രയിച്ചിരുന്നത് പണ്ടത്തെ മദ്രാസ് മെയിൽ ആയിരുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് മലബാർ ജില്ല മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നപ്പോൾ ഔദ്യോഗിക ആവശ്യങ്ങൾക്കും, കച്ചവടസംബന്ധമായ കാര്യങ്ങൾക്കും മദ്രാസിലേക്ക് പോകുവാൻ മലബാറിലെ ജനങ്ങൾ മദ്രാസ് മെയിലിനെയാണ് ആശ്രയിച്ചിരുന്നത്. മദ്രാസ് നഗരത്തിന്റെ പേര് ചെന്നൈ എന്നാക്കിയപ്പോൾ മദ്രാസ് മെയിൽ ചെന്നൈ മെയിലായി.

1867ൽ ഓട്ടം തുടങ്ങിയ ഈ മെയിൽ വണ്ടി ആദ്യ കാലത്ത് തെക്കേ ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷനായ മദ്രാസിലെ റോയപുരം സ്റ്റേഷനിൽ നിന്ന് കോയമ്പത്തൂരിലെ പോത്തന്നൂർ സ്റ്റേഷൻ വരെയായിരുന്നു. 1873ൽ മദ്രാസ് സെൻട്രൽ സ്റ്റേഷൻ നിലവിൽ വന്നപ്പോൾ മദ്രാസ് സെൻട്രലിൽ നിന്നായി. പിന്നെ റെയിൽവേ ലൈൻ കോഴിക്കോട്ടെ ചാലിയം വരെ നീട്ടിയപ്പോൾ ചാലിയം വരെ ഓടിത്തുടങ്ങി. അതിന് ശേഷം 1907ൽ റെയിൽവേ ലൈൻ മംഗലാപുരം വരെ നീട്ടിയപ്പോൾ ഇപ്പോഴത്തെ അവസാന സ്റ്റേഷനായ മംഗലാപുരം വരെയായി. ആദ്യകാലങ്ങളിൽ ഇരിപ്പിട സൗകര്യമുള്ള സാധാരണ കോച്ചുകൾ മാത്രമായിരുന്നു വണ്ടിയിൽ. കോച്ചുകൾ മരംകൊണ്ട് ഉണ്ടാക്കിയവയായിരുന്നു. മെട്രോ ട്രെയിനിലെ പോലെ നീളത്തിലായിരുന്നു ഇരിപ്പിടങ്ങൾ, നാല് വരിയിൽ രണ്ട് വരി മുഖത്തോടുമുഖമായി, കോച്ചിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റം വരെ. അതിന് ശേഷം 50കളുടെ മധ്യത്തിൽ ശയന സൗകര്യമുള്ള കോച്ചുകൾ വന്നു. എൺപതുകളുടെ ആദ്യത്തിൽ ശീതീകരിച്ച കോച്ചുകൾ ഈ വണ്ടിയിൽ നിലവിൽ വന്നു. കാലക്രമേണ ഫസ്റ്റ് ക്ലാസ് കോച്ചുകളുടെ നിർമ്മാണം റെയിൽവേ നിർത്തിയപ്പോൾ ഫസ്റ്റ് ക്ലാസ് കോച്ചുകൾ ഈ വണ്ടിയിൽ നിന്ന് ഒഴിവായി.

ഒരു അഞ്ച് തലമുറയുടെയെങ്കിലും ചരിത്രം പറയാനുണ്ടാകും മദ്രാസ് മെയിലിന്. 157 വയസ്സിന്റെ ചെറുപ്പവുമായി അവൾ ഇപ്പോഴും യാത്രക്കാരെ കേരളത്തിൽ നിന്ന് തമിഴനാട്ടിലേക്കും, കർണാടകത്തിലേക്കും തിരിച്ചും എത്തിക്കുന്നു. ഒരു ഭാഗത്തേക്ക് ഈ മെയിൽ വണ്ടി താണ്ടുന്ന ദൂരം 889 കിലോമീറ്ററാണ്. ഒരു നൂറ്റാണ്ടിലധികം ആവി എൻജിൻ ഉപയോഗിച്ചാണ് ഈ വണ്ടി ഓടിയിരുന്നത്. ആവി എൻജിന്റെ അവസാന കാലഘട്ടത്തിൽ ' സ്റ്റാർ ' എൻജിനാണ് ഈ വണ്ടിയെ ചലിപ്പിച്ചിരുന്നത്. ഇത്തരം എൻജിനുക്കൾക്ക് മുൻഭാഗത്ത് ഒരു നക്ഷത്രത്തിന്റെ ചിഹ്നമുണ്ടാകും. ഇവ 2680 കുതിരശക്തി ഉള്ളവയാണ്. മെയിൽ /എക്സ്പ്രസ് വണ്ടികൾക്കാണ് ഇത്തരം എൻജിനുകൾ ഉപയോഗിച്ചിരുന്നത്. ഇവയുടെ പരമാവധി വേഗത മണിക്കൂറിൽ 110 കീ മീ യാണ്. ഭാരതീയ റെയിൽവേ ആവി എൻജിനുകൾ ഒഴിവാക്കി ഡീസൽ എൻജിനുകളില്ലേക്ക് മാറിയപ്പോൾ, 1975 നവംബർ ഒന്നാം തിയതി മുതൽ മെയിൽ വണ്ടി ഡീസൽ എഞ്ചിൻ ഉപയോഗിച്ച് ഓടുവാൻ തുടങ്ങി. അന്ന് മുതൽ തന്നെ മെയിലിന്റെ റൂട്ടിൽ ഒരു ചെറിയ മാറ്റവുമുണ്ടായി. കോയമ്പത്തൂരിൽ ജംഗ്ഷനിൽ പോകാതെ ഈറോഡിൽ നിന്ന് ഇരുഗൂർ വഴി നേരെ പോത്തന്നൂരിലേക്ക്  ദൂരത്തിൽ 12 കിലോമീറ്റർ കുറവും, സമയലാഭവും. 2017ൽ ഷൊർണ്ണൂർ മംഗലാപുരം പാത വൈദ്യുതീകരിച്ചപ്പോൾ, വൈദ്യുതി എൻജിനിലായി ഓട്ടം. ഭാരതീയ റെയിൽവേയുടെ മെയിൽ / എക്സ്പ്രസ് വണ്ടികൾക്കുള്ള ഏറ്റവും ശക്തിയുള്ള, (6120 കുതിര ശക്തി) WAP7 വൈദ്യുതി എഞ്ചിൻ ഉപയോഗിച്ചാണ് ഇപ്പോൾ ഈ വണ്ടി ഓടുന്നത്. മണിക്കൂറിൽ 140 കി മീ യാണ് ഈ എൻജിന്റെ പരമാവധി വേഗത.



*ചാലിയം റെയിൽവേ ടെർമിന്നസ് ആയിരുന്ന കാലത്ത് ആവി എൻജിനിലേക്ക് വെള്ളം എടുത്തിരുന്ന കിണർ*

**1867ൽ ഓട്ടം തുടങ്ങിയ ഈ മെയിൽ വണ്ടി ആദ്യ കാലത്ത് തെക്കേ ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷനായ മദ്രാസിലെ റോയപുരം സ്റ്റേഷനിൽ നിന്ന് കോയമ്പത്തൂരിലെ പോത്തന്നൂർ സ്റ്റേഷൻ വരെയായിരുന്നു.**

നമ്പർ ഒന്നും, രണ്ടും ആയിരുന്നു മദ്രാസ് -മംഗലാപുരം-മദ്രാസ് മെയിൽ. പിന്നെ, അഖിലേന്ത്യ തലത്തിൽ റിസർവേഷൻ കമ്പ്യൂട്ടർവൽകരിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ എല്ലാ വണ്ടികളുടെയും നമ്പറുകൾ സോൺ, ഡിവിഷൻ തലത്തിൽ, സൂപ്പർ ഫാസ്റ്റ് വണ്ടികളെ പ്രത്യേകം തരംതിരിച്ചും നമ്പറുകൾ മാറ്റിയപ്പോഴാണ് ഇപ്പോഴത്തെ നമ്പറായ 12601, 12602 വരുന്നത്. ഇതിൽ 1 ഇന്ത്യൻ റെയിൽവേ, 2 സൂപ്പർഫാസ്റ്റ്, 6 ചെന്നൈ സോൺ, 1,2 വണ്ടി നമ്പർ. ഓരോ വണ്ടിയുടെയും ഇപ്പോഴത്തെ നമ്പർ വരുന്നത്



ചെന്നൈ മെയിൽ കോഴിക്കോട് ജില്ലയിലെ കോരപുഴ പാലം കടക്കുന്നു

ഇങ്ങനെയാണ്. സൂപ്പർഫാസ്റ്റ് വണ്ടിയല്ലെങ്കിൽ റെയിൽവേ ഡിവിഷന്റെ നമ്പർ കൂടി ഉൾപ്പെട്ട തായിരിക്കും വണ്ടിയുടെ നമ്പർ. ഈ മാറ്റത്തോ ടുകൂടി ഇന്ത്യൻ റെയിൽവേയിലെ വണ്ടികളുടെ നമ്പറിലെ പ്രഥമ സ്ഥാനം ഈ മെയിൽ വണ്ടിക്ക് നഷ്ടമായി.

2001 ജൂൺ 22ന് മംഗലാപുരത്ത് നിന്ന് ചെ ന്നൈയിലേക്ക് പോകുകയായിരുന്ന ഈ മെയിൽ വണ്ടി ഒരു അപകടത്തിൽ പെട്ടു. കടലുണ്ടി പാലത്തിൽ നിന്ന് 3 കോച്ചുകൾ പാളം തെറ്റി പുഴയിലേക്ക് മറിയുകയായിരുന്നു. 59 പേർ ഈ അപകടത്തിൽ മരിച്ചു. കേരളത്തിലെ രണ്ടാമത്തെ വലിയ തീവണ്ടി അപകടമായിരുന്നു അത്. അപകടത്തിന് ശേഷം മലബാർ മേഖലയിലെ റെയിൽ ഗതാഗതം മാസങ്ങളോളം നിർത്തിവച്ചു. തകരാറിലായ കടലുണ്ടിപാലം പുതുക്കി പണിത ശേഷമാണ് ഗതാഗതം പുനരാരംഭിച്ചത്.

ചെന്നൈയ്ക്ക് പോകുവാൻ മലബാറുകാർ ഇപ്പോഴും ഈ മെയിൽ വണ്ടിയെ തന്നെയാണ് കൂടുതൽ ആശ്രയിക്കുന്നത്. രാവിലെ 6 മണിക്ക് ചെന്നൈയിൽ എത്തും എന്ന സൗകര്യമുണ്ട്. ചെന്നൈയിൽ സ്ഥിരതാമസമാക്കിയ വടക്കൻ കേ രളത്തിൽനിന്നുള്ള മലയാളികൾക്ക് നാട്ടിലേക്ക് വരാനും മടങ്ങുവാനും, ഐ ടി മേഖലയിൽ ജോലി ചെയ്യുന്നർ, വിദ്യാർത്ഥികൾ, വിനോദ സഞ്ചാരികൾ എന്നിവർക്കും സൗകര്യപ്രദമായ വണ്ടിയാണ് മദ്രാസ് (ചെന്നൈ) മെയിൽ.

മംഗലാപുരം മദ്രാസ് മെയിലിന്ന് ശേഷം ഓടിത്തുടങ്ങിയ തിരുവനന്തപുരം മദ്രാസ് മെയിലിന്റെ പേരിൽ 1990 ൽ ഒരു സിനിമയിറങ്ങി, “നമ്പർ ട്വന്റി മദ്രാസ് മെയിൽ”. 157 വയസ്സിന്റെ ചെറുപ്പവുമായി ഇപ്പോഴും ഓടുന്ന മംഗലാപുരം മദ്രാസ് (ചെന്നൈ) മെയിലിന്റെ പേരിൽ ഒരു ഡോക്യുമെന്ററിയെങ്കിലും വൈകാതെ ഉണ്ടാകു മെന്ന് പ്രതീക്ഷിക്കാം.

> **2001 ജൂൺ 22ന് മംഗലാപുരത്ത് നിന്ന് ചെന്നൈയിലേക്ക് പോകുകയായിരുന്ന ഈ മെയിൽ വണ്ടി ഒരു അപകടത്തിൽ പെട്ടു. കടലുണ്ടി പാലത്തിൽ നിന്ന് 3 കോച്ചുകൾ പാളം തെറ്റി പുഴയിലേക്ക് മറിയുകയായിരുന്നു. 59 പേർ ഈ അപകടത്തിൽ മരിച്ചു. കേരളത്തിലെ രണ്ടാമത്തെ വലിയ തീവണ്ടി അപകടമായിരുന്നു അത്.**



**ബാലകൃഷ്ണൻ പന്താരങ്ങാടി**

1981 ൽ ബാങ്കിൽ ക്ലാർക്ക് ആയി ജോയിൻ ചെയ്തു. 1998ൽ ഓഫീസർ പ്രൊമോഷൻ ലഭിച്ചു. വിവിധ ശാഖകളിൽ സേവനം ചെയ്ത ശേഷം 2018ൽ മലപ്പുറം RBO യിൽ നിന്ന് ചീഫ് മാനേജർ തസ്തികയിൽ വിരമിച്ചു. നിരവധി നാടകങ്ങൾക്ക് വേണ്ടി പാട്ടുകൾ എഴുതിയിട്ടുണ്ട്. ഏതാനും കവിതകൾ ആനുകാലിക ങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഇനിയൊന്ന്

ഇനിയൊന്നു തിരികെ നടക്കണം
കാലടികൾ പൊള്ളിച്ച കനൽ വഴികൾ കാണണം
ഇനിയൊന്നു പുറകോട്ടു പോകണം
ചിന്തകളിൽ ഞൊറിയിട്ട ചുളിവുകൾ നിവർത്തണം
ഇനിയൊന്നു തിരികെ നടക്കണം.

ഇനിയൊന്നു പൊട്ടിക്കരയണം.
തുളവീണ നൗകയിൽ തോരാപെരുമഴയിൽ
തുഴയെന്റെ കൈകളിൽ തന്നു മറഞ്ഞുപോയ്
പ്രിയമുള്ളോരച്ഛന്റെ ഓർമ്മതൻ ചെപ്പുകളി
ലൊരുപാട് നാളായ് തളം കെട്ടി നിൽക്കുന്ന
കരിമേഘമാലകൾ പെയ്തൊഴിഞ്ഞീടുവാൻ
ഇനിയൊന്നുറക്കെ കരയണം.

ഇനിയൊന്നുറക്കെ ചിരിക്കണം
പെരുവഴിക്കവലയിൽ ഒരു പാതിരാത്രിയിൽ
വഴിയറിയാതെ പകച്ചു ഞാൻ നിൽക്കവേ
തെളിയുമൊരു തരിവെട്ട മൂതിക്കെടുത്തിയെൻ
ഭയ വിഹ്വലമായ കൺകളിൻ ദൈന്യത
പരിഹാസമാക്കിയ വേതാളവൃന്ദത്തിൻ
ചിരിയസ്തമിച്ച മുഖത്തൊന്നു നോക്കണം
ഇനിയൊന്നു പൊട്ടിച്ചിരിക്കണം

ഇനിയൊന്നു ചാരി ഇരിക്കണം
മുതുകിൽ കയറ്റിയ കർമ്മഭാരങ്ങൾ തൻ
ഘനമെന്റെ കാലിനു നോവു നല്കുമ്പൊഴും
പടവുകളിലിടറാതെ പടുകുഴിയിൽ വീഴാതെ
ഇവിടെവരെ എത്താൻ തുണയെനിക്കേകിയ
കാലുകൾക്കൊരു മാത്ര വിശ്രമം നൽകുവാൻ
ഇനിയൊന്നു ചാരിയിരിക്കണം ●





**എസ്. സുനിൽ കുമാർ**

2021 ൽ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും മാനേജർ (ഡി & ടി. ബി) എന്ന തസ്തികയിലിരിക്കെ റിട്ടയർ ചെയ്തു. താമസം തിരുവനന്തപുരം, വട്ടിയൂർകാവിൽ.

# ശ്രീ ബിന്ദേശ്വർ പഥക്

# ആധുനിക ഭാരതത്തിന്റെ വിശുദ്ധൻ

ഭാരതം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഓഗസ്റ്റ് 15 ന് ഓർമ്മിക്കാൻ ഒരു കാര്യം കൂടി. ശുചിത്വ പ്രവർത്തികളുടെ പിതാവ് എന്ന് വിശേഷിപ്പിക്കാവുന്ന മഹാനായ ഒരു ഭാരതീയന്റെ വിടവാങ്ങൾ ദിനം കൂടി ആണ് ഈ ദിവസം. ഭാരതത്തിൽ ഇന്ന് നാം അനുഭവിക്കുന്ന ശുചിത്വ പദ്ധതികളുടെ ഉപജ്ഞാതാവ് ശ്രീ ബിന്ദേശ്വർ പാഥക് (89) അന്തരിച്ചു എന്ന വാർത്തയാണ് എഴുപത്തിയേഴാം സ്വാതന്ത്ര്യ ദിനത്തിന്റെ ആഘോഷവേളയിൽ നാം കേട്ടത് (15.08.23). ഭാരതത്തെ ശുചിത്വം പഠിപ്പിച്ച അദ്ദേഹം സ്വാതന്ത്രദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന വേളയിൽ കുഴഞ്ഞുവീണു അന്തരിക്കുകയാണ് ചെയ്തത്. പല ത്രസിപ്പിക്കുന്ന വാർത്തകൾക്കിടയിൽ കണ്ട ഈ വാർത്തയ്ക്ക് ഒരു പ്രാമുഖ്യവും പത്രങ്ങളും മാധ്യമങ്ങളും അന്നും പിന്നെയും കൊടുത്തതായി തോന്നിയില്ല. രാഷ്ട്രീയ ബിംബങ്ങളെ പ്രകീർത്തി ക്കുകയും പ്രീതിപ്പെടുത്തുകയും ചെയ്യുന്നതിനിടയിൽ ഇതിന് എന്ത് പ്രസക്തി എന്നത് കൊണ്ടായിരിക്കും. പല

> "
> **മൂന്നു ദശകത്തിന് മുന്നിലുള്ള നമ്മുടെ സമൂഹത്തിലെ ശുചിത്വ രീതികളെ/ പ്രവർത്തികളെ നാം അറിയാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, പരിതാപകരമായ ഒരു അവസ്ഥയായിരുന്നു അത്.**

മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരായ വ്യക്തികളുടെ നാടാണ് ഭാരതം . ഇല്ലാക്കഥകൾ വരെ ചമച്ച് മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും പ്രചരിപ്പിച്ച് ദിവ്യ പരിവേഷം വരെ ഉണ്ടാക്കിയെടുക്കുന്ന കാലഘട്ടത്തിൽ ഈ വാർത്തയ്ക്ക് എന്ത് പ്രാധാന്യം. എന്നാൽ പരിസ്ഥിതി പ്രവർത്തനത്തിന്റെയും ശുചിത്വം എന്ന മഹാകർമ്മത്തിന്റെയും തീപ്പൊരി മനസ്സിൽ ജ്വലിക്കുന്ന ആർക്കും ഈ വ്യക്തിയെ ശ്രദ്ധിക്കാതിരിക്കാൻ കഴിയില്ല.

ഏകദേശം ഒരു മൂന്നു ദശകത്തിന് മുന്നിലുള്ള നമ്മുടെ സമൂഹത്തിലെ ശുചിത്വ രീതികളെ/ പ്രവർത്തികളെ നാം അറിയാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, പരിതാപകരമായ ഒരു അവസ്ഥയായിരുന്നു അത്. പൊതുസ്ഥലങ്ങളിലും വഴിയോരങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റേഷനുകളിലും സർക്കാർ ഓഫീസുകളിലെ കോവണിപ്പടിയിലും പ്രവേശന കവാടത്തിലും നാം കാണുകയും അനുഭവിക്കുകയും ചെയ്ത വൃത്തിഹീനമായ സാഹചര്യങ്ങളുടെ ഓർമ്മകൾ. റെയിൽവേ സ്റ്റേഷനുകളിലും കമ്പാർട്ട്മെന്റിലും അനുഭവപ്പെടുന്ന മാലിന്യ

ഗന്ധത്തെ പൊതുവേ റെയിൽവേയുടെ മണം എന്ന് പോലും നമ്മൾ പറയുമായിരുന്ന ഒരു കാലം. അതിൽ നിന്നും ഇന്ന് കാണുന്ന രീതിയിൽ എല്ലാ തലങ്ങളിലും ഉണ്ടായിട്ടുള്ള ശുചിത്വം, അതിന്റെ കാരണക്കാരനാണ് മുകളിൽ പറഞ്ഞ വ്യക്തി. അപ്പോൾ ഇക്കാലത്തെ യഥാർത്ഥ വിശുദ്ധൻ എന്ന് വിശേഷിപ്പിക്കേണ്ടത് ആരെയാണ്. ഗാന്ധിജിയെ പോലുള്ള ദേശീയ നേതാക്കളും ശ്രീ നാരായണ ഗുരുവിനെ പോലുള്ള സാമൂഹ്യപരിഷ്കർത്താക്കളും മതത്തിന്റെയും ജാതിയുടെയും നിറത്തിന്റെയും വേലിക്കെട്ടുകൾ പൊട്ടിച്ച് ശുചിത്വത്തിനും മാലിന്യ നിർമാർജനത്തിനും വേണ്ടി പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്തു. എന്നാൽ ബിന്ദേശ്വർ പഥക്, അക്ഷരാർഥത്തിൽ അത് പ്രവർത്തികമാക്കുകയാണ് ചെയ്തത്. അങ്ങനെ നമ്മുടെ ഇടയിൽ വിശുദ്ധപദവി നേടിയ അദ്ദേഹത്തെ കുറിച്ചുള്ള കൂടുതൽ കാര്യങ്ങളിലേക്ക് ഒന്ന് ശ്രദ്ധ തിരിച്ചാലോ.

> **ബാലൻ ആയിരിക്കുമ്പോൾ ദളിത് സ്ത്രീയെ സ്പർശിച്ചതിന് കുടുംബാംഗങ്ങൾ ചാണകം തീറ്റിക്കുകയും ഗോമൂത്രം കുടിപ്പിക്കുകയും പുരോഹിതനെ കൊണ്ട് പുണ്യാഹം ചെയ്യിക്കുകയും ചെയ്തത് ബാലനായ അദ്ദേഹത്തിന്റെ മനസ്സിലേറ്റ ഉണങ്ങാത്ത മുറിവായിരുന്നു.**

## ജീവചരിത്രം

ബീഹാറിൽ വൈശാലി ജില്ലയിലെ രാംപൂർ ബാഗേൾ എന്ന ഗ്രാമത്തിലെ ബഹുമാന്യനായ ആയുർവേദ ഡോക്ടർ രമാകാന്ത് പഥക്കിന്റെയും യോഗമായദേവിയുടെയും പുത്രനായി ഒരു ബ്രാഹ്മണ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ക്രിമിനോളജി പഠിക്കാൻ ആഗ്രഹിച്ച ആ ബാലൻ പട്നയിലെ ഗാന്ധി ശതാബ്ദി സമിതിയിൽ വോളണ്ടിയർ ആയതോടെ സാമൂഹ്യപ്രവർത്തനരംഗത്തേക്ക് ജീവിതം സമർപ്പിക്കുകയാണ് ചെയ്തത്. ഗാന്ധി ശതാബ്ദി സമിതിയിൽ പ്രവർത്തിക്കുന്ന കാലത്ത് ഒരു ദിവസം ഒരു അധ:കൃത ബാലനെ ഒരു കാള ആക്രമിക്കുന്നത് കാണുവാൻ ഇടയായി. അധ:കൃതനായതിനാൽ ഓടിക്കൂടിയവർ ആ ബാലനെ രക്ഷിക്കാൻ ശ്രമിക്കാത്തതിനാൽ കുത്തേറ്റ് ബാലൻ മരിച്ചു. ഈ സംഭവം അടിച്ചമർത്തപ്പെട്ടവർക്ക് വേണ്ടി പ്രവർത്തിക്കുവാനും, ജീവിതം ഗാന്ധിജിയുടെ സ്വപ്നം സഫലമാക്കുവാൻ വേണ്ടി സമർപ്പിക്കുവാനും തീരുമാനിക്കപ്പെട്ടു. സോഷ്യോളജിയിലും ഇംഗ്ലീഷിലും ബിരുദാനന്തര ബിരുദവും പി എച്ച് ഡി യും നേടിയ അദ്ദേഹം അധ്യാപകനായും സേവനമനുഷ്ഠിച്ചു. ബാലൻ ആയിരിക്കുമ്പോൾ ദളിത് സ്ത്രീയെ സ്പർശിച്ചതിന് കുടുംബാംഗങ്ങൾ ചാണകം തീറ്റിക്കുകയും ഗോമൂത്രം കുടിപ്പിക്കുകയും പുരോഹിതനെ കൊണ്ട് പുണ്യാഹം ചെയ്യിക്കുകയും ചെയ്തത് ബാലനായ അദ്ദേഹത്തിന്റെ മനസ്സിലേറ്റ ഉണങ്ങാത്ത മുറിവായിരുന്നു. സാമൂഹ്യ വ്യവസ്ഥിതിയിൽ ഏറ്റവും നീചരായി കണക്കാക്കിയിരുന്ന അധ:കൃതരായ തോട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുവാൻ തോട്ടി വിമോചന സെല്ലിൽ അംഗമാവുകയും, അതിന്റെ ഭാഗമായി രാജ്യം എമ്പാടും സഞ്ചരിച്ച് അവരോടൊപ്പം താമസിക്കുകയും, തന്റെ പി എച്ച് ഡി ഗവേഷണ വിഷയമായി തോട്ടികളുടെ മോചനം തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. ജാതി വ്യവസ്ഥയിൽ ഏറ്റവും നിന്ദിതരായി കണക്കാക്കുന്ന തോട്ടികൾക്കൊപ്പം സ്വയം തോട്ടിപ്പണി ചെയ്താണ് ബ്രാഹ്മണനായി ജനിച്ച പഥക് ജാതിയുടെ പേരിലുള്ള വേലികെട്ടുകൾ തകർത്തെറിഞ്ഞത്.



വിദ്യാഭ്യാസത്തിലും ബുദ്ധിയിലും പ്രബുദ്ധരായ കേരളീയർ ഇന്നും പേരിൽ പോലും ജാതി വിളിച്ച് പറയുന്ന രീതി ആലോചിക്കുമ്പോൾ ലജ്ജ തോന്നുന്നു.

## പ്രവർത്തനമേഖല

തോട്ടിപ്പണി ഇല്ലാതാക്കുവാനും, ഹീന ജാതിക്കാരുടെ അവകാശങ്ങൾക്കും, പരിസ്ഥിതി ശുചിത്വത്തിനും, മാലിന്യനിർമാർജനത്തിനും വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കും വേണ്ടി പോരാടുന്നതിനുംവേണ്ടി "സുലഭ് ഇന്റർനാഷണൽ" എന്ന സന്നദ്ധ സംഘടന 1970ൽ അദ്ദേഹം സ്ഥാപിക്കുകയും ലോകവ്യാപകമായി മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ആരം ഭിക്കുകയും ചെയ്തു. ഈ സംഘടനയുടെ ആസ്ഥാനം ഡൽഹിയാണ്.

ഡോക്ടർ പഥക്കിന്റെ പ്രവർത്തനങ്ങളിൽ ഉത്തേജനം കൊണ്ട കേന്ദ്രസർക്കാർ മാലിന്യ നിർമാർജനം, ശുചിത്വം മേഖലകളിൽ അദ്ദേഹത്തിന്റെ ഉപദേശം തേടുകയും ശുചിത്വ കാര്യങ്ങൾക്കായി സ്വച്ച് ഭാരത് മിഷൻ എന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രാജ്യമെമ്പാടും ഇന്ന് നാം അനുഭവിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവൃത്തിയുടെയും, ശുചിത്വത്തിന്റെയും ആരംഭം ഇവിടെ നിന്നുമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഭാരതത്തിലെ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും വൃത്തി ഹീനമായ അന്തരീക്ഷം മറ്റു രാജ്യങ്ങൾക്ക് സംസാര വിഷയമായിരുന്നു. നമ്മുടെ രാജ്യത്തെ വെളിയിട വിസ്സർജ്യ മുക്തമാക്കുവാൻ കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ നിർമ്മിക്കുവാൻ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. 1.3 മില്യൺ വീടുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുകയും ചേരികളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും ഏകദേശം 54 ലക്ഷം പുതിയ ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും ചെയ്തു. കരകൃതമായി മനുഷ്യമാലിന്യങ്ങൾ നീക്കി ശുചികരിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിരോധനം നടപ്പാക്കുകയും, ഈ പ്രവർത്തിയിൽ ഏർപ്പെട്ടിരുന്നവർക്ക് മറ്റ് തൊഴിൽ നൽകാൻ ഉള്ള മാർഗങ്ങൾ ഉണ്ടാക്കുകയും ചെയ്തു.ടോയ്‌ലറ്റുകളെ ഫെർമെന്റേഷൻ പ്ലാന്റുകളുമായി ബന്ധിപ്പിച്ച് ബയോഗ്യാസ് ഉത്പാദിപ്പിക്കുവാനുള്ള സ്കീം തുടങ്ങി. ഈ മാതൃക ഇന്ന് പല രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്.

ശുചിത്വത്തിന്റെ ഭാഗമായി സ്കൂളുകളിൽ ടോയ്‌ലറ്റുകൾ, മാതൃക ഗ്രാമങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സംഘടന സ്ഥാപിച്ചു. അരലക്ഷത്തോളം പേരെ തോട്ടിപ്പണിയിൽ നിന്നും മോചിപ്പിച്ചു. അവർക്ക് മറ്റ് ജോലിയിൽ പരിശീലനം നൽകി പ്രാപ്തരാക്കി. തോട്ടികളുടെ മക്കൾ ഉൾപ്പെടെ, സമൂഹത്തിന്റെ താഴെക്കിടയിലുള്ള കുട്ടികളെ, ഉന്നത കുടുംബങ്ങളിലെ കുട്ടികൾക്കൊപ്പം പഠിപ്പിക്കുവാൻ "സുലഭ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ" സ്ഥാപിച്ചു. വിധവകൾക്കായി പ്രത്യേക പദ്ധതികൾ തുടങ്ങി. ഏകദേശം 50,000 ത്തോളം സന്നദ്ധപ്രവർത്തകർ സുലഭിനുവേണ്ടി രാജ്യത്താകമാനം പ്രവർത്തിക്കുന്നു.



**ഗാന്ധിജി പറഞ്ഞതുപോലെ ശുചിത്വത്തിലൂടെയാണ് ദൈവ സാമിപ്യം ഉണ്ടാകുന്നത്, ശുദ്ധമായ മനസ്സിനുടമ എന്നും ദൈവകൃപയ്ക്ക് പാത്രമാകുന്നതു പോലെ ശരീരം ശുദ്ധിയുള്ളവന് ദൈവാനുഗ്രഹം എപ്പോഴും ഉണ്ടാകും.**

"

ഗാന്ധിജിയുടെ തത്വങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം ഒരു കോൺഗ്രസ് പ്രവർത്തകനും ബീഹാറിലെ ഭഗൽപൂരിൽ നിന്നുള്ള കോൺഗ്രസ് എംപിയും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിൽ ആകൃഷ്ടനായതു കൊണ്ടാണ് കോൺഗ്രസുകാരൻ ആയിട്ടും ഇന്നത്തെ സർക്കാർ ശുചിത്വ മേഖലയിലെ മാറ്റത്തിനും പ്രവർത്തനത്തിനും മറ്റും അദ്ദേഹത്തിന്റെ മാർഗരേഖയിൽ സഞ്ചരിക്കുവാൻ തയ്യാറായതും പല കാര്യങ്ങളിലും ഉപദേശം തേടുകയും ചെയ്തത്. സ്വച്ഛഭാരത മിഷന്റേയും, സ്വച്ഛറെയിൽ മിഷന്റേയും ബ്രാൻഡ് അംബാസഡർ കൂടിയായിരുന്നു ഇദ്ദേഹം. ദ റോഡ് ടു ഫ്രീഡം, പ്രധാനമന്ത്രി നരേന്ദ്രമോദിയെ പറ്റിയുള്ള " ദി മേക്കിംഗ് ഓഫ് ദ ലെജൻഡ്" തുടങ്ങിയ പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണ് ശ്രീ പഥക്.

## ബഹുമതികൾ

അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി രാഷ്ട്രം 1991ൽ പത്മഭൂഷൻ നൽകി അദ്ദേഹത്തെ ആദരിച്ചു. 2016ൽ "സുലഭ ഇന്റർനാഷണൽ", അക്ഷയ പത്ര ഫൌണ്ടേഷന് ഒപ്പം ഗാന്ധി പീസ് സമ്മാനം പങ്കിട്ടു. ന്യൂയോർക്ക് നഗരസഭ 2016 ഏപ്രിൽ 14 ബിന്ദേശ്വർ ദിനമായി ആചരിച്ചു. ഗ്ലോബൽ 500 റോൾ ഓഫ് ഓണർ, ഫ്രഞ്ച് സെനറ്റിന്റെ ലെജൻഡ് ഓഫ് പ്ലാനറ്റ് അവാർഡ്, ദുബായ് ഇന്റർനാഷണൽ അവാർഡ്, എനർജി ഗ്ലോബ് അവാർഡ്, തുടങ്ങി പുരസ്കാരങ്ങൾ നൽകി തദ്ദേശ വിദേശ ഗവൺമെന്റുകളും സ്ഥാപനങ്ങളും അദ്ദേഹത്തെയും സ്ഥാപനത്തെയും ആദരിച്ചിട്ടുണ്ട്.

## ആധുനിക ഭാരതത്തിന്റെ "വിശുദ്ധൻ"

സ്വാർത്ഥ താല്പര്യങ്ങൾക്കും സ്വജനപക്ഷപാതത്തിലും അഴിമതിയിലും സഞ്ചരിക്കുന്ന ഈ വർത്തമാനകാലത്ത്, ശുചിത്വത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും വേണ്ടി ജീവിതം ഹോമിച്ച ശ്രീ ബിന്ദേശ്വർ പഥക് തന്നെയല്ലേ "ആധുനിക ഭാരതത്തിന്റെ വിശുദ്ധൻ".

ഗാന്ധിജി പറഞ്ഞതുപോലെ ശുചിത്വത്തിലൂടെയാണ് ദൈവ സാമിപ്യം ഉണ്ടാകുന്നത്, ശുദ്ധമായ മനസ്സിനുടമ എന്നും ദൈവകൃപയ്ക്ക് പാത്രമാകുന്നതു പോലെ ശരീരം ശുദ്ധിയുള്ളവന് ദൈവാനുഗ്രഹം എപ്പോഴും ഉണ്ടാകും.

രാഷ്ട്രീയ പ്രവർത്തനം, സാമൂഹ്യപ്രവർത്തനം, ശാസ്ത്ര പഠനം പരീക്ഷണം, സാഹിത്യം സംഗീതം, മനുഷ്യ അവകാശ പ്രവർത്തനം, കായിക മികവ് തുടങ്ങിയ മേഖലകളിൽ ധാരാളം രത്നങ്ങളെ സമ്മാനിച്ച ഭാരതത്തിന് ശുചിത്വത്തിലും മാലിന്യ നിർമാർജനത്തിന്റെ പ്രവർത്തിയിലും അഭിമാനിക്കാൻ ലഭിക്കുന്ന മറ്റൊരു രത്നമാകട്ടെ ബിന്ദേശ്വർ പഥക് എന്ന് ആശിക്കുന്നു. ഒപ്പം ദൈവിക പ്രവർത്തിയാൽ ഭാരതത്തെ മറ്റ് ദേശങ്ങളുടെ മുന്നിൽ ശോഭനമാക്കിയ അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ പ്രണമിക്കുകയും ചെയ്യുന്നു. ●



**ടി. വി. ബാലകൃഷ്ണൻ**

1947 ൽ തലശ്ശേരിക്കടുത്ത് പാതിരിയാട് ഗ്രാമത്തിൽ ജനനം. 1966 ൽ സ്റ്റേറ്റ് ബാങ്കിന്റെ മദ്രാസ് മെയിൻ ബ്രാഞ്ചിൽ ക്ലാർക്ക്. കോഴിക്കോട് മെഡിക്കൽ കോളേജ്, തളിപ്പറമ്പ്, പയ്യന്നൂർ ശാഖകളിൽ മാനേജർ. നേരത്തെ എസ്. ബി. ഐ. ഓഫീസേർസ് അസോസിയേഷൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ആയിരുന്നു.

# സർക്കോമ

"ഇത്തിരി സുഖം തോന്നുണ്ടെനിക്കിന്നെൻ പൊത്തിൽ
എത്ര നാളായ് ഞാൻ ചുരുണ്ടു കിടക്കുന്നു..."
ഏറെ നാൾ മുന്നെ, ആൻജിയോപ്ലാസ്റ്റി രണ്ടാമതും
ചെയ്തു
വീട്ടിൽ തിരിച്ചെത്തിയ വേളയിൽ
'ഫാമിലി പെൻഷൻ' കടലസുകൾ എടുത്തെൻ
പ്രിയതമയുടെ പെട്ടിയിൽ നിക്ഷേപിക്കേ
മൃദുവായ് ചൊല്ലി ഞാൻ, ഈ കടലാസുകൾ
സമയം വരുമ്പോൾ നീ ബാങ്കിൽ നൽകീടേണം.
ഞെട്ടിത്തിരിഞ്ഞു സീത എന്നോടോതി
മിണ്ടാതിരിക്കൂ നിങ്ങൾ,
ഡോക്ടർ വിശ്രമിക്കുവാൻ
പറഞ്ഞില്ലേ...
വിശ്രമിച്ചു ഞാൻ, വീണ്ടും
വീണ്ടും വിശ്രമിച്ചു തളർന്നു
പോയ്,
ചുരുണ്ടീ ലോകം എന്റെ
ഗൃഹാങ്കണത്തിലായ്.



ജീവിത നൗക ശാന്തയായ്
ഒഴുകവേ
പെട്ടെന്നൊരു മുഴ കാണായ് അവളുടെ തുട ഭാഗം.
'മുഴ' നീക്കി പരിശോധിച്ചിത് ഡോക്ടർ
'സർകോമ' യെന്ന് വിധിച്ചപ്പോൾ
റേഡിയേഷൻ ചെയ്തു മസിലുകൾ നന്നായ് പൊള്ളി
കീമോ കവർന്നെടുത്തവളുടെ മുഴുവൻ കാർക്കൂന്തലും.
പടരുമിതു വേഗം ശരീരത്തിലെത്ര
നാളെടുക്കുമെന്നറിവീല ചിത്രഗുപ്തനു പോലും.!
മകനും, മകളും പറന്നെത്തീ അമ്മയെ ശുശ്രുഷിക്കാൻ
സീത തൻ മുഖമല്പം തെളിഞ്ഞെന്നപ്പോൾ തോന്നി.

മാസം രണ്ടു കഴിഞ്ഞപ്പോൾ മകളോതി ജൂലായ്
ഇരുപതാം തീയതി ഞാൻ തിരികെ പോകുന്നമ്മേ.
ഞാൻ വരും വീണ്ടും സപ്തംബർ മാസം തന്നെ.
ക്ഷീണിച്ച, ശോഷിച്ച ശബ്ദത്തിലവൾ മന്ത്രിച്ചാൾ
ആഗസ്റ്റിരുപതാം തീയതി മേൽ പോയാൽ പോരേ.
ടിക്കറ്റു മാറ്റി മകൾ, ആഗസ്റ്റ് പിറന്നപ്പോൾ
ശ്വസിക്കാൻ പ്രയാസമായ് സീത ആശുപത്രിയിലെത്തി.
ആഹരിക്കുന്നില്ല, ശബ്ദവും അടഞ്ഞു പോയ്
നയനങ്ങളാലെന്നോടെന്തോ വിലപിച്ചവൾ
അവളുടെ ദേഹമാകെ കുളിരേറെ പടർന്നപ്പോൾ
ഐസിയു തണുപ്പിലും തീ പടർന്നെന്റെ നെഞ്ചിൽ.
കണ്ണുകളടയുന്നു, ശ്വസനം മന്ദം മന്ദം വിരാമമായ്
നിസ്സഹായരായ് ഞങ്ങൾ ബന്ധുക്കൾ ചുറ്റും നിന്നു.
ആഗസ്റ്റാറാം തീയതിയാണിന്നു
ബ്രഹ്മ മുഹൂർത്തത്തിൽ ശുക്ലപക്ഷത്തിൽ
എൻ കാന്ത വിട ചൊല്ലി വിഷ്ണു പാദത്തെ പൂകാൻ.
എന്നെ സ്നേഹിച്ചവൾ, എല്ലാം സഹിച്ചവൾ
എന്നെ തനിച്ചാക്കി യാത്രയായി.

എങ്കിലും സർകോമേ നീ കൊണ്ടുപോയ് കളഞ്ഞുവല്ലോ
എന്റെ പ്രിയതമക്കൊപ്പമെൻ ആശയും, പ്രതീക്ഷയും.
ശാർദൂല കിരണങ്ങൾ ഭൂമിയിലെത്തും മുന്നേ
മൃതദേഹമെത്തീ വീട്ടിൽ കൊളുത്തീ ദീപങ്ങളും.
അയൽക്കാർ, ബന്ധുക്കൾ, ചങ്ങാതിമാർ കൂടിക്കൂടി
ഗൃഹാങ്കണം നിറഞ്ഞു കവിയവേ
കുളിച്ചു, കുറി തൊട്ടു, പട്ടു പുതച്ചാദേഹം
ഹരേ രാമ മന്ത്രം മുഴങ്ങവേ
മെല്ലെ നീങ്ങി ചിതാഗ്നിയെ അശ്ലേഷിക്കാൻ.
ആളുകളൊഴിഞ്ഞു പോയ് ആരവങ്ങളും നീങ്ങി
ബാക്കിയായ് ഞാൻ മാത്രമെത്രനാളത്തേക്കാവോ.
നീറുന്ന നെഞ്ചുമായ്, എരിയുന്ന വയറുമായ്
ക്ഷീണിച്ചവശനായ് വീട്ടിൽ തിരിച്ചെത്തി.
'ഫാമിലി പെൻഷൻ' കടലസുകൾ കീറിയെറിഞ്ഞു ഞാൻ
അപ്പോൾ കീറിപ്പാറിയതെൻ സ്വാസ്ഥ്യമാം ജീവിതം.

---

*സർകോമ - മസിലുകളെ ബാധിക്കുന്ന ക്യാൻസർ.
"ഇത്തിരി സുഖം...." ഈ വരികൾക്ക് "പെരുന്തച്ചനോട് " കടപ്പാട്.




**ശശിധരൻ ടി. വി.**

1980 ൽ കോലഞ്ചേരി ശാഖയിൽ ജോലിയിൽ പ്രവേശിച്ചു.
1990 ൽ പ്രൊമോഷൻ ആയശേഷം മാനേജർ ആയി പല ശാഖകളിലും
ജോലി ചെയ്തു 2001 ൽ സ്വയം വിരമിച്ചു. ഇപ്പോൾ ബാംഗ്ലൂരിൽ താമസം.


# മാനന്തവാടി

**12-11-2023 ഞായറാഴ്ച്ച സമയം 6.24 മാനന്തവാടിയിൽ ബാണാസുര ഹിൽ റിസോർട്ട് മുറി നമ്പർ 110.**

ഇന്നലെ രാവിലെ ഏകദേശം ആറ് മണിയായപ്പോൾ ഞങ്ങൾ ബാംഗ്ലൂരിൽ നിന്ന് യാത്ര ആരംഭിച്ചു.

മൈസൂർ പട്ടണ പ്രദേശം തരണം ചെയ്തതോടെ അന്തരീക്ഷത്തിന് മാറ്റം ഭവിച്ചു. പിന്നീടുള്ള യാത്ര വനത്തിലൂടെ മാത്രമായിരുന്നു. ഈ റിസോർട്ടും വനത്തിനകത്താണ് സ്ഥിതി ചെയ്യുന്നത്. വനത്തിലൂടെയുള്ള വാഹനയാത്ര വേഗത നിയന്ത്രണ വിധേയമാണ്. മൃഗങ്ങൾ ഏതുസമയവും റോഡ് കുറുകെ കടക്കാൻ സാധ്യതയുള്ളതിനാൽ മുപ്പത് കിലോമീറ്റർ വേഗതയെന്ന പരിധിക്കകത്ത് നിജപ്പെടുത്തേണ്ടത് ചിട്ടയോടെ പാലിച്ചു. വനപ്രദേശത്ത് രണ്ട് അതിർത്തികളിലും വാഹന വേഗത പരിശോധനക്ക് വിധേയമാണ്. ഓരോ അതിർത്തിയിൽ നിന്നും ലഭിക്കുന്ന പാസ്സിൽ സമയം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽത്തന്നെ മറുവശത്ത് എത്തുന്ന സമയം വേഗത പരിധി പാലിച്ചാണോയെന്ന് പരിശോധിക്കപ്പെടുന്നു. അതിവേഗത്തിൽ വാഹനം ഓടിച്ച് എത്തിച്ചേരുന്നവരെ കടുത്ത ശിക്ഷക്ക് വിധേയമാക്കുന്നില്ലെങ്കിൽപ്പോലും വനപാലകരുടെ ശാസനക്കും ഭത്സനങ്ങൾക്കും വിധേയമാക്കപ്പെടുന്നു. കൂടാതെ വേഗത പരിധി ലംഘിച്ച് യാത്ര ചെയ്യുന്നതിന് ശിക്ഷയായി വനപാലകർ നിർദ്ദേശിക്കുന്ന സമയം വരെ കാത്തുകിടന്നശേഷം മാത്രമാണ് യാത്ര തുടരാൻ അനുവാദിക്കുന്നത്.

ഭക്ഷണശാലകൾ അന്വേഷിച്ച് മൈസൂർ പട്ടണത്തിനകത്തുള്ള യാത്രയും, സമയ നഷ്ടവും ഒഴിവാക്കാൻ വേണ്ടി ഞങ്ങൾ ആഹാരം കൈവശം കരുതിയിരുന്നു. ബാംഗ്ലൂരിൽ നിന്നും മൈസൂർ വരെ എക്സ്പ്രസ്സ് ഹൈവേയിൽ ഭക്ഷണശാലകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മൈസൂർ പട്ടണത്തിനകത്ത് അന്വേഷണം നടത്തിയാൽ മാത്രമേ ശരാശരി ഗുണനിലവാരം പുലർത്തുന്ന ഏതെങ്കിലും ഭോജനശാല കണ്ടെത്താൻ സാധ്യതയുള്ളൂ. നഗരത്തിനകത്തെ അസാമാന്യ തിരക്ക് ഒഴിവാക്കാൻ വേണ്ടിയാണ് പട്ടണപരിധി ഒഴിവാക്കി പുറത്തുകൂടി യാത്ര ചെയ്യാൻ ഞങ്ങൾ തയ്യാറായത്. മൈസൂർ പട്ടണം തരണം ചെയ്തശേഷം ഏകദേശം എട്ട് മണിയായപ്പോൾ പ്രാതൽ കഴിക്കുന്നതിനായി എന്റെ മകൻ വഴിയരികിൽ ഒരു തണൽ മരത്തിന്റെ ചുവട്ടിൽ വാഹനം നിർത്തി. ഇഡ്ഡലി, സാമ്പാർ, ചട്ണി. ആകാശത്തിനു താഴെ വഴിയരുകിൽ നിന്ന്, ആഹാരം കഴിച്ചതു കൊണ്ടായിരിക്കാം, എനിക്ക് രുചി അധികമായി തോന്നിയതും, അമിതമായി കഴിക്കണമെന്ന് തോന്നാനും കാരണം.

> “
> **റിസോർട്ടിന്റെ ഒരു വശത്തുകൂടി കയറി മറുവശത്തുകൂടി ഇറങ്ങാൻ പാകത്തിന് ഉറപ്പുള്ള മരങ്ങൾ ഉപയോഗിച്ച് പടവുകൾ സജ്ജമാക്കിയിട്ടുണ്ട്.**



ഏകദേശം പന്ത്രണ്ടര മണിയായപ്പോൾ ഞങ്ങൾ റിസോർട്ടിൽ എത്തിച്ചേർന്നു. അതിഥികൾ എത്തിച്ചേർന്നത് ഉച്ച സമയത്ത് ആയിരുന്നതിനാലും, അന്തരീക്ഷം തണുപ്പായിരുന്നതിനാലും പതിവിന് വിപരീതമായി ചുക്ക് കാപ്പി ( ചുക്ക്, കുരുമുളക്, ഏലക്ക, ശർക്കര ചേർത്ത് തയ്യാറാക്കുന്ന ഒരു പാനീയം) നൽകി സ്വീകരിച്ചത് വളരെ സ്തുത്യർഹമായ സേവനമായി അനുഭവപ്പെട്ടു. കർണാടക സംസ്ഥാനത്ത് ദീപാവലി, ദസറ അവധി ആയതിനാൽ ഭൂരിഭാഗം കുടിയേറ്റക്കാരായ ഉദ്യോഗസ്ഥരും ജന്മനാട്ടിലേക്ക് പോയിരുന്നതിനാൽ ഈ വിനോദ സഞ്ചാരികളുടെ കേന്ദ്രത്തിൽ ആകെ മൂന്ന്



കുടുംബങ്ങളാണ് അതിഥികളായി ഉണ്ടായിരുന്നത്. അതിനാൽത്തന്നെ ബുഫെ രീതിയിലുള്ള ആഹാരം നൽകുന്നതിന് പകരം ഓരോ സന്ദർശകന്റെയും അഭിരുചിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ആഹാരം പാകപ്പെടുത്തിയിരുന്നത്. ഏകദേശം രണ്ടു മണിയായപ്പോൾ സസ്യാഹാരം ലഭ്യമാക്കി. ഞങ്ങളുടെ സംഘത്തിൽ പൗത്രൻ നിജ്ജുവിന് മാത്രമേ സസ്യേതര ആഹാരം പഥ്യമായിരുന്നുള്ളു. നിജ്ജുവിന് അതിനാൽ ചിക്കൻ ഫ്രൈ നൽകപ്പെട്ടു. ചോറ്, സാമ്പാർ, അവിയൽ, തോരൻ, വിവിധ തരം അച്ചാറുകൾ, തൈര്, സാലഡുകൾ, പുഡ്ഡിംഗ് മുതലായവ ആഹാരത്തിലെ വിഭവങ്ങളായിരുന്നു.

ആഹാരം കഴിഞ്ഞ് ഞങ്ങൾ ഷട്ടിൽ കോർട്ട്, സ്വിമ്മിംഗ് പൂൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉലാത്താൽ നടത്തിയശേഷം റിസോർട്ടിന്റെ ഉടമസ്ഥതയിൽ പരിപാലിക്കപ്പെടുന്ന ഒരു മല കയറ്റത്തിന് തയ്യാറായി. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം മൂവായിരത്തി മുന്നൂറ്റി എൺപത് അടി ഉയരമുള്ള ഒരു മല. ഏകദേശം മൂവായിരം അടി ഉയരം വരെ അനായാസം കയറാൻ എനിക്ക് സാധിച്ചു. പിന്നീട് കയറ്റത്തിന് എനിക്ക് ശ്വാസ ലഭ്യതക്കുറവ് അനുഭവപ്പെട്ടു. കുറച്ചു വിശ്രമത്തിനുശേഷം മാത്രമാണ് കയറ്റം തുടരാൻ സാധിച്ചത്.

റിസോർട്ടിന്റെ ഒരു വശത്തുകൂടി കയറി മറുവശത്തുകൂടി ഇറങ്ങാൻ പാകത്തിന് ഉറപ്പുള്ള മരങ്ങൾ ഉപയോഗിച്ച് പടവുകൾ സജ്ജമാക്കിയിട്ടുണ്ട്. മിക്കവാറും ദിവസങ്ങളിൽ മഴ ലഭിക്കുന്നതിനാൽ പടവുകൾ പായൽ പിടിച്ചതിനാൽ തെന്നൽ അനുഭവപ്പെട്ടിരുന്നു. ആ മലമുകളിൽ എത്തിച്ചേരാൻ സാധിച്ചതിനാൽ എനിക്ക് അതിയായ ആത്മഹർഷവും, ഉണർവ്വും, ഉന്മേഷവും അനുഭവപ്പെട്ടു. മലകയറ്റത്തിൽ ഏർപ്പെടുന്ന ആർക്കായാലും ഉണർവ്വും, ഉന്മേഷവും, ആത്മഹർഷവും അനുഭവപ്പെടാമെന്ന വസ്തുത ശ്രദ്ധാർഹമാണ്. ഉച്ചക്ക് ഏകദേശം മൂന്നര മണിയായപ്പോൾ ഞങ്ങൾ റിസോർട്ടിൽ തിരിച്ചെത്തി.

**“**

**അതിൽ കുറിച്ചിരുന്ന വരികൾ കേരള ചരിത്രം പഠിച്ചിട്ടുള്ള ഏവരെയും വിസ്മയിപ്പിക്കുമെന്നുള്ളത് സുനിശ്ചിതമാണ്. മലബാറിൽ ഭരണം നടത്തിയിരുന്ന കേരളവർമ പഴശ്ശിരാജയുടെ സഹസികമായ കർമ്മങ്ങളെ ഓർമ്മപ്പെടുത്തുന്ന വസ്തുതകളിലേക്കാണ് ആ വരികൾ സൂചന നൽകുന്നതെന്ന് ഏവരെയും വിസ്മയിപ്പിച്ചേക്കാം.**

ഏകദേശം നാലു മണിയായപ്പോൾ റിസോർട്ടിൽ നിന്നും കുറച്ചകലെ താഴ്‌വരയിലൂടെ ഒഴുകുന്ന കാട്ടരുവി കാണുന്നതിനായി റിസോർട്ടിൽ നിന്നും നിയുക്തനായ ഒരു ജോലിക്കാരന്റെ കൂടെ ഞങ്ങൾ നടന്നു. മലയിറക്കത്തിനുള്ള സംരംഭമായിരുന്നതിനാൽ ഓരോ സന്ദർശകനും മുളയുടെ ഊന്നുവടി നൽകപ്പെട്ടു. മലയിറക്കം ആരംഭിച്ചപ്പോൾ മാത്രമാണ് സർവ്വരും ഊന്നുവടിയുടെ പ്രസക്തിയും, പ്രാധാന്യവും തിരിച്ചറിഞ്ഞത്. ഊന്നുവടി സ്വീകരിക്കുന്ന സന്ദർഭത്തിൽ സർവ്വരും പുച്ഛഭാവത്തിൽ പുഞ്ചിരിക്കുന്നുണ്ടായിരുന്നു. കുന്നിൻ ചരിവിലൂടെ ഇറക്കം വളരെ ആയാസകരമായിരുന്നു. മലയിൽ നിന്നും വെള്ളം ശക്തിയായി ഒലിച്ചിറങ്ങി രൂപപ്പെട്ട ചാല് കാലക്രമേണ നടപ്പാതയായി ഉപയോഗിക്കപ്പെട്ടതാണ്. തലേ ദിവസം പെയ്ത മഴയിൽ തറ ഈർപ്പം നിമിത്തം വഴുക്കൽ അനുഭവപ്പെട്ടിരുന്നു. ഊന്നുവടിയുടെ സഹായത്തോടെ ഓരോ കാൽപ്പാദവും ശ്രദ്ധയോടെ തറയിൽ വെക്കാത്ത പക്ഷം വീഴ്ച്ച ഉറപ്പാണ്. കൂടാതെ നടവഴിയുടെ ഇരുവശങ്ങളിലും വളരെ താഴ്ച്ചയുള്ള മലയിടുക്കുകൾ ദൃശ്യമായിരുന്നു. നടപ്പാതയിൽ കിടക്കുന്ന ചാലിൽ അബദ്ധത്തിൽ ചവിട്ടി കാൽ തെന്നിയാൽ മലയിടുക്കിലേക്ക് പതിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ഞങ്ങൾ മല ഇറങ്ങി കാട്ടരുവിക്ക് സമീപത്തേക്ക് അടുക്കും തോറും, അരുവി പാറകളിൽ തട്ടി ഒഴുകുന്ന ശബ്ദം ഏവർക്കും കേൾക്കാമായിരുന്നു. അരുവിക്ക് മുന്നൂറ് മീറ്റർ മുകളിലായി ഒരു അറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അതിൽ കുറിച്ചിരുന്ന വരികൾ കേരള ചരിത്രം പഠിച്ചിട്ടുള്ള ഏവരെയും വിസ്മയിപ്പിക്കുമെന്നുള്ളത് സുനിശ്ചിതമാണ്. മലബാറിൽ ഭരണം നടത്തിയിരുന്ന കേരളവർമ പഴശ്ശിരാജയുടെ സഹസികമായ കർമ്മങ്ങളെ ഓർമ്മപ്പെടുത്തുന്ന വസ്തുതകളിലേക്കാണ് ആ വരികൾ സൂചന നൽകുന്നതെന്ന് ഏവരെയും വിസ്മയിപ്പിച്ചേക്കാം. ബ്രിട്ടീഷുകാർ, ടിപ്പു സുൽത്താനെ കീഴ്പ്പെടുത്തിയതോടെ മലബാറിന്റെ അധീശ ത്വവും, ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായി. ഈ ഭാരത നാട്ടിലെ ജനങ്ങൾ പണിയെടുത്ത് ബ്രിട്ടീഷുകാരെ തീറ്റിപ്പോറ്റേണ്ട അവസ്ഥ സംജാതമായി. വയനാടൻ പ്രദേശത്തെ സുഗന്ധവിളകൾക്ക് ഭീകരമായ ചുങ്കം പിരിവ് നടത്താൻ ബ്രിട്ടീഷുകാർ തയ്യാറായി. പഴശ്ശിരാജ ആ നടപടിയെ ചോദ്യം ചെയ്തു. ബ്രിട്ടീഷുകാർ തോക്ക് ചൂണ്ടിയാണ് ഈ രാജ്യം കീഴടക്കിയത്.

അന്നുവരെ ഇവിടുത്തെ സൈനികർ വശം അമ്പും, വില്ലും, വാളും, പരിചയും മാത്രമായിരുന്നു ആയുധങ്ങൾ. വിദേശിയർ വെടിമരുന്ന് പുകച്ച് ജനതയെ കീഴ്പ്പെടുത്തി. ബ്രിട്ടീഷുകാർ പഴശ്ശിരാജയുടെ കൊട്ടാരം വളഞ്ഞ് അവരുടെ അധീനതയിലാക്കി. പഴശ്ശിരാജ അവിടെ നിന്നും രക്ഷപ്പെട്ട് ഒളിവിൽ താമസിച്ചത് വയനാടൻ മലകളിൽ ബാണാസുരസാഗർ അണക്കെട്ട് പരിസരത്ത്, സന്ദർശകരുടെ അറിവിലേക്കായി സ്ഥാപിച്ചിരുന്ന നോട്ടീസ് ബോർഡ് പരിസരത്താണ്. അവിടെ താമസിച്ചാണ് അദ്ദേഹം ബ്രിട്ടീഷുകാർക്ക് എതിരെ ഒളിപ്പോര് നടത്തുന്നതും കൊല്ലപ്പെടുന്നതും.

റിസോർട്ടിൽ നിന്നും കാട്ടരുവി കാണുന്നതിനായി സന്ദർശകസംഘം യാത്ര ആരംഭിച്ചപ്പോൾ മുതൽ രണ്ട് നായകൾ, ഒരെണ്ണം കറുപ്പ് നിറവും മറ്റേത് ബ്രൗൺ നിറവും അനുസരണയോടെ സന്ദർശകരെ അനുഗമിച്ചിരുന്നു. ആ നായകളുടെ അനുസരണയോടെയുപെരുമാറ്റം ശ്രദ്ധിച്ചപ്പോൾ എന്റെ ജീവിതത്തെക്കുറിച്ച് ചിന്തവിധേയനായിയെന്ന യാഥാർഥ്യം ആരെയും വിസ്മയിപ്പിക്കുന്നതാണ്. മനുഷ്യശരീരത്തിൽ നായയുടെ സ്വഭാവവുമായി ജീവിക്കാൻ വിധിക്കപ്പെട്ട എന്റെ ജീവിതത്തിൽ നേരിടേണ്ടി വന്ന അനുഭവങ്ങൾ വിവർണനാതീതമാണ്. ഒരു നായ സദാ വാൽ ആട്ടി എല്ലാവരുടെയും മുൻപിൽ അനുസരണയോടെ ആശ്രിതത്വവും, വിധേയത്വവും പ്രകടിപ്പിക്കും. അതേ മാനസികാവസ്ഥയോടെ എനിക്ക് ജീവിക്കേണ്ടി വന്നു.

ജീവിതത്തിൽ ഞാൻ അനുഭവിക്കേണ്ടിവന്ന തീവ്രമായ പ്രത്യാഘാതങ്ങൾക്കൊത്ത് എനിക്ക് ജോലിയിൽ തുടരാൻ നിർവ്വാഹമില്ലാതെ ആത്മഹത്യക്ക് വിധേയനാകാതെ രക്ഷപ്പെടാൻ സാധ്യമായത് ബാങ്കിൽ വി. ആർ. എസ് നടപ്പാക്കപ്പെട്ടത് നിമിത്തമാണ്. അമ്പത്തി രണ്ടാമത്തെ വയസ്സിൽ ഞാൻ ജോലിയിൽ നിന്നും വിരമിച്ചെങ്കിലും ഒരു ദശാബ്ദത്തോളം എനിക്ക് കൂലിപ്പണിയിൽ ഏർപ്പെടേണ്ടി വന്നു. വിദ്യാഭ്യാസ യോഗ്യതകളുടെയും ജോലി പ്രാവീണ്യത്തിന്റെയും



**“ആ നായകളുടെ അനുസരണയോടെയുള്ള പെരുമാറ്റം ശ്രദ്ധിച്ചപ്പോൾ എന്റെ ജീവിതത്തെക്കുറിച്ച് ചിന്തവിധേയനായിയെന്ന യാഥാർഥ്യം ആരെയും വിസ്മയിപ്പിക്കുന്നതാണ്. മനുഷ്യശരീരത്തിൽ നായയുടെ സ്വഭാവവുമായി ജീവിക്കാൻ വിധിക്കപ്പെട്ട എന്റെ ജീവിതത്തിൽ നേരിടേണ്ടി വന്ന അനുഭവങ്ങൾ വിവർണനാതീതമാണ്.**

അഭാവത്തിലും എനിക്ക് ജനറൽ ഇൻഷുറൻസ് കമ്പനികൾക്കുവേണ്ടി ഇൻഷുറൻസ് ഇൻവെസ്റ്റിഗേറ്ററായി സൊമാറ്റോ, സ്വിഗി, ആമസോൺ തുടങ്ങിയ ഡെലിവറി ഏജന്റിന് സമാനമായി പ്രവർത്തിക്കേണ്ടി വന്നു.

ഭഗവത് ഗീത 3/5

*ഭൗതിക പ്രകൃതിയുടെ ത്രിഗുണങ്ങളിൽ നിന്നുളവാകുന്ന വാസനകൾക്കനുസരിച്ച് ഓരോ മനുഷ്യനും കർമ്മം ചെയ്യാൻ നിർബന്ധിതനാണ്. ആർക്കും ഒരൊറ്റ നിമിഷം പോലും കർമ്മത്തിൽ നിന്നൊഴിഞ്ഞു നിൽക്കാനാവില്ല.*

ഭഗവത് ഗീത 3/8

*നിനക്ക് വിധിക്കപ്പെട്ടിട്ടുള്ള കർമ്മം ചെയ്യുക. കർമ്മം ചെയ്യാതെ സ്വന്തം ശരീരം നിലനിർത്താൻ പോലും ആർക്കും സാധ്യമല്ല. ഏവരും വിധിക്കപ്പെട്ട കർമ്മങ്ങൾ അനുസരിച്ച് അവിശുദ്ധ ചിന്തകളും, സ്വഭാവവും ഉപേക്ഷിക്കപ്പെടണം. മനസ്സിന് ശുദ്ധികലശ പ്രക്രിയ നടത്താതെ അന്യരുടെ ഔദാര്യത്തിൽ ജീവിക്കുന്നത് ഉചിതമല്ല.*

സന്ദർശകർ പതിനഞ്ചു മിനിറ്റോളം അരുവിയിലെ പാറകളിൽ ഇരുന്ന് വെള്ളത്തിൽ കാലുകൾ നനച്ചു. പ്രദേശം കാടുപിടിച്ചതും പ്രത്യേകിച്ച് ഈർപ്പമുള്ളതുമായതിനാൽ അട്ട ശല്യം ശക്തമായിരുന്നു. അതുകൊണ്ടാണ് സന്ദർശകരെ അനുഗമിക്കാൻ നിയോഗിക്കപ്പെട്ട ജീവനക്കാരൻ ഹാൻഡ് സ്പ്രേയറിൽ ചുണ്ണാമ്പ് വെള്ളം കരുതിയിരുന്നത്. അരുവിയിൽ കുളിച്ചുകൊണ്ടിരുന്ന പൗത്രി ഇടതു പാദത്തിൽ അസ്വസ്ഥത തോന്നിയതിനാൽ കരക്ക് കയറി പരിശോധിച്ചപ്പോൾ ഒരു അട്ട കാലിൽ പറ്റിപ്പിടിച്ച് രക്തം കുടിച്ചു തുടങ്ങിയിരുന്നു. ചുണ്ണാമ്പ് വെള്ളം തളിച്ചതോടെ അട്ട കാലിൽ നിന്നും വേർപെട്ടു. അട്ടയുടെ ആക്രമണത്തിന് വിധേയനാകുന്നവർക്ക് വേദന അനുഭവപ്പെടാത്തതിനാൽ ഇടവേളകളിൽ പരിശോധന നടത്തി അട്ടയെ ഒഴിവാക്കിയില്ലെങ്കിൽ, അട്ട രക്തം കുടിച്ച് ഭാരം അനുഭവപ്പെട്ടാൽ മാത്രമേ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.

ഞാൻ ബാംഗ്ലൂരിൽ നിന്നും പുറപ്പെട്ടത് കോഴിക്കോട് താമസിക്കുന്ന മകളുടെ വീട് സന്ദർശിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. ഞായറാഴ്ച രാവിലെ പ്രാതലിനു ശേഷം ഏകദേശം പത്തു മണിയായപ്പോൾ മാനന്തവാടിയിൽ നിന്നും ഞങ്ങൾ യാത്ര ആരംഭിച്ചു. ●





ദേവിക മിനി

2022 ൽ  ഡെപ്യൂട്ടി മാനേജർ ആയി വിരമിച്ചു. എസ് ബി ടി യിൽ നിന്ന് ഡെപ്യൂട്ടി മാനേജർ ആയി വിരമിച്ച കെ എസ് രാമകൃഷ്ണൻ ആണ് ഭർത്താവ്. സംഗീതത്തിലും, അഭിനയ ത്തിലും താല്പര്യമുണ്ട്. കോഴിക്കോട് സ്വദേശി.

# എന്റെ ഗ്രാമം.....

പാടവും തീരവും കുന്നിൻപുറങ്ങളും
ചാലിട്ടൊഴുകും തെളിനീരുറവയും പച്ചിലച്ചാർത്തിൽ
വിലസുന്ന തുമ്പിയും പൂക്കളും വണ്ടും നിറശലഭങ്ങളും
തെങ്ങോലപ്പങ്കകൾ ചുറ്റിത്തിരിച്ചു
കൊണ്ടോടിനടക്കുന്ന കരുമാടിക്കുട്ടന്മാർ
തോട്ടിലെ മീനിനെ വാറ്റിയെടുത്തു
കൊണ്ടാർത്തു തിമർത്തിട്ട് കൂവുന്ന ശബ്ദങ്ങൾ
കേട്ടിന്നുണർന്നു ഞാനുച്ചമയക്കത്തി
ന്നെന്തേ മനസ്സിത്ര പ്രേമാർദ്രമാകുവാൻ!
ആണ്ടുകൾക്കപ്പുറം യാത്ര പറഞ്ഞൊരെൻ
ഗ്രാമമെന്നെയിപ്പോൾ മാടിവിളിയ്ക്കുന്നു
ഒരുനൂറു സ്വപ്നങ്ങൾ മനതാരിലേറ്റിഞാ
നെൻ ഗ്രാമഭൂവിലേക്കോടിയണയുന്നു
കാലമുരുക്കുചക്രങ്ങളിൽ പാഞ്ഞെത്ര
ദൂരങ്ങൾ താണ്ടീ കിതയ്ക്കുന്നതുണ്ടു ഞാൻ
കാണുമോ തൊടിയിലെന്നമ്മിണിക്കുട്ടിയെ
ദാവണിത്തുമ്പിൽ പിടിച്ചുവലിച്ചന്ന്
പോകല്ലെന്നോതിയോ രെൻ മണിക്കുട്ടിയെ!
തെല്ലിടയെങ്ങാനും കാണാഞ്ഞു നിന്നീടിൽ
കണ്ണീർ പൊഴിയ്ക്കുന്നൊരമ്മ പ്പശുവിനെ!
കൺകളിൽ താരകം മിന്നിയ കാലത്ത്
പൂക്കൾ വിരിയിച്ചു തന്നൊരെൻ ജ്യോൽസ്നയെ!
മുഗ്ദ്ധ പ്രണയം നിറഞ്ഞൊരെൻ മാനസ
ച്ചെപ്പു തുറന്നതാം മാദക ഗന്ധവും
പേറി നിന്നീടുമിലഞ്ഞി മരത്തെയും
തിരയുന്നു ഞാനീ വീഥികൾ തോറുമേ
എവിടെന്റെ അമ്മയെന്നച്ഛൻ ?
കുഞ്ഞു സോദരങ്ങളും
ഞങ്ങൾ വളർന്നൊരാ കൊച്ചു കൊട്ടാരവും
എൻമണിക്കുട്ടിയുമെൻ പ്രിയ ജ്യോൽസ്നയു
മെല്ലാമീ വാഴ്‌വിൻ പതന സാക്ഷ്യങ്ങളായ്...
ഏറ്റം വിവശയാമെന്നെ തലോടിക്കൊ
ണ്ടൊരു കുളിർകാറ്റു കടന്നുപോകെപ്പോൾ
ഒരു കൈതയെങ്ങോ
മലർപ്പോള നീർത്തിക്കൊണ്ടോതുന്നു
കാതിൽ മറന്നില്ല നിന്നെ ഞാൻ !
തേടുന്നു ഞാനെന്നുമെന്റെ ഗ്രാമത്തിലെ
പൂഴിത്തരികളെ പൊന്നിൽ കുളിപ്പിച്ച്
പാലാഴി തീർത്തൊരാ പൗർണമിത്തിങ്കളെ !
എങ്ങോ മറഞ്ഞൊരാ തിങ്കൾ നിലാവിനെ !





**വർഗീസ് അങ്കമാലി**

അറിയപ്പെടുന്ന കഥാകാരനാണ് വർഗ്ഗീസ് അങ്കമാലി. ആനുകാലികങ്ങളിൽ കഥകളും, യാത്രാക്കുറിപ്പുകളും, ലേഖനങ്ങളും എഴുതുന്നു. 2014ലെ കെ.സി.ബി.സി. സാഹിത്യപുരസ്കാരം ലഭിച്ചിട്ടുണ്ട്.

# നീക്കിയിരിപ്പുകൾ

ആദ്യം മുകളിലത്തെ നിലയിലായിരുന്നു ബാങ്ക് ശാഖ. പിന്നീടത് കൂടുതൽ ഗമയുണ്ടാവാൻ താഴത്തെ നിലയിലേക്ക് മാറ്റിയപ്പോൾ മുകളിലത്തെ നിലയിൽ അഡ്വാൻസ് സെല്ല് വന്നു. നിരത്തിലെ വെച്ചുവാണിഭക്കാരുടെ മുന്നിലൊ ബാങ്കിലേയ്ക്ക് കയറുന്ന സ്റ്റെപ്പിലോ ദിനങ്ങളോളം കുത്തിയിരിക്കാൻ ഒരു മടിയുമില്ലാതായിരിക്കുന്നു പാട്ടിയമ്മയ്ക്ക്. നടക്കാൻ വയ്യാതാവുമ്പോൾ ഇരുന്നിടത്തുതന്നെ ഇരിപ്പാവാതെ തരമില്ലല്ലോ. എഴുനേറ്റ് നിന്നാൽ വാടിയ ചേനത്തണ്ട്പോലെ, പോരാത്തതിന് വിറയലിന്റെ പുതപ്പിട്ട് മൂടിയപോലെ. സ്വന്തക്കാരോ ബന്ധുക്കളോ ഇല്ലെന്ന് പാട്ടി പറയുന്നത് നുണയാകാനേ തരമുള്ളു.

തഞ്ചാവൂരിലെ അയ്യങ്കാർ കുടുബത്തിലാണ് ജനനമെന്നും അറിയപ്പെടുന്ന സംഗീത വിദൂഷിയായിരുന്നുവെന്നും സിത്താര ചികഞ്ഞെടുത്തു. ആധാർകാർഡ് വാങ്ങിനോക്കിയിട്ടാണ് സിത്താര ഇതൊക്കെ സ്ഥിരീകരിച്ചത്. ലളിതാംബാൾ എന്നപേരിൽ പ്രശസ്തയായ ഒരുപാട്ടുകാരിയുണ്ടായിരുന്നുവെന്നും അവരാണ് പാട്ടിയെന്നും സിത്താര പലരോടും പറഞ്ഞു. പലരും യൂടൂബിൽ ലളിതാംബാളെ പരതിയെങ്കിലും അവരേക്കുറിച്ചൊന്നും കിട്ടിയില്ല. ട്രെയിനിൽ പാടിപ്പാടി ഈ കൊച്ചുനഗരത്തിൽ വന്നുപെട്ടു പാട്ടിയമ്മ എന്നതും സിത്താരയുടെ കണ്ടുപിടുത്തം തന്നെ.

> “
>
> **തഞ്ചാവൂരിലെ അയ്യങ്കാർ കുടുബത്തിലാണ് ജനനമെന്നും അറിയപ്പെടുന്ന സംഗീത വിദൂഷിയായിരുന്നുവെന്നും സിത്താര ചികഞ്ഞെടുത്തു. ആധാർകാർഡ് വാങ്ങിനോക്കിയിട്ടാണ് സിത്താര ഇതൊക്കെ സ്ഥിരീകരിച്ചത്.**

യാത്രക്കിടയിൽ പാട്ട് കേൾക്കാൻ മൊബൈൽ ഫോണിനെ കൂട്ടുപിടിച്ചപ്പോൾ ഗായികയെ ഉപേക്ഷിച്ചു ജനം. പാട്ട് കഴിയുമ്പോൾ സഹായത്തിനായി മുന്നിൽ നീട്ടുന്ന കൈ ഒരുഅപശകുനമായി. ട്രെയിനിന്റെ താളമൊപ്പിച്ചല്ലാതെ പാടാൻ പാട്ടിയമ്മയ്ക്കാവില്ലായിരുന്നു.

''ഇവരുടെയൊക്കെ ജീവിതം എന്താണെന്ന് ആർക്കറിയാം.''സിത്താര ആരോടെന്നില്ലാതെ പറഞ്ഞു.

പ്രമോഷൻ കിട്ടിയപ്പോഴാണ് സിത്താര ആ ബ്രാഞ്ചിലേക്ക് വന്നുപെട്ടത്. രാത്രി എട്ടിന് മുമ്പ് കൂടണയാനൊക്കില്ല ഓഫീസർമാർക്ക്. എട്ടു മണിക്ക് മുന്നേ പോയാൽ പണിയൊന്നുമില്ലെന്ന് പറഞ്ഞ് ആളെക്കുറയ്ക്കുമെന്ന് താക്കീത് ചെയ്തിരുന്നു ചീഫ് മാനേജർ. അവർക്ക് കീഴിൽ രണ്ട് ഓഫീസർമാർ ഉള്ളതിൽ സിത്താര മാത്രമേ എട്ട്കിലോമീറ്റർ സ്കൂട്ടറിൽ സഞ്ചരിച്ച് ബാങ്കിലെത്തുന്നുള്ളു. ചീഫ്മാനേജരും അലീനയും നടന്നുപോകാൻ മാത്രം ദൂരമുള്ള ഫ്ളാറ്റിലാണ് താമസിക്കുന്നത്.രണ്ടും ഫ്രീബേഡ്സ്.

ചീഫ്മാനേജർ കാർ ഓടിച്ചാണ് ബാങ്കിലെത്തുന്നത്. അമ്പത് വയസ്സിലേറെ പ്രായമുള്ളത്കൊണ്ട് ഇനിയവരെക്കെട്ടാൻ ആരും വരുമെന്ന് തോന്നുന്നില്ല. മട്ടുംഭാവവും കണ്ടാൽ ബാങ്കിന്റെ ചെയർമാൻ വരെയെത്തും ഈ തെക്കത്തിയെന്ന് സ്റ്റാഫ് യൂണിയനിലെ ചിലർ കമന്റടിക്കും. പശമുക്കിത്തേച്ച ബംഗാൾകോട്ടൻ സാരി ദേഹത്തുവച്ച് സ്റ്റേപ്പിൾ ചെയ്തപോലയാണവരുടെ നടത്തം. പച്ചവെള്ളം പോലും തുള്ളികളായിട്ടാണ് അവർ

തൊണ്ടയിലിറ്റിക്കുന്നത്.

''തൊഴിലിടങ്ങളിൽ ഒരു ആന്തരികലോക മുണ്ടെന്ന് തോന്നുന്നില്ല.'' സിത്താര പറഞ്ഞു.

''എന്റെ വായനമുടങ്ങി. ഭാവനയുടെ കാര്യം പറയാനുമില്ല.'' അലീന പരാതിക്കെട്ട ഴിച്ചു. ''മനസ്സ് ശൂന്യമായിപ്പോവുകയാണ്. എന്റെ കുഞ്ഞിനെ വളർത്താൻ ഞാനീ ജോലി ഉപേക്ഷിക്കും. എന്നിട്ട് അനിലിനൊപ്പംചേരും. ലോങ് ലീവ് നമുക്ക് പറഞ്ഞിട്ടില്ലോ.'' സിത്താര പറഞ്ഞതിൽ പകുതികേട്ടില്ല അലീന.

ഹിന്ദുപത്രത്തിലെ ജോലിയുപേക്ഷിച്ചാണ് അലീന ബാങ്കിൽ കയറിയത്. നെറ്റ്പരീക്ഷ യെഴുതി കോളേജിൽ വേക്കൻസി കാത്തിരിപ്പാണ് അലീന.

''അതാവുമ്പോ റിസ്ക്കില്ലല്ലോ. പാതിരവരെ പണിയേണ്ട. നാട്ടുകാരുടെ തെറിയും കേൾ ക്കേണ്ട.'' അലീന ആശ്വാസം കൊള്ളുമ്പോൾ വിങ്ങുന്നത് സിത്താരയുടെ മനസ്സാണ്.

''ഓരോകൊല്ലവും സർട്ടിഫിക്കേഷൻ ടെസ്റ്റ്പാസ്സായില്ലെങ്കിൽ ഇൻക്രിമെന്റ് തടഞ്ഞുവെ ക്കുമെന്ന മുള്ളുംകെട്ട് വേറെ. '' അലീന പറഞ്ഞു.

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന എയർപ്പോർട്ടിനോടു ചേർന്നുള്ള നഗരം, എവിടെ നോക്കിയാലും ഹോട്ടലുകളുടേയും ബാറുകളുടേയും മെഡിക്കൽ ഷോപ്പുകളുടേയും കണ്ണടക്കടകളുടേയും ധാരാളിത്തം പേറുന്ന നഗരത്തെ ബന്ധിപ്പിക്കുന്ന തെരുവുകൾ. എല്ലാറ്റി

> **മനസ്സ് ശൂന്യമായിപ്പോവുക യാണ്. എന്റെ കുഞ്ഞിനെ വളർത്താൻ ഞാനീ ജോലി ഉപേക്ഷിക്കും. എന്നിട്ട് അനിലിനൊപ്പംചേരും. ലോങ് ലീവ് നമുക്ക് പറഞ്ഞിട്ടില്ലോ**

നോടൊപ്പം പാട്ടിയും വളർന്നു.

ഒരു ഊന്നുവടിയുടെ സഹായത്തോടെയാണ് അവർ നടന്നിരുന്നത്. പിന്നാലെകൂടുന്നതെരുവ് നായ്ക്കളെ ഓടിക്കാൻ ആ വടി മതിയായിരുന്നു. നടത്തം കുറഞ്ഞപ്പോൾ വടി വേണ്ടാതായി. പാട്ടിയുടെ പേരിൽ ബാങ്കിൽ ഒരു അക്കൗണ്ട് ഉണ്ടെന്ന സത്യം ബ്രാഞ്ചിലുള്ള ഏവർക്കുമറി യാം. പക്ഷേ, നിക്ഷേപിച്ചതല്ലാതെ അതിൽനി ന്നും യാതൊന്നുംതന്നെ പിൻവലിച്ചില്ല അവർ.

ആധാർ നമ്പറും പാട്ടി നല്കിയ അയൽവാ സിയായ ഒരു സ്ത്രീയുടേയും നമ്പറും ചേർത്താ



ണ് അക്കൗണ്ട് തുടങ്ങിയത്. മൊബൈലിൽ ഫോട്ടോയെടുത്ത് അപ് ലോഡ് ചെയ്തു. തേനീച്ചകൾ ശേഖരിക്കുന്നതുപോലെ ഓരോ നാണയവും കൈമാറി ഒടുവിലത് പാട്ടിയുടെ അക്കൗണ്ടിലും എത്തിപ്പെട്ടു. വിധവയുടെ കൊച്ചുകാശിനും വിലയുണ്ടെന്ന പ്രമാണം ഞങ്ങളെ പഠിപ്പിച്ചത് ഇപ്പോഴത്തെ ചീഫ്മാനേജരാണ്.

പ്രേമത്തിന്റെ, ബോണസിന്റെ, ട്രാൻസ്ഫറിന്റെ ഒക്കെ ചർച്ചക്കിടയിലും പാട്ടിയും ഒരു കുഴിയാനയായി ഞങ്ങളുടെ വാക്കുകളിൽ മണ്ണു തൂവും. എവിടന്നാണ് ഇത്രയു പൈസ പാട്ടിക്ക് കിട്ടിയതെന്ന് ആരും സംശയമുന്നയിച്ചില്ല. സിത്താരയാണ് അവരുടെ പേരിൽ ആധാർ നമ്പർവെച്ചൊരു അക്കൗണ്ട് തുടങ്ങിയത്. മൂന്ന് ലക്ഷത്തിലേറെ രൂപ അവർ സ്വരുക്കൂട്ടിയിരുന്നു.

ഓരോരുത്തർക്കും പരാതികൾ കാണുമല്ലോ. ഞങ്ങളുടേത് വെറും ബാലിശമാണ്.

“

**ഒരു ഞായറാഴ്ച, മരണം പാട്ടിയുടെ ആയുസ്സിന്റെ ചീട്ട് കീറി. തുണിക്കെട്ടിൽ സൂക്ഷിച്ചിരുന്ന പാസ്സ് ബുക്ക് കണ്ടെത്തിയാണ് അന്വേഷണം ബാങ്കിലെത്തിയത്. മുൻസിപ്പാലിറ്റിക്കാരും പോലീസും വിളിച്ചത് ചീഫ്മാനേജരെയാണ്.**



മുന്നിലൂടെ കടന്നുപോകുമ്പോഴൊക്കെ പാട്ടി ഞങ്ങൾക്കു നേരെ കൈ നീട്ടുന്നു. അതു കണ്ണിന്റെ കാഴ്ചക്കുറവുകൊണ്ടാണെന്നത് സത്യം. ഇനി മറ്റൊരു പരാതിക്കാരി വിധവയുടെ കൊച്ചുകാശിനും വിലയുണ്ടെന്ന പ്രമാണം ഞങ്ങളെ പഠിപ്പിച്ചയാളാണ്. നേരെ ചൊവ്വേ കാറെടുത്ത് ഷെഡ്ഡിലിടാൻ പാട്ടിയൊരു തടസ്സം. ചത്താലും മുഴുവൻ ജീവന്റെ വിലയാണല്ലോ നഷ്ടമാകുന്നത്.

ചരിത്രാതീതകാലത്തെ ഏതോ ഫോസിലുകൾപോലെ, പഥേർ പാഞ്ചാലിയിൽ കണ്ട മുത്തശ്ശിയെപ്പോലെ ഈ ബ്ലാക്ക് ആന്റ് വൈറ്റ് കിഴവി ഞങ്ങൾക്കു മുന്നിൽ ശകുനമായി ഗോവണിപ്പടിക്കു കീഴെ ദിനങ്ങൾ തള്ളി നീക്കി.

ഏതോ സൂചനപോലെ ഈയിടെ പാട്ടി ധർമ്മം ചോദിക്കാൻ പോലും മറന്നുപോയിരുന്നു. തന്റെ പേരിലൊരു അക്കൗണ്ടും അതിൽ കുറച്ച് രൂപയും ഉണ്ടെന്നും മറന്നുപോയെന്നു തോന്നി. വിചിത്രമായ ശംഖ് മുദ്രയുള്ള കയ്യൊപ്പും പേരും എല്ലാമെല്ലാം കമ്പ്യൂട്ടറിൽ ഒളിച്ച് കിടന്ന് ഉറങ്ങി.

മരണത്തിന്റെ മുന്നിൽ നാമൊക്കെ എത്ര നിസ്സാരക്കാർ. ഒരു ഞായറാഴ്ച, മരണം പാട്ടിയുടെ ആയുസ്സിന്റെ ചീട്ട് കീറി. തുണിക്കെട്ടിൽ സൂക്ഷിച്ചിരുന്ന പാസ്സ് ബുക്ക് കണ്ടെത്തിയാണ് അന്വേഷണം ബാങ്കിലെത്തിയത്. മുൻസിപ്പാലിറ്റിക്കാരും പോലീസും വിളിച്ചത് ചീഫ്മാനേജരെയാണ്. അവധിദിനമായതുകൊണ്ട് പാട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ എടുത്തുകൊടുക്കാൻ സിത്താരയെയാണ് ചുമതലപ്പെടുത്തിയത്. ആധാർനമ്പറും പാട്ടി നല്കിയ അയൽവാസിയായ സ്ത്രീയുടേയും നമ്പർ വെച്ചായിരുന്നു അക്കൗണ്ട് തുടങ്ങിയത്. അയൽവാസിയുടെ നമ്പറിൽ വിളിച്ചപ്പോൾ അങ്ങനെയൊരു നമ്പറില്ലെന്ന മറുപടിയാണ് കിട്ടിയത്. പിറ്റേന്നത്തെ പത്രത്തിൽ അനാഥ ശവത്തെ തിരിച്ചറിയാൻ ഫോട്ടോ കൊടുത്തിരുന്നത് വേദനയോടെ നോക്കിയിരുന്നു സിത്താര.

ഏതോ ശൂന്യതയോടെ സിത്താരയുടെ ഹൃദയത്തിന്റെ ഉള്ളറകളിലെവിടെയോ ഒരുമൈനസ്ചിഹ്നംപോലെ കിഴവിയുടെ ആ ഊന്നുവടി കിടന്നു. അക്കൗണ്ട് സ്റ്റാറ്റസിൽ പാട്ടിയുടെ പേരിനു താഴെ മരണത്തിന്റെ ചുവപ്പുരേഖകൾ കോറി ഇൻ ഓപ്പറേറ്റീവ് അക്കൗണ്ടിലേക്ക് മാറ്റിയതോടെ ചടങ്ങുകൾ കഴിഞ്ഞു.

ബാങ്കിന്റെ കവാടത്തിലെത്തുമ്പോൾ പാട്ടിയുടെ മുഖം ഓർത്ത് ഒരു നിമിഷം നിൽക്കും ഞങ്ങൾ. പിന്നെ മടിച്ച്മടിച്ച് തിടുക്കത്തിൽ ഉള്ളിലേക്ക് കയറും. വിധവയുടെ കൊച്ചുകാശിന് വിലയുണ്ടെന്ന പ്രമാണം ഏവരേയും പഠിപ്പിച്ചയാൾ കാറ് കൊണ്ടുവരുമ്പോൾ പഴയ മട്ടിൽതന്നെ ഹോണടിച്ചുകളയും. ആരും ഒന്നിൽനിന്നുംമോചിതരല്ലല്ലോ.

മാസങ്ങൾ കടന്നുപോകുമ്പോൾ മറവിയിലേക്ക് ഊളിയിട്ട് പോയി പാട്ടിയുടെ മരണം. ആരും അവരെക്കുറിച്ച് അന്വേഷിച്ച് വന്നില്ല. മരിച്ചുപോയവരുടെ നീക്കിയിരിപ്പിന് എന്ത് മൂല്യമാണുള്ളതെന്ന് പരിതപിക്കാനല്ലാതെ സിത്താരക്കായില്ല. ●



**കെ.രവീന്ദ്രൻ**

1974ൽ ബാങ്കിൽ ജോലി ആരംഭിച്ചു. 2009ൽ മാനേജർ (Concurrent Auditor) തസ്തികയിലിരിക്കേ, വിരമിച്ചു. മൂന്ന് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. താമസം ഒലവക്കോട്.



# ജലസൂര്യൻ

വെളിച്ചപ്പൊട്ടായി
മറഞ്ഞ സൂര്യനെ
ജലത്തിൽ കണ്ടു ഞാൻ.

അലകളിൽ മുങ്ങി
മറയുമാ സ്നേഹ-
ജ്വലനം കണ്ടു ഞാൻ.

എവിടെയാകിലും
നവനവോന്മേഷം
ജ്വലിച്ചിടും സൂര്യൻ!

വഴിയൊരുക്കുന്നു
ജലജീവികളാ
പ്രഭാന്യപേന്ദ്രന്.

തണുത്തുറയുമാ
ജലം സുരോർജ്ജത്താൽ
തപിച്ചുവോ അല്പം?

വെളിച്ചപ്പൊട്ടായി
മറഞ്ഞ സൂര്യനാ
ജലോർമ്മിമാലയിൽ!

അതുവരെച്ചുട്ടു
പഴുത്തിരു,ന്നൊന്നു
കുളിക്കാൻ പോയതോ?

ഒരു താപത്തിനു-
ണ്ടൊരു തണുപ്പെന്നു
വെളിപ്പെടുത്താനോ?

ജലാഴത്തിൽ ഗൂഢ-
മിരിക്കു, മൂർജ്ജത്തെ
വരിക്കാൻ പോയതോ?

അധികം നേരമാ
ജലധിയിൽ തങ്ങാൻ
തപനനാവുമോ

കുളിർ നീരോർജ്ജങ്ങൾ
ഉയിരിലേറ്റിയാ
ദിനനാഥനെത്തേ,

കിളിസ്വരങ്ങളായ്
മലർവിടർച്ചയായ്
എതിരേൽക്കുമിള! ●

കഥ




## സ്നേഹപ്രകാശ് വി. പി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിവിധ ശാഖകളിൽ മാനേജർ ആയിരുന്നു. 2016 ൽ മലപ്പുറം ആർ ബി ഓ യിൽ നിന്നും വിരമിച്ചു. അച്ചടി മാധ്യമങ്ങളിലും ഓൺലൈൻ മാധ്യമങ്ങളിലും കഥകളും, കവിതകളും എഴുതാറുണ്ട്. "ഉടലുകൾ" എന്ന പേരിൽ കുറുംകഥകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്


# വൈശാലിപൂരത്തെ സുൽത്താൻ

"സുൽത്താൻ ഫോർട്ട് ..."

ഓട്ടോ ഡ്രൈവർ വണ്ടി ഒതുക്കി നിർത്തിക്കൊണ്ട് പറഞ്ഞു. രാമനാഥൻ തന്റെ തോൾ സഞ്ചിയുമായി പതുക്കെ ഇറങ്ങി ഓട്ടോക്കാരന് കൂലി കൊടുത്ത്, പേഴ്സ് ജീൻസിന്റെ പോക്കറ്റിലേക്ക് തന്നെയിട്ട് ജൂബ്ബയുടെ കൈകൾ അലസമായി അല്പം തെറുത്ത് വെച്ച് ചുറ്റും നോക്കി. കോട്ടയുടെ ഭീമാകാരമായ ഇരുമ്പ് ഗേറ്റ് ഒരു വലിയ താഴിട്ട് പൂട്ടിയിരിക്കുന്നു. ഇരുവശങ്ങളിലുമായി  ഓരോ പീരങ്കികൾ. വർഷങ്ങളായി ആ ഗേറ്റ് തുറന്നിട്ട് എന്ന് ഒറ്റ നോട്ടത്തിൽത്തന്നെ അറിയാം. ഭൂമിയിലേക്ക് ഉറഞ്ഞുപോയതുപോലെ. ഗേറ്റിനു മുൻപിൽ നിന്ന് സെൽഫി എടുക്കുന്ന ചില ന്യൂജെൻ കുട്ടികൾ.

"അരേ...സാബ്...പ്രവേശൻ കവാട് ഇദർ ഹെ..."

അടുത്തുതന്നെയുള്ള മരം കൊണ്ടുള്ള മറ്റൊരു,ചെറിയ ഗേറ്റിനു മുൻപിൽ നിൽക്കുന്ന കാവൽക്കാരനാണ്.

ഗേറ്റ് കടന്ന് കോട്ടയ്ക്കകത്തേക്ക് പ്രവേശിച്ചപ്പോൾ സൂര്യൻ തലക്കുമുകളിലായിരുന്നെങ്കിലും നല്ല തണുപ്പ്. ചുറ്റും തണൽ വൃക്ഷങ്ങളും, വെട്ടിയൊരുക്കിയ ചെടികളും പുൽത്തകിടികളും. സന്ദർശകരുടെ എണ്ണം വളരെ കുറവായിരുന്നു. പത്തോ പന്ത്രണ്ടോ പേർ മാത്രം. ഇടക്കിടെ ഓഫീസിൽ നിന്നും കുറച്ചു ദിവസങ്ങൾ അവധിയിൽ പ്രവേശിച്ച് ഇതുപോലെയുള്ള യാത്രകൾ പതിവാണ് രാമനാഥന്. തിരിച്ചെത്തുമ്പോഴേക്കും ചില കഥകളുടെ വിത്തുകൾ മുളച്ചു പൊന്തിയിരിക്കും. ഈ തവണ ഒരു നോവലാണ് മനസ്സിലുള്ളത്. ഒരു രാജാവിന്റെ പ്രണയം. അങ്ങനെ അന്വേഷിച്ചാണ് ഇവിടെ സുൽത്താന്റെ കോട്ടയിലേക്ക് തിരിച്ചത്.

> **രാമനാഥൻ തന്റെ തോൾ സഞ്ചിയുമായി പതുക്കെ ഇറങ്ങി ഓട്ടോക്കാരന് കൂലി കൊടുത്ത്, പേഴ്സ് ജീൻസിന്റെ പോക്കറ്റിലേക്ക് തന്നെയിട്ട് ജൂബ്ബയുടെ കൈകൾ അലസമായി അല്പം തെറുത്ത് വെച്ച് ചുറ്റും നോക്കി.**

സുൽത്താൻ അലി അൻവറിന്റേതായിരുന്നു ഈ കൊട്ടാരം. ക്രൂരനും, തികഞ്ഞ മതഭ്രാന്തനുമായിരുന്ന സുൽത്താൻ അലി അക്ബറിന്റെ, ഏക പുത്രൻ. തികച്ചും സൗമ്യൻ. പഠിച്ചതെല്ലാം വിദേശത്തായിരുന്നു. എഴുത്തും, വായനയും, സംഗീതവും എല്ലാം ഹൃദയത്തിൽ സൂക്ഷിക്കുന്നവൻ. പിതാവിന്റെ സ്വഭാവത്തിനു തികച്ചും വിരുദ്ധമായ സ്വഭാവമുള്ളവൻ. പഠിപ്പു കഴിഞ്ഞ് വരുമ്പോഴേക്കും പിതാവ് മരണപ്പെട്ടിരുന്നു. പിന്നെ ഭരണം അലി അൻവറിന്റേതായിരുന്നു. വളരെ വലിയ മാറ്റങ്ങളായിരുന്നു പിന്നെ കണ്ടത്. കൊട്ടാരത്തിൽ കലാകാരന്മാരും, സാഹിത്യകാരൻമാരുമായിരുന്നു പിന്നീടെപ്പോഴും. ഇതിനിടയിലാണ് സുൽത്താൻ കൊട്ടാരത്തിലെ നർത്തകിയായിരുന്ന വൈശാലിയിൽ അനുരക്തനാവുന്നതും പിന്നീട് ആ പ്രണയം നഷ്ടപ്പെടുന്നതും, കാലം കഴിയവേ സ്വയം ഒരു മിത്ത് ആയി മാറുന്നതും.

കൊട്ടാരത്തിന്റെ വിശാലമായ ഹാളിലെ ചുമരുകൾ നിറയെ സുൽത്താന്റെയും, പിതാമഹാന്മാരുടെയും, അവരുടെ ബീവിമാരുടെയും എണ്ണഛായചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. ഏറ്റവും ഒടുവിലായി അവസാനത്തെ കണ്ണിയായ സുൽത്താൻ അലി അൻവറിന്റെ ചിരിക്കുന്ന ചിത്രം. എല്ലാവരെപ്പറ്റിയുമുള്ള ലഘുവിവരണങ്ങൾ ഇംഗ്ലീഷിലും, അറബിയിലും ചിത്രങ്ങൾക്ക് താഴെ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ഹാളിൽ നിന്നും വിശാലമായ മുറികളിലേക്ക് കടന്നാൽ കാണുന്നത് സേന നായകന്മാരുടെയും, ഓരോ കാലഘട്ടങ്ങളിലും നടന്ന പ്രധാനപ്പെട്ട സംഭവങ്ങളുടെയും ചിത്രങ്ങളും, പ്രശസ്തരായ കലാകാരൻമാർ ഒരുക്കിയ ജീവൻ തുടിക്കുന്ന ശില്പങ്ങളും. ഓരോ മുറിയിലും പ്രത്യേകം, പ്രത്യേകമായി ഒരുക്കിയ രാജാക്കന്മാരുടെ കട്ടിലുകൾ, മറ്റു ഫർണിച്ചറുകൾ, വാളുകൾ, അംഗവസ്ത്രങ്ങൾ, ഹുക്കകൾ, മദ്യ ചഷകങ്ങൾ, രാജ്ഞിമാരുടെ വസ്ത്രങ്ങൾ,ആഭരണങ്ങൾ,ഉപയോഗിച്ചിരുന്ന പാത്രങ്ങൾ, സമ്മാനങ്ങൾ തുടങ്ങിയവ. മറ്റൊരു മുറി നിറയെ സംഗീതോപകരണങ്ങൾ.

കൊട്ടാരത്തിന്റെ മദ്ധ്യത്തിലായി ഒരേപോലെയുള്ള രണ്ടു ഹാളുകൾ. രണ്ടു ഹാളുകളിലുമുള്ള പിരിയൻ ഗോവണികൾ കയറിയാൽ എത്തുന്നത് മുകളിലെ സമന്വയ എന്ന പേരുള്ള ഒരു വലിയ ഹാളിൽ. എന്നാൽ മലേഷ്യയിലെ പ്രസിദ്ധമായ ട്വിൻ ടവർ പോലെയല്ല എന്നുമാത്രം. ഇത് രണ്ട് മത വിശ്വാസങ്ങളുടെ സമന്വയം കൂടിയായിരുന്നു. മുകളിലെ നിലയിലെ ഹാളിൽ നിന്നുനോക്കിയാൽ താഴെയുള്ള രണ്ടു ഹാളുകളിൽ നടക്കുന്നതും വ്യക്തമായി കാണാൻ പറ്റുന്ന വിധത്തിലായിരുന്നു ആ കെട്ടിടം നിർമിച്ചിരുന്നത്. താഴെ ഒരു ഹാളിൽ ഹിന്ദു ധർമ്മമായിരുന്നു പഠിപ്പിച്ചിരുന്നത്. രാവിലെ മുതൽ പ്രഗത്ഭരായ സംസ്കൃത പണ്ഡിതന്മാർ വേദങ്ങളും, ഇതിഹാസങ്ങളുമെല്ലാം പഠിപ്പിക്കുമ്പോൾ, അടുത്ത ഹാളിൽ മുസ്ലിം മത പണ്ഡിതന്മാർ ഖുർആൻ ആയിരുന്നു പഠിപ്പിച്ചിരുന്നത്. രണ്ടിന്റെയും അന്തസ്സത്ത ഒന്നുതന്നെയാണെന്ന് പറയുന്നതായിരുന്നു മുകളിലെ ഹാൾ. മുകളിലെ ചില്ലു ജാലകങ്ങളിലൂടെ പുറത്തേക്കു നോക്കിയാൽ അല്പം അകലെയായി ഒരു മുസ്ലിം പള്ളി. അവിടെ നിന്നും അഞ്ചു നേരവും ബാങ്കുവിളികൾ ഉയർന്നിരുന്നു. കുറച്ചുകൂടി അകലെയായി ഒരു ആൽമരവും,അടുത്തു തന്നെ ഒരു ക്ഷേത്രവും, കല്ലുകെട്ടിയ ക്ഷേത്രക്കുളവും.

സമന്വയിൽ നിന്നും പുറത്തേക്കിറങ്ങിയാൽ, സംഗീതോപകരണങ്ങളുടെ മാതൃകയിൽ നിർമിച്ച വാതിലുകളും, ജാലകങ്ങളുമുള്ള വൈശാലി എന്ന കെട്ടിടത്തിലാണ് എത്തിച്ചേരുക. ഉള്ളിലേക്ക് പ്രവേശിച്ചാൽ ചുമരുകളിൽ മുഴുവൻ സുൽത്താന്റെ കാമുകിയായിരുന്ന വൈശാലി ദേവിയുടെ ചിത്രങ്ങൾ മാത്രം. ഒരുകാലത്ത് എല്ലാ രാത്രികളിലും പ്രശസ്തരായ കലാകാരന്മാരുടെ പരിപാടികൾ അരങ്ങേറിയിരുന്ന സ്ഥലം. ഹാൾ നിറയെ ഇരിപ്പിടങ്ങൾ. ഇടയിൽ ഒരു തൂണുപോലുമില്ലാതെ അതിമനോഹരമായ ശില്പചാതുരി. വിശാലമായ സ്റ്റേജിൽ രാജാവിന് ഇരിക്കാൻ പ്രത്യേക ഇരിപ്പിടം സജ്ജമാക്കിയിരുന്നു. ഏഴു തിരിയിട്ട ഒരു നിലവിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കും. സ്റ്റേജിലെ വൈശാലിദേവിയുടെ ചിത്രത്തിനടുത്ത് ഒരു പീഠത്തിൽ വെച്ച തളികയിൽ ഒരു ജോഡി ചിലങ്കകൾ. ആ കെട്ടിടത്തിലേക്ക് കയറിയതുമുതൽ രാമനാഥന് ഒരു വല്ലാത്ത ശാന്തത അനുഭവപ്പെട്ടു. എന്നാൽ എന്തേ രാജാവായിട്ടുപോലും പ്രണയം സാക്ഷാത്ക്കരിക്കാൻ പറ്റാതെ പോയത് എന്ന ചിന്തയോടെ വൈശാലിയുടെ ചിത്രവും നോക്കി നിൽക്കുമ്പോഴാണ് പ്രായമായ ഒരാൾ രാമനാഥന്റെ അടുത്തേക്ക് വന്നത്. നീണ്ടു വളർന്നു കിടക്കുന്ന മുടിയും താടിയുമായി. സംശയം അയാളുമായി പങ്കുവെച്ചപ്പോൾ അയാൾ തന്റെ ദീപ്തമായ കണ്ണുകളോടെ രാമനാഥനെ



“

**രാവിലെ മുതൽ പ്രഗത്ഭരായ സംസ്കൃത പണ്ഡിതന്മാർ വേദങ്ങളും, ഇതിഹാസങ്ങളുമെല്ലാം പഠിപ്പിക്കുമ്പോൾ, അടുത്ത ഹാളിൽ മുസ്ലിം മത പണ്ഡിതന്മാർ ഖുർആൻ ആയിരുന്നു പഠിപ്പിച്ചിരുന്നത്. രണ്ടിന്റെയും അന്തസ്സത്ത ഒന്നുതന്നെയാണെന്ന് പറയുന്നതായിരുന്നു മുകളിലെ ഹാൾ.**

നോക്കി. പിന്നെ പറഞ്ഞു.

"ഞാൻ ദേവനാരായണൻ... വരൂ .. നമുക്ക് പുറത്തിരുന്ന് സംസാരിക്കാം... അതൊരു വലിയ കഥയാണ്..."

അവർ പുറത്തേക്കിറങ്ങി. നടന്നു നടന്ന് ആൽ മരത്തിന്റെ ചുവട്ടിലെത്തി. ആലിന്റെ തറയിൽ ഇരുന്നപ്പോൾ രാമനാഥൻ തന്റെ സഞ്ചിയിൽ ഉണ്ടായിരുന്ന വീഞ്ഞിന്റെ കുപ്പിയെടുത്തു. എന്നിട്ട് പറഞ്ഞു.

"വിരോധമില്ലെങ്കിൽ അല്പം ആവാം..."

അയാളുടെ മുഖത്ത് പ്രത്യേകിച്ച് ഭാവഭേദമൊന്നും കണ്ടില്ല. പിന്നെ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"ശീലമില്ല... ഇനി പുതിയ ശീലങ്ങൾ തുടങ്ങാനും താല്പര്യമില്ല.. നിങ്ങൾ കഴിച്ചോളൂ..."

രാമനാഥൻ കുപ്പിയിൽ നിന്നും രണ്ടു കവിൾ വീഞ്ഞു കഴിച്ചതിനു ശേഷം സുൽത്താന്റെ കഥ കേൾക്കാൻ തയ്യാറായി.

അയാൾ പറഞ്ഞു തുടങ്ങി. സുൽത്താൻ അലി അൻവറിന്റെ പിതാവ്, അലി അക്ബർ ഒരു ദുഷ്ടനായിരുന്നു. തന്റെ ദുർഭരണം തുടർന്നു കൊണ്ടിരിക്കുമ്പോഴായിരുന്നു മരണം. പിന്നെയാണ് സുൽത്താൻ അൻവർ തന്റെ വിദ്യാഭ്യാസം കഴിഞ്ഞ് ഭരണം ഏറ്റെടുക്കുന്നത്. തികഞ്ഞ സാത്വികനായിരുന്നു അൻവർ. എല്ലാ മത നേതാക്കന്മാരും കൊട്ടാരത്തിൽ എത്തുമായിരുന്നു. ഹിന്ദു സന്യാസിമാരും, സൂഫികളും എല്ലാം. പിന്നെ എല്ലാ കലാകാരന്മാരും.

"വൈശാലിയെപ്പറ്റി പറയൂ..."

രാമനാഥന്റെ ആകാംക്ഷ പുറത്തു വന്നു.

"അതിലേക്കാണ് വരുന്നത്..."

അയാൾ തുടർന്നു.

"

**എന്തേ രാജാവായിട്ടുപോലും പ്രണയം സാക്ഷാത്ക്കരിക്കാൻ പറ്റാതെ പോയത് എന്ന ചിന്തയോടെ വൈശാലിയുടെ ചിത്രവും നോക്കി നിൽക്കുമ്പോഴാണ് പ്രായമായ ഒരാൾ രാമനാഥന്റെ അടുത്തേക്ക് വന്നത്.**

വൈശാലി ഈ ഗ്രാമത്തിലെ വളരെ പാവപെട്ട ഒരാളുടെ മകളായിരുന്നു. സുന്ദരിയും ഏറ്റവും നല്ല നർത്തകിയും, കൊട്ടാരത്തിലെ നൃത്താധ്യാപികയും. അങ്ങനെയിരിക്കെയാണ് സുൽത്താൻ അവളിൽ അനുരക്തനായത്. വൈശാലിക്ക്, സുൽത്തനെ ഏറെ ഇഷ്ടമായിരുന്നെങ്കിലും, പലതവണ വിലക്കി നോക്കി. എന്നാൽ താൻ ഒരു സൂഫിയാണെന്നും സ്നേഹമാണ് തന്റെ മതമെന്നും സുൽത്താൻ ആവർത്തിച്ചു. ഒടുവിൽ ഒരു നാൾ വൈശാലിയുടെ അച്ഛനെ കാണാൻ സുൽത്താൻ അവളുടെ വീട്ടിലേക്ക് ചെന്നു. മത നേതാക്കന്മാരുടെ എതിർപ്പുണ്ടായിരുന്നതിനാൽ അച്ഛനും ഈ കാര്യത്തിൽ താല്പര്യം പ്രകടിപ്പിച്ചില്ല. എന്നാൽ സുൽത്താൻ, ഒരു ഹിന്ദു യുവതിയെ



വിവാഹം കഴിക്കാൻ പോവുന്നു എന്നറിഞ്ഞതോടെ ഇരു മതവിഭാഗങ്ങളും തമ്മിൽ ലഹള തുടങ്ങി. ഇരു ഭാഗത്തും ആളപായമുണ്ടായി. വൈശാലിയെ അടുത്ത ഗ്രാമത്തിലെ ധനികനായ ഒരു കച്ചവടക്കാരന് വിവാഹം കഴിച്ചു കൊടുക്കാൻ വീട്ടുകാർ തീരുമാനിച്ചു. താൻ കാരണം നിരപരാധികൾ മരിച്ചു വീഴുന്നത് കണ്ടപ്പോൾ സുൽത്താന് ഒടുവിൽ തന്റെ തീരുമാനം മാറ്റേണ്ടി വന്നു.

അവസാനമായി യാത്ര പറയാൻ വേണ്ടി വൈശാലി, സുൽത്താന്റെ അടുത്തു വന്നപ്പോൾ പറഞ്ഞു.

"ഞാൻ പോവുന്നു... ഏതൊരു പെണ്ണും ഇങ്ങനെയൊക്കെത്തന്നെ... മുറിവേറ്റ ഹൃദയവുമായി മറ്റൊരു ജീവിതത്തിലേക്ക്... തരാനായി എന്റെ കൈയിൽ സമ്മാനങ്ങൾ ഒന്നുമില്ല... ഈ ശരീരമല്ലാതെ ... എടുത്തോളൂ..."

അവളുടെ കണ്ണുകൾ പുഴകളായി.

"ഇന്നു വരെ നിന്റെ ശരീരത്തിൽ ഞാൻ സ്പർശിച്ചിട്ടില്ല... ഏറെ സ്നേഹിച്ചിരുന്നെങ്കിലും... നിന്നെ കളങ്കപ്പെടുത്താൻ എനിക്കാവില്ല... ഒരു സമ്മാനമെന്ന നിലയിൽ നിന്റെ കാലിലെ ചിലങ്കകൾ എനിക്ക് തന്നേക്കുക... അത്രമാത്രം ...നിനക്കായി പുതിയ ചിലങ്കകൾ ഞാൻ വരുത്തുന്നുണ്ട് ..."

അവൾ ചിലങ്കകൾ ഊരി ഒരു താലത്തിൽ വെച്ച് സുൽത്താന്റെ കാൽക്കീഴിൽ വെച്ചതിനു ശേഷം പറഞ്ഞു.

"ഇനി എനിക്ക് പുതിയ ചിലങ്കകൾ വേണ്ട... ഞാൻ നൃത്തം അവസാനിപ്പിച്ചിരിക്കുന്നു...നൃത്തം ചെയ്യാത്ത കാലുകൾക്ക് ചിലങ്കകൾ ആവശ്യമില്ലല്ലോ ... "

വൈശാലിയുടെ വിവാഹം കഴിഞ്ഞെങ്കിലും, ഭർതൃവീട്ടിൽ കലഹങ്ങളും, കുത്തുവാക്കുകളുമായി അവളുടെ ജീവിതം നരകമായിത്തീർന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുന്നതിനുമുന്പേ അവൾ ഈ ലോകം വിട്ടുപോയി. തികഞ്ഞ കുറ്റബോധത്താൽ അവളുടെ അച്ഛൻ അന്നുതന്നെ ഗ്രാമം വിട്ടു.

സുൽത്താൻ പിന്നീട് വിവാഹം കഴിച്ചതേയില്ല. ഈ ഗ്രാമത്തിന്റെ പേര് വൈശാലിപുരം എന്നാക്കി മാറ്റി. എന്നും നൃത്തവും, സംഗീതവും, സാഹിത്യവുമെല്ലാമായി കഴിഞ്ഞു. പിന്നെയാണ് സമന്വയ എന്ന ആ ഹാൾ പണിതത്. അവിടെ പണ്ഡിതന്മാർ വന്ന് മതങ്ങളെപ്പറ്റി പഠിപ്പിച്ചു. ഇപ്പോൾ ഈ നാട്ടിൽ മതങ്ങളില്ല. മനുഷ്യർ മാത്രമേയുള്ളു. എല്ലാ മതങ്ങളിലെയും നന്മകൾ ഉൾക്കൊണ്ട് ജീവിക്കുന്ന മനുഷ്യർ.

ഭഗവദ്ഗീതയിലെ ശ്ലോകങ്ങളും, ഖുറാനിലെ ആയത്തുകളും കേട്ട് രാമനാഥൻ ഞെട്ടിയുണർന്നു. അയാൾക്ക് അടുത്തൊന്നും ആരെയും കാണാൻ കഴിഞ്ഞില്ല. കഥ പറഞ്ഞു കൊണ്ടിരുന്ന ദേവനാരായണനേയും. അയാൾ തന്റെ പോക്കറ്റ് തപ്പി നോക്കി. പേഴ്സും, മൊബൈലും എന്തിനധികം സഞ്ചിയിൽ ഉണ്ടായിരുന്ന കുപ്പിയിലെ പാതിയായ വീഞ്ഞു പോലും സുരക്ഷിതമായിരിക്കുന്നു. സമയം ഇരുട്ടാൻ തുടങ്ങിയിരിക്കുന്നു. മുകളിലേക്ക് നോക്കിയപ്പോൾ ആലിലകളുടെ മർമരം മാത്രം. പെട്ടെന്ന് തന്നെ എഴുന്നേറ്റ് പുറത്തേക്കുള്ള ഗേറ്റിനടുത്തെത്തിയപ്പോൾ, ഗേറ്റ് അടയ്ക്കാൻ തയ്യാറായി നിൽക്കുന്ന കാവൽക്കരൻ ചോദിച്ചു.



**"ഞാൻ പോവുന്നു... ഏതൊരു പെണ്ണും ഇങ്ങനെയൊക്കെത്തന്നെ... മുറിവേറ്റ ഹൃദയവുമായി മറ്റൊരു ജീവിതത്തിലേക്ക്... തരാനായി എന്റെ കൈയിൽ സമ്മാനങ്ങൾ ഒന്നുമില്ല... ഈ ശരീരമല്ലാതെ ... എടുത്തോളൂ..."**

"സാബ് ക്യാ ഹുവാ ആപ്കോ ..."

"ദേവ നാരായണനെ കണ്ടോ..."

രാമനാഥൻ ഉദ്വേഗത്തോടെ ചോദിച്ചു.

കാവൽക്കരൻ പൊട്ടിച്ചിരിച്ചു.

"അരേ സാബ്... ആപ് തോ പാഗൽ ഹോ ഗയാ... ദേവ്നാരായൺജി വൈശാലി ദേവി കി പിതാജി ഹെ..."

രാമനാഥൻ പിന്നെ ഒന്നും പറഞ്ഞില്ല. ആലിലകൾ അപ്പോഴും ഗീതയിൽ നിന്നും ഖുറാനിൽ നിന്നുമുള്ള വരികൾ ഉരുവിടുന്നുണ്ടായിരുന്നു. ●

**കഥ**



**ലതിക. കെ.കെ**

1981 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൂത്തുപറമ്പ് ശാഖയിൽ ജോലിയിൽ പ്രവേശിച്ചു. 36 വർഷത്തെ സേവനത്തിനു ശേഷം കണ്ണൂർ ശാഖയിൽ നിന്ന് സ്വയം വിരമിച്ചു. ആനുകാലികങ്ങളിലും, ഓൺലൈൻ മാധ്യമങ്ങളിലും കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
കണ്ണൂർ ആകാശവാണിയിലും കഥ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

# ചിത്രങ്ങളിൽ മാഞ്ഞു പോകുന്നവർ

അന്ന് പ്ലാറ്റ്ഫോമിൽ നിറയെ ആളുകളായിരുന്നു . ഏത് പാതിരാത്രിയും അങ്ങനെ തന്നെ. തലങ്ങും വിലങ്ങും പാഞ്ഞു പോകുന്ന ആളുകൾ . ഒട്ടും തിരക്കില്ലാതെ, കിട്ടിയ കസേരകളിൽ ചാരിയിരുന്ന് വായിക്കുകയും മൊബൈലിൽ തലോടുകയും ചെയ്യുന്ന ആളുകൾ. രാത്രിയാണെങ്കിൽ ഒഴിഞ്ഞ ഇടങ്ങളിലെല്ലാം തുണിയിലോ ചാക്കിലോ കടലാസ്സിലോ വെറും നിലത്തോ കിടന്നുറങ്ങുന്ന ആളുകൾ . കസേരകളിൽ ഇരുന്ന് ഉറങ്ങുകയും ഞെട്ടി ഉണരുകയും ചെയ്യുന്ന ആളുകൾ.

അന്ന് ഒരു സുഖം തോന്നുന്ന പ്രഭാതമായിരുന്നു. മഞ്ഞുവീണു നനഞ്ഞ പുൽപരപ്പിലൂടെ നടക്കുമ്പോൾ *ദേവിയും കൂടെ ഉണ്ടായിരുന്നു. ബാഗിനുള്ളിൽ നിന്ന് ദേവി ചോദിക്കുന്നുണ്ടായിരുന്നു. “നിനക്ക് തനിച്ചു നടക്കാൻ പേടിയാവുന്നില്ലേ?”

നാട്ടിലേക്ക് പോകുന്ന സുഹൃത്തിനെ യാത്രയാക്കാൻ എത്തിയതായിരുന്നു അവൾ. ഒരു പുസ്തകം തിരിച്ചേൽപിക്കാനുമുണ്ടായിരുന്നു. അയാൾ എത്തിയിട്ടില്ല. വണ്ടിയും ലേറ്റാണ്. അവൾ ചുറ്റും നോക്കി ഒഴിഞ്ഞ കസേര നോക്കി നടന്നു. ബാഗിൽ നിന്ന് പാണ്ഡവപുരം പുറത്തേക്കെടുത്തു. ദേവി പാണ്ഡവപുരത്ത നിന്ന് മടങ്ങിയിരുന്നു. ദേവിയോടൊപ്പം അയാളെയും കാത്തിരിക്കുമ്പോൾ അവളും ആ ആളൊഴിഞ്ഞ പ്ലാറ്റ്ഫോമിലായിരുന്നു.

> **“ അന്ന് സുഖം തോന്നുന്ന പ്രഭാതമായിരുന്നു. മഞ്ഞുവീണു നനഞ്ഞ പുൽപരപ്പിലൂടെ നടക്കുമ്പോൾ *ദേവിയും കൂടെ ഉണ്ടായിരുന്നു. ബാഗിനുള്ളിൽ നിന്ന് ദേവി ചോദിക്കുന്നുണ്ടായിരുന്നു. “നിനക്ക് തനിച്ചു നടക്കാൻ പേടിയാവുന്നില്ലേ?”**

വലതുകാലിൽ ആണിയുള്ള വയസ്സൻ പോർട്ടർ ഇരുമ്പ് പാളത്തിൽ വാശിയോടെ അടിച്ചതും ബഞ്ചുകളിലിരുന്ന് ഉറക്കം തൂങ്ങിയിരുന്ന വളരെ കുറച്ച് യാത്രക്കാർ ഞെട്ടിയുണർന്നതും ദൂരെ കമ്പിത്തുണകൾക്കപ്പുറം ഒരു കറുത്ത വട്ടം തെളിഞ്ഞതും പിന്നെ പെട്ടെന്ന് വലിപ്പം വെച്ച്, പുകതുപ്പി, ഇരുണ്ട മുഖത്തോടെ, മറ്റേതോ ഗ്രഹത്തിൽ നിന്നുള്ള രഹസ്യ സന്ദേശവുമായി വരുന്ന ദൂതനെപ്പോലെ, കുളമ്പിട്ടടിച്ചു നീങ്ങി വന്ന് താവളമെത്തിയ ആശ്വാസത്തോടെ അമ്പരപ്പോടെ വണ്ടി നിന്നതും ദേവിയുടെ കൂടെയിരുന്ന് അവൾ കണ്ടു. അന്നേരം അഴികളിട്ട മരബെഞ്ചിൽ ദേവിയെപ്പോലെ അവളും തനിച്ചായിരുന്നു.

അത് ഒരു ശനിയാഴ്ച ആയിരുന്നു. ഇന്നും ശനിയാഴ്ചയാണ്. ഇന്ന് അവൾ അടുക്കളയിൽ ദോശ തിരിച്ചിടുകയാണ്. രാവിലെ മുതൽ റേഡിയോ അവൾക്കു വേണ്ടി പാടുകയും സംസാരിക്കുകയുമായിരുന്നു. എട്ടുമണിയുടെ ഹിന്ദി വാർത്ത തുടങ്ങിയപ്പോൾ അവൾ മറ്റൊരു എഫ്

എം. സ്റ്റേഷനിലേക്ക് മാറ്റി. കേൾക്കൂ കേൾക്കൂ കേട്ടുകൊണ്ടേയിരിക്കൂ.ആർ.ജെ മണിപ്രവാളം തുടങ്ങിയിരുന്നു. പാട്ട് കേൾക്കാൻ ഇഷ്ടമാണ്. മണിപ്രവാളം സഹിക്കണമെന്നതാണ് ആ ഇഷ്ടത്തിന് ലഭിക്കുന്ന ശിക്ഷ. അവതാരകർ ആർ.ജെ എന്നാണ് അറിയപ്പെടുന്നത്. ഡോക്ടർ, പ്രൊഫസർ, അഡ്വക്കേറ്റ് എന്നൊക്കെ പറയുന്നതു പോലെ ആർ.ജെ ഒരു അലങ്കാരമാകുന്നു പേരിന്റെ കൂടെ ചേർത്തു വെക്കുമ്പോൾ. പുതിയ പദങ്ങൾ പലതും മനസ്സിന്റെ അതിരുകൾക്ക് പുറത്തായിപ്പോകുന്നുണ്ട് പലപ്പോഴും. മഴ പെയ്യുമ്പോലെ മണിപ്രവാളം പെയ്തു കൊണ്ടിരിക്കുന്നു. മഴയെ കേട്ടുകൊണ്ട് അവൾ ദോശ ചുട്ടു കൊണ്ടിരുന്നു. ഒരു പാട്ടിന്റെ ഇടവേളയിലാണെന്നു തോന്നുന്നു അത് കേട്ടത്. വെറുതെ കേട്ട് മറന്നു കളയാനുള്ള ഒരു വാർത്ത. പ്ലാറ്റ്ഫോം ടിക്കറ്റിന് ഇനി മുതൽ 50 രൂപ ആക്കിയിരിക്കുന്നു. സാമൂഹ്യ അകലം പാലിക്കാൻ റെയിൽവേയുടെ മുൻകരുതൽ. വേണ്ടതു തന്നെ. ആവശ്യമില്ലാതെ റെയിൽവേ പ്ലാറ്റ്ഫോമിൽ വന്നു കൂടുന്ന ആൾക്കൂട്ടം സൃഷ്ടിക്കുന്ന രോഗ പടർച്ചയ്ക്ക് തടയിടാൻ എന്നു തന്നെയാണ് വിശദീകരണം വന്നത്.

വാർത്ത അവളെ അന്നത്തെ പ്ലാറ്റ്ഫോമിലേക്കെടുത്തെറിഞ്ഞു. ദോശ കരിയാതെ തിരിച്ചിട്ടു കൊണ്ട് അവൾ ജനലഴികളിലൂടെ മതിലിനു പുറത്തേക്ക് കണ്ണയച്ചു. ഒരു പ്ലാറ്റ്ഫോം പോയിട്ട് ഓട്ടോസ്റ്റാന്റ് പോലും കണ്ടിട്ട് എത്ര ദിവസമായിക്കാണും? ഈ വീടിനു പുറത്ത് ,മതിലിനു പുറത്ത്, ഗേറ്റ് കടക്കാതെ എത്ര ദിവസം കഴിഞ്ഞു ! ബസ്സിൽ-ഓട്ടോയിൽ-നടന്നിട്ടു പോലും. എങ്ങോട്ടെങ്കിലും സഞ്ചരിച്ചത് പഴയൊരോർമ്മ മാത്രമായി. വെറുമൊരു പെൺകുട്ടി മാത്രമായിരുന്നപ്പോൾ തീവണ്ടി കാണാനും അതിൽ കയറാനും വേണ്ടിമാത്രം തലശ്ശേരിയിൽ നിന്ന് കണ്ണൂർ വരെ പോയി വന്നത് ഇന്നൊരു ചെറുചിരിയോടെ ഓർക്കാൻ കഴിയുന്നു.

ടിക്കറ്റുകളുടെ വില കൂടുമ്പോൾ ഏതൊക്കെ കാഴ്ചകളാണ് ഒറ്റ ക്ലിക്കിൽ മാഞ്ഞു പോകുന്നത് ? ഏതൊക്കെയാണ് കൂടുതൽ മിഴിവോടെ

> **ടിക്കറ്റുകളുടെ വില കൂടുമ്പോൾ ഏതൊക്കെ കാഴ്ചകളാണ് ഒറ്റ ക്ലിക്കിൽ മാഞ്ഞു പോകുന്നത് ? ഏതൊക്കെയാണ് കൂടുതൽ മിഴിവോടെ തെളിഞ്ഞു വരുന്നത്?**

തെളിഞ്ഞു വരുന്നത്? കൊച്ചുമകളുടെ ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങളിലൊന്ന് പാളത്തിലൂടെ വട്ടത്തിലോടുന്ന കറുത്ത ബോഗികളുള്ള തീവണ്ടിയാണ്. അവളുടെ കളിയിൽ ആളുകൾ നിറഞ്ഞ പ്ലാറ്റ്ഫോമും ചായയും ബിരിയാണിയും വിൽക്കുന്നവരും പുസ്തകക്കടയും പ്ലാറ്റ്ഫോം ടിക്കറ്റ് പോലും ഉണ്ടായിരിക്കും. ടിക്കറ്റ് വില കൂടിയത് അവൾ അറിഞ്ഞിരിക്കില്ല. അതുകൊണ്ട് അവളുടെ പ്ലാറ്റ്ഫോമിൽ ടിക്കറ്റിനായി നീണ്ട ക്യൂ കാണാം. ട്രെയിനിലും നിറയെ ആളുകൾ തിങ്ങി നിറഞ്ഞിരിക്കും. അവൾക്ക് എല്ലാവരെയും ചേർത്ത് നിർത്താനാണിഷ്ടം. പക്ഷേ എല്ലാവരും അതുപോലെയല്ലല്ലോ. ഒറ്റ ക്ലിക്കിൽ ഓർമ്മകളെയെന്ന പോലെ മനുഷ്യരെയും തുടച്ചു നീക്കാനാണ് ചിലർക്ക് ഏറെ ഇഷ്ടം.

ട്രെയിനിൽ ജനലഴികൾക്കിടയിലൂടെ നീണ്ടു നീണ്ടു വരുന്ന അനേകം കൈകൾ, വിറകൊള്ളുന്ന വിരലുകൾ, അവരുടെ ഉടലിനുള്ളിലെ പിടച്ചിലുകൾ, ഒന്നിച്ചു ചേർന്നു നിൽക്കാനുള്ള സ്നേഹനോവുകൾ, തുടക്കുന്തോറും നിറഞ്ഞു വരുന്ന മിഴിനീർത്തുള്ളികൾ. നീട്ടിപ്പിടിച്ച കൈകളുമായി അകന്നകന്നു പോകുന്ന മനുഷ്യർ.

വണ്ടി നീങ്ങി വേഗം കൈവരിക്കുന്നതു വരെ അത്രയും നേരമെങ്കിലും ചേർന്നു നിൽക്കാൻ, കുഞ്ഞുമുഖങ്ങളെ കൊഞ്ചിക്കാൻ, വാക്കു കൊണ്ടും നോക്കു കൊണ്ടും പ്രണയിക്കാൻ, വെമ്പുന്ന



ശരീരങ്ങൾ. ഇനിയെന്നു കാണുമെന്ന് പറയാൻ കഴിയാതെ, തിരിച്ചു വരുമെന്ന ഉറപ്പില്ലാതെ അതിർത്തി കാക്കാൻ പോകുന്നവരുടെ തൊട്ടുത ലോടുകൾ, ചുരുട്ടിപ്പിടിച്ച കുഞ്ഞു വിരലുകളിൽ നിന്ന് പറിച്ചെടുക്കുന്ന ഒരു സാരിത്തുമ്പ്, ഭർ ത്താവിന്റെ വീട്ടിലേക്ക് യാത്രയാകുന്ന മകൾക്ക് നൽകുന്ന നിലക്കാത്ത ആലിംഗനങ്ങൾ- എത്രയെത കാഴ്ചകളാണ് ഒരു പ്ലാറ്റ്ഫോം ടിക്കറ്റ് അവിടെ ഒരു ഒഴിഞ്ഞ മൂലയിലിരിക്കുന്ന നിങ്ങൾക്ക് കാണിച്ചു തരുന്നത് ?

ഓരോ മതിലുകൾക്കുമപ്പുറത്തു നിന്ന് നീണ്ടു വരുന്ന സ്നേഹ വിരലുകൾക്കായി കൊതിയോടെ കാത്തുനിൽക്കുന്ന ആത്മാവുകൾ നിറഞ്ഞ വീടുകളാണ് അവൾക്ക് ചുറ്റും. അതി ലൊന്നിനുള്ളിലിരുന്നുകൊണ്ട് പ്ലാറ്റ്ഫോമിലേക്ക് നോക്കുമ്പോൾ അവൾ കമൽഹാസനെ കണ്ടു. വണ്ടിക്കകത്തിരുന്ന് ശ്രീദേവി തന്നെ നോക്കി സഹതാപത്തോടെ പിച്ചക്കാശ് നീട്ടിയിട്ടും അവളുടെ ഓർമ്മകളെ തിരിച്ചു നൽകാനായി, അവളെ നഷ്ടപ്പെടാൻ കഴിയാതെ, നീ ങ്ങിപ്പോ കുന്ന വണ്ടിയുടെ പിന്നാലെ നിസ്സഹായനായി പട്ടിയായും പൂച്ചയായും പിന്നെ കുരങ്ങനായും തലകുത്തിമറയുന്ന ഇളിച്ചു നിൽക്കുന്ന കമലഹാസൻ എന്ന മഹാനടൻ. എല്ലാ സങ്കട ങ്ങളും ആ പ്ലാറ്റ്ഫോമിൽ ബാക്കിയാക്കി മാഞ്ഞു പോയ ശ്രീദേവി എന്ന വിസ്മയം .

ഒറ്റക്കൊരാളെ യാത്രയാക്കാനായി ഒരു കുടുംബം മുഴുവൻ, അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളും പ്ലാറ്റ്ഫോമിൽ തിക്കിത്തിരക്കു ന്നത് കണ്ട് അസഹ്യതയോടെ നോക്കി നിൽ ക്കാറുള്ളത് ഓർത്തു പോയി അവൾ . ഇപ്പോൾ അവൾ അറിയുന്നു, പൊങ്ങച്ചങ്ങൾക്കപ്പുറം ഒരു ചേർത്തുപിടിക്കലിന്റെ, ഒരു സ്പർശനത്തിന്റെ സുഖം, നൊമ്പരം. ജീവിതത്തിന്റെ നിറങ്ങൾ, നിറവുകൾ.

വീണ്ടും അവൾ അന്നത്തെ കാത്തിരിപ്പി ലേക്കെത്തി ചുറ്റും നോക്കി. നീങ്ങി നീങ്ങി വേഗം കൂടുന്ന അനേകം തീവണ്ടികളിൽ നീട്ടിപ്പിടിച്ച കൈകളുമായി അനേകം ഷാരൂഖ് ഖാൻമാർ. ആ വിരലുകളിൽ ഒന്ന് തൊടാൻ പോലും കഴിയാതെ പിന്നിലേക്ക് പിന്നിലേക്ക് മാഞ്ഞുമാഞ്ഞു പോകുന്ന കാജോൾ മാർ അനേകം സിനിമകളിലെ തീവണ്ടി രംഗങ്ങൾ എല്ലാം ചേർത്തൊരു കൊളാഷ് അവളുടെ കണ്ണുകളിൽ തെളിഞ്ഞു മറഞ്ഞു കൊണ്ടേയി രുന്നു. അവയെല്ലാം ആരുടെയൊക്കെയോ ജീവിത ങ്ങളായിരുന്നു.

ട്രെയിനിൽ യാത്ര തുടരുന്നവരാണോ അതോ പ്ലാറ്റ്ഫോമിൽ നിന്ന് മടങ്ങിപ്പോകുന്നവരോ തനി ച്ചായിപ്പോകുന്നവർ! ഓർമ്മകൾ തിരിച്ചു കിട്ടിയ ശ്രീദേവി പിന്നീടെന്നെങ്കിലും കമലഹാസനെ ഓർക്കുമോ? ട്രെയിനിൽ നിന്ന് പ്ലാറ്റ്ഫോമിലേക്ക് നോക്കുമ്പോൾ കാണുന്ന കാഴ്ചകൾ എങ്ങനെ ആയിരിക്കും?

ട്രെയിനിൽ തനിച്ചും അല്ലാതെയും നടത്തിയ അനേകം യാത്രകളിൽ കണ്ട പ്ലാറ്റ്ഫോമുകൾ അവൾ വീണ്ടും കണ്ടു. ഉത്തരേന്ത്യയിലെ ഒരു

“

**ഒരേ സമയം അവൾ അടുക്കളയിൽ ദോശ ചുടുകയും പ്ലാറ്റ് ഫോമിൽ ദേവിയുടെ കൂടെ അയാളെ കാത്തിരിക്കുകയും ചെയ്തു. വണ്ടിയും അയാളും ഒന്നിച്ചാണ് എത്തിയത്. വൈകിയതുകൊണ്ട് ഒന്നും പറയാതെ അവൾ വേഗം കവറിൽ പൊതിഞ്ഞ പുസ്തകം അയാളെ ഏൽപിച്ചു.**

സ്റ്റേഷനിൽ നിന്ന് റിസർവ്വേഷൻ കമ്പാർട്ട്മെ ന്റിലേക്ക് ഇരമ്പിക്കയറിയ ഒരു കൂട്ടം മനുഷ്യർ. അവർ ചുമന്ന ചാക്കു കെട്ടുകൾക്കും അവർക്കും തമ്മിൽ ഭേദമുണ്ടായിരുന്നില്ല. ഒരു മിനുട്ടു കൊണ്ട് ആ ബോഗിയിലെ തറ മുഴുവൻ അവർ നിറഞ്ഞൊഴുകി. സീറ്റ് ഒഴിവുണ്ടോയെന്ന് ഒരാൾ പോലും നോക്കിയതായി ഓർക്കുന്നില്ല. ടിക്ക റ്റില്ലാത്തതിന്, റിസർവ്വേഷൻ കമ്പാർട്ട്മെന്റിൽ കയറിയതിന് അവരിൽ നിന്ന് എത്ര പിഴ ഈടാ ക്കേണ്ടിവരും? ടി ടി അവരെ കണ്ട ഭാവം നടിച്ചില്ല. ആരും അവരെ കാണുന്നുണ്ടായിരുന്നില്ല. ഒന്നും സംഭവിക്കാത്തതു പോലെ എല്ലാവരും. ഒരേ ബോ ഗിയിലിരുന്ന് അവരും മറ്റുള്ളവരും പുറത്തേക്കു നോക്കിയാൽ കാണുന്ന കാഴ്ചകൾ ഒരുപോലെ സുന്ദരമായിരുന്നെങ്കിൽ എന്ന് അവൾ ഓർത്തു.

കൊറോണ മാത്രമല്ല ആളുകളുടെ ഇടയിലെ ദൂരം കൂട്ടുന്നത്. ഏതൊക്കെ പകർച്ചവ്യാധികൾ ക്കാണ് കൈ കഴുകിയും മാസ്കിട്ടും അകന്നു നിന്നും പ്രതിരോധം തീർക്കേണ്ടത്? **അവൾക്ക് ചിരിവന്നു. സ്വാതന്ത്ര്യത്തിൽ വന്നു വീഴുന്ന വിലങ്ങുകൾ. വണ്ടിയാപ്പീസിൽ വന്ന് കാത്തി രിക്കാൻ പാടില്ല. കാത്തു കാത്തിരുന്ന് വന്നു കയറുന്ന അതിഥിയെ വീട്ടിൽ താമസിപ്പിക്കാൻ പാടില്ല. ആരാണ് ഇതൊക്കെ നിശ്ചയിക്കുന്നത്?

ഒരേ സമയം അവൾ അടുക്കളയിൽ ദോശ ചുടുകയും പ്ലാറ്റ് ഫോമിൽ ദേവിയുടെ കൂടെ അയാളെ കാത്തിരിക്കുകയും ചെയ്തു. വണ്ടിയും അയാളും ഒന്നിച്ചാണ് എത്തിയത്. വൈകിയതു കൊണ്ട് ഒന്നും പറയാതെ അവൾ വേഗം കവറിൽ പൊതിഞ്ഞ പുസ്തകം അയാളെ ഏൽപിച്ചു. പ്ലാറ്റ്ഫോമിലാകെ പടർന്ന നിസ്സംഗതയുടെ പുകപടലം അവളുടെ മനസ്സിലും കടന്നു കയറിയ പ്പോൾ അവൾക്ക് ശ്വാസം മുട്ടി.

“തനിച്ചിരുന്ന് മുഷിഞ്ഞുവോ? അല്പം താമസിച്ചു പോയി.” - അയാൾ പറഞ്ഞു.

“ഇല്ല . ദേവി ഉണ്ടായിരുന്നു കൂട്ടിന്. “ അവൾ പറഞ്ഞു

അയാളുടെ മുഖത്തെ ചോദ്യം അവൾ കണ്ടില്ല. പിന്നീടൊന്നും അവർക്ക് പറയാനുണ്ടായിരുന്നില്ല. വണ്ടിയുടെ ചൂളം വിളി കേട്ട് വണ്ടിയിലേക്ക് കയറുമ്പോഴും അയാളുടെ കണ്ണുകൾ ദേവിയെ തിരയുകയായിരുന്നു.

അവൾ തിരിഞ്ഞു നോക്കാതെ നടന്നു.

ദേവി അപ്പോഴും അതേ കസേരയിൽ ജാരനെ കാത്തിരുന്നു. ഇല്ല, ഈ വണ്ടിയിലുമില്ല. നാളെയോ?

വീട്ടിൽ അവൾ തനിച്ചായിരുന്നു. ദേവിയോ ജാരനോ അയാളോ ആരും വരാതെയായിട്ട് അനേകം നാളുകളായിരുന്നു. അവൾക്കന്നേരം പ്ലാറ്റ്ഫോമിൽ ആ ദിവസം തനിച്ചിരിക്കുന്ന ദേവിയെ ഓർമ്മ വന്നു. പ്ലാറ്റ്ഫോം ശൂന്യമായി ത്തുടങ്ങിയിരുന്നു. ആളുകൾ എല്ലായിടങ്ങളിൽ നിന്നും അപ്രത്യക്ഷരായിക്കൊണ്ടിരുന്നു. ഒരു കാറ്റ് മതിൽ കടന്ന്, വാതിൽ തുറന്ന് അവളെ വന്ന് തൊട്ടു. അവൾ അപ്പോഴും ദോശ ചുടുകയായി രുന്നു. കാറ്റ് അവളോട് പറഞ്ഞു.

“ആരെങ്കിലും വരാതിരിക്കില്ല. “ ●



കെ. എ. മനാഫ്

നേരത്തെ അധ്യാപകനായിരുന്ന മനാഫ് വടകര സ്വദേശിയാണ്. സ്റ്റേറ്റ് ബാങ്കിൽ മാനേജർ ആയിരിക്കെ വിരമിച്ചു. നാടകങ്ങളും കഥകളുമായി നാല് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. നാടക രചനക്ക് കേരള നാടക സംഗീത അക്കാദമി അവാർഡ്, AIR ന്റെ പ്രസാർ ഭാരതി നാഷണൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

# ഒരു മദ്ധ്യാഹ്ന ദുരന്തം

വേനൽച്ചൂട് അസഹനീയമായിരുന്നിട്ടും വിദൂരസ്ഥമായ സ്വപ്ന നഗരിയിലെ ശാന്തിവനം ധ്യാനശാലയിൽ അതിരാവിലെ തന്നെ കൈലാസ് ദാസ് എത്തിച്ചേർന്നു. അവധിക്കാലമായതിനാൽ തിരക്കുണ്ടായിരുന്നു. വിശാലമായ പവലിയനിൽ പലരും തലേദിവസം തന്നെ എത്തി മുൻകൂട്ടി റിസർവ് ചെയ്ത ആഡംബര മുറികളിൽ താമസിച്ച ശേഷം വിശാലമായ തണൽ കൂടാരത്തിൽ അവരവർക്ക് ധ്യാനമിരിക്കാനുള്ള ഇടങ്ങൾ കൈവശപ്പെടുത്തിയിരുന്നു. പ്രാതലിനു ശേഷം ശുഭ്രവസ്ത്രധാരികളായി പ്രാർത്ഥനയും സുഭാഷിതങ്ങളും കഴിഞ്ഞ് ഓരോരുത്തരും അവരവരുടെതായ സ്ഥാനങ്ങളിൽ ധ്യാനനിരതരായി. ശാലയുടെ ഒത്ത മദ്ധ്യത്തിലായിരുന്നു കൈലാസ് ദാസിന്റെ ഇരിപ്പിടം.

മേലാപ്പിന്റെ ചെരിവിലുള്ള ചെറിയ ചില്ലുപാളിയിലൂടെ അകത്തേക്ക് പതിച്ച ചൂടേറിയ സൂര്യരശ്മികൾ അയാളുടെ നെറ്റിയിലും മൂർദ്ധാവിലും കഴുത്തിലും കൺപോളകളിലും മാറി മാറി വീണുകൊണ്ടിരുന്നു.

> **സ്വപ്നനഗരി പണ്ടുനാൾ വനഭൂമിയായിരുന്നു. ധനാഢ്യരായ ഭൂവുടമകൾ കാടു നീക്കി അവിടങ്ങളിൽ രാജ്യാന്തര നിലവാരമുള്ള ഗോൾഫ് കോഴ്സും അത്യാധുനിക ഫിറ്റ്നസ് സെന്ററുകളും റിസോർട്ടുകളും ആയുർ രക്ഷാ സങ്കേതങ്ങളും പണിതുയർത്തി.**

സ്വപ്നനഗരി പണ്ടുനാൾ വനഭൂമിയായിരുന്നു. ധനാഢ്യരായ ഭൂവുടമകൾ കാടു നീക്കി അവിടങ്ങളിൽ രാജ്യാന്തര നിലവാരമുള്ള ഗോൾഫ് കോഴ്സും അത്യാധുനിക ഫിറ്റ്നസ് സെന്ററുകളും റിസോർട്ടുകളും ആയുർ രക്ഷാ സങ്കേതങ്ങളും വിനോദ കേന്ദ്രങ്ങളും അതിവിശാലമായ ധ്യാനയോഗ ശാലയും നിലവാരം കൂടിയ വിദ്യാനിലയങ്ങളും ശില്പശാലകളും പണിതുയർത്തി. ഉപവനങ്ങളും ഉദ്യാനങ്ങളും ജലധാരകളുമുണ്ടാക്കി. ഉപഭോക്താക്കളെ താന്താങ്ങളുടെ ഇഷ്ടാനുസരണം വളച്ചെടുക്കുകയും വേറിട്ട അഭിരുചികളുമായി പുതിയൊരു തലമുറയെ വാർത്തെടുക്കുകയും ചെയ്യുന്ന നവീനമായ വാണിജ്യതന്ത്രങ്ങൾ സ്വായത്തമാക്കിയ മൾട്ടിനാഷണൽ വമ്പൻമാരുടെ അത്യാധുനിക ബിസിനസ് ഹബ്ബുകളും അവിടങ്ങളിൽ ഉയർന്നുവന്നു. കാടരെയും കാട്ടുമൃഗങ്ങളെയും കുടിയിറക്കിയുണ്ടാക്കിയ തെളിപ്രദേശമാകെ പുതിയൊരു

കോൺക്രീറ്റ് വനമായി രൂപാന്തരപ്പെട്ടു. കുളിരൊഴിഞ്ഞ വന്ധ്യമായ തെളിപ്പറമ്പിൽ വനമഹോത്സവ നാളുകളിലും പരിസ്ഥിതി ദിനങ്ങളിലും വനവൽക്കരണത്തിനായി അനേകമനേകം തണൽ മരത്തൈകൾ പുതുതായി നട്ടുപിടിപ്പിക്കുകയും ചെയ്തു.

കൈലാസ് ദാസ് ആദ്യമായിട്ടായിരുന്നു ശാന്തിവനത്തിലെ നാലു നാൾ ശിബിരത്തിൽ ധ്യാനം കൂടാനെത്തിയത്. ശ്രേഷ്ഠ ഗുരുവിന്റെ നേതൃത്വത്തിൽ പ്രമുഖ വ്യക്തികൾക്ക് മാത്രമായി പ്രത്യേകം സംഘടിപ്പിക്കപ്പെട്ട ഒരു ധ്യാനയോഗ ശിൽപ്പശാലയായിരുന്നു അത്. തനിച്ചായിരുന്നു അവിടേക്കുള്ള കൈലാസ് ദാസിന്റെ യാത്ര.

സർക്കാർ വകുപ്പുകളും നഗരസഭകളും നൽകുന്ന ഉടമ്പടികൾ പ്രകാരം വൻകിട നിർമ്മാണ പദ്ധതികളും മറ്റും ഏറ്റെടുത്ത് നിർവ്വഹിക്കുന്ന വലിയൊരു കരാറുകാരനും കെട്ടിട നിർമ്മാതാവുമായിരുന്നു കൈലാസ് ദാസ്. മദ്ധ്യവയസ്കൻ. നിസ്വതയിൽ നിന്നും അതിവേഗം ശതകോടിപതിയായിത്തീർന്ന പ്രയത്നശാലി. അടുത്ത കാലത്തായി ചില അബ്കാരി ഇടപാടുകളും സജീവമായി ഉണ്ട്. ലളിതമെങ്കിലും ക്രാന്തദർശിത്വമുള്ള സ്വന്തം ജീവിതയാത്രയിൽ എല്ലാ വഴികളും പണത്തിലേക്ക് നയിക്കുന്നു എന്നതായ ഒരു സ്വകാര്യ മന്ത്രം ഉന്നതങ്ങളിലെ സ്വാധീനത്തിനും കുമിഞ്ഞു കൂടുന്ന സമ്പത്തിന്നും വഴിയൊരുക്കി. വിജയത്തിന്റെ തന്ത്രമന്ത്രങ്ങളിലൂടെ ധനത്തിന്റെ കുത്തൊഴുക്കുകൾ ആസ്വദിച്ച് മുന്നേറുന്നതിന്റെ തിരക്കിനിടയിലും മനസ്ഥൈര്യം നിലനിർത്തുന്നതിനായി ഇടക്കൊക്കെ അയാൾ ഇത്തരം ചില ധ്യാനയോഗ കേന്ദ്രങ്ങളിൽ എത്തിച്ചേരാറുണ്ട്. കൂടുതൽ ശാന്തതയും സ്വകാര്യതയും ലഭിക്കുവാനാണ് വിദൂരവും ഒറ്റപ്പെട്ടതും അതേ സമയം ദുർലഭവുമായ ഇത്തരം താവളങ്ങൾ തന്നെ അയാൾ തെരഞ്ഞെടുക്കുന്നത്. ആളും അകമ്പടിയുമില്ലാത്ത അജ്ഞാതവാസങ്ങൾ.

ഓഡിയോ ചാനലുകളിലൂടെ മനസ്സിനെ ഏകാഗ്രമാക്കുവാനുള്ള നേർത്തതും ശാന്തവുമായ സംഗീതം ഒഴുകിത്തുടങ്ങി. സംഗീതസാന്ത്വനങ്ങളുടെയും ആന്ത

“കാൽപാദങ്ങളിൽ കടുത്ത വേദനയനുഭവപ്പെട്ട് കാലുകൾ നീക്കിവെക്കാൻ തുനിഞ്ഞപ്പോഴാണ് തറയിലെ മരപ്പലകയുതിർന്ന് തറനിരപ്പ് വിണ്ടുകീറിക്കിടക്കുന്നത് കൈലാസ് ദാസിന്റെ ശ്രദ്ധയിൽപ്പെട്ടത്. പാദങ്ങൾ രണ്ടും ആ വിള്ളലിനകത്ത് കുടുങ്ങിക്കിടക്കുകയായിരുന്നു. പിൻവലിക്കുവാൻ കഴിഞ്ഞതേയില്ല. ആരോ താഴോട്ട് പിടിച്ചു വലിക്കുന്നത് പോലെ. പെട്ടെന്ന് ഉള്ളിൽ നിന്നുയർന്ന നിലവിളി പുറത്തു വരാതെ കൈലാസ് ദാസിന്റെ ശരീരം വിറകൊണ്ടു.”



രികമായ നിശ്ശബ്ദതകളുടെയും ഇടവേളകൾ കടന്നു പോയി.

"ഇനി എല്ലാവരും അവരവരുടെ ശ്വാസോച്ഛ്വാസത്തിൽ മാത്രം ശ്രദ്ധിക്കുക...'' മുഴക്കമുള്ള ഒരു ശബ്ദം സാധകരെ ആഹ്വാനം ചെയ്തു.

കൈലാസ് ദാസ് കണ്ണടച്ചിരുന്ന് മനസ്സിനെ ഏകാഗ്രമാക്കാൻ ശ്രമിച്ചു. അന്നേരവും ദൈനംദിന ജീവിത വ്യവഹാര ചിന്തകളുടെ ബാഹുല്യം അടുക്കും ചിട്ടയുമില്ലാതെ അയാളുടെ ബോധധാരയെ കീഴ്പ്പെടുത്തിക്കൊണ്ടിരുന്നു.

''ശ്വാസം പതുക്കെ ഉള്ളിലേക്ക് വലിച്ചെടുത്ത് വളരെ സാവധാനം വായിലൂടെ പുറത്തേക്ക് കളയുക. അങ്ങനെ മൂന്ന് തവണ.''"

ആകാശത്തിന്റെ ഉച്ചിയിൽ മദ്ധ്യാഹ്ന സൂര്യൻ കത്തി നിന്നു. അന്തരീക്ഷമാകെ തപിച്ചു നിന്നു. ശാന്തിവനത്തിനുള്ളിൽ ചുടു വായു കെട്ടിക്കനത്തു നിന്നു. കൈലാസ് ദാസിന് കലശലായ ദാഹം തോന്നി. ജലപാത്രം കാലിയായിക്കഴിഞ്ഞിരുന്നു.

ഹ്രസ്വമായ ഇടവേളകളിൽ മാത്രം ധ്യാനഗുരിന്റെ ശാന്തിമന്ത്രങ്ങളും ശ്രവണസുഖദമായ സംഗീതവും ഉണർന്നു കേട്ടു.

അയാൾ ചുറ്റും നോക്കി. അർദ്ധമയക്കത്തിലെന്ന പോലെ എല്ലാവരും ധ്യാനത്തിൽ ലയിച്ചിരിപ്പാണ്. ധ്യാനഗുരുവും സേവകരും ധ്യാനികളും വാദ്യഘോഷ സംഘവുമെല്ലാം ഒരേ പോലെ വിയർത്തുരുകി തളർന്നവശരായിരിക്കുന്നു. മണ്ഡപത്തിലാകെ നിശ്ശബ്ദത തളം കെട്ടി നില്ക്കുന്നു. ശാന്തിവനത്തിലെ ഉദ്യാന ദൃശ്യങ്ങൾ വെയിലിറങ്ങി മഞ്ഞച്ച് വിളറി നില്ക്കുന്നു.

കാൽപാദങ്ങളിൽ കടുത്ത വേദനയനുഭവപ്പെട്ട് കാലുകൾ നീക്കിവെക്കാൻ തുനിഞ്ഞപ്പോഴാണ് തറയിലെ മരപ്പലകയുതിർന്ന് തറനിരപ്പ് വിണ്ടുകീറിക്കിടക്കുന്നത് കൈലാസ് ദാസിന്റെ ശ്രദ്ധയിൽപ്പെട്ടത്. പാദങ്ങൾ രണ്ടും ആ വിള്ളലിനകത്ത് കുടുങ്ങിക്കിടക്കുകയായിരുന്നു. പിൻവലിക്കുവാൻ കഴിഞ്ഞതേയില്ല. ആരോ താഴോട്ട് പിടിച്ചു വലിക്കുന്നത് പോലെ. പെട്ടെന്ന് ഉള്ളിൽ നിന്നുയർന്ന നിലവിളി പുറത്തു വരാതെ കൈലാസ് ദാസിന്റെ ശരീരം വിറകൊണ്ടു.

''ഓരോ ശ്വാസനിശ്വാസത്തെയും നിരീക്ഷിക്കുക. സാവധാനം ഒന്നു മുതൽ പത്ത് വരെ. പിന്നെയും ഒന്നിൽ തുടങ്ങുക. ശ്വസിക്കൂ... മൃദുവായി.. സാവധാനം... ദീർഘമായി...മനസ്സിനെ ശാന്തമാക്കൂ... സമ്മർദ്ദം കുറക്കൂ...മന:ശക്തി വർദ്ധിപ്പിക്കൂ... ക്ഷീണവും ഉത്കണ്ഠയും വിഷാദവും നിരാശയും ഭീതിയും എല്ലാം ഒഴിവാക്കൂ. സന്തോഷത്തോടെയിരിക്കൂ. ശ്വസിക്കൂ...ആത്മവിശ്വാസത്തെ മെച്ചപ്പെടുത്തൂ...ആനന്ദത്തോടെയിരിക്കൂ... '

തറയിലുണ്ടായ വിടവിന്റെ വ്യാസം വർദ്ധിച്ചുകൊണ്ടിരുന്നു. കാലുകൾ ആഴത്തിലേക്കിറങ്ങിപ്പോവുകയായിരുന്നു. ശബ്ദം പുറത്തു വരാതെ വരണ്ടതൊണ്ടയിൽ കുരുങ്ങി നിന്നു. ആരുമൊന്നും അറിയുന്നില്ല. എല്ലാവരും അനക്കമില്ലാത്ത മെഴുകു പ്രതിമകളായിത്തീർന്നിരിക്കുന്നു!

> **ധ്യാനം എന്നാൽ ഭാവനയാണ്. ഭാവനയിലൂടെ അറിവിലേക്ക് ലയിക്കുന്നതിനെയാണ് യോഗ എന്നു നാം വിളിക്കുന്നത്. ഉള്ളിലുള്ള പ്രകാശത്തെ ഭാവനയിൽ കാണുക. പ്രകാശത്താൽ സ്വയം പവിത്രീകരിക്കുക.**

എഴുന്നേറ്റ് നില്ക്കാൻ ശ്രമിച്ചപ്പോൾ കൈലാസ് ദാസ് പൊടുന്നനെ വിള്ളലിനകത്തേക്ക് ഊർന്നു വീണു. കൈകൾ ഉയർത്തിയ നിലയിലായിരുന്നതിനാൽ വശങ്ങളിൽ അമർത്തിപ്പിടിച്ചു തൂങ്ങി നിന്നു. കൈയും തലയും മാത്രമേ പുറത്തുണ്ടായിരുന്നുള്ളൂ.

''ധ്യാനം എന്നാൽ ഭാവനയാണ്. ഭാവനയിലൂടെ അറിവിലേക്ക് ലയിക്കുന്നതിനെയാണ് യോഗ എന്നു നാം വിളിക്കുന്നത്. ഉള്ളിലുള്ള പ്രകാശത്തെ ഭാവനയിൽ കാണുക. പ്രകാശത്താൽ സ്വയം പവിത്രീകരിക്കുക.' ഉരുകിത്തുടങ്ങിയമെഴുകു പ്രതിമകൾ കണ്ണും മൂക്കും വായും ഒലിച്ചിറങ്ങിയ വികൃത രൂപങ്ങളായി കാണപ്പെട്ടു. ഉറക്കെ നിലവിളിക്കാൻ ശ്രമിച്ച കൈലാസ് ദാസിന്റെ ശബ്ദം വ്യക്തതയില്ലാതെ പതുങ്ങി. അയാൾ ദയനീയമായി വിലപിച്ചു:

''അയ്യോ..രക്ഷിക്കണേ..... അയ്യയ്യോ...''

ശബ്ദം നേർത്തു പോയി. ഒച്ചയുണ്ടാക്കാനാവാതെ കൈലാസ് ദാസിന്റെ വാ പിളർന്നു നിന്നു.

''ശ്വസിക്കൂ.. ആഴത്തിൽ ശ്വസിക്കൂ .. '

ഉരുകിയൊലിച്ച പ്രതിമകൾ തൽസ്ഥാനങ്ങളിൽ വിഭിന്ന രൂപങ്ങളായുറഞ്ഞുനിന്നു. കൈലാസ് ദാസ് പിന്നെയും ആഴത്തിലേക്ക് വലിക്കപ്പെട്ടു. ഉയർത്തിപ്പിടിച്ച കൈകളും അപ്രത്യക്ഷമായി.

അപ്പോഴും മുകളിൽ നിന്ന് ശബ്ദമിറങ്ങി: ''ശ്വസിക്കൂ .... '

അനന്തരം അയാൾ കുത്തനെ താഴോട്ട് വീഴുകയായിരുന്നു. അടിത്തട്ടിലെത്തിയ കൈലാസ് ദാസിന് പതനത്തിനിടയിൽ തന്റെ ശരീരഭാരം നഷ്ടപ്പെട്ടതു പോലെ അനുഭവപ്പെട്ടു. എങ്കിലും പരിക്കുകളൊന്നുമില്ലാതെ അയാൾ താഴെയുള്ള നനുത്ത മണ്ണിൽ ഉറച്ചു നിന്നു. സംഭ്രമത്തോടെ മുകളിലേക്ക് നോക്കിയപ്പോഴാണ് ഒരു വലിയ ഗർത്തത്തിലാണ് താൻ അകപ്പെട്ടിരിക്കുന്നതെന്ന് അയാളറിഞ്ഞത്. ഗർത്തത്തിനു മുകളിൽ തെളിഞ്ഞു നിന്ന മേൽവട്ടത്തിനു ചുറ്റും ശാന്തിവനത്തിൽ തന്നോടൊപ്പം ധ്യാനമിരുന്നവരെ അയാൾ കണ്ടു. ആഴത്തിലേക്ക് നോക്കി നിൽക്കുന്ന കുറേ മനുഷ്യ നിഴലുകൾ. വിദൂരമായ നിലവിളിയുടെ ആരവങ്ങൾ.

കാൽപാദങ്ങളിൽ നനവ് പടർന്നു. അടിത്തട്ടിൽ എവിടെ നിന്നോ തൽക്ഷണം പൊട്ടിയൊഴുകുന്ന നീരുറവകൾ. ഉതിർന്നു വീഴുന്ന മണ്ണടരുകൾ. ഗർത്തത്തിന്റെ വിടവത്രയും തുന്നിച്ചേർക്കുന്നതു പോലെ തലങ്ങും വിലങ്ങുമായി ജലരാശി തേടുന്ന വേരുകളുടെ സഞ്ചാരം. മുകളിൽ വേരുകളുടെ നെട്ടോട്ടത്താൽ നേർത്തു പൊലിയുന്ന പുറം വെളിച്ചം. ശബ്ദമുയർത്താൻ പോലും കഴിയാതെ നിസ്സഹായനായി മേല്പോട്ട് നോക്കി നിന്ന കൈലാസ് ദാസിന്റെ മുകളിൽ പരസ്പരം ഇറുകിപ്പുണർന്ന വേരുകൾ തീർത്ത മേൽമറ. മേൽവട്ടത്തിലെ വെളിച്ചവും നിഴൽ രൂപങ്ങളും കൈലാസ് ദാസിന്റെ കാഴ്ച്ചയിൽ നിന്ന് തീർത്തും മറഞ്ഞു പോയി.

●



**പി.പി. പവിത്രൻ**

തലശ്ശേരിക്കടുത്ത് കൊളവല്ലൂർ സ്വദേശി. 2013-ൽ തലശ്ശേരി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വിരമിച്ചു. ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതാറുണ്ട്. കൈരളി ബുക്സ് പ്രസിദ്ധീകരിച്ച "ചെറുമാര " എന്ന കഥാസമാഹാരത്തിന്റെ രണ്ടാം പതിപ്പ് ഈയിടെ പുറത്തിറങ്ങി. തലശ്ശേരി സ്റ്റേറ്റ് ബാങ്കിൽ "ഹെറിറ്റേജ് ഗാലറി " സജ്ജീകരിക്കുന്നതിൽ സജീവ പങ്കാളിത്തം.

# J-33

ഡെറാഡൂൺ നഗരപ്രാന്തത്തിലെ കൊച്ചു തടാകക്കരയിൽ ഉള്ള എന്റെ മകന്റെ ഫ്ലാറ്റിൽ വെച്ചാണ് ടി.കെ .വി. നായരുടെ നിര്യാണവാർത്ത അവിചാരിതമായി എന്റെ കണ്ണിൽപെട്ടത്. നാട്ടിലെ ഏതെങ്കിലും പത്രത്തിലെ നൂറുകണക്കിന് ചരമ വാർത്തകൾക്കിടയിലാണ് ഇത് വന്നിരുന്നതെങ്കിൽ എന്റെ ശ്രദ്ധയിൽ പെടാതെ അത് കടന്നുപോയിട്ടുണ്ടാകുമായിരുന്നേനെ. പത്രം മടക്കി കൈയിൽ ചേർത്തു പിടിച്ചു കൊണ്ട് ഒരിക്കൽ കൂടി ഞാനത് വായിച്ചു.

'സതേൺ റെയിൽവേ റിട്ടയേർഡ് സ്റ്റേ|ഷൻ മാസ്റ്റർ ടി .കെ .വാസുദേവൻ നായർ (88) പാലക്കാട് ഹേമാംബിക നഗറിൽ നിര്യാതനായി. തലശ്ശേരി കോടിയേരി സ്വദേശിയാണ് .ഭാര്യ ഭാനുമതി അമ്മ. മക്കൾ : ജിനചന്ദ്രൻ (ഐടി, ബാംഗ്ലൂർ),ജീവൻ രാജ് (റെയിൽവേ). സംസ്കാരം തലശ്ശേരിയിൽ നടത്തി.

മകൻ ഓഫീസിൽ പോകുന്ന ആഴ്ചയിലെ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമേ മലയാള പത്രം ഞങ്ങളുടെ ഫ്ലാറ്റിൽ എത്താറുള്ളൂ. അതുകൊണ്ടുതന്നെ രണ്ടുമൂന്നു ദിവസങ്ങൾ കൊണ്ട് ആ പത്രം അരിച്ചു പെറുക്കിവായിച്ചു തീർക്കലായിരുന്നു എന്റെ ഒരു ഹോബി ! ഡെറാഡൂണിലെ ജനുവരിയിൽ പുറത്ത് നല്ല മഞ്ഞുവീഴ്ചയായിരിക്കും. വാർദ്ധക്യം തണുപ്പിനോട് ശണ്ഠകൂടുന്നുണ്ടെങ്കിലും ശരത്കാലമഞ്ഞും പുലർകാലങ്ങളും എന്റെ മകനെപ്പോലെ എനിക്കും ഏറെ ഇഷ്ടമാണ്. എന്റെ ഭാര്യയ്ക്കാണെങ്കിൽ തണുപ്പിനോടും മഞ്ഞിനോടും ഒരു പ്രായത്തിലും ഒത്തുപോകാൻ കഴിഞ്ഞിട്ടില്ല!

> **ഓർക്കുമ്പോൾ ചിലപ്പോൾ തമാശ തോന്നാറുണ്ടെങ്കിലും കുടുംബബന്ധങ്ങളുടെ ഊടും പാവും തെറ്റാതെ ജീവിതം ജീവിച്ചു തീർക്കാൻ ആ വൃദ്ധൻ കണ്ടെത്തിയ എളുപ്പവഴി ആരെയും ദ്രോഹിച്ചു കൊണ്ടായിരുന്നില്ല**

എത്രയോ നാഴികകൾക്കിപ്പുറം ഈ ഡെറാഡൂണിൽ കൃത്യമായി ഈ വാർത്ത എത്തിച്ച ദൈവത്തിന് ഞാൻ നന്ദി പറഞ്ഞു . ടി .കെ. വി .നായരുടെ ചരമ വാർത്ത എന്നെയോ എന്റെ കുടുംബത്തെയോ ഒരു തരത്തിലും സ്പർശിക്കില്ലെങ്കിലും ഏറെ നാൾ എന്റെ മനസ്സിൽ ഒരു സമസ്യ പോലെ തങ്ങി നിന്നിരുന്ന ഒരു സംഭവവുമായി അത് കെട്ടുപിണഞ്ഞ് കിടന്നിരുന്നു. ഓർക്കുമ്പോൾ ചിലപ്പോൾ തമാശ തോന്നാറുണ്ടെങ്കിലും കുടുംബബന്ധങ്ങളുടെ ഊടും പാവും തെറ്റാതെ ജീവിതം ജീവിച്ചു തീർക്കാൻ ആ വൃദ്ധൻ കണ്ടെത്തിയ എളുപ്പവഴി ആരെയും ദ്രോഹിച്ചു കൊണ്ടായിരുന്നില്ല. തനിക്ക് ജീവിച്ചു പോകാനുള്ള പണം പെൻഷനായി റെയിൽവേ നൽകുന്നുണ്ടെങ്കിലും ഭാര്യയെയും മക്കളെയും സ്നേഹിച്ചുകൊണ്ടുതന്നെ ഇങ്ങനെ ഒരു ചതി കാണിക്കാൻ അദ്ദേഹത്തെ

> ടി.കെ.വി. നായരുടെ ചരമവാർത്ത അച്ചടിച്ച ആ പത്രം ഭാരമേറിയ ഏതോ വസ്തുവിനെപ്പോലെ രണ്ടു മടക്കായി ഏറെനേരം എന്റെ മടിയിൽ കിടന്നപ്പോൾ എന്റെ ചിന്തകൾ ഡെറാഡൂണിലെ കുളിരിനെയും കടന്ന് എത്രയോ കാതങ്ങൾക്കകലേക്ക് പറന്നുപോയി.

പ്രേരിപ്പിച്ചത് പാലൂട്ടി വളർത്തിയ രക്തബന്ധങ്ങൾക്കും ഊഷ്മളമായ സ്നേഹബന്ധങ്ങൾക്കും മീതെ പറക്കുന്ന പണമെന്ന ആ പരുന്തിനെ പേടിച്ചായിരുന്നു ! രണ്ടുവർഷം കഴിഞ്ഞാൽ ഞാനും റിട്ടയറാവുകയാണല്ലോ എന്ന ചിന്തയായിരിക്കണം അദ്ദേഹത്തിന്റെ മാനസികാവസ്ഥയോട് താദാത്മ്യം പ്രാപിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ടി.കെ.വി. നായരുടെ ചരമവാർത്ത അച്ചടിച്ച ആ പത്രം ഭാരമേറിയ ഏതോ വസ്തുവിനെപ്പോലെ രണ്ടു മടക്കായി ഏറെനേരം എന്റെ മടിയിൽ കിടന്നപ്പോൾ എന്റെ ചിന്തകൾ ഡെറാഡൂണിലെ കുളിരിനെയും കടന്ന് എത്രയോ കാതങ്ങൾക്കകലേക്ക് പറന്നുപോയി.

വർഷങ്ങൾക്കു മുമ്പത്തെ ഒരു നവംബർ മാസം ആദ്യവാരത്തിലാണ് ടി.കെ. വി. നായരുമായി ഞാൻ പരിചയപ്പെടുന്നത് . ലോക്കർ വിഭാഗത്തിൽ ഞാൻ ചാർജെടുത്തിട്ട്



രണ്ടോ മൂന്നോ മാസങ്ങൾ ആയിക്കാണണം. വെള്ളക്കാരുടെ കാലം മുതൽക്കേയുള്ള ബാങ്ക് ശാഖയായതിനാൽ മുതിർന്ന പൗരന്മാരായ അനേകം ഇടപാടുകാർ ലോക്കർ വിഭാഗത്തിൽ പലപ്പോഴായി വരാറുണ്ടായിരുന്നു. തിരക്കൊഴിഞ്ഞ ഒരു അപരാഹ്നത്തിൽ ഭാര്യയുടെ കൈയും പിടിച്ച് ടി.കെ.വി.നായർ ലോക്കർ വിഭാഗത്തിലേക്ക് വന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു .ഇരിക്കുന്നതിന് മുമ്പ് സ്വയം പരിചയപ്പെടുത്തി, പുഞ്ചിരിയോടെ എനിക്ക് ഹസ്തദാനം ചെയ്ത് ,ലോക്കർ നമ്പർ പറഞ്ഞു കൊണ്ട് റജിസ്റ്ററിൽ അദ്ദേഹം ഒപ്പുവച്ചു. ജെ - 33 , ടി.കെ. വാസുദേവൻ നായർ (സിംഗിൾ) , നോമിനി : കെ ഭാനുമതി (ഭാര്യ). കംപ്യൂട്ടറിൽ ടി.കെ .വി .നായരുടെ വിവരങ്ങൾ തെളിഞ്ഞു വന്നു. ലോക്കറിന്റെ നമ്പർ ജെ. 33 ആയിരുന്നതിനാൽ എനിക്ക് ആശ്വാസമായി. അധികം മുകളിലല്ലാതെ ഏകദേശം മധ്യഭാഗത്തായതിനാൽ സ്റ്റൂളിൽ ഇരുന്നുകൊണ്ടുതന്നെ അദ്ദേഹത്തിന് ലോക്കർ തുറക്കാൻ സൗകര്യമായിരുന്നു.ലോക്കർ റൂമിന്റെ ഉരുക്ക്കവാടത്തിനരികിൽ ഭാര്യയെ തടഞ്ഞു നിർത്തിയ ശേഷം നായർ സർ തനിച്ചാണ് എന്റെ പിന്നാലെ പതുക്കെ ലോക്കർ റൂമിലേക്ക് കടന്നത് . മാസ്റ്റർ ലോക്ക് തുറന്നു ലോക്കറിനരികിലേക്ക് സ്റ്റൂൾ നീക്കി വച്ചുകൊടുത്തു കൊണ്ട് ഞാൻ തിരിച്ചു പോന്നു. വേർതിരിച്ചെടുക്കാനാവാത്ത എന്തൊക്കെയോ മുഖഭാവങ്ങളോടെ ഭാര്യ ഭാനുമതിഅമ്മ ലോക്കർ കവാടത്തിന്നരികിൽ തന്നെ നിൽക്കുന്നുണ്ടായിരുന്നു. ലോക്കർ റൂമിനകത്ത് സാധാരണ ഇടപാടുകാർ ചെലവഴിക്കുന്നതിനേക്കാൾ കുറഞ്ഞനേരം കൊണ്ട് കാര്യങ്ങൾ നടത്തി ലോക്കർ പൂട്ടി നായർസാർ ഭാര്യയുടെ കൈയും പിടിച്ച് എന്റെ മുന്നിലെത്തിയത് എന്നെ ആശ്ചര്യപ്പെടുത്തി !.എന്നോട് നന്ദിയും പറഞ്ഞ് തിരിച്ചു പോകാൻ നേരത്തായിരുന്നു ഞാൻ നായർ സാറിനോട് ലോക്കർ ഭാര്യയുടെയും കൂടി പേരിൽ ജോയിൻറ് ആക്കുന്ന കാര്യവും അങ്ങനെ ചെയ്താലുള്ള ഗുണങ്ങളും സൂചിപ്പിച്ചത്.

"ഒക്കെ എനിക്കറിയാം ,സാർ ! തൽക്കാലം ഇങ്ങനെ തന്നെ അങ്ങ് പോകട്ടെ; നമുക്ക് നോക്കാം! "

നായർ സാർ പറഞ്ഞുതീരുന്നതിന് മുൻപേ ഭാര്യയാണ് തുടർന്നത് .

"ഞാനിത് നേരത്തെ പറഞ്ഞതാണ് സർ! എന്റെയോ മക്കളിൽ ആരുടെയെങ്കിലോ പേര് കൂടി ചേർത്താൽ സൗകര്യമായേനെ. പക്ഷേ ഇങ്ങേർക്ക് ഞങ്ങൾ ആരെയും വിശ്വാസമില്ല . ഇങ്ങേരുടെ പണവും പൊന്നും ഞങ്ങൾക്കല്ലാതെ മറ്റാർക്ക് കൊടുക്കാൻ?"

നായർ സാറിന്റെ ചുളിവ് വീണ വെളുത്ത മുഖത്ത് അപ്പോൾ ഒരു നേർത്ത ചിരി പടർന്നു. റെയിൽവേ സിഗ്നൽ പോസ്റ്റുകളിൽ ചുവപ്പിനും പച്ചനിറത്തിനു മിടയിൽ തെളി |യാറുള്ള മഞ്ഞ വെളിച്ചം പോലെ ഒരു ചിരി !

"സാറിനു തിരക്കായിരിക്കും ;നമുക്ക് പോകാം. താങ്ക് യു സർ !"

ഭാര്യയുടെ കൈയും പിടിച്ച് അദ്ദേഹം മെല്ലെ



**"ഞാനിത് നേരത്തെ പറഞ്ഞതാണ് സർ! എന്റെയോ മക്കളിൽ ആരുടെയെങ്കിലോ പേര് കൂടി ചേർത്താൽ സൗകര്യമായേനെ. പക്ഷേ ഇങ്ങേർക്ക് ഞങ്ങൾ ആരെയും വിശ്വാസമില്ല . ഇങ്ങേരുടെ പണവും പൊന്നും ഞങ്ങൾക്കല്ലാതെ മറ്റാർക്ക് കൊടുക്കാൻ?"**

നടന്നു നീങ്ങി.

നായർ സാറിനെ പിന്നെ വീണ്ടും ബാങ്കിൽ കാണുന്നത് കൃത്യം ഒരു വർഷത്തിനുശേഷം, പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് ഒപ്പിട്ട് നൽകേണ്ടുന്ന അതേ നവംബർ മാസത്തിലായിരുന്നു. ഒരു വർഷത്തിന്റെ പ്രായാധിക്യവും തളർച്ചയും അദ്ദേഹത്തെ ഏറെ അവശനാക്കിയിരുന്നു. എന്നോടുള്ള കുശലാന്വേഷണങ്ങളും പുഞ്ചിരിയും സ്നേഹപ്രകടനവും ഒക്കെ ഒരു കൂപ്പു കൈയിൽ അദ്ദേഹം ഒതുക്കി. ലോക്കർ നമ്പർ പറഞ്ഞു തരാൻ അദ്ദേഹം മറന്നു പോയിരുന്നു. കമ്പ്യൂട്ടറിൽ നായർ സാറിന്റെ നമ്പർ പരതിയെടുക്കാൻ ഞാൻ ശ്രമിക്കുന്നതിനു മുൻപേ അദ്ദേഹത്തിന്റെ ചുണ്ടുകൾ ' ജെ- 33' എന്നു മന്ത്രിച്ചു. ഓർമ്മയിലിപ്പോഴും എന്റെ കൂടെ ജീവിക്കുന്ന എന്റെ അച്ഛനോട് കളവു പറയുന്നത് പോലെ നായർ സാറിന്റെ മുഖത്ത് നോക്കാതെ ഞാൻ പറഞ്ഞു :

"ഓ ,എനിക്കറിയാം!"

ആ വൃദ്ധ ദമ്പതികളെ അത് സന്തോഷിപ്പിച്ചുവോ, ആവോ? ലോക്കർ റൂമിലേക്ക് ഭാര്യയെയും കൂടി കൂട്ടിക്കൊള്ളൂ എന്ന് ഞാൻ നിർദ്ദേശിച്ചപ്പോൾ സ്നേഹത്തോടെ അദ്ദേഹം അത് വിലക്കി.

“വേണ്ട സാർ ,നമുക്ക് പോകാം ;അവർ ഇവിടെ ഇരിക്കട്ടെ !” പതിവുപോലെ മാസ്റ്റർ ലോക്കും തുറന്നു തിരിച്ചുപോകാൻ നോക്കവേ അപ്രതീക്ഷിതമായി നായർസാർ എന്റെ കൈത്തണ്ടയിൽ മുറുകെപ്പിടിച്ചു ! കീശയിൽ നിന്നും അദ്ദേഹത്തിന്റെ ലോക്കർകീ എടുത്ത് എന്റെ നേരെ നീട്ടിക്കൊണ്ട് ദയനീയമായി പറഞ്ഞു: “പ്ലീസ് സർ, ഒന്നു തുറന്നു തരണം ! ‘” ഞാൻ ആകെ വിഷമത്തിലായി .ലോക്കർ ഉടമയുടെ കൈയിലുള്ള താക്കോൽ ജീവനക്കാർ തൊടാൻ പോലും പാടില്ലെന്നാണ് ബാങ്കിന്റെ നിയമം ! ലോക്കറിനകത്ത് അയാൾ എന്തൊക്കെ സൂക്ഷിക്കുന്നുവെന്നും എന്താണ് പുറത്തെടുത്തതെന്നും ബാങ്കിന് അറിയില്ല .ഈ വൃദ്ധന്റെ എന്തെങ്കിലും വിലയേറിയ ഉരുപ്പടികൾ കാണാതായെന്ന് പറഞ്ഞാൽ ഞാനെന്തു ചെയ്യും ?

“പ്ലീസ് ,സാർ !”

നായർ സാറിന്റെ രണ്ടാമത്തെ വിളിയാണ് എന്നെ ഉണർത്തിയത്. മൂകാംബികയെ ധ്യാനിച്ചുകൊണ്ട് ഞാൻ താക്കോൽ വാങ്ങി നായർ സാറിന്റെ ലോക്കർ തുറന്നു .നേർത്ത വെളിച്ചം മാത്രം കടന്നു ചെല്ലുന്ന ആ ഉരുക്കറയുടെ അന്തരാളത്തിലേക്ക് നോക്കിയ ഞാൻ ശരിക്കും ഞെട്ടിപ്പോയി! ശൂന്യമായ അതിനകത്ത് ഒന്നുമില്ലായിരുന്നു ! സ്വർണ്ണ ഉരുപ്പടികളോ വെള്ളി കൊലുസുകളോ ഭൂമിയുടെ വിലയേറിയ ആധാര രേഖകളോ ബാങ്ക് നിക്ഷേപ രശീതികളോ ഒന്നും കാണാതെ ആശങ്കാഭരിതനായി ഞാൻ നായർ സാറിനെ നോക്കിയപ്പോൾ സ്റ്റൂളിൽ ഇരുന്നുകൊണ്ടുതന്നെ അദ്ദേഹം മൊഴിഞ്ഞു :

“ഉണ്ട് സാർ, അതിനകത്തുണ്ട്. സാറ് ശരിക്കും നോക്കണം” . ഞാൻ ആ ഉരുക്കുപെട്ടിയുടെ ഇരുണ്ടകള്ളിയിലേക്ക് കൈകടത്തിയപ്പോൾ നേരിയ ഒരു പ്ലാസ്റ്റിക് കവർ എന്റെ വിരലുകളിൽ തടഞ്ഞു .നിക്ഷേപരശീതികൾ സൂക്ഷിക്കാൻ ബാങ്ക്കാർ കൊടുക്കുന്ന പ്ലാസ്റ്റിക് കവർ ആയിരുന്നു അത്. നായർ സാറിന്റെ കണ്ണുകൾ തിളങ്ങി . അതിസൂക്ഷ്മതയോടെ ആ കവർ തുറന്ന്, നാലായി മടക്കിവെച്ച ഒരു പഴകിയ കടലാസ് പുറത്തെടുത്ത് ഭവ്യതയോടെ അദ്ദേഹം എനിക്ക് നേരെ നീട്ടി .

പഴക്കംചെന്ന് പൊടിയാറായ ആ പേപ്പർ പതുക്കെ തുറന്നുകൊണ്ട് ഞാൻ വായിച്ചു . 1966 മാർച്ച് മാസം മദിരാശി സതേൺ റെയിൽവേ ജനറൽ മാനേജർ നൽകിയ ഒരു അഭിനന്ദനപത്രം! ഉദുമൽപേട്ട് റെയിൽവേ സ്റ്റേഷനിൽ അസിസ്റ്റൻറ് സ്റ്റേഷൻ മാസ്റ്റർ ആയിരുന്ന വേളയിൽ സിഗ്നൽ തകരാർ കാരണം സംഭവിക്കുമായിരുന്ന ഒരു വലിയ ട്രെയിൻ അപകടം അതിവിദഗ്ധമായി ഒഴിവാക്കാൻ കാരണക്കാരനായതിന് ശ്രീ. ടി .കെ . വി .നായർക്ക് ഇന്ത്യൻറെയിൽവേ നന്ദിയോടെ നൽകിയ സ്നേഹാദരങ്ങളുടെ സാക്ഷിപത്രമായിരുന്നു അത്! കൂടെ 251 രൂപയുടെ

“

**നായർ സാറിന്റെ കൈകൾ രണ്ടും ഞാൻ ചേർത്തു പിടിച്ചു. ലോക്കർ തുറക്കാനായി വന്ന മറ്റ് ഇടപാടുകാർ എന്റെ മേശക്ക് മുമ്പിൽ കാത്തുനിൽക്കുന്നുണ്ടാവാം. റെയിൽവേയുടെ നന്ദിപത്രം അടങ്ങിയ പ്ലാസ്റ്റിക് കവർ തിരികെ വെച്ച് ലോക്കർ പൂട്ടി താക്കോൽ നായർ സാറിനെ തിരികെ ഏൽപ്പിച്ച് , അദ്ദേഹത്തിന്റെ കയ്യും പിടിച്ച് ഞാൻ പുറത്തിറങ്ങി. “എന്തേ ഇത്ര വൈകി ?” എന്ന ഭാനുമതിഅമ്മയുടെ ചോദ്യത്തിന് ഞങ്ങൾ രണ്ടുപേരും മിണ്ടിയില്ല.**

ഒരുക്യാഷ് അവാർഡ് കൂടി നൽകുന്നു എന്ന അറിയിപ്പും!

എന്തു പറയണമെന്നറിയാതെ ഞാൻ നായർ സാറിനെ തന്നെ നോക്കി നിന്നപ്പോൾ സ്റ്റൂളിൽ ഇരുന്നുകൊണ്ടുതന്നെ അദ്ദേഹം എന്നെ ചേർത്തു പിടിച്ചു !

“ഞാൻ സാറിനെ എന്റെ മകനായി കരുതിക്കോട്ടെ ? ലോക്കറിൽ വെക്കാൻ എന്റെ കയ്യിൽ ഇതു മാത്രമേ ഉള്ളൂ. റിട്ടയർമെന്റ് വേളയിൽ കിട്ടിയ കാശ് മുക്കാൽ ഭാഗവും എന്റെ പഴയ വീട് പുതുക്കാൻ ചെലവായി. രണ്ടു മക്കളുടെ കല്യാണം കൂടി കഴിഞ്ഞപ്പോൾ ബാക്കിയുള്ള കാശും തീർന്നു. ദൈവാനുഗ്രഹത്താൽ ഗുരുതരമായ രോഗങ്ങൾ ഒന്നും ഞങ്ങൾ രണ്ടുപേരെയും ഇതുവരെ ആക്രമിച്ചിട്ടില്ല. പെൻഷൻ പണം കൊണ്ട് ജീവിതം ഒരു വിധം ഭംഗിയായി നീങ്ങുന്നു.റിട്ടയർമെൻറ് കാലത്തെ മിച്ചം പണവും സർവീസ് കാലത്ത് സ്വരൂപിച്ച സമ്പാദ്യങ്ങളും അൽപസ്വൽപം സ്വർണ്ണവും ബാങ്ക് നിക്ഷേപത്തിന്റെ രശീതുകളുമൊക്കെ ലോക്കറിൽ ഭദ്രമായി കിടക്കുന്നുണ്ടെന്നാണ് മക്കളുടെയും ഭാര്യയുടെയും ഉറച്ച വിശ്വാസം. ഈ വിശ്വാസത്തിലും പ്രതീക്ഷയിലും ചാലിച്ചെടുത്ത സ്നേഹം നൽകിയാണ് അവരെന്നെ പരിപാലിക്കുന്നത്. എന്റെ കയ്യിൽ ഒന്നുമില്ലെന്ന കാര്യം അവർ അറിഞ്ഞാലുള്ള സ്ഥിതി എനിക്ക് ഓർക്കാൻ പോലും കഴിയുന്നില്ല. അമ്മയെക്കൊണ്ടുള്ള ആവശ്യം രണ്ടുപേർക്കും ഉള്ളതിനാൽ , പ്രായമായെങ്കിലും അല്പം ആരോഗ്യമുള്ള എന്റെ ഭാര്യയെ മക്കളിൽ ആരെങ്കിലും കൂടെ കൊണ്ടുപോകും. ബാങ്ക് അക്കൗണ്ടിൽ വരുന്ന പെൻഷൻ ഇപ്പോൾ ചെയ്യുന്ന പോലെ തന്നെ അവർ എടുത്തോളും . ലോക്കറിന്റെ വാടക ഓരോ വർഷവും എന്റെ പെൻഷൻ അക്കൗണ്ടിൽ നിന്നും പിടിച്ചു പോകുന്നുണ്ട്. എന്റെ ലോക്കറിനകത്ത് ഒന്നുമില്ലെന്ന സത്യമറിഞ്ഞാൽ അഗതിമന്ദിരത്തിലേക്കുള്ള എന്റെ തനിച്ചുള്ള യാത്ര വേഗത്തിലാവും. സാറിന്റെ അച്ഛനാണ് ഈ കരഞ്ഞു പറയുന്നതെന്ന് കരുതി ദയവുചെയ്ത് ഈ രഹസ്യം പുറത്തു പറയരുത്. ആത്മഹത്യ ചെയ്യാൻ പോലും എനിക്ക് കഴിയില്ല !”

നായർ സാറിന്റെ കൈകൾ രണ്ടും ഞാൻ ചേർത്തു പിടിച്ചു.ലോക്കർ തുറക്കാനായി വന്ന മറ്റ് ഇടപാടുകാർ എന്റെ മേശക്ക് മുമ്പിൽ കാത്തുനിൽക്കുന്നുണ്ടാവാം. റെയിൽവേയുടെ നന്ദിപത്രം അടങ്ങിയ പ്ലാസ്റ്റിക് കവർ തിരികെ വെച്ച് ലോക്കർ പൂട്ടി താക്കോൽ നായർ സാറിനെ തിരികെ ഏൽപ്പിച്ച് , അദ്ദേഹത്തിന്റെ കയ്യും പിടിച്ച് ഞാൻ പുറത്തിറങ്ങി. “എന്തേ ഇത്ര വൈകി ?” എന്ന ഭാനുമതിഅമ്മയുടെ ചോദ്യത്തിന് ഞങ്ങൾ രണ്ടുപേരും മിണ്ടിയില്ല. ഭാര്യയുടെ തോളിൽ പിടിച്ചു കൊണ്ട് നായർ സാർ പതുക്കെ നടന്നകലുന്നതും നോക്കി അൽപനേരം ഞാൻ നിന്നു.

തിരിഞ്ഞു നോക്കിയപ്പോൾ ലോക്കർ തുറക്കാനായി വന്ന അടുത്ത ഇടപാടുകാരൻ എന്റെ മുന്നിലെ കസേരയിൽ കാത്തിരിക്കുന്നുണ്ടായിരുന്നു ! ●



**ബാലഗോപാലൻ കണ്ണത്ത്**

നേരത്തെ എയർ ഫോഴ്സിൽ ആയിരുന്നു. 2006 ൽ മലപ്പുറത്തു നിന്നും വിരമിച്ചു. 15 പുസ്തങ്ങൾ പ്രസിദ്ധീകരിച്ചു. മനോരാജ്യം നോവൽ അവാർഡ്, കുങ്കുമം നീണ്ട കഥ അവാർഡ്, SBI MADRAS LHO പ്രത്യേക പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

# ക്ലോസ് അറസ്റ്റ്

ബാരക്കിന്റെ വാതിൽ തുറന്ന് അയാൾ വരാന്തയിലേക്ക് ഇറങ്ങി. വരാന്തയിൽ സെക്യൂരിറ്റി ലൈറ്റിന് ചുറ്റും പാറ്റകൾ പാറി കളിച്ചുകൊണ്ടിരുന്നു. പുറത്ത് കട്ടിയുള്ള മൂടൽ മഞ്ഞ്. തണുത്ത കാറ്റ് മുഖത്തടിച്ചു. തൂണിൽ ചാരി വെളിച്ചത്തിനരികിലയാൾ നിന്നു. പോക്കറ്റിൽ നിന്ന് പലവുരു വായിച്ച് മടക്കിവെച്ച ജ്യേഷ്ഠന്റെ കത്ത് പുറത്തെടുത്തു നിവർത്തി.

-നിന്റെ മകൾ ഊർമ്മിളക്ക് ഒരു കല്യാണ ആലോചന വന്നിട്ടുണ്ട്. പയ്യൻ സ്കൂൾ മാസ്റ്റർ ആണ്. പെണ്ണിനെ അവർക്ക് ബോധിച്ചു. എത്രയും പെട്ടെന്ന് നടത്തണമെന്ന് അവർ ശഠിക്കുന്നു. നല്ല ബന്ധമാണ്. കത്ത് കിട്ടിയാൽ നീ ഉടനെ ലീവ് എടുത്ത് വരണം. എല്ലാ ഒരുക്കങ്ങളും ഞാൻ തുടങ്ങിയിട്ടുണ്ട്-

മകൾ കല്യാണപ്രായം എത്തിയ പെണ്ണായി വളർന്നു കഴിഞ്ഞിരിക്കുന്നു. ഓർമ്മകളുടെ ചിറകുകളിൽ നൂറായിരം വർണ്ണ തൂവലുകൾ. വിനായക ചതുർത്ഥിക്ക് ശിവമന്ദിരിൽ വെച്ചാണ് ആദ്യം കണ്ടത്. പിച്ചള തളികയിൽ മലരും പഴവുമായി നിറകതിർ പോലെ അവൾ- ചാരുലത- കണ്ണുകളിൽ കൊത്തിവലിക്കുന്ന കാന്തം. ജീവിതത്തിലേക്ക് അവൾ കടന്നു വന്നതോടെ സാമ്രാജ്യം കീഴടക്കിയ സുൽത്താന്റെ ആവേശവും ഉത്സാഹവും.

കുളിരേകിയ രാത്രികളിൽ നുരകുത്തുന്ന യുവത്വത്തിന്റെ കരുത്തിൽ സ്വയം മറന്നു മുങ്ങിത്തുടിക്കവേ ബാക്കിയുള്ള അവധി ദിവസങ്ങൾ ചോർന്നു പോയത് അറിഞ്ഞില്ല. യാത്ര പറയുമ്പോൾ ഒരു പട്ടാളക്കാരന്റെ വിരഹ വേദനയുടെ തീവ്രത ആദ്യമായറിഞ്ഞു.

ചാരുലതയുടെ കത്തുകൾ വന്നുകൊണ്ടേയിരുന്നു. അവളൊരു അമ്മയാകാൻ പോകുന്നു എന്നറിഞ്ഞപ്പോൾ ആഹ്ലാദം കൊണ്ടു തുള്ളിച്ചാടി. ദിവസങ്ങൾ പറക്കുകയായിരുന്നു. മനസ്സ് മുഴുവൻ നാട്ടിലായിരുന്നു. എന്നിട്ടും അവളുടെ പ്രസവസമയത്ത് പോലും ലീവിൽ പോകാൻ കഴിഞ്ഞില്ല. പ്രസവിച്ചു മൂന്നുമാസം കഴിഞ്ഞാണ് മകളെ കാണുന്നത്. അവളുടെ അമ്മയുടെ അതേ മുഖം. കണ്ണും മൂക്കും കവിൾത്തടങ്ങളുമെല്ലാം അതുപോലെ തന്നെ. ഒരു കുഞ്ഞു ചാരുലത. ആഹ്ലാദത്തിമിർപ്പിൽ രണ്ടുമാസം ഓടിപ്പോയത് അറിഞ്ഞില്ല. വീണ്ടും എയർഫോഴ്സ് സ്റ്റേഷനോട് ചേർന്നുള്ള യൂണിറ്റ് ക്യാമ്പിലേക്ക്.

ആ ഇടക്കാണ് ജ്യേഷ്ഠന്റെ കത്ത് വന്നത്. ചാരുലതക്ക് സുഖമില്ലെന്ന് മഞ്ഞപ്പിത്തം... മനസ്സിൽ അസ്വാസ്ഥ്യത്തിന്റെ വിത്തുകൾ മുളപൊട്ടിയ നാളുകൾ. ഉൽകണ്഻ക്കിടയിൽ ഓഫീസിൽ നിന്ന് വിളിപ്പിച്ചു.

''രാഗേഷ് ചൗധരി, ഒരു ടെലിഗ്രാം വന്നിട്ടുണ്ട്''.

ടെലഗ്രാം വാങ്ങി വായിച്ചു. വൈഫ് സീരിയസ്... സ്റ്റാർട്ട് ഇമ്മീഡിയറ്റ്ലി...

തളർന്ന് നിലത്തിരുന്നു. വിയർപ്പിൽ കുളിച്ചു. വിറക്കുന്ന കാലുകളോടെ വീടിന്റെ പടി കയറുമ്പോൾ കണ്ടു, മുറ്റം നിറയെ ആൾക്കാർ. ആരോവന്ന് കൈപിടിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ഒന്നേ നോക്കിയുള്ളൂ. ചാരുലത ഉറങ്ങുന്നു. ശാന്തമായ ഉറക്കം.

“

**തളർന്ന് നിലത്തിരുന്നു. വിയർപ്പിൽ കുളിച്ചു. വിറക്കുന്ന കാലുകളോടെ വീടിന്റെ പടി കയറുമ്പോൾ കണ്ടു, മുറ്റം നിറയെ ആൾക്കാർ. ആരോവന്ന് കൈപിടിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ഒന്നേ നോക്കിയുള്ളൂ. ചാരുലത ഉറങ്ങുന്നു. ശാന്തമായ ഉറക്കം.**

''എല്ലാം പെട്ടെന്നായിരുന്നു''. ജ്യേഷ്ഠത്തി അമ്മയുടെ ഇടറിയ ശബ്ദം പിന്നിൽ നിന്ന് ആരോ താങ്ങിയത് അറിഞ്ഞില്ല എല്ലാം കീഴ്മേൽ മറിയുകയായിരുന്നു.

എങ്ങും കൊടും തമസ്സ്. ആർത്തലക്കുന്ന അലയാഴിയിൽ കെട്ടുപായകൾ പൊട്ടിപ്പോയ പായവഞ്ചിയിൽ ദിശയറിയാതെ വട്ടംചുറ്റുന്ന

നിരാലംബനായ യാത്രക്കാരൻ. ഓർമ്മയിലേക്ക് വെളിച്ചം അരിച്ചരിച്ചു കടന്നു വന്നപ്പോൾ കണ്ടു. ഊർമ്മിളമോളെ ജേഷ്ഠത്തിയമ്മ തോളിലിട്ട് തട്ടിയുറക്കുന്നു.

തളംകെട്ടിയ ശൂന്യതയിലേക്ക് തുറിച്ചു നോക്കികൊണ്ടിരുന്നു. മകളുടെ ഓമനത്തം തുളുമ്പുന്ന മുഖം ഉള്ളിലെ വിങ്ങലുകൾക്ക് കനം കൂട്ടി. ലീവ് കഴിയാറായപ്പോൾ ജ്യേഷ്ഠത്തി അമ്മ പറഞ്ഞു.

''മോളെ കുറിച്ച് ഓർത്ത് വിഷമിക്കേണ്ട. അവൾക്കു ഞാനുണ്ട്. സമാധാനമായി പൊയ്ക്കോളൂ...''

ചുടലക്കളമായി മാറിയ മനസ്സുമായി ഊർമ്മിള മോളെ അവരെ ഏൽപ്പിച്ച് പടിയിറങ്ങുമ്പോൾ ചാരുലത ഉള്ളിൽ നിറഞ്ഞുനിന്നു. ആർത്തലച്ചുപായുന്ന തീവണ്ടിയിൽ ഇരുന്ന് മരണത്തെ കുറിച്ച് ഓർത്തു. ഒറ്റ കുതിപ്പ്.

“

**ചുടലക്കളമായി മാറിയ മനസ്സുമായി ഊർമ്മിള മോളെ അവരെ ഏൽപ്പിച്ച് പടിയിറങ്ങുമ്പോൾ ചാരുലത ഉള്ളിൽ നിറഞ്ഞുനിന്നു. ആർത്തലച്ചുപായുന്ന തീവണ്ടിയിൽ ഇരുന്ന് മരണത്തെ കുറിച്ച് ഓർത്തു. ഒറ്റ കുതിപ്പ്.**

അതോടെ തീർന്നു. പൂർണ്ണമായ മോചനം. റെയിൽ പാളങ്ങൾക്കിടയിൽ പിടഞ്ഞു തുള്ളുന്ന കബന്ധം- അരുത്. നമ്മുടെ മകളെ മറന്നോ... അവളെ വളർത്തി വലുതാക്കണ്ടേ- ചാരുതലയുടെ ശബ്ദം. ഉള്ളൊന്നു പിടഞ്ഞു. വേണം മകളെ വളർത്തണം. ഇനിയുള്ള കാലം അവൾക്കുവേണ്ടി ജീവിക്കണം. ചാരുലതയുടെ ആത്മാവിനുള്ള തിലോദക സമർപ്പണം.

എത്ര വേഗമാണ് ഋതുക്കൾ പിന്നെയും കുടമാറ്റം നടത്തിയത്. ലീവിൽ വരുമ്പോഴൊക്കെ ജ്യേഷ്ഠൻ നിർബന്ധിച്ചു. ഒരു പുനർവിവാഹത്തിന്.

''ദയവായി അതുമാത്രം പറയരുത്. ചാരുലത പോയിട്ടില്ല. എന്റെ ഉള്ളിൽ ജീവനോടെ ഉണ്ട്''.

റോഡിൽ ജീപ്പിന്റെ ഇരമ്പൽ കേട്ടയാൾ ചിന്തയിൽ നിന്നുണർന്നു. ഡ്യൂട്ടി ഓഫീസർ



നൈറ്റ് ചെക്കിങ്ങിന് ഇറങ്ങിയതായിരിക്കും. അല്ലെങ്കിൽ ഫ്ളൈറ്റ് ലഫ്റ്റനന്റ് മൽഹോത്രയുടെ വണ്ടിയാവാം. അദ്ദേഹമാണ് സെക്യൂരിറ്റി ഓഫീസർ. ചുവന്ന ഉണ്ട കണ്ണുള്ള ഒരു പടുകൂറ്റൻ. ഉള്ളിൽ അറിയാതെ ഒരു ഇടിമിന്നൽ. നാളെ ലീവിന് വേണ്ടി അദ്ദേഹത്തെയാണ് കാണേണ്ടത്. കടിച്ചുകീറുന്ന സ്വഭാവക്കാരൻ ആണ്. സഹായിക്കുന്നതിന് പകരം ഉപദ്രവിക്കാനാണ് കൂടുതൽ ഇഷ്ടം. വരാന്തയിൽ നിന്ന് അയാൾ ബാരക്കിന്റെ അകത്തേക്ക് നടന്നു. കമ്പിളിപുതപ്പിനുള്ളിൽ എല്ലാവരും കൂർക്കം വലിച്ചുറങ്ങുന്നു. അയാളും ചാർപ്പായ ശരിയാക്കി കിടന്നു. രാവിലെ ഓഫീസിൽ എത്തി സുബേദാറിനെ വിവരമറിയിച്ചു. അദ്ദേഹം ഉപദേശിച്ചു.

''മൽഹോത്ര സാബിനെ നീ തന്നെ നേരിട്ട് പോയി കണ്ടോളൂ. ഈ കൊല്ലത്തെ നിന്റെ ലീവ് കഴിഞ്ഞതല്ലേ''.

സെക്യൂരിറ്റി ഓഫീസറുടെ മുന്നിലേക്കയാൾ ആനയിക്കപ്പെട്ടു. മനസ്സിൽ കരുതി വെച്ചതെല്ലാം അടുക്കോടെ കൃത്യമായി പറഞ്ഞു തീർത്തു.

''ഈ സമയത്ത് ലീവ് തരാൻ പറ്റില്ല. ഇവിടെ റൂട്ടീൻ ഡ്യൂട്ടിക്ക് പോലും ആളില്ല. അറിയോ..?''

''സാബ്, എനിക്കീഭൂമിയിൽ എല്ലാമായി ഒരേ ഒരു മകളെ ഉള്ളൂ. അമ്മയില്ലാത്ത കുട്ടി. അവളുടെ കല്യാണത്തിന് എനിക്ക് പോകണം''.

ഫ്ളൈറ്റ് ലഫ്ടനന്റ് മൽഹോത്രയുടെ മുഖം ചുവന്നു.

''നീ ചെന്നില്ലെങ്കിലും കല്യാണം നടന്നോളും. എന്റെ പെങ്ങളുടെ കല്യാണത്തിനും എനിക്ക് കൂടാൻ ഒത്തില്ല. പിന്നെ അത്രയ്ക്ക് നിർബന്ധമാണെങ്കിൽ നീട്ടി വെക്കണം''.

''ചെറുക്കന്റെ വീട്ടുകാർ സമ്മതിക്കില്ല. 10 ദിവസത്തെ കാഷ്വൽ ലീവ് തന്നാൽ മതി സാബ്''

''നീയൊരു പട്ടാളക്കാരനാണ്. ആദ്യം രാജ്യത്തിന്റെ താൽപര്യം. അത് കഴിഞ്ഞിട്ട് സ്വന്തം കാര്യം. മനസ്സിലായോ.''

മുറിയിൽ നിന്നും പുറത്ത് കടക്കുമ്പോൾ തലക്കുള്ളിൽ പുകച്ചുരുളുകളായിരുന്നു.

''നേരായ വഴിക്ക് ലീവ് കിട്ടിയില്ലെങ്കിൽ കിട്ടുന്ന വഴി നോക്കണം. മകൾ സീരിയസ് എന്ന് കാണിച്ചു ഒരു ടെലിഗ്രാം വരുത്ത്'' കൂട്ടുകാരൻ മജൂംദാർ ഉപദേശിച്ചു.

''കളവ് പറയാൻ എനിക്കാവില്ല.''

''കാര്യം നേടാൻ ചിലപ്പോഴൊക്കെ അത് വേണ്ടിവരും. നീയിങ്ങനെ ശുദ്ധനായാലോ ചൗധരി. യുധിഷ്ഠിരൻപോലും പണ്ട് കളവ് പറഞ്ഞില്ലേ''.

ചിന്തകളുടെ അരക്കില്ലത്തിൽ അയാൾ നീറിക്കൊണ്ടിരുന്നു. അന്ന് നൈറ്റ് ഡ്യൂട്ടി ആയിരുന്നു. രാത്രി ചെക്കിങ്ങിന് ഫ്ളൈറ്റ് ലഫ്റ്റനന്റ് മൽഹോത്ര തന്നെയാണ് വന്നത്. പരിശോധന കഴിഞ്ഞ് പോകുമ്പോൾ കാര്യം ഒരിക്കൽ കൂടി അവതരിപ്പിച്ചു.

''ഒരാഴ്ചത്തെ കാഷ്വൽ ലീവെങ്കിലും അനുവദിക്കണം സാബ്. ഞാൻ ജീവിക്കുന്നത് തന്നെ



**“ ചിന്തകളുടെ അരക്കില്ലത്തിൽ അയാൾ നീറിക്കൊണ്ടിരുന്നു. അന്ന് നൈറ്റ് ഡ്യൂട്ടി ആയിരുന്നു. രാത്രി ചെക്കിങ്ങിന് ഫ്ളൈറ്റ് ലഫ്റ്റനന്റ് മൽഹോത്ര തന്നെയാണ് വന്നത്. പരിശോധന കഴിഞ്ഞ് പോകുമ്പോൾ കാര്യം ഒരിക്കൽ കൂടി അവതരിപ്പിച്ചു.**

എന്റെ മകൾക്ക് വേണ്ടിയാണ്. അവളുടെ കല്യാണത്തിന് എത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ഞാനെന്തിന് ജീവിക്കണം?''

''യൂ ഗോ ടു ബ്ലഡി ഹെൽ, പറഞ്ഞാലും മനസ്സിലാവാത്ത കഴുത.''

''സാബ് ദയവായി''

''ഷട്ട് അപ്പ്..''

ജീപ്പ് ഇരുളിലൂടെ കൂളിയിട്ടു.

ഇനി ഏതാനും ദിവസങ്ങൾ മാത്രം. അതുംകൂടി കഴിയുമ്പോൾ ഈശ്വരാ. കണ്ണടക്കുമ്പോഴൊക്കെ ചാരുലതയുടെ ചന്തമുള്ള മുഖം. അവളുടെ മൊഴിമുത്തുകൾ നെഞ്ചിലേക്ക് തെറിച്ചു വീണു.

-എന്താണ് ഇനിയും പുറപ്പെടാത്തത് കല്യാണത്തിന് എത്തേണ്ടേ. നമ്മുടെ മകളെ അനുഗ്രഹിക്കണ്ടേ-

മനസ്സ് പിടഞ്ഞു കൊണ്ടിരുന്നു. എന്താണ്

വഴി. ലീവെടുക്കാതെ ഒളിച്ചോടിയാലോ. അത് അനർത്ഥത്തിന് വഴിവെക്കില്ലേ. പോലീസ്... പട്ടാളം... അന്വേഷണം... അച്ചടക്ക നടപടി... ചെറുക്കന്റെ വീട്ടുകാർക്ക് കൂടി നാണക്കേട്.

ഓരോ ദിവസവും അടർന്നുവീഴുമ്പോൾ ശരീരത്തിലെ ഞെരമ്പുകൾ ചീന്തിയെടുക്കുന്ന വേദന. അവസാനം ഞെട്ടലോടെ ഓർത്തു. ആ ദിവസം നാളെയാണ്. ഭീരുവായ ഒരു പിതാവിന്റെ മകളുടെ കല്യാണദിവസം.

-സ്വന്തം മകളുടെ കല്യാണത്തിന് പോലും ലീവ് കിട്ടാത്ത ഒരു ജോലി എന്തിനാണ് വലിച്ചെറിഞ്ഞൂടെ-

ജേഷ്ഠന്റെ കത്തിലെ മുള്ളുകൾ. കട്ടിലിൽ കമിഴ്ന്നു കിടന്നു അയാൾ തേങ്ങി. പുലർച്ചെ കുളി കഴിഞ്ഞ് അർദ്ധനാരീശ്വരന്റെ പടത്തിന് മുന്നിൽ ചന്ദനത്തിരി കത്തിച്ചുവച്ച് കൈകൂപ്പി. മകളുടെ ശ്രേയസിനു വേണ്ടി പ്രാർത്ഥിച്ചു. അയാൾ തികച്ചും ശാന്തനായി കഴിഞ്ഞിരുന്നു. ആ പകൽ കൂടി എരിഞ്ഞു തീർന്നു. രാത്രി ഡ്യൂട്ടിക്കുള്ള ഒരുക്കങ്ങളുമായി അയാൾ നടന്നു. മെസ്സിൽ പോയില്ല. പൂർണ്ണ ഉപവാസം ആയിരുന്നു. മലമുകളിൽ ഇരുട്ട് പതിയിരുന്ന് കഴിഞ്ഞിരുന്നു. ആദ്യത്തെ ഷിഫ്റ്റ് തീർന്നപ്പോൾ മണി പത്തര. രണ്ടാമത്തെ ഷിഫ്റ്റ് അയാളുടേതാണ്. ആൾസഞ്ചാരം നിലച്ച ഇരുട്ടിലാണ്ടു കിടക്കുന്ന ഇടുങ്ങിയ പാത.

അയാൾ വാച്ചിലേക്ക് നോക്കി. നാല് പുറവും കണ്ണോടിച്ച് സാവധാനം റോഡിലേക്ക് ഇറങ്ങി. മൂടൽമഞ്ഞ് പുതച്ച മരങ്ങളുടെ നിഴലുകൾ മറ പറ്റി വേഗം നടന്നു. വലതു കൈയിലെ തോക്ക് ശരീരത്തോട് ചേർത്തു പിടിച്ചു.

കൺമുമ്പിൽ ഒരൊറ്റ ലക്ഷ്യം മാത്രം. പന്ത്രണ്ടാം നമ്പർ ക്വാർട്ടേഴ്സ്. അതിന്റെ ചുമരിൽ തിളങ്ങുന്ന അക്ഷരങ്ങൾ പേറുന്ന ബോർഡ് -ഫ്ളൈറ്റ് ലഫ്ടനന്റ് മൽഹോത്ര-

ചുളുചുളെ കുത്തുന്ന തണുപ്പിലും അയാൾ വിയർത്തു കുളിച്ചു. ശബ്ദം ഉണ്ടാക്കാതെ ഗേറ്റ് കടന്ന് ആശ്വാസത്തോടെ നെടുവീർപ്പിട്ടു. എത്തിച്ചേർന്നിരിക്കുന്നു. സർവ്വത്ര ശാന്തം. തണുപ്പിന്റെ പിടിയിൽ ഏവരും സുഖസുഷുപ്തിയിലാണ്.

ചുമരിലെ കാളിംഗ് ബെല്ലിൽ വിരലമർത്തി തയ്യാറെടുത്തു കാത്തുനിന്നു. അകത്ത് ലൈറ്റ് തെളിഞ്ഞു. മുറുമുറുപ്പുകൾ. തുടർന്ന് പുറത്തെ ലൈറ്റും തെളിഞ്ഞു.

വാതിലിന്റെ ബോൾട്ട് നീക്കി ഫ്ളൈറ്റ് ലഫ്റ്റനന്റ് മൽഹോത്ര വൂളൻ പുതപ്പും വാരിച്ചുമലിലിട്ട് പുറത്തേക്കു വന്നു. ചൗധരി പോർട്ടിക്കോവിലെ വെളിച്ചത്തേക്കു മാറി നിന്നു.

''ആര് ........... നീയോ.........''

''അതെ, ഞാൻ തന്നെ രാഗേഷ് ചൗധരി''

''നീ എന്തിനിവിടെ വന്നു. ഈ സമയത്ത്?''

''പേടിക്കേണ്ട ലീവ് ചോദിക്കാൻ വന്നതല്ല. ഇനി അതിന്റെ ആവശ്യമില്ല. എന്റെ മകളുടെ കല്യാണം ഇന്നു രാവിലെ കഴിഞ്ഞു''.

വാതിലിന്നരികിൽ ഒരു സ്ത്രീയുടെ നിഴൽ പ്രത്യക്ഷപ്പെട്ടു.

''പിന്നെ നിനക്കെന്തുവേണം?''

അതുവരെ ഒളിഞ്ഞു കിടന്നിരുന്ന ക്രൗര്യവും പകയും പല്ലുകൾക്കിടയിൽ ഞെരിഞ്ഞു.

എനിക്ക് വേണ്ടത് നിങ്ങളുടെ ജീവനാണ്.

ശരീരത്തിൽ ചേർത്തുവെച്ചിരുന്ന റൈഫിൽ അയാൾ ഞൊടിയിടയിൽ മൽഹോത്രയുടെ നെഞ്ചിനുവേരെ ഉയർത്തി.

''അയ്യോ അരുത്. അരുത് ഭായിസാബ്... അരുത്''

വാതിൽക്കൽ നിന്നിരുന്ന സ്ത്രീ മിന്നൽ വേഗത്തിൽ മൽഹോത്രയുടെ മുമ്പിൽ കടന്നു നിന്ന് ഇരുകൈകളും ഉയർത്തി കരഞ്ഞുകൊണ്ട് യാചിച്ചു.

''അരുത്. സാബ്... അരുത്''

അയാൾ കണ്ണുകൾ തുടരെതുടരെ ചിമ്മിത്തുറന്നു.

വൈദ്യുതാഘാതമേറ്റപോലെ ഒരു ഞെട്ടൽ

അതേ മുഖം.. അതേ ഛായ...

ചാരുലത ....അല്ല ഊർമ്മിള...

കരുണക്കുവേണ്ടി കേഴുന്ന ചെറുപ്പക്കാരിയുടെ ദീനരോദനം അടഞ്ഞുപോയ അയാളുടെ കർണ്ണപുടങ്ങളിൽ തുളച്ചുകയറി. ഒരു നിമിഷത്തിന്റെ ദീനാനുകമ്പയുടെ ദൗർബല്യത്തിൽ അയാൾ അന്തിച്ചു നിന്നു. പ്രതികാരദാഹത്തിന്റെ ചെന്തീയിലേക്ക് ഹതാശനായ ഒരു പിതാവിന്റെ വാത്സല്യത്തിന്റെ നീരുറവകൾ ഒന്നിച്ചു പൊട്ടിയൊലിച്ചു. അയാളുടെ വിരൽ റൈഫിളിന്റെ ട്രിഗറിൽ ചലനമറ്റു നിന്നു.

യാചനയോടെ കൈകൂപ്പി വിറച്ചുനിൽക്കുന്ന ചെറുപ്പക്കാരിയെ അയാൾ അമ്പരപ്പോടെ പിന്നെയും നോക്കി. കാലത്ത് വിവാഹിതയായ തന്റെ മകൾ മുമ്പിൽ വന്നു തേങ്ങി കരയുകയാണെന്ന് തോന്നി. മനസ്സിലൊട്ടിക്കിടക്കുന്ന ആ മുഖം കണ്ണീരിൽ കുതിർന്നിരിക്കുന്നു ഈശ്വരാ...

കൈകാലുകൾ വിറച്ചു. അണമുറിഞ്ഞൊഴുകിയ വാത്സല്യത്തിന്റെ കുത്തൊഴുക്ക് അയാളിലെ സ്നേഹനിധിയായ പിതാവിനെ ഒന്നിച്ചു വിഴുങ്ങി. അതോടെ എല്ലാം മറന്നു. പരിസരം മറന്നു.

മൽഹോത്രയുടെ നെഞ്ചിനെ ലക്ഷ്യം വെച്ച തോക്കിന്റെ കുഴൽ താണു. അടുത്ത നിമിഷം അയാളത് മുറ്റത്തെ പൂഴിമണ്ണിലേക്ക് ഊക്കോടെ വലിച്ചെറിഞ്ഞു. തിരിഞ്ഞു നടന്നു.

നിഴലും നിലാവും പുണർന്നുറങ്ങുന്ന വഴിയിൽ അയാളുടെ ബൂട്ടുകളുടെ ശബ്ദം അസ്വാസ്ഥ്യമുയർത്തികൊണ്ടിരുന്നു. അപ്പോൾ, മഞ്ഞുപാളികൾ വകഞ്ഞുമാറ്റി പാഞ്ഞുവന്ന ജീപ്പ് അയാൾക്ക് മുമ്പിൽ പൊടുന്നനെ ബ്രേക്ക് ഇട്ടു. അതിൽനിന്നും ചാടി ഇറങ്ങിയ എയർഫോഴ്സ് പോലീസ് ഗർജിച്ചു.

''ഹാൻസ് അപ്പ്. യു ആർ അണ്ടർ ക്ലോസ് അറസ്റ്റ്''.

അയാൾ ശാന്തനായി അവരെ നോക്കി പുഞ്ചിരിച്ചു.

''തെരഞ്ഞു വന്നു അല്ലേ. ഞാൻ അങ്ങോട്ട് തന്നെ വരികയായിരുന്നു''.

നിർവികാരനായി അയാൾ അവരുടെ കൂടെ ജീപ്പിലേക്ക് കയറി.

●

**“**

**അയാൾ വാച്ചിലേക്ക് നോക്കി. നാല് പുറവും കണ്ണോടിച്ച് സാവധാനം റോഡിലേക്ക് ഇറങ്ങി. മൂടൽമഞ്ഞ് പുതച്ച മരങ്ങളുടെ നിഴലുകൾ മറ പറ്റി വേഗം നടന്നു. വലതു കൈയിലെ തോക്ക് ശരീരത്തോട് ചേർത്തു പിടിച്ചു. കൺമുമ്പിൽ ഒരൊറ്റ ലക്ഷ്യം മാത്രം. പന്ത്രണ്ടാം നമ്പർ ക്വാർട്ടേഴ്സ്.**



ബാലചന്ദ്രൻ പറങ്ങോടത്ത്

തൃശ്ശൂർ സ്വദേശി. 1980 ൽ ജോലിയിൽ. പ്രവേശിച്ചു. 2013 സെപ്തംബറിൽ തൃശ്ശൂർ  എസ് എം ഇ ശാഖയിൽനിന്ന് വിരമിച്ചു.അമച്വർ നാടകം, സിനിമ, പരസ്യ സിനിമ എന്നീ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മുപ്പത്തഞ്ചോളം സിനിമകളിൽ അഭിനയിച്ചു.

# ഉപനയനം

ജീവിച്ചിരിക്കുന്നു എന്നതിൻറെ പ്രമാണപത്രം ഉടലോടെ സമർപ്പിച്ചു ബാങ്കിൽനിന്നും മടങ്ങുമ്പോഴാണ് കോണിച്ചുവട്ടിൽ വെച്ചു പെൻഷണറായ സുഹൃത്ത് വാസുദേവനെ കണ്ടത്.

''അ: വാസേവാ, ദെന്താദ് കൊറേ കാലായിലോ കണ്ടട്ട്!. എന്തു പറേണൂ, സുഖന്ന്യല്ലേ?.''

''അല്ലടോ, സുഖന്നേന്ന് ഒറപ്പിച്ചു പറയാൻ ലേശം വെഷമണ്ട്!.''

''അയ്! അതെന്താദ്!.''

അപ്പോഴാണ് ഞാൻ വാസുദേവനെ ശരിക്കും ശ്രദ്ധിച്ചത്. വലിയ പ്രസാദത്തിലല്ല വദനം.

''മെഡിക്ലെയിം അയച്ചത് മടങ്ങി. പത്തുപതിനായിരം രൂവേടെ കേസാർന്നു.

''എന്തു പറ്റീ?.''

''അപേക്ഷേലെ വിവരങ്ങളില് പൊരുത്തക്കേടുണ്ടത്രേ.''

വാസുദേവൻ സംഭവം വിവരിച്ചു.

മൂന്നു മാസം മുമ്പ് വീട്ടിൽ കോണിയിറങ്ങുമ്പോൾ തെന്നിവീണു മുട്ടിന് പരിക്ക്പറ്റി. ചികിത്സക്കായി നഗരത്തിലെ ഏറെ പ്രശസ്തിയും തിരക്കുമുള്ള ഓർത്തോപിഡിഷ്യനെയാണ് കാണിച്ചത്. അടുത്ത സുഹൃത്തും മുൻ സഹപ്രവർത്തകനും യൂണിയൻ നേതാവുമായിരുന്ന സിദ്ധാർത്ഥൻ ഡോക്ടറെ ഫോണിൽ വിളിച്ച് ഏർപ്പാടാക്കിയതിൻറെ അടിസ്ഥാനത്തിലായിരുന്നു കൺസൾട്ടേഷൻ വേഗത്തിൽ തരമായത്. മുറിക്കു പുറത്ത് ഊഴം കാത്തിരിക്കുന്നതിനിടയിൽ ഡോക്ടറുടെ സഹായി വാതിലിനുപുറത്തേക്ക് തലയിട്ട് ഉറക്കെ വിളിച്ചു ചോദിച്ചു.

"

**പരിശോധനേം നാലാഴ്ചത്തെ പ്ലാസ്റ്റർ, ഗുളിക, പിന്നെ ഫിസിയോ തെറാപ്പി ചികിത്സോളും കഴിഞ്ഞപ്പോ പതിനായിരത്തിച്ചില്ല്വാനം ചെലവായി. അതിൻറെ ബില്ലോളൊക്കെ വെച്ചയച്ച ക്ലെയിമാണ് മടങ്ങിയത്!.**

''ആരാ പീടീ വാസുദേവൻ നമ്പൂതിരി?''

ആരും മിണ്ടുന്നില്ലെന്നു കണ്ടപ്പോൾ സഹായി ആവർത്തിച്ചു.

'വാസുദേവൻ നമ്പൂതിരീ?'

ഞാനൊന്നു സംശയിച്ചു. ഞാനാണോ? അങ്ങിനെയെങ്കിൽ പീടീ വാസുദേവൻ എങ്ങന്യാ നമ്പൂര്യായീത്? മുറിയിൽ കടന്നപ്പോൾ ഡോക്ടറും ആവർത്തിച്ചു:

''വാസുദേവൻ നമ്പൂതിരി അല്ലേ. വരൂ ഇരിക്കൂ. സിദ്ധാർത്ഥൻ പറഞ്ഞിരുന്നു.''

അപ്പോൾ പൂണൂലിടുവിച്ചത് സിദ്ധാർത്ഥനാണ്!. ഒരുമിച്ചു ജോലി ചെയ്തിരുന്ന കാലത്തൊക്കെ അയാൾ തന്നെ തിരുമേനി എന്നാണവിളിച്ചിരുന്നതെന്നോർത്തു. അപ്പോഴൊക്കെ എന്തെങ്കിലും ആവട്ടെ എന്നു കരുതി അവഗണിച്ച വിഷയമായിരുന്നു. പക്ഷേ അതിങ്ങനെ എടങ്ങേറുണ്ടാക്കുമെന്ന് കരുതിയില്ല!.

'പരിശോധനേം നാലാഴ്ചത്തെ പ്ലാസ്റ്റർ, ഗുളിക, പിന്നെ ഫിസിയോ തെറാപ്പി ചികിത്സോളും കഴിഞ്ഞപ്പോ പതിനായിരത്തിച്ചില്ല്വാനം ചെലവായി. അതിൻറെ ബില്ലോളൊക്കെ വെച്ചയച്ച ക്ലെയിമാണ് മടങ്ങിയത്!.'

'എന്താ റീസൺ പറഞ്ഞേക്കണത്?.''

'ക്ലെയിമിലും അനുബന്ധ രേഖകളിലും പേരിനു വെത്യാസണ്ടത്രേ'

'എന്ന് വെച്ചാ ?.''

'ക്ലെയിമിലെ വാസുദേവൻ അനുബന്ധങ്ങളിൽ വാസുദേവൻ നമ്പൂര്യായീന്ന്!.'

'അതെങ്ങനെ സംഭവിച്ചൂ?.''

''ആ സിദ്ധാർത്ഥൻറെ പണ്യന്നെ അല്ലാണ്ടെ



ന്താ!. അയാള് വാസുദേവൻ നമ്പൂരീന്നു പറഞ്ഞ് പരിചയപ്പെടുത്തി. ഡോക്ക്ടറ് പ്രിസ്ക്രിപ്ഷനില് അങ്ങന്യന്നെഴുതി. അതിൻറെ ബലത്തില് ആശുപത്രി രേഖകളിലും മരുന്നിൻറെ ബില്ലുകളിലും ഒക്കെ നമ്പൂരി കടന്നിരുന്നു അതന്നെ!.''

''അയ് അപ്പോ വാസേവൻ ഇതൊന്നും നേരത്തെ നോക്കീല്ല്യേ?.''

''അങ്ങനൊരബദ്ധം പറ്റീടോ. സാധനം മടങ്ങീപ്പളാ ഞാനും ശ്രദ്ധിച്ചത്!.''

''ഇനീപ്പെന്താ ചെയ്യ്വാ?.''

''ഡോക്റ്ററേം ആസ്പത്രിക്കാരേം ഫാർമസിക്കാരേം ഒക്കെ കാണണം. എല്ലാറ്റിലേം നമ്പൂരിയെവെട്ടി നെരത്ത്യാ രക്ഷേണ്ടോന്ന് നോക്കണം.'

'അതൊന്നും ബുദ്ധിമുട്ടാവില്ല്യ വാസേവാ. ഒക്കെ ശര്യാവും.'

'ന്ന് വിചാരിക്ക്യാ. ന്നാ ഞാൻ വരട്ടെ. മസ്റ്ററീയണം. താനത് കഴിഞ്ഞുവരവാവും ല്ലേ?

'അതെ.'

'ങ്ഹാ, കൊർച്ച് പണോം എടുക്കണം. ന്നാ പിന്നെ കാണാടോ.'

'ശരി വാസേവാ, കാണാം.'

കോണി കയറിപോകുന്നതിനിടയ്ക്ക് തിരിഞ്ഞു
നിന്നുകൊണ്ട് വാസുദേവൻ വിളിച്ചു പറഞ്ഞു

''ജാതി ചോദിക്കരുത്, പറയരുത് എന്നൊക്കെ ഉപദേശിച്ച കൂട്ടത്തില് എഴുതരുത് എന്നൂടി ഗുരു പറഞ്ഞേർന്നെങ്കില് ഇന്നീ നട്ടംതിരിച്ചലിണ്ടായേനില്ല്യ !.

●



**ലിസി വി സക്കറിയാസ്**

കോഴിക്കോട് പേരാമ്പ്ര സ്വദേശി. 1984 ൽ കൊടുവള്ളി ബ്രാഞ്ചിൽ ഔദ്യോഗിക ജീവിതാരംഭം. കോഴിക്കോട്, ഈസ്റ്റ്ഹിൽ, മലാപറമ്പ് ബ്രാഞ്ചുകളിൽ ജോലി ചെയ്ത്, 2021 ൽ കാരപറമ്പ് ബ്രാഞ്ചിൽ നിന്ന് വിരമിച്ചു. എഴുത്തിനോടൊപ്പം അഭിനയത്തിലും തല്പരയാണ്.

# ആഢംബരങ്ങളുടെ നാട്ടിലേയ്ക്കുള്ള ആദ്യ യാത്ര

"അമേരിക്കൻ ഐക്യനാടുകൾ " അഥവാ "യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക "... കുഞ്ഞുനാളിൽ ,ഈ നാടിനെപ്പറ്റി പഠിച്ച കാലത്തൊന്നും ഇവിടെയെത്തി, ഇത് ഒരു നാൾ നേരിൽ കാണുമെന്ന് ഒട്ടും പ്രതീക്ഷിച്ചിട്ടില്ല.

സാൻഫ്രാസിസ്ക്കൊ വിമാനത്താവളത്തിലെ പരിശോധനകളെല്ലാം കഴിഞ്ഞ് ഇമിഗ്രേഷൻ കൗണ്ടറിലെ ഓഫീസറുടെ സ്നേഹമസൃണമായ സ്വാഗതം കേട്ടപ്പോൾ സന്തോഷം തോന്നി. Happy stay with your daughter and family ... ആത്മാർത്ഥമായ ചിരിയോടെയുള്ള ആശംസ: ആ സന്തോഷത്തിന്റെ പതിൻമടങ്ങായിരുന്നു, പുറത്തിറങ്ങിയപ്പോൾ ഓടി വന്നു കെട്ടിപ്പിടിച്ച മക്കൾ തന്നത്... കണ്ണുകൾ നിറഞ്ഞൊഴുകി... ഇതാണല്ലേ ആനന്ദാശ്രു !!

സാൻഫ്രാസിസ്ക്കോ എയർപോർട്ടിൽ നിന്നും വീട്ടിലേയ്ക്ക്. ഏകദേശം നാൽപ്പതു മിനിട്ടു മാത്രം. സുഖകരമായ കാർ യാത്ര. എഴുപതും എൺപതും മൈൽ വേഗത്തിൽ ഒന്നിനു പിറകെ ഒന്നായി, വളരെ അച്ചടക്കത്തോടെ ഓടുന്ന കാറുകൾ.

വീട്ടിലെത്തി, കുളിയും ഭക്ഷണവും കഴിഞ്ഞപ്പോഴേയ്ക്കും സ്കൂളിൽ പോയ കുഞ്ഞു മക്കളെ കാണാനുള്ള തിടുക്കമായി. കുഞ്ഞുങ്ങളെ കൂട്ടിക്കൊണ്ടുവരാൻ പോയ കാറിൽ പതുങ്ങി ഇരുന്ന് അവർക്ക് കൊടുത്ത സർപ്രൈസ് ഒരു മുജ്ജന്മ സുകൃതം പോലെ തോന്നി. അത്രയേറെയായിരുന്നു ആ കുഞ്ഞുമനസ്സുകളുടെ സന്തോഷം.

രണ്ടു ദിവസം കൊണ്ട് ജെറ്റ്ലാഗ് എന്ന ഓമനപ്പേരിൽ വിളിയ്ക്കുന്ന യാത്രാ ക്ഷീണമൊക്കെ മാറി. അടുത്തൊരു പാർക്കിൽ നടക്കാൻ പോയി. മനോഹരമായ ഒരു നീല തടാകത്തിനരികെ വൃത്തിയായും ഭംഗിയായും കാത്തു സൂക്ഷിയ്ക്കുന്ന ഒരിടം. വരുന്ന ജനങ്ങളെല്ലാം വളരെ സന്തോഷവാൻമാർ. കൈക്കുഞ്ഞുങ്ങളെ നെഞ്ചോട് ചേർത്തു പിടിച്ചും വണ്ടി കളിലിരുത്തിയും കൊണ്ടുവരുന്ന മാതാപിതാക്കൾ.. എന്തൊരു സ്നേഹത്തോടെയും സന്തോഷത്തോടെയുമാണവർ കുഞ്ഞുങ്ങളെ കൊണ്ടു നടക്കുന്നത്! എന്നിട്ടുമെന്തേ ഈ നാട്ടിൽ കുടുംബ ബന്ധങ്ങൾ ഇത്ര ശിഥിലമാകുന്നതെന്ന് ദുഃഖത്തോടെ ചിന്തിച്ചു. ഓമനിച്ചു വളർത്തുന്ന നായക്കുട്ടികളും ഒട്ടുമിക്ക വരുടേയും ഒരു സ്വത്താണ്. മതിലുകളില്ലാത്ത, പടിവാതിലുകളില്ലാത്ത ഒട്ടുമിക്ക വീടുകളിലും സ്വതന്ത്രമായി അവർ അതിനെ വളർത്തുന്നു. ശൗര്യത്തോടെ കുരയ്ക്കുന്ന ഒരു ശബ്ദവും കേൾക്കാനേ ഇല്ല. കാവൽ മൃഗമായല്ല, ഓമന മൃഗമായാണ് അതിനെ വളർത്തുന്നത്. പാർക്കിലുള്ള ഓരോ മരങ്ങളും വളരെ ഭംഗിയായി വെട്ടി നിർത്തിയിരിയ്ക്കുന്നു. നമ്മുടെ പുളിയില പോലെയും ആര്യവേപ്പില

**"എന്തൊരു സ്നേഹത്തോടെയും സന്തോഷത്തോടെയുമാണവർ കുഞ്ഞുങ്ങളെ കൊണ്ടു നടക്കുന്നത്! എന്നിട്ടുമെന്തേ ഈ നാട്ടിൽ കുടുംബ ബന്ധങ്ങൾ ഇത്ര ശിഥിലമാകുന്നതെന്ന് ദുഃഖത്തോടെ ചിന്തിച്ചു. ഓമനിച്ചു വളർത്തുന്ന നായക്കുട്ടികളും ഒട്ടുമിക്ക വരുടേയും ഒരു സ്വത്താണ്.**



പോലെയുമൊക്കെ ഇലയുള്ള മരങ്ങൾ. ഓരോ ഇലകളുടെയും അടുത്തു നിന്ന് ഫോട്ടോ എടുത്ത് ഒരു ഫോൺ ആപ്ലിക്കേഷനിൽ നോക്കി, ഓരോന്നും എന്താണെന്ന് വ്യക്തമായി പറഞ്ഞു തന്നു മകൾ. എന്റെ മനസ്സിൽ അതും ഒരത്ഭുതമായി തോന്നി.ആധുനിക സാങ്കേതിക വിദ്യയെ മനസ്സാ നമിച്ചു.

എത്തിയത് ഒരുപാട് ആഘോഷങ്ങളുള്ള ഒക്ടോബർ മാസത്തിലായതു കൊണ്ട്, ഒന്നിനു പിറകെ ഒന്നായി കാഴ്ചകളാണ്. ഹാലോവീൻ എന്ന വിചിത്രവും രസകരവുമായ ആഘോഷം. അതിന്റെ ഒരു പ്രധാന ആകർഷണമാണ് Jack-O-lantern എന്നറിയപ്പെടുന്ന മത്തങ്ങ വിളക്കുകൾ.

പല വലിപ്പത്തിലും ആകൃതിയിലുമുള്ള മത്തങ്ങകൾ കൃഷി ചെയ്ത വലിയ ഫാമുകൾ, അത് വിൽക്കുന്നതിനായി ഭംഗിയായി അണിയിച്ചൊരുക്കുന്നു. മത്തങ്ങൾക്കനുയോജ്യമായ നിറങ്ങളിലുള്ള പൂക്കളും ചെടികളും, കുട്ടികളെ ആകർഷിയ്ക്കാനുള്ള കളികളും, കളിവണ്ടികളും, ഭീമാകാരങ്ങളായ മൃഗരൂപങ്ങളും എല്ലാം വെച്ച് ആകർഷകമാക്കിയ ഒരു "പമ്കിൻ പാച്ച് " കാണാൻ പോയി ഞങ്ങളും. എത്രമാത്രം വാഹനങ്ങളാണ് അങ്ങോട്ടോടിയെത്തുന്നത്! ചെറിയ കുഞ്ഞുങ്ങൾക്കുള്ള സ്ട്രോളറുകൾ, ഇരട്ടക്കുട്ടികൾക്കുള്ള ഇരട്ട സ്ട്രോളറുകൾ, മാനസികമായും ശാരീരികമായും അസുഖമുള്ള കുഞ്ഞുങ്ങളെ കൊണ്ടുവരാൻ അനുയോജ്യമായ വണ്ടികൾ.. അങ്ങനെ എല്ലാ തയ്യാറെടുപ്പോടും കൂടിയാണ് ഇവിടെയുള്ളവർ ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തുന്നത്.ഏതൊരു പാർക്കിങ്ങ് ഗ്രൗണ്ടിൽ എത്തിയാലും ,പ്രായമായവർക്കും അംഗവൈകല്യമുള്ളവർക്കുമായി മാറ്റി വെച്ചിട്ടുണ്ടാവും ആദ്യത്തെ ഇടങ്ങൾ .ഒരാൾ പോലും അത് മറികടന്ന് വണ്ടികൾ തള്ളിക്കയറ്റില്ല. വളരെ അച്ചടക്കത്തോടെ,മുമ്പിൽ വന്നവർക്ക് ആദ്യം സ്ഥലം വിട്ടുകൊടുത്ത്, നടന്നു പോകുന്നവർക്ക് മുൻഗണന കൊടുത്ത് മാത്രമേ അവർ വണ്ടികൾ മുൻപിലേയ്ക്ക് എടുക്കുകയുള്ളൂ. നമ്മുടെ നാട്ടിൽ നിന്ന് വ്യത്യസ്തമായി, അതിവിശാലമായ പാർക്കിങ്ങ് സൗകര്യങ്ങൾ ഉണ്ട് എന്നത് മറ്റൊരു കാര്യം.ഫാം ചുറ്റിനടന്ന് കണ്ട്, ആവശ്യമുള്ള മത്തങ്ങകളും വാങ്ങി ഞങ്ങൾ മടങ്ങി.ഒരു മനോഹരമായ അനുഭവം തന്നെ!

**"**

**ഏതൊരു പാർക്കിങ്ങ് ഗ്രൗണ്ടിൽ എത്തിയാലും , പ്രായമായവർക്കും അംഗവൈകല്യമുള്ളവർക്കുമായി മാറ്റി വെച്ചിട്ടുണ്ടാവും ആദ്യത്തെ ഇടങ്ങൾ . ഒരാൾ പോലും അത് മറികടന്ന് വണ്ടികൾ തള്ളിക്കയറ്റില്ല. വളരെ അച്ചടക്കത്തോടെ,മുമ്പിൽ വന്നവർക്ക് ആദ്യം സ്ഥലം വിട്ടുകൊടുത്ത്, നടന്നു പോകുന്നവർക്ക് മുൻഗണന കൊടുത്ത് മാത്രമേ അവർ വണ്ടികൾ മുൻപിലേയ്ക്ക് എടുക്കുകയുള്ളൂ.**

കൊണ്ടുവന്ന മത്തങ്ങകളിൽ മക്കളും കുഞ്ഞുങ്ങളും കൂടി, പൂച്ചയുടേയും തലയോട്ടിയുടെയും എല്ലാം ചിത്രങ്ങൾ വളരെ മനോഹരമായി കൊത്തിയെടുത്തു. ഒക്ടോബർ മുപ്പത്തൊന്നിന് ആഘോഷിയ്ക്കുന്ന ഹാലോവീ നിന്റെ ഒരു മുഖ്യ ആകർഷണമാണത്രേ "പമ്കിൻ കാർവിങ്ങ് ". രൂപങ്ങൾ കൊത്തിയെടുത്ത മത്തങ്ങയുടെ അകത്ത് തിരികൾ കത്തിച്ചു വെച്ച് മനോഹരമാക്കി രാത്രിയിൽ വീടിന്റെ വരാന്തയിൽ വെയ്ക്കുന്നു. ഓരോ വീട്ടുമുറ്റത്തേയും അലങ്കാരങ്ങൾ കണ്ട് അത്ഭുതപ്പെട്ടു പോയി!വിചിത്രമായ രൂപങ്ങൾ...മനുഷ്യൻറെ അസ്ഥികൂടം, നായയുടെ അസ്ഥികൂടം, തലയോട്ടികൾ, വലിയ എട്ടുകാലി വലകൾ, അതിൽ തൂങ്ങിക്കിടക്കുന്ന ഭീമൻ എട്ടുകാലി രൂപങ്ങൾ, വവ്വാലുകൾ.... അങ്ങനെ അങ്ങനെ, തികച്ചും ഭീതിദമായ ഒരന്തരീക്ഷം സൃഷ്ടിയ്ക്കുന്ന അലങ്കാരങ്ങൾ. എല്ലാം ഹാലോവീൻ എന്ന ആഘോഷത്തെ വരവേൽക്കാനാണ്.

എന്താണ് ഈ ഹാലോവീൻ എന്നായി എന്റെ അടുത്ത അന്വേഷണം.

പുരാതന അയർലന്റിൽ പുതുവർഷം നവംബർ ഒന്നിനായിരുന്നത്രേ!വിളവെടുപ്പുകാലം കഴിഞ്ഞ് ഇരുണ്ട മഞ്ഞുകാലത്തിലേക്കുള്ള മാറ്റമായിരുന്നുവത്രേ ഈ ആഘോഷത്തിന്റെ ഉത്ഭവ കാരണം. മരിച്ചവർക്ക് മടങ്ങിവന്ന് ഭൂമിയിൽ സഞ്ചരിക്കാനുള്ള ഒരവസരം.

പിന്നീട് ക്രിസ്ത്യൻ മത വിശ്വാസം വളർന്നപ്പോൾ കഥയാകെ മാറി. നവംബർ ഒന്നാം തിയ്യതി ക്രിസ്ത്യാനികൾ സകല പുണ്യാത്മാക്കളുടെയും ദിനമായി ആചരിയ്ക്കുന്നു.All hallows day... അതിന്റെ തലേന്ന് ,Eve of hallows ആണത്രേ പിന്നീട് Halloween ആയി മാറിയത്.

കുട്ടികളും വലിയ വരും എല്ലാം വിചിത്രങ്ങളായ വേഷവിധാനത്തോടെ നടക്കുന്നു. കുട്ടികൾ ചെറിയ തൂക്കുപാത്രങ്ങൾ പിടിച്ച്, trick or treat എന്നു പറഞ്ഞ്, ഓരോ വീടുകളിലും വാതിൽ മുട്ടുന്നു, വീട്ടിലുള്ളവർ സന്തോഷത്തോടെ അവർക്കു കൈനിറയെ മിഠായികൾ നൽകുന്നു.എല്ലാവരും സന്തോഷത്തോടെ ചിലവിടുന്ന സമയങ്ങൾ. ചില തെരുവുകൾ ഹാലോവീൻ പരേഡിനായി അനുവദിച്ചു കൊടുക്കുന്നു. അതിൽ വളരെ പ്രായമായവർ പോലും സോമ്പി ഡാൻസിനായി വേഷം കെട്ടി വന്ന് ഒന്നിച്ചാടിയാഘോഷിയ്ക്കുന്നു. ആഹ്ലാദിയ്ക്കാനും ആഘോഷിയ്ക്കാനും കിട്ടുന്ന ഓരോ അവസരങ്ങളും ഇവർ പരമാവധി ഉപയോഗപ്പെടുത്തുന്നു.അങ്ങനെ തന്നെയല്ലേ വേണ്ടത് എന്ന് ഞാനും ചിന്തിയ്ക്കാതിരുന്നില്ല. പലതും നമുക്ക് അസാദ്ധ്യമാണെന്നറിയാമെങ്കിലും .

അടുത്ത യാത്ര സാൻ ഫ്രാൻസിസ് ക്കൊ നഗരത്തിലെ കാഴ്ചകൾ കാണാനായിരുന്നു. ഹൈവേകളിൽ വളരെ കൃത്യമായി നൽകിയിരിയ്ക്കുന്ന അടയാളങ്ങളും സൂചനകളും. ഒപ്പം കാറിനുള്ളിലെ ഗൂഗിൾ മാപ്പിന്റെ അറിയിപ്പുകളും കൂടിയാകുമ്പോൾ ഓരോ സ്ഥലത്തും എത്തിപ്പെടാനെളുപ്പമായി തോന്നി.



നഗരത്തിലെത്തിയപ്പോൾ ആദ്യമായി ആകർഷിച്ചത് ശാന്തമായി കിടക്കുന്ന ശാന്തസമുദ്രമാണ്. നീല നിറത്തിൽ വിശാലമായി വിരിഞ്ഞു കിടക്കുന്ന ഈ സമുദ്രത്തിന് ഇതിലും അനുയോജ്യമായ മറ്റൊരു പേരു മുണ്ടാകില്ല എന്നു മനസ്സിൽ പറഞ്ഞു.

സാൻഫ്രാൻസിസ്കോ നഗര മുനമ്പത്തെ മറിൻ കൗണ്ടിയുമായി ബന്ധിപ്പിയ്ക്കുന്ന ഗോൾഡൻ ഗേറ്റ് ബ്രിഡ്ജ് ഒരത്ഭുതക്കാഴ്ചയായിരുന്നു. ഏകദേശം രണ്ടേമുക്കാൽ കിലോമീറ്റർ നീളത്തിലും തൊണ്ണൂറടി വീതിയിലും എഴുനൂറ്റി നാൽപ്പത്തിയാറടി ഉയരത്തിലുമായി തികച്ചും സ്റ്റീൽ കൊണ്ട് അഥവാ ഇരുമ്പു കൊണ്ട് നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള തൂക്കുപാലം .1933ൽ പണി ആരംഭിച്ച് 1937ൽ പണിതീർത്ത ഈ പാലം അന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ തൂക്കുപാലമായിരുന്നത്രേ! ആറുവരിയിലായി ഒഴുകുന്ന വാഹനങ്ങൾ .ഇരുവശവും സന്ദർശകർക്ക് നടന്നു കാണാനുള്ള വീതിയുള്ള നടപ്പാതകൾ. പാലത്തിന്റെ ആർക്കിടെക്ചർ ഭംഗി ആസ്വദിച്ചു കൊണ്ട് നടന്നാൽ ഒരു മണിക്കൂറെടുക്കും മറുകരയെത്താൻ. പാലത്തിന്റെ ഒരു ഭാഗത്ത് ശാന്ത സമുദ്രവും മറുഭാഗത്ത് സാൻ ഫ്രാൻസിസ്ക്കോ ബേയുമാണ്. പ്രകൃതിയുമായി ഇണങ്ങിയ കാഴ്ച ഭംഗിയ്ക്കായി ഓറഞ്ചുകലർന്ന കരിഞ്ഞ ചുവപ്പു നിറമാണ് പാലത്തിന് നൽകിയിരിയ്ക്കുന്നത്.

മറ്റൊരു മനോഹര അനുഭവമായിരുന്നു നഗരത്തിലെ അതിപുരാതനമായ കേബിൾ കാർ യാത്ര.1878ൽ ആരംഭിച്ച ഈ കേബിൾ കാറുകൾ ഭൂമിയ്ക്കടിയിലേയ്ക്കുള്ള കേബിളുകളാൽ നിയന്ത്രിയ്ക്കപ്പെടുന്നവയാണ്. ലോകത്തിലെ ഏറ്റവും അവസാനത്തെ കേബിൾ കാറുകളാണത്രേ ഈ നഗരത്തിലുള്ളത്. വളരെ കുറഞ്ഞ വേഗതയിൽ, മനുഷ്യർ തന്നെ ഓടിയ്ക്കുന്ന ഈ കേബിൾ കാറുകളുള്ള നഗരത്തിൽ തന്നെയാണ്, ഡ്രൈവർ പോലും വേണ്ടാത്ത സ്വയം നിയന്ത്രിതമായ വെയ്മോ ടാക് സി കാറുകളും ഓടുന്നത്. അത്ഭുതങ്ങളുടെ രണ്ടു വശം.

അത്ഭുതങ്ങളുടെ രാജാവായ എലോൺ മസ്ക് ജീവിയ്ക്കുന്ന ഈ ആഢംബര നാട്ടിൽ നിന്നും ഇനിയും മികച്ച കണ്ടുപിടിത്തങ്ങൾ നമുക്കാഗ്രഹിയ്ക്കാം.

നഗരക്കാഴ്ചകൾ കണ്ടു മടങ്ങുന്ന വഴി ആത്മ സുഹൃത്തിന്റെ മകനേയും കുടുംബത്തേയും സന്ദർശിക്കാൻ കിട്ടിയ അവസരം, കുറെ ഗൃഹാതുര ഓർമ്മകൾ സമ്മാനിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ, ഒന്നിച്ചു കളിച്ചു വളർന്നവർ, ലോകത്തിന്റെ പല ഭാഗങ്ങളിലായി വളരെ ഉയർന്ന പദവികളിൽ തിളങ്ങുന്നത് ,അവരുടെ സ്ഥലങ്ങളിൽ വന്ന് കണ്ടനുഭവിയ്ക്കാൻ കിട്ടുന്ന അവസരം അഭിമാനവും ഒപ്പം സന്തോഷവും പകർന്നു തന്നു.

“
**വീട്ടിലുള്ളവർ സന്തോഷത്തോടെ അവർക്കു കൈനിറയെ മിഠായികൾ നൽകുന്നു.എല്ലാവരും സന്തോഷത്തോടെ ചിലവിടുന്ന സമയങ്ങൾ. ചില തെരുവുകൾ ഹാലോവീൻ പരേഡിനായി അനുവദിച്ചു കൊടുക്കുന്നു. അതിൽ വളരെ പ്രായമായവർ പോലും സോമ്പി ഡാൻസിനായി വേഷം കെട്ടി വന്ന് ഒന്നിച്ചാടിയാഘോഷിയ്ക്കുന്നു. ആഹ്ളാദിയ്ക്കാനും ആഘോഷിയ്ക്കാനും കിട്ടുന്ന ഓരോ അവസരങ്ങളും ഇവർ പരമാവധി ഉപയോഗപ്പെടുത്തുന്നു.**



അടുത്ത യാത്ര മനോഹരമായ യോസെമിറ്റി നാഷനൽ പാർക്ക് കാണാനുള്ളതായിരുന്നു. പ്രകൃതി എത്ര മനോഹരമായാണ് ഓരോ നാടും സ്ഥലങ്ങളും അണിയിച്ചൊരുക്കുന്നത്. അമേരിക്ക എന്നാൽ അംബരചുംബികളായ കെട്ടിട സമുച്ചയങ്ങളുടെയും നഗരക്കാഴ്ചകളുടേയും മാത്രം നാടാണെന്നായിരുന്നു മനസ്സിൽ പതിഞ്ഞ ചിത്രം.

എന്നാൽ ഈ പറഞ്ഞ നാഷനൽ പാർക്ക് പ്രകൃതിയിലെ അത്ഭുതങ്ങൾ നിറഞ്ഞതാണ്. ഭീമാകാരങ്ങളായ സെക്കൊാവ മരങ്ങൾ അത്യപൂർവ്വകാഴ്ചയായിരുന്നു. രണ്ടായിരവും മൂവായിരവും വർഷങ്ങൾ പ്രായമായ മരങ്ങൾ. അവരുടെ ഉയരവും വണ്ണവും കണ്ണുകളെ അത്ഭുതപ്പെടുത്തി. എൺപത്തിയഞ്ചു മീറ്റർ വരെ ഉയരവും 8 മീറ്റർ വരെ വണ്ണവും ഉള്ള ഈ മരങ്ങൾ ലോകത്തിലെ ഏറ്റവും പഴയ ജീവിച്ചിരിയ്ക്കുന്ന സസ്യങ്ങളാണത്രേ.

വളരെ ആഴത്തിലേയ്ക്കൊന്നും ഇറങ്ങാത്ത ഇവരുടെ വേരുകൾക്ക് ഒരു പ്രത്യേകതയുണ്ട്. അവ അങ്ങോട്ടുമിങ്ങോട്ടും ബന്ധിപ്പിച്ച് കെട്ടുപിണഞ്ഞ് കൈകോർത്ത് കിടക്കുന്നു. ഇത്ര ഉയരമുള്ള വൃക്ഷങ്ങളെ വീഴാതെ നിർത്തുന്നത് ഈ വേരുകളാണ്. മനുഷ്യകുലത്തിന് നൽകുന്ന മഹത്തായ സന്ദേശം.

പാർക്കിനുള്ളിലെ വിസ്മയക്കാഴ്ചകൾ ആവോളം ആസ്വദിച്ചു. ബ്രൈഡൽ വെയിൽ അഥവാ നവവധുവിന്റെ ശിരസ്സിൽ നിന്നൊഴുകി വീഴുന്ന നെറ്റു പോലെയുള്ള അതി മനോഹരമായ വെള്ളച്ചാട്ടം, വളരെ നീളത്തിൽ പാറ തുരന്നുണ്ടാക്കിയ തുരങ്കം കഴിഞ്ഞ് പുറത്തിറങ്ങുമ്പോഴുള്ള മനോഹര ദൃശ്യം, നാലു ഭാഗവും വലിയ ഗ്രാനൈറ്റ് പാറകളാൽ ചുറ്റപ്പെട്ട മനോഹരമായ താഴ്വാരം.. അങ്ങനെ അങ്ങനെ, നയനാനന്ദകരമായ കാഴ്ചകൾ. ഈശ്വരന്റെ സൃഷ്ടിയിൽ അഴകെഴുന്നതൊക്കെയും ഇവിടെ വന്ന് ചേർന്നലിഞ്ഞതോ എന്ന് മനസ്സു മൂളി.

**സർവ്വകാഴ്ചകളിൽ നിന്നും എത്രയോ വ്യത്യസ്തമായ ഒരു മുഹൂർത്തം സമ്മാനിച്ച ഒരനുഭവമായിരുന്നു അടുത്തത്. ദൈവം ചില സൗഭാഗ്യങ്ങൾ നമുക്കായി കരുതി വെച്ചിട്ടുണ്ടാവും എന്നു തീർച്ചയാണ്. മനസ്സിൽ എന്നെന്നും ഭക്തിയോടെയും സ്നേഹത്തോടെയും ആരാധനയോടെയും മാത്രം നോക്കിക്കാണുന്ന സാക്ഷാൽ ഗന്ധർവ്വ ഗായകനെ നേരിൽ കാണുക എന്നത്.**

നാൽപ്പതു വർഷത്തിലേറെയായി ഫ്ലോറിഡയിലെ ഒർലാന്റോയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള സഹോദരിയേയും കുടുംബത്തേയും കാണാനായിരുന്നു അടുത്ത യാത്ര.

നാട്ടിൽ വന്ന് ഇടയ്ക്കിടെ കാണാറുണ്ടെങ്കിലും ഈ നാട്ടിൽ വന്ന് ചേച്ചിയെ കണ്ടുമുട്ടിയ നിമിഷം വളരെ വികാരനിർഭരമായിരുന്നു. അമ്മയുടെയും അച്ഛന്റേയും ആത്മാവ് സ്വർഗ്ഗത്തിൽ നിന്നും ഹർഷ ബാഷ്പം തൂകിയത് അറിഞ്ഞു ഞങ്ങൾ രണ്ടാളും. ചേച്ചിയുടെ ചിറകിൻകീഴിൽ ചിലവഴിയ്ക്കാൻ കിട്ടിയ സമയം ക്രമമായി ചിട്ടപ്പെടുത്തി. ഒർലാന്റോ നഗരക്കാഴ്ചകളിൽ ആദ്യത്തെ ആകർഷണം സീവേൾഡ് എന്ന സമുദ്രജീവിക്കാഴ്ചകളായിരുന്നു.

ഭീമാകാരൻമാരായ ,കില്ലർ വെയ്ൽ അഥവാ ഓർക്ക എന്നറിയപ്പെടുന്ന കൊലയാളി തിമിംഗലങ്ങളെ വരെ പരിശീലിപ്പിച്ച് നൃത്തം ചെയ്യിപ്പിക്കുന്നു, ഡോൾഫിനുകളെക്കൊണ്ട് അഭ്യാസങ്ങൾ ചെയ്യിപ്പിയ്ക്കുന്നു: എല്ലാം അത്ഭുതക്കാഴ്ചകൾ തന്നെ.ചീങ്കണ്ണികളെ മാത്രം വളർത്തുന്ന ഫാം മറ്റൊരാകർഷണമായിരുന്നു.എല്ലാറ്റിനുമുപരി ‘നാസ’യുടെ കീഴിലുള്ള കെന്നഡി സ്പെയ്സ് സെന്റർ സന്ദർശിയ്ക്കാനുള്ള അവസരവുമുണ്ടായി. ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ തന്നെ ചന്ദ്രനിൽ കാലുകുത്തിയ ബഹിരാകാശ യാത്രികർ, അവരെ കൊണ്ടുപോയ

സ്പെയ്സ് ഷട്ടിൽ, അപ്പോളോ 11, ഇവയെല്ലാം കൺമുമ്പിൽ കാണുന്നതുപോലെ തോന്നി.. ഈ നാട്ടിലെ ശാസ്ത്രജ്ഞരെ മനസ്സാ നമിച്ചു.ഈ നാട് ,ആഡംബരങ്ങളുടേതു മാത്രമല്ല, അത്ഭുതങ്ങളുടേതും കൂടിയാണ് എന്ന തിരിച്ചറിവിൽ,എന്റെ മനസ്സും ശിരസ്സും ഒരുപോലെ കുമ്പിട്ടു പോയി.

സർവ്വകാഴ്ചകളിൽ നിന്നും എത്രയോ വ്യത്യസ്തമായ ഒരു മുഹൂർത്തം സമ്മാനിച്ച ഒരനുഭവമായിരുന്നു അടുത്തത്. ദൈവം ചില സൗഭാഗ്യങ്ങൾ നമുക്കായി കരുതി വെച്ചിട്ടുണ്ടാവും എന്നു തീർച്ചയാണ്. മനസ്സിൽ എന്നെന്നും ഭക്തിയോടെയും സ്നേഹത്തോടെയും ആരാധനയോടെയും മാത്രം നോക്കിക്കാണുന്ന സാക്ഷാൽ ഗന്ധർവ്വ ഗായകനെ നേരിൽ കാണുക എന്നത്. ദാസേട്ടൻ എന്ന സ്നേഹനാമത്തിൽ നമ്മൾ വിളിക്കുന്ന യേശുദാസ് സാറിന്റെ ഫ്ളോറിഡയിലെ വസതിയിൽ, അദ്ദേഹത്തിന്റെയും പത്നിയുടെയും അതിഥികളായെത്തുക. ചേച്ചിയുടെ കുടുംബ സുഹൃത്തുക്കളായതുകൊണ്ട് കിട്ടിയ അനുഗ്രഹം. അവിടെയെത്തി, അവിടത്തെ ലിവിങ്ങ് റൂമിലെ സോഫയിലിരുന്നതിനു ശേഷം, അകത്തു നിന്നും കൂപ്പുകൈകളോടെ ഇറങ്ങി വന്ന ശുഭ്രവസ്ത്രധാരിയായ പ്രിയഗായകനെ കണ്ട നിമിഷം, കണ്ണുകൾ നിറഞ്ഞൊഴുകി.കാൽക്കൽ വീണു നമസ്കരിച്ചു. ഒരു കാലഘട്ടത്തിന്റെ പ്രതീകം. ഋതുക്കളുടെ വിവിധ ഭാവങ്ങൾ. നമ്മൾ എന്നും കടന്നു പോയതും പൊയ്ക്കൊണ്ടിരിക്കുന്നതുമായ ശ്രവ്യാനുഭവം.ആ പ്രകാശഗോപുരത്തിനു മുമ്പിൽ കൂപ്പുകൈകളോടെ മാത്രമേ ഇരിയ്ക്കാൻ കഴിഞ്ഞുള്ളൂ. രണ്ടു മണിക്കൂറോളം അവിടെ ചിലവിട്ട് പ്രഭച്ചേച്ചി വിളമ്പി തന്ന ആഹാരം അദ്ദേഹത്തോടൊപ്പം തീൻമേശയിലിരുന്ന് കഴിച്ച്, യാത്ര പറഞ്ഞിറങ്ങിയപ്പോൾ വരാന്തയിൽ വന്നു ഞങ്ങളെ യാത്രയാക്കിയ നിമിഷം, സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്ന് മനസ്സിനോട് ചോദിച്ചു കൊണ്ടേയിരുന്നു.




വീണ്ടും തിരിച്ച് കാലിഫോർണിയയിൽ എത്തിയത് മനോഹരമായ ശിശിരകാലത്തിന്റെ ആരംഭത്തിലായിരുന്നു. വരാൻ പോകുന്ന തണുപ്പിനെ അതിജീവിയ്ക്കാനായി മരങ്ങളെല്ലാം ഇലകൾ പൊഴിയ്ക്കുന്ന കാലം. അതിനു മുൻപായി അവർ അവരുടെ ഇലകളെ ഏറ്റവും മനോഹരമായ നിറങ്ങളിലാക്കി അലംകൃതമാകുന്നു. വശ്യമനോഹരമായ ആ ദൃശ്യചാരുത ആവോളം നുകർന്നു.റോഡിനിരുവശവുമുള്ള മരങ്ങളുടെ ഇലകൾ മഴവില്ലിനേക്കാൾ മനോഹര വർണ്ണങ്ങളിലായിരിയ്ക്കുന്നു. പച്ചകലർന്ന കടും ചുവപ്പ്, അസ്തമന സൂര്യരശ്മികളുടെ ഓറഞ്ചുകലർന്ന ചുവപ്പ്, ഇളംപിങ്ക്, മഞ്ഞകലർന്ന പച്ച, ഇളം മഞ്ഞ ... അങ്ങനെ കണ്ണിനു കണ്ടാൽ കൊതിതീരാത്ത വർണ്ണഭംഗികൾ.ഈ മോഹിപ്പിയ്ക്കുന്ന രൂപം ത്യജിച്ച്, വെറും അസ്ഥികൂടങ്ങളായി പരിണമിയ്ക്കുന്നു, ഇലയെല്ലാം പൊഴിച്ച്. വരാനിരിയ്ക്കുന്ന വസന്തത്തെ വരവേൽക്കാനുള്ള ഊർജ്ജം സംഭരിയ്ക്കയാവും.

നമ്മുടെ ഹൃദയത്തോട് ചേർത്തുവെച്ചിരുന്ന ആത്മാർത്ഥ സുഹൃത്തുക്കളെ വർഷങ്ങൾക്കു ശേഷം അന്യനാട്ടിൽ നിന്ന് കണ്ടു മുട്ടുമ്പോഴുണ്ടാകുന്ന സന്തോഷം പറഞ്ഞു തീർക്കാവുന്നതല്ല. അങ്ങനെയൊരു സമാഗമത്തിനും വഴിയൊരുക്കിത്തന്നു മക്കൾ. പോയന്റ് ലോ ബോസ് എന്ന മനോഹരമായ കടലിടുക്കുകളും, ഉരുളൻ കല്ലുകൾ നിരന്ന പെബിൾ ബീച്ച് എന്ന കടൽതീരവും സന്ദർശിച്ച് ,സുഹൃത്തിന്റെ വിഭവസമൃദ്ധമായ ഭക്ഷണസൽക്കാരവും കഴിഞ്ഞ് മടങ്ങുമ്പോൾ ചിന്തിച്ചു, സന്ദർശിയ്ക്കാനും സന്തോഷിയ്ക്കാനും കിട്ടുന്ന ഒരവസരവും നാളത്തേയ്ക്ക് മാറ്റിവെയ്ക്കരുത് എന്ന്.

നവംബർ മാസത്തിലെ അവസാനത്തെ വ്യാഴം. ഇവിടത്തെ ഏറ്റവും വലിയൊരാഘോഷമാണ് ,താങ്ക്സ് ഗിവിങ്ങ്. നമ്മൾ സ്നേഹിക്കുന്ന എല്ലാവർക്കും, സുഹൃത്തുക്കൾക്കും

എല്ലാം നന്ദിയർപ്പിയ്ക്കുക എന്നതാണീ ആഘോഷത്തിന്റെ പ്രധാന ഉദ്ദേശം.വലിയ ടർക്കി കോഴികളെ മുഴുവനായി പാചകം ചെയ്തതും, മത്തങ്ങ കൊണ്ടും ഉരുളക്കിഴങ്ങു കൊണ്ടും ഉള്ള വിഭവങ്ങളുമാണ് തീൻമേശയിൽ നിരത്തുക.

പുരാതന കാലത്ത് അമേരിക്കയിലേയ്ക്ക് കുടിയേറിയ ബ്രിട്ടീഷുകാർക്ക് അന്നത്തെ യഥാർത്ഥ അമേരിയ്ക്കൻ വംശജർ ഭക്ഷണം വിളമ്പിയിരുന്നത് ഈ വിഭവങ്ങൾ വെച്ചായിരുന്നത്രേ. അന്ന് ഈ നാട്ടുകാരോടുള്ള നന്ദിയർപ്പിയ്ക്കാനായി തുടങ്ങിയതാണത്രേ ഈ ചടങ്ങ്.

എല്ലാവർക്കും അവധി ആഘോഷിയ്ക്കാനുള്ള അവസരം കൂടിയാണിപ്പോൾ ഈ ആഘോഷം.

Lake Tahoe എന്ന മനോഹര ശുദ്ധജല തടാകമായിരുന്നു അടുത്ത വിസ്മയക്കാഴ്ച. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 6500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ തടാകം അമേരിക്കയിലെ തന്നെ രണ്ടാമത്തെ വലിയ തടാകമാണത്രേ. സിയേറ നെവാട മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന തടാകത്തിലെ ജലം നീലയാണോ, പച്ചയാണോ, മയിൽ പീലി നിറമാണോ എന്നു തീർത്തു പറയുക വയ്യ. സൂര്യരശ്മികൾ പതിയ്ക്കുന്നതിനനുസരിച്ച് നിറം മാറി മാറി വരുന്നു. മുകളിലേയ്ക്കുള്ള യാത്രാമദ്ധ്യേ റോഡിനിരുവശവും മരങ്ങളിലും മലഞ്ചെരിവുകളിലും നിറയെ മഞ്ഞു പെയ്തു കിടക്കുന്ന കാഴ്ച കുളിരേകുന്നതായിരുന്നു. മലഞ്ചെരുവുകളിലെ ഐസിൽ സ്ക്കീയിങ്ങിനുള്ള എല്ലാ തയ്യാറെടുപ്പുകളോടും കൂടി എത്തി, ആഘോഷിച്ചുല്ലസിയ്ക്കുന്നു ജനം. ശൈത്യകാലമായാലും അതിനെ ആനന്ദകരമാക്കാനുള്ള വഴികൾ കണ്ടെത്തുന്നു അവർ. കുഞ്ഞു മക്കളുടെ കൂടെ പഞ്ചസാര മണൽപോലെയുള്ള മഞ്ഞു വാരി കളിയ്ക്കുമ്പോൾ തോന്നി, ഇത് ഒരു രണ്ടാം ബാല്യം തന്നെ.

ഡിസംബർ മാസത്തിന്റെ ആരംഭത്തിൽ ത്തന്നെ നാടും വീടും അണിഞ്ഞൊരുങ്ങുകയായി ക്രിസ്തുമസ്സിനായ്. കടകളിലെല്ലാം അതു വരെയുള്ള തീം കളർ മാറി, ക്രിസ്മസ് കളറുകളാകുന്നു. ഓരോ ആഘോഷങ്ങൾക്കും മുന്നോടിയായി വളരെ പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്ന ഒരു മാറ്റമാണിത്. ഇവിടത്തുകാർ അതിനനുസരിച്ച് അവരവരുടെ വീടുകളും അലങ്കരിയ്ക്കുന്നു. വാതിലിനു പുറത്തു തൂക്കുന്ന റീത്ത് മുതൽ തീൻമേശയിലെ വിരികൾ, ലിവിങ്ങ് റൂമിലെ അലങ്കാര വസ്തുക്കൾ, കിടപ്പുമുറിയിലെ വിരികൾ.. അങ്ങനെ എല്ലാമെല്ലാം ഓരോ ആഘോഷങ്ങർക്കനുസരിച്ച് മാറ്റുന്നു. ആഢംബരത്തിന്റെ നേർക്കാഴ്ച.

ക്രിസ്മസ് ട്രീ കളും സാന്റാക്ലോസും ദീപാലങ്കാരങ്ങളും കൊണ്ട് നാടും നഗരവും നിറയുന്നു. എന്നെ സ്പർശിച്ച ഒരു കാര്യം, ക്രിസ്തുവിന്റെ ജനനത്തെ സ്മരിയ്ക്കുന്ന നക്ഷത്ര വിളക്കുകൾ എവിടേയും കാണാനില്ല എന്നതാണ്. കാലിത്തൊഴുത്തും, ആട്ടിടയന്മാരും ഉണ്ണിയേശുവും മറിയവും യൗസേപ്പും എല്ലാം ഇവർക്ക് അന്യരായി തോന്നി.ദാരിദ്ര്യത്തിന്റെ പ്രതീകമായ പുൽക്കൂടിന്

> **"നവംബർ മാസത്തിലെ അവസാനത്തെ വ്യാഴം. ഇവിടത്തെ ഏറ്റവും വലിയൊരാഘോഷമാണ് ,താങ്ക്സ് ഗിവിങ്ങ്. നമ്മൾ സ്നേഹിക്കുന്ന എല്ലാവർക്കും, സുഹൃത്തുക്കൾക്കും എല്ലാം നന്ദിയർപ്പിയ്ക്കുക എന്നതാണീ ആഘോഷത്തിന്റെ പ്രധാന ഉദ്ദേശം. വലിയ ടർക്കി കോഴികളെ മുഴുവനായി പാചകം ചെയ്തതും, മത്തങ്ങ കൊണ്ടും ഉരുളക്കിഴങ്ങു കൊണ്ടും ഉള്ള വിഭവങ്ങളുമാണ് തീൻമേശയിൽ നിരത്തുക.**

ഈ ആഢംബരനാട്ടിൽ പ്രസക്തിയില്ലാത്തതാവും എന്ന് ദു:ഖത്തോടെ ഓർത്തു.തിളങ്ങുന്ന ചുവന്ന മൂക്കുള്ള, റുഡോൾഫ് എന്ന റെയിൻ ഡിയർ വലിയ്ക്കുന്ന വണ്ടിയിലെത്തി, ചിമ്മിനിയിലൂടെ വീടിനകത്തേയ്ക്ക് വന്ന്, അലങ്കരിച്ചു വെച്ചിരിയ്ക്കുന്ന ക്രിസ്മസ്ട്രീയുടെ കീഴിൽ നിറയെ സമ്മാനപ്പൊതികൾ വെച്ചു പോകുന്ന സാന്റാക്ലോസിനെ പ്രതീക്ഷിച്ചാണ് കുഞ്ഞുമക്കൾ പോലും ഉറങ്ങാൻ കിടന്നത്. എന്നാൽ പള്ളികളിലും മറ്റും, ക്രിസ്മസ് ട്രീയോടനുബന്ധിച്ച് വെയ്ക്കുന്ന ദാന കർമ്മങ്ങളിൽ ഒരു പാട് പേർ വലിയ വലിയ സമ്മാനങ്ങൾ സ്നേഹത്തോടെ അർപ്പിയ്ക്കുന്നതും കാണാമായിരുന്നു.

ഏതൊരാഘോഷവും അതിന്റെ പൂർണ്ണതയിലെത്തുന്നത് നമ്മുടെ പ്രിയപ്പെട്ടവർ നമ്മുടെ കൂടെയെത്തുമ്പോഴാണ്. മറ്റൊരു രാജ്യത്തു താമസിയ്ക്കുന്ന മൂത്ത മകളും കുടുംബവും തികച്ചും അപ്രതീക്ഷിതമായി വന്നെത്തിയത് മറക്കാനാവാത്ത ഒരനുഭവമായിരുന്നു. കുടുംബം മുഴുവനും ഒത്തു കൂടാനും മക്കളും കുഞ്ഞു മക്കളുമായി കളിച്ച് ചിരിച്ചാഘോഷിയ്ക്കാനും രണ്ടാഴ്ച മുഴുവൻ അനുവദിച്ചു തന്ന ദൈവത്തിന് ഒരായിരം നന്ദിയർപ്പിയ്ക്കുകയായിരുന്നു, ക്രിസ്മസ് രാവിലെ പാതിരാ കുർബാന മദ്ധ്യേ. പള്ളിയിലെ ഉണ്ണിയേശുവിന്റെ മുമ്പിൽ നിൽക്കുമ്പോൾ, കുട്ടിക്കാലത്തുള്ള ക്രിസ്മസ് ആഘോഷങ്ങൾ മനസ്സിൽ തെളിഞ്ഞു. ബാല്യകാലത്തെ സന്തോഷങ്ങൾ തിരിച്ചു വരുന്നത്, ഇപ്പോൾ ഈ കുഞ്ഞു മക്കളിലൂടെയാണ്.

രണ്ടാഴ്ചത്തെ ആഘോഷം കഴിഞ്ഞ് പുതുവർഷത്തെ ഒന്നിച്ചു വരവേറ്റപ്പോൾ, കഴിഞ്ഞു പോയ വർഷത്തിൽ ദൈവം തന്ന ആരോഗ്യത്തിനും അവസരങ്ങൾക്കും എല്ലാവരും മനസ്സാ നന്ദിയർപ്പിച്ചു. വിരുന്നു വന്ന മക്കൾ മടങ്ങിയപ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത വേദനയായിരുന്നു.

കൊണ്ടുവന്ന സന്തോഷവും സ്നേഹവും അത്രയും വാരിയെടുത്തവർ മടങ്ങിയപോലെ. ഹൃദയം വിങ്ങുന്ന വേദന.

കൂടിച്ചേരലുകൾക്കും സന്തോഷങ്ങൾക്കും എല്ലാമൊടുവിൽ നാട്ടിലേയ്ക്ക് തിരിച്ചു പോരാനുള്ള സമയമടുത്തു. വേർപാട് എന്നും വേദനാജനകം തന്നെയാണ്.പുറത്തെ തണുത്ത കാലാവസ്ഥയ്ക്കൊപ്പം മനസ്സും തണുത്തു വിറങ്ങലിയ്ക്കുന്നു. ഒഴുകിയിറങ്ങിയ കണ്ണുനീർ പോലും ഘനീഭവിച്ച പോലെ തോന്നി, മക്കളോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ .മടക്കയാത്രയ്ക്കായി വീണ്ടും സാൻഫ്രാൻസിസ്കോ എയർപോർട്ടിലേയ്ക്ക്.ഈ നാടിന്റെ നിശ്ശബ്ദതയിൽ നിന്നും ഒരു മടങ്ങിപ്പോക്ക്.ചുറ്റിനും ഒച്ചയും ആരവങ്ങളുമുള്ള, ഉൽസവങ്ങളും പെരുന്നാളുകളും നിറഞ്ഞ, മാങ്ങയും ചക്കയും വിളഞ്ഞു നിൽക്കുന്ന, പുഴകൾ നിറഞ്ഞൊഴുകുന്ന, മലനിരകളും പച്ചപ്പും നിറഞ്ഞ നമ്മുടെ സ്വന്തം നാട്ടിലേയ്ക്ക്....ഏത് യാത്രയും മനോഹരമാകുന്നത് തിരിച്ചു വരാൻ ഒരിടമുണ്ടാകുമ്പോഴാണ്. കാത്തിരിയ്ക്കാൻ ആരെങ്കിലും ഉണ്ടാവുമ്പോഴാണ്. അല്ലേ? ●

yaathra





**ലത മണ്ടോടി**

കോഴിക്കോട് സ്വദേശി. സ്റ്റേറ്റ് ബാങ്കിൽ ചീഫ് അസോസിയേറ്റ് ആയിരിക്കെ 2019 ൽ വിരമിച്ചു. നവ മാധ്യമങ്ങളിൽ കഥകൾ എഴുതുന്ന ലത മണ്ടോടി ഒരു നല്ല ഗായികയുമാണ്. കോഴിക്കോട് ആകാശവാണിയിൽ കഥ അവതരിപ്പിച്ചിട്ടുണ്ട്.

# മണികർണ്ണിക ഘാട്ടിലെ സ്ത്രീ

വാരാണസിയിലെ നേരിയ തണുപ്പുള്ള ഒരു പ്രഭാതം.അഞ്ചരമണിക്ക് മുൻപ് പോയാലേ അല്പമെങ്കിലും തിരക്കില്ലാതെ മണികർണ്ണികഘാ ട്ടിൽ എത്തി കുളിച്ചു ബലിയിടാൻ പറ്റുള്ളൂ എന്ന് ഗൈഡ് ഇന്നലെ പറഞ്ഞിരുന്നു.

കുട്ടി.. എപ്പോഴെങ്കിലും കാശിയ്ക്കു പോകാൻ വിചാരിക്കുണുച്ചാൽ വലിയമ്മാമയ്ക്കും കൂടി ബലിയിടണം ട്ടൊ.. മാമയ്ക്ക് മക്കളില്യല്ലോ.. കുട്ടിയെ വലിയഷ്ടാണേനും. കുട്ടി ബലി ഇട്ടാൽ തൃപ്തി ആവും ചെയ്യും. അമ്മായിയെക്കൊണ്ട് ഇനി അതൊന്നും കൂട്ടിയാൽ കൂടില്ല.

ഈയിടെ അമ്മായിയെ കാണാൻ നാട്ടിൽ ഒന്ന് പോയിരുന്നു. അപ്പോഴാണ് ഇങ്ങിനെ ഒരു പറച്ചിൽ. സത്യത്തിൽ അതാണ് എന്റെ കാശി യാത്രയുടെ ആരംഭം.

പക്ഷേ ഇതൊരു ഓർമ്മക്കുറിപ്പല്ല. എന്റെ വാരാണസി യാത്രയ്ക്കിടയിൽ....എപ്പോഴൊക്കെയോ കടന്നുവന്ന് ഒരു യാത്രപോലും പറയാതെ തിരികെ പോയവർ.ആ തിരികെ പോക്കിലും ഓർക്കുവാൻ എന്തൊക്കെയോ ബാക്കി വെച്ചവർ. അവരാണിവിടെ കഥാപാത്രങ്ങൾ. അവരുടെയും എന്റെയും കാല്പനിക ഐക്യത്തിന്റെ ഒരു ആഖ്യാനം മാത്രം.

കാശിയിലെ ഘാട്ടുകളിലേക്കെത്തുന്ന ഗലികൾ ഗംഗയോടുള്ള ബന്ധനത്താൽ ജന്മമെടുത്ത പൗരാണികതയുടെ സ്മൃതികളും ഗന്ധവും ചൂഴ്ന്നു നിൽക്കുന്നവയാണ്. സംസ്കാരവും ചരിത്രവും ആത്മീയതയും പതിഞ്ഞ വഴികൾ. പശുക്കളുടെയും നായ്ക്കളുടെയും തീഷ്ണമായ നോട്ടത്തെ അവഗണിച്ചു മൃഗങ്ങളുടെ വിസർജ്യങ്ങൾ ചവിട്ടാതെ അതിലെ നടക്കുമ്പോൾ പെട്ടെന്ന് എന്നെ ചേർന്നുകൊണ്ട് വീൽ ചെയറിൽ.ഒരു സ്ത്രീയെ ഇരുത്തി ഒരാൾ കൊണ്ടുപോകുന്നതുകണ്ടു.അവരുടെ കൂടെ ഒരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു.ഏകദേശം ഒരു നാൽപത്തിയഞ്ചിന്റെ മുഖഭംഗിയിൽ തിളങ്ങുന്ന മൂക്കുത്തി അവരെ ശ്രദ്ധിക്കുന്നതിനു കാരണമായി. അവരെ എന്തിനാണാ വീൽ ചെയറിൽ ഇരുത്തിയത് എന്ന് ചിന്തിച്ച് ഞാൻ നടന്നു നീങ്ങുമ്പോഴേക്കും അടുത്ത വീൽചെയറുകാരൻ എന്നെ മറികടന്നു പോയി.ചെറുവിരൽ അതിന്റെ ചക്രത്തിൽ ഒന്നമർന്നു വേദനിച്ചു.

> **“**
>
> **കാശിയിലെ ഘാട്ടുകളിലേക്കെത്തുന്ന ഗലികൾ ഗംഗയോടുള്ള ബന്ധനത്താൽ ജന്മമെടുത്ത പൗരാണികതയുടെ സ്മൃതികളും ഗന്ധവും ചൂഴ്ന്നു നിൽക്കുന്നവയാണ്. സംസ്കാരവും ചരിത്രവും ആത്മീയതയും പതിഞ്ഞ വഴികൾ.**

വീൽചെയറിൽ കൊണ്ടുപോയ ആ സ്ത്രീയുടെ മൂക്കുത്തിയുടെ തിളക്കം എന്നിൽ നിന്നു വിട്ടുപോവാൻകുറച്ചുനേരം മടിച്ച് ആ ഗലിയിൽ തന്നെ എന്നോടൊപ്പം ചുറ്റി തിരിഞ്ഞു.. ഞാൻ അവരെ ഇനിയും മുന്നിൽ കാണുന്നുണ്ടോ എന്നെത്തിനോക്കി...

''ലതാ..ശ്രദ്ധിച്ചു നടന്നോളൂ തടഞ്ഞു വീഴും... ' പിന്നിൽ നടക്കുന്ന ആരുടെയോ താക്കീത്. പിതൃക്കൾക്ക് ബലിയിടാൻ പോവാണ്...



മനസ്സിൽ പ്രാർത്ഥന മാത്രമെ പാടുള്ളൂ.

ഇത് എന്റെ ഉള്ളിൽ നിന്നാണല്ലോ...

ഗലിയിൽ കൂടി നടക്കുമ്പോൾ നിലത്തിട്ട പരന്ന സ്ലാബുകഷണങ്ങൾ കടകടാന്ന് ശബ്ദമുണ്ടാക്കികൊണ്ടിരുന്നു കുറച്ച്

നടന്നാൽ വീണ്ടും പടികൾ കയറണം. അത് കഴിഞ്ഞ് വീണ്ടും ഇറക്കം. ഇരു ഭാഗത്തും ഗതകാല സ്മാരകങ്ങൾ പോലെ പഴയ വീടുകൾ. അതിൽ നിന്നാരൊക്കെയോ പുറത്തേക്കു വരുന്നുണ്ട് .ഇരു ചക്രവാഹനങ്ങൾ തിക്കി തിരക്കി നമ്മളെ കടന്നുപോകുന്നു.

രണ്ടു ഭാഗത്തും പൗരാണിക യഥാർഥ്യങ്ങൾ പോലെ നിരനിരയായി പീടികമുറികളുമുണ്ട്. അവ തുറക്കാനാവുന്നതേ ഉള്ളു. നഗരം ഉണർന്നെണീറ്റു വന്നുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ചു ഞങ്ങൾ നടത്തതിന്റെ വേഗത അല്പാല്പമായി കൂട്ടിക്കൊണ്ടിരുന്നു.

മണികർണികഘട്ടിൽ എത്തിയപ്പോൾ ഒരു പത്ത് ശവശരീര മെങ്കിലും അവിടെ കത്തിയമരുന്നുണ്ട്.സംസാര ചക്രവ്യൂഹത്തിൽ നിന്ന് രക്ഷയും മുക്തിയും നേടാനെത്തിയ മനുഷ്യാത്മാക്കൾ. ഓരോരുത്തരുടെയും സ്മരണകൾ സ്വപ്നങ്ങൾ കടന്നുപോയ ജീവിതങ്ങൾ എന്നിവ ആ കറുത്ത പുകപടലങ്ങളിൽ പൊതിഞ്ഞു ഗംഗയിലെ കാറ്റ് ആവാഹിച്ചു കൊണ്ടുപോകുന്നതുപോലെ തോന്നി..പലരെയും കാവിയിൽ പുതപ്പിച്ച് പൂക്കളാൽ അലങ്കരിച്ച് ഗംഗാസ്നാനം നടത്തി മോക്ഷപ്രാപ്തിക്കായി അവിടെ ബോട്ടിലും തോണിയിലും ഒക്കെ എത്തിക്കുന്നു. പല ശവശരീരങ്ങളും ഞങ്ങളിൽ പലരുടെയും കാഴ്ചവസ്തുക്കളെപ്പോലെ അവിടെ കത്തിക്കരിഞ്ഞു..

ഇവിടെ ഇത്രയും ശവദാഹം നടന്നാലും ഒരിത്തിരിപ്പോലും അതിന്റെ ഗന്ധം നമ്മൾ അറിയില്ല'' ഗൈഡ് ഓർമപ്പെടുത്തി.

ആവാം... അല്ലായിരിക്കാം... അത് നാസാരന്ധ്രങ്ങളുടെ വിശ്വാസം പോലിരിക്കും.ഞാൻ മനസ്സിൽ പറഞ്ഞു.

പിന്നെയാണ് ഉടുത്തതിന് മുകളിൽ ഒരു തോർത്ത് ചുറ്റി ഞങ്ങളുടെ ഗംഗാ സ്നാനം.

രണ്ടു പ്രാവശ്യം മുങ്ങി നിവർന്നപ്പോൾ ഉദിച്ചുയർന്ന സൂര്യരശ്മികളിൽ തട്ടി പ്രതിഫലി ക്കുന്നു ഒരു ഏഴുനിറങ്ങളുടെ പ്രഭാ വീഥി. അത് കണ്ണുകളിലുടക്കി.

ഉറവിടം അതേ മൂക്കുത്തി.

ആ സ്ത്രീയെ കൂടെയുള്ള ആ ചെറുപ്പക്കാരൻ ഗംഗയിൽ മൂന്നുപ്രാവശ്യം മുങ്ങിച്ചു തല തോർത്തികൊടുക്കുന്നു..അവൻ ആ തോർത്ത് പിഴിഞ്ഞ് അവരുടെ അരയിൽ ചുറ്റിക്കൊടുത്തു.. ആ വാത്സല്യത്തിലും പ്രായവ്യത്യാസത്തിന്റെ ഒരു യുക്തി വെച്ചും അത് മകനാണെന്നു പെട്ടെന്ന് ഊഹിച്ചെടുത്തു.

അവർ സംസാരിക്കുന്നതു മലയാളത്തിലാണെന്നു മനസ്സിലാക്കി

അവരോട് എന്തെങ്കിലും ചോദിക്കാൻ തുനിയും മുൻപേ ഗൈഡ് രതീഷ് വിളിച്ചു.

''ബലിയിടുന്നവർ വേഗം ഒരുമിച്ചിരിക്കൂ...''

തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങളുടെ

**"മണികർണികഘട്ടിൽ എത്തിയപ്പോൾ ഒരു പത്ത് ശവശരീര മെങ്കിലും അവിടെ കത്തിയമരുന്നുണ്ട്. സംസാരചക്രവ്യൂഹത്തിൽ നിന്ന് രക്ഷയും മുക്തിയും നേടാനെത്തിയ മനുഷ്യാത്മാക്കൾ. ഓരോരുത്തരുടെയും സ്മരണകൾ സ്വപ്നങ്ങൾ കടന്നുപോയ ജീവിതങ്ങൾ എന്നിവ ആ കറുത്ത പുകപടലങ്ങളിൽ പൊതിഞ്ഞു ഗംഗയിലെ കാറ്റ് ആവാഹിച്ചു കൊണ്ടുപോകുന്നതുപോലെ തോന്നി"**

കൂട്ടത്തിൽ ആ മൂക്കുത്തിയും തിളങ്ങുന്നത് ഞാൻ കണ്ടു.അവർ കൈവിരലുകളാൽ വായുവിൽ എന്തോ എഴുതികൊണ്ടിരിക്കുന്നു. മകൻ കൈപിടിച്ച് താഴ്ത്തിവെയ്ക്കുന്നുണ്ട്.പക്ഷേ അവർ വീണ്ടും അത് തന്നെ ചെയ്യുന്നു.പൊതുവെ മ്ലാനതയുള്ള ആ മുഖം അസ്ഥാനത്തു വെറുതെ ചിരിക്കുന്നുണ്ട്.ചിലപ്പോൾ കരയുന്നുമുണ്ട്.

അവർക്കും ഞങ്ങളുടെ അതേ കർമ്മിയാണ്. മകൻ ബലിയിടുന്നില്ല.

അവരെ സഹായിക്കാനാണ് കൂടെ നിൽക്കുന്നത് എന്ന് എനിക്ക് മനസ്സിലായി.പിന്നെ കർമം കഴിയുന്നതുവരെ ഞാൻ എന്നിൽ തന്നെയായിരുന്നതുകൊണ്ട് ചുറ്റും നടന്നത് ഒന്നും അറിഞ്ഞില്ല. മന്ത്രോച്ചാരണങ്ങളുടെ ഏറ്റുപറച്ചിലിന്നിടയിൽ മനസ്സെന്ന കണ്ണാടിയിൽ പൂർവികരുടെ മുഖങ്ങൾ മാത്രം.

എള്ളും പൂവും മഞ്ഞളും അർപ്പിച്ചു ജലം കൊടുത്തു മനസ്സുനിറയെ ഉദ കക്രിയചെയ്തു സമർപ്പിച്ച മുപ്പത്തിരണ്ടു ബലിപിണ്ഡങ്ങളെയും ഏറ്റു വാങ്ങി നിറഞ്ഞൊഴുകിയ ഗംഗയെ ഒന്ന് കൂടി തിരിഞ്ഞുനോക്കി നടന്നപ്പോൾ

ആ മകൻ പരിചിതഭാവത്തോടെ എന്നോടൊന്നു ചിരിച്ചു.

വീണുകിട്ടിയ സൗഹൃദത്തിൽ ഞാൻ അന്വേഷിച്ചു..

''അമ്മയ്ക്കെന്തു പറ്റി.?''

''ആന്റി.. അച്ഛന്റെ ആകസ്മിക മരണത്തിനുശേഷം അമ്മ ഇങ്ങിനെയാണ്. ബാംഗ്ലൂരിൽ നിമ്ഹാൻസിൽ ട്രീറ്റ്മെന്റിലാണ്..''

''ഓ..വേറെ ആരും കൂടെ വന്നില്ലേ?''

''ഇല്ല ആന്റി... അമ്മയുടെ സ്വഭാവം അങ്ങിനെയാണ്... ആരും നിൽക്കില്ല കൂടെ..''

''കുട്ടി എന്ത് ചെയ്യുന്നു?''

''ഞാൻ ബാംഗ്ലൂരിലാണ് വർക്ക് ചെയ്യുന്നത്. അമ്മയെ നോക്കാൻ കുടുംബത്തിലെത്തന്നെ ഒരു സ്ത്രീയുണ്ട്... ഞങ്ങൾ പാലക്കാട്ടുകാരാണ്. ഈ കർമങ്ങളൊക്കെ ചെയ്താൽ കുറച്ചെങ്കിലും വ്യത്യാസമുണ്ടാവുമെന്ന് പലരും പറഞ്ഞു. അതാണ് ഞാൻ കൊണ്ടുവന്നത്.. അമ്മയുടെ കൂടെയുള്ള സ്ത്രീയെ വലിയ ഇഷ്ടമാണ്... അമ്മ അവരെ വീട്ടിലേക്കു തീരെ പറഞ്ഞയക്കില്ല.. ഇങ്ങോട്ടു പോരുമ്പോൾ അവരോട് ഞാൻ വീട്ടിൽ പോയി വരാൻ പറഞ്ഞു. അതിന്റെയൊരു ചെറിയ വാശിയുമുണ്ട്.''

''എല്ലാവരും അമ്പലത്തിലേക്ക് നടന്നോളു...''

ഗൈഡ് രതീഷിന്റെ ശബ്ദം..

''വേഗം നടന്നോളു ആന്റി... കൂട്ടം തെറ്റി പോവേണ്ട. ഈ ഗലികളിൽ മിസ്സ് ആയാൽ പിന്നെ ഗദോലിയ സർക്കിളെ ആശ്രയമുള്ളൂ.''

''കുട്ടിക്ക് ഇവിടം മുഴുവൻ അറിയുമോ..''

''ഞാൻ വാരാണസി ഐ ഐ ടി യിൽ നിന്നാണ് എം ടെക് എടുത്തത്. '

'അതെയോ..''

.മിടുക്കൻ'

ഞാൻ മനസ്സിൽ കുറിച്ചിട്ടു.

അമ്മയോടുള്ള കരുതൽ കണ്ടപ്പോൾ മുതൽ അവൻ എനിക്കാരോ ആയിരുന്നു.



**"**

**തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആ മൂക്കുത്തിയും തിളങ്ങുന്നത് ഞാൻ കണ്ടു. അവർ കൈവിരലുകളാൽ വായുവിൽ എന്തോ എഴുതികൊണ്ടിരിക്കുന്നു. മകൻ കൈപിടിച്ച് താഴ്ത്തിവെയ്ക്കുന്നുണ്ട്. പക്ഷേ അവർ വീണ്ടും അത് തന്നെ ചെയ്യുന്നു.**

പക്ഷേ അവന്റെ പേര് പോലും ഞാൻ ചോദിച്ചിട്ടില്ല.ആ യാത്രയിൽ മാത്രമായി പൊട്ടിമുളച്ച ഒരു ജിജ്ഞാസ ആയിരുന്നല്ലോ അവർ രണ്ടുപേരും.

അന്ന് വരെ അറിയാത്ത അവനെ മനസ്സിൽ ശിരസ്സാ നമിച്ച് ഞാൻ കാശി വിശ്വനാഥനെ കാണാൻ മറ്റുള്ളവരുടെ കൂട്ടത്തിൽ നടന്നു.

നല്ല ആൾതിരക്ക്.ഗൈഡ് ഞങ്ങളെ ഒരു വി ഐ പി ക്യൂ വിലൂടെയാണ് അകത്തേക്ക് കൊണ്ടുപോയത്.. കൂട്ടത്തിൽ ആ അമ്മയും മകനും ഉണ്ടായിരുന്നു.

ശിവലിംഗത്തിൽ ഗംഗയിൽ നിന്നെടുത്ത ജലം ഒഴുക്കി പ്രാർത്ഥിച്ചു തിരക്കിട്ട് നടന്നുനീങ്ങി. ആ ആഗ്രഹപൂർത്തീകരണത്തിനിടയിലും പലപ്പോഴും എന്റെ മനസ്സ് വഴുതിപ്പോയി ആ അമ്മയിലും മകനിലും ചെന്നു നിന്നു.പലരും അർപ്പിച്ച പൂക്കളുടെ മാലകൾ ഒന്നിച്ച് ശിവലിംഗത്തിൽ നിന്നു പൂജാരി എടുത്ത് മാറ്റുന്നുണ്ട്.. അതിലൊന്ന് പൂജാരി അവരുടെ കയ്യിൽ കൊടുത്തു.ഒരു കൊച്ചുകുട്ടിയെപ്പോലെ ഒരു പ്രത്യേക ഭാവത്തിൽ അതെടുത്തവർ കഴുത്തിലിട്ടു. അവിടെ ഏതു ചെയ്തിയും ആത്മീയത നിറഞ്ഞതായതുകൊണ്ട്

ആരും ഒന്നും ശ്രദ്ധിച്ചില്ല.. അതും ഒരു ദൈവാനുഗ്രഹം.

കാശിയുടെ കാവൽക്കാരനാണു ഭൈരോനാഥൻ.

കാലഭൈരവന്റെ പ്രസാദമില്ലെങ്കിൽ വിശ്വനാഥൻ അനുഗ്രഹിക്കില്ല എന്നാണ് വിശ്വാസം.അവിടെയും ഞാൻ മൂക്കുത്തിയുടെ തിളക്കത്തിനായി വെമ്പി. പക്ഷേ കണ്ടില്ല.. ക്ഷേത്രം കുറച്ചുയരത്തിലാണ് കുറച്ചധികം പടവുകളുമുണ്ട്. ആ മകന് അമ്മയെ കൊണ്ടുവരാൻ സാ

ധിച്ചുകാണില്ല.. എന്റെ കൂടെയുള്ളവരെപ്പോലും ശ്രദ്ധിക്കാതെ അവരെപ്പറ്റി എന്തിന് ചിന്തിക്കുന്നു എന്ന് വിചാരിച്ചു ഞാൻ പടവുകൾ കയറി.

അസാധാരണമായ ജനത്തിരക്കിന്റെ ഭക്തിയുടെ ഉന്മാദം,ആ കയറ്റം ദുഷ്കരമാക്കുകയായിരുന്നു.

അവര് വരാഞ്ഞത് നന്നായി. ഞാൻ വെറുതെ ആശ്വസിച്ചു..

മുന്നെ എപ്പോഴെങ്കിലും വന്നുപോയോ എന്നുപോലും എനിക്കറിഞ്ഞു കൂടായിരുന്നു. പിന്നെ അവരെ ഞാൻ കണ്ടതേ ഇല്ല.

രണ്ടു ദിവസത്തിനുശേഷം വാരാണസിയിൽ നിന്ന് തന്നെയായിരുന്നു നാട്ടിലേക്കുള്ള മടക്കം. തിരിച്ചു പോവാനുള്ള വ്യഗ്രതയിൽ ഞങ്ങൾ ഒരു പത്തു മണിയ്ക്കെ എയർപോർട്ടിൽ എത്തിയിരുന്നു.

പന്ത്രണ്ടു മണി കഴിഞ്ഞതും ഫ്ലൈറ്റ് അനൗൺസ് ചെയ്തു. ബോർഡിങ് പാസ്സ് ചെക്ക് ചെയ്തു ഞങ്ങളെ ഉള്ളിൽ കയറ്റി.

ഏകദേശം സമയം അടുത്ത് തുടങ്ങിയപ്പോൾ തികച്ചും അപ്രതീക്ഷിതമായി ആ അമ്മയും മകനും ഞങ്ങളുടെ മുന്നിൽ ഉള്ള സീറ്റുകളിൽ വന്നിരുന്നു. ആ സീറ്റുകൾ അത്രയും നേരം ഒഴിഞ്ഞു കിടക്കുകയായിരുന്നു എന്ന് അപ്പോഴാണ് ഞാൻ അറിഞ്ഞതുതന്നെ. അവരപ്പോഴും വിരലുകൾ കൊണ്ട് വായുവിൽ എന്തോ എഴുതുന്നുണ്ടായിരുന്നു.

എയർ ഹോസ്റ്റസ് വന്ന് അവനോട് എന്തോ പറഞ്ഞു.

ലിപ്സ്റ്റിക്കിന്റെ കനത്തിൽ ചുണ്ടുകളിൽ സ്പർശിക്കാതെയുള്ള സംസാരം.. ഉതിർന്നു വീണ അക്ഷരങ്ങൾ...

''സീറ്റ് ബെൽറ്റ് ഇടാൻ പറയൂ...''

മകൻ ഏറ്റു പറഞ്ഞത് അനുസരിക്കാതെ വീണ്ടും അവർ കൈ പൊക്കി എന്തോ വായുവിൽ എഴുതി ക്കൊണ്ടിരുന്നു.

എയർ ഹോസ്റ്റസ് വീണ്ടും വന്ന് അവരോടു കൈ താഴ്ത്തി ഇടാൻ പറഞ്ഞു.

ആ മകന്റെ മുഖത്തെ ജാള്യത പിന്നിലിരിക്കുന്ന എനിക്ക് കാണുന്നില്ലെങ്കിലും വായിച്ചെടുക്കാമായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ കാപ്പി കുടിക്കാൻ അവർ വാശി പിടിച്ചു.

''സാർ വേറെ എന്തെങ്കിലും ഓർഡർ ചെയ്താൽ കാപ്പി ഫ്രീ ആയി തരും...''

വീണ്ടും വിമാനസേവിക.

അപ്പോഴും അവർ വായുവിൽ വിരലുകളാൽ എഴുതുന്നുണ്ടായിരുന്നു.

അവൻ വേറെ എന്തോ ഓർഡർ ചെയ്തു വാങ്ങി കാപ്പി മേടിച്ച് കുടിക്കാൻ കൊടുത്തു.

അവര് കൈ താഴ്ത്തി കാപ്പി മേടിച്ചു പക്ഷേ കുടിച്ചില്ല. അപ്പോൾ വേറെ എന്തിനോ വേണ്ടി വാശി പിടിച്ചു.. ആ സമയം അവർക്ക് ചുറ്റും അവരുടെ മകനില്ല, മറ്റു യാത്രക്കാരില്ല, വിമാനത്തിലെ ക്രൂവുമില്ല,

അനന്ത വിഹായസ്സിൽ ചിറകുകളുള്ള ആ വലിയ യന്ത്രം പോലെ അവരുടെ മനസ്സും എല്ലാ ബന്ധനങ്ങളും ഭേദിച്ച് പറക്കാൻ മോഹിച്ചു.

“ **ഒടുവിൽ ഫ്ലൈറ്റ് ലാൻഡ് ചെയ്യാനുള്ള ഒരുക്കത്തിൽ ഞാൻ വീണ്ടും അവരുടെ കൈകളെ ശ്രദ്ധിച്ചു.. ആ കൈകളുടെ വിരലുകളാൽ അവർ എഴുതി കൊണ്ടിരുന്നത് എന്താണെന്ന് അപ്പോഴാണ് എനിക്ക് വ്യക്തമായത്.**

ബെൽറ്റ് അഴിച്ചു വീണ്ടും എഴുന്നേൽക്കാൻ ശ്രമിച്ച അവരുടെ കയ്യിൽ നിന്ന് കാപ്പി ഇളകി തുളുമ്പി. വേണ്ടെങ്കിലും ആ മകൻ അത് ബലം പ്രയോഗിച്ചു വാങ്ങി കുടിച്ചു.

അവരുടെ അടുത്തിരുന്ന സഹയാത്രികനെ എയർ ഹോസ്റ്റസ് മറ്റൊരു ഒഴിഞ്ഞ സീറ്റിലേക്ക് മാറ്റിയിരുത്തി.

ഒടുവിൽ ഫ്ലൈറ്റ് ലാൻഡ് ചെയ്യാനുള്ള ഒരുക്കത്തിൽ ഞാൻ വീണ്ടും അവരുടെ കൈകളെ ശ്രദ്ധിച്ചു.. ആ കൈകളുടെ വിരലുകളാൽ അവർ എഴുതി കൊണ്ടിരുന്നത് എന്താണെന്ന് അപ്പോഴാണ് എനിക്ക് വ്യക്തമായത്.

അത് ആ യാത്രയിലെ ഒരത്ഭുതമായിരുന്നു.

പിന്നീട്.. മൊബൈൽ ഓൺ ആക്കാൻ പറഞ്ഞതും ഇറങ്ങാൻ റെഡിയാവാൻ പറഞ്ഞതും ഒരു നേരിയ ബോധത്തോടെയെ ഞാൻ കേട്ടുള്ളൂ.. എന്റെ മുന്നിൽ ആ അമ്മയും മകനും മാത്രം. അവൻ അമ്മയെ സീറ്റിൽ നിന്ന് പിടിച്ചെഴുന്നേല്പിച്ചു നിർത്തി. അപ്പോഴും അവർ വായുവിൽ എഴുതുകയായിരുന്നുവീണ്ടും വീണ്ടും ഞാനതു വായിച്ചു നോക്കി..

ഇറങ്ങാൻ പോവുമ്പോൾ നന്ദി പറയുന്ന എല്ലാവരുടെയും നെറ്റിയിൽ മഞ്ഞളും കുങ്കുമവും അതിൽ അച്ചുകൊണ്ട് പതിച്ച അവര് എഴുതി ക്കൊണ്ടിരുന്ന ആ അക്ഷരങ്ങളും ഞാൻ കണ്ടു.. പിന്നീട് ഇറങ്ങുന്ന ഓരോ പടിയിലും അതുണ്ടായിരുന്നു. എയർപോർട്ടിൽ എസ്കലേറ്ററിലെ ഓരോ കാൽവെപ്പിലും ഞാനതു വായിച്ചെടുത്തു..

“ **ഇറങ്ങാൻ പോവുമ്പോൾ നന്ദി പറയുന്ന എല്ലാവരുടെയും നെറ്റിയിൽ മഞ്ഞളും കുങ്കുമവും അതിൽ അച്ചുകൊണ്ട് പതിച്ച അവര് എഴുതിക്കൊണ്ടിരുന്ന ആ അക്ഷരങ്ങളും ഞാൻ കണ്ടു.. പിന്നീട് ഇറങ്ങുന്ന ഓരോ പടിയിലും അതുണ്ടായിരുന്നു. എയർപോർട്ടിൽ എസ്കലേറ്ററിലെ ഓരോ കാൽവെപ്പിലും ഞാനതു വായിച്ചെടുത്തു.. നടന്നു നീങ്ങുമ്പോൾ വിരലുകൾ വായുവിൽ എഴുതുന്ന മൂക്കുത്തിയുടെ തിളക്കം വീണ്ടും വീണ്ടും കണ്ടു.. അനൗൺസ് ചെയ്യുന്ന എല്ലാ ശബ്ദത്തിലും അത് കേട്ടു. അവിടം മുഴുവൻ ആ ശബ്ദ തരംഗങ്ങൾ അലയടിച്ചു. എല്ലാവരുടെയും കണ്ണുകളിൽ അത് നിഴലിച്ചു. എല്ലാവരുടെയും ചെവികളിൽ അത് മുഴങ്ങി.** ”

നടന്നു നീങ്ങുമ്പോൾ വിരലുകൾ വായുവിൽ എഴുതുന്ന മൂക്കുത്തിയുടെ തിളക്കം വീണ്ടും വീണ്ടും കണ്ടു.. അനൗൺസ് ചെയ്യുന്ന എല്ലാ ശബ്ദത്തിലും അത് കേട്ടു. അവിടം മുഴുവൻ ആ ശബ്ദ തരംഗങ്ങൾ അലയടിച്ചു.എല്ലാവരുടെയും കണ്ണുകളിൽ അത് നിഴലിച്ചു. എല്ലാവരുടെയും ചെവികളിൽ അത് മുഴങ്ങി.

യജുർവേദത്തിലെ ശ്രീ രുദ്രചക്ര സ്തോത്രത്തിൽ നിന്നെടുത്ത ആ മന്ത്രം പഞ്ചാക്ഷരീമന്ത്രം... ഒരു സ്കീസോഫ്രീനിക്... ഓം നമഃ ശിവായ... അവിടം മുഴുവൻ പ്രതിധ്വനിച്ചു.

●



**Antony D'couto L.R**

Joined as a Probationary officer in 1965 and retired as AGM Inspection and Audit in 1999. Held various position in SBI Pensioners Association including Vice President. Was also the Governing Body member of Pensioners' Federation and member of the Legal Committee of the Federation.

# MY TRYST WITH STATE BANK OF INDIA ALLEPPEY (NOW ALAPPUZHA)

